തിരുവിതാംകൂർ രാജീക അപ്പീൽ

കോടതിയിൽ

മെമ്പന്മാർ. { കെ. കൃഷ്ണസ്വാമിരായർ
ഡബ്ലിയു. ഇ. ഓർമസ്ബി
എ. സീതാരാമയ്യർ

൧൦൩൫-ൽ ൩-ാം നമ്പ്ര.

തിരുവിതാംകൂർ ഹൈക്കോടതിയിൽ

൧൦൪൯-ൽ അപ്പീൽ ൧൩൭-ാം നമ്പ്ര.

ആലപ്പുഴെ ജില്ലാക്കോടതിയിൽ

൧൦൪൪-ൽ അസ്സൽ ൪൩൯-ാം നമ്പ്ര.

൧. സൂറിയാനിമെത്രാപോലീത്ത മാർ തൊമ്മാസ്സു അത്താനാസ്യോസ
൨. പുന്നത്ര ചാണ്ടപ്പിള്ള കത്തനാര
൩. തൊഴത്തില്ലത്തു ചാക്കൊ അവിരാ

} അസ്സൽ ൧-ം ൨-ം ൩-ം പ്രതികൾ.
ഹൈക്കോട്ടിൽ അപ്പീൽ വാദികൾ.
അപ്പീൽ വാദികൾ.

വക്കീലന്മാർ—മെസ്സെർസ്സു പ്രിൻസും ഗൊവരും.

മാർ ഈവാനാസ്യോസ മെത്രാപോലീത്ത } അസ്സൽ വാദി.
ഹൈക്കോട്ടിൽഅപ്പീൽപ്രതി.
അപ്പീൽ പ്രതി.

വക്കീലന്മാർ—മെസർസ്സു രാമനാഥരായരും വരഗീസും.

൧൦൩൫ അപ്പിൽ മകരം ൧൭-ാംനു- മുതൽ കുംഭം ൧൦-ാംനു- വരെ ഹീയറിങ് കഴിഞ്ഞു ൧൩൭- മിഥുനം ൩൦-ാംനു- ആകുന്ന ൧൦ം തീയ്യതിവരെ ആലോചനയിൽ ഇരുന്നതിന്റെ ശേഷം ജുഡീഷ്യൽ കമ്മട്ടിക്കാർ (ഓർമ്മസ്ബി ജഡ്ജി ഒഴിച്ചു ബാക്കിപ്പേർ ഭേദപ്പെട്ട) താഴെ പറയുന്ന വിധിയെ ഉച്ചരിച്ചു.

ജഡ്ജിമെൻറ്:

൧ം അപ്പീലിനു ഹേതുവായ അന്യായം [illegible] തീയ്യതിക്ക [illegible] തീയ്യതി ആലപ്പുഴെ ജില്ലാകോട്ടിൽ മാർ മിഖായേൽസ്യാസ (അപ്പീൽ പ്രതി) സുറിയാനിസഭയുടെ ന്യായമായി വാഴിച്ചാക്കപ്പെട്ട മെത്രാപോലീത്തായും മലങ്കര യാക്കോബായ സുറിയാനി അസോസെഷ്യൻ കമ്മട്ടിയുടെ പ്രസിഡെണ്ടും ആയി മാർ അത്താനാസ്യോസിനെറയും (അപ്പീൽ വാദി) വെരെ രണ്ടുപെരുടെയും മെൽ ആകെ ൫൦൦൦൲ പണം വിലയുള്ള ഏതാനും സ്ഥാവരജംഗമ സ്വത്തുക്കൾ അവയുടെ മേലാലാദായത്തൊട്ട കൂടെയും മെത്രാപൊലീത്താ സ്ഥാനത്തിനടുത്ത ചില ഭൂഷണങ്ങളും സ്ഥാനചിഹ്നങ്ങളും കയ്യശംകിട്ടുന്നതിന കൊണ്ടുവന്നിട്ടുള്ളതാകുന്നു ൧ം അന്യായത്തിന ഹേതുവായ തക്കം ൧൯൨൮ ആടി ൧൬ംനു വരെ ന്യായമായി വാഴിച്ചാക്കപ്പെട്ട മെത്രാപോലീത്തായെന്നു സമ്മതിച്ചിരുന്നതും അപ്പീൽ വാദിയുടെ മൂത്ത സഹൊദരനും ആയിരുന്ന കഴിഞ്ഞുപൊയ അത്താനാസ്യോസിനെറ മരണത്തിങ്കൽ തിരുവിതാംകൂറിലുള്ള സുറിയാനി സഭയുടെ മെത്രാപൊലീത്താസ്ഥാനത്തിനെറ ചിൻവാഴ്ചയെ കുറിച്ചായിരുന്നു.

൨. ഏററവും ചുരുങ്ങിയതായ ൧ം അന്യായം (മിക്കവാറും ഗ്രന്ഥിത്തമുള്ളത) താഴെ പറയും പ്രകാരം ആകുന്നു.

"ഇതൊടുകൂടിയുള്ള എ- ബി- പട്ടികകളിൽ പറയുന്ന സ്ഥാവരജംഗമ വസ്തുക്കൾ മലയാളത്തെ യാക്കൊബായ സുറിയാനി ക്രിസ്ത്യാനി സമുദായത്തിനുള്ള കോട്ടയത്തു സിമ്മനാരിയുടെ വകയും സി- പട്ടികയിൽ പറയുന്ന വസ്തുക്കൾ ആ സമുദായത്തിനെറ മെത്രാന്മാർ പാരമ്പര്യമായി ആ സ്ഥാന സംബന്ധമായി ധരിച്ചും ഉപയൊഗിച്ചും വന്നിട്ടുള്ളതും ആകുന്നു."

"മെല്പറഞ്ഞ സ്ഥാവരജംഗമ വസ്തുക്കൾ സുറിയാനി ക്രിസ്ത്യാനിക്കളുടെ പ്രധാന തലവനായ ശ്രൂഹായുള്ള അന്തിയൊഖ്യാ പാത്രിയക്കീസിനെറ ആജ്ഞയിൻ കീഴിൽ ഇതുന്ന ഓരൊ മെത്രാപോലീത്തന്മാരുടെ കയ്യശത്തിലും അധികാരത്തിലും ആയിരുന്നു. ൧ം നടപ്പനുസരിച്ച മെല്പറഞ്ഞ വസ്തുക്കൾ ഒക്കെ മെൽ വിവരിച്ച അന്തിയൊഖ്യാ പാത്രിയക്കീസിനാൽ മെത്രാപൊലീത്താ ആയി വാഴിക്കപ്പെട്ടതിൽ ഉണ്ടായ അവകാശത്താൽ മാർ അത്താനാസ്യോസ മെത്രാപൊലീത്തായെന്ന അറിയപ്പെട്ടിരുന്ന മരിച്ചുപൊയ ആളിനെറ കയ്യശത്തിലും അധികാരത്തിലും ആയിരുന്നു."

"മെല്പറഞ്ഞ മാർ അത്താനാസ്യോസ ൧൮൭൬- കുക്കടകം ൨-ാം നു- ഇഹലൊകം വിട്ടു പിരികയും ആ തീയ്യതിമുതൽ ൧-ാം പ്രതിയും അയാളുടെ സഹായികളായി ചെന്നിരിക്കുന്ന ൨-ം നു-ം പ്രതികളും മുമ്പുപറഞ്ഞ എ- മുതൽ സി- വരെ പട്ടികയിൽ പറയുന്ന വസ്തുക്കളെ ന്യായരഹിതമായി കയ്യശം വച്ചിരിക്കുന്നു."

"നാം ആന്തിയൊഖ്യാ പാത്രിയക്കീസിനാൽ സ്ഥാനം നല്കപ്പെട്ട മെത്രാപൊലീത്താ ആകകൊണ്ടും സുറിയാനി അസൊസെഷ്യൻ കമ്മട്ടിയുടെ പ്രസിഡെണ്ടായി നിയമിക്കപ്പെട്ടിട്ടുള്ളതു കൊണ്ടും സുറിയാനി സമുദായത്താൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതുകൊണ്ടും മെല്പറഞ്ഞ പട്ടികയിൽ വിവരിച്ച വസ്തുക്കളെ മുഴുവനും കീഴനടപ്പനുസരിച്ചു കയ്യശം വച്ചു നടത്തുന്നതിലെക്ക നാം അർഹനായിരിക്കുന്നു."

"അതിനാൽ എ- പട്ടികയിൽ പറയുന്നതും ൫൦൦൦ പണം വിലയുള്ളതായ വസ്തുക്കളുടെ കയ്യശത്തെ അതിൽ ഉൾപ്പെട്ടിരിക്കുന്ന ൧-മുതൽ ൩-വരെയും ൫-മുതൽ ൧൩-വരെയും നമ്പ്രു വസ്തുക്കളുടെ മെലാൽ ആദായത്തൊട്ട കൂടിയും, ൩,൫൨,൩൫൪ പണം വിലയുള്ള ബി- സി- പട്ടികകളിൽ പറയുന്ന ജംഗമവസ്തുക്കൾ ബി- പട്ടികയിൽ ൧-മുതൽ ൩- വരെ തുകകളിന്മെലുള്ള മെലാൽ പലിശയൊട്ട കൂടിയും, കൊടുതി ചിലവും പ്രതികളെകൊണ്ടു തരുവിക്കണമെന്ന അപെക്ഷിക്കുന്നു."

"എ- പട്ടികപ്രകാരമുള്ള സ്ഥാവര വസ്തു ക്കൾക്കു നിശ്ചിയിച്ച വില——— ൫൦൦൦
ബി- പട്ടികപ്രകാരമുള്ള
ജംഗമ വസ്തുക്കൾക്ക ടി.—൩൪൩൪൩൫൲
സി- പട്ടികയിലെ വസ്തുക്കളുടെ വില———൯൩൫൦൦

ആകെ.—൪൨൫,൪൩൫൲

കഴിഞ്ഞുപൊയ അത്താനാസ്യോസിനെറ മെത്രാപോലീത്താ സ്ഥാനത്തെ അയാൾ ജീവനൊടിരിക്കുമ്പൊൾതന്നെ അന്തിയൊഖ്യാ പാത്രിയക്കീസിനാൽ ഒഴിവ്വലപ്പെടുത്തിയിരുന്നു. അതിനാൽ അയാളുടെ കയ്യശത്തെയും അധികാരത്തെയും വിടുത്തുന്നതിന അധികാരമുള്ള സിവിൽ കൊടതികളിൽ ഒരു വ്യവഹാരം കൊണ്ടുവരുന്നതിനുണ്ടായിരുന്ന ബാധകം ൧൮൭൫- കുംഭം ൨൩-ാംനു- ഉണ്ടായ തിരുവെഴുത്തു വിളംബരത്താൽ നീക്കപ്പെട്ടിരിക്കുന്നു. ഇതു മുതൽ, കഴിഞ്ഞുപോയ അത്താനാസ്യോസിനെറ സ്വാനഭ്രഷ്ടുകൊണ്ടും മരണംകൊണ്ടും ആ വസ്തുക്കളെ യാതൊരു തർക്കവും പറയാതെ നമ്മെ എല്പിച്ചു തരെണ്ടിയവനും അവയെ കയ്യശം വയ്ക്കുന്നതിന യാതൊരു അവകാശം ഇല്ലാത്തവനും ആയ ൧-ാം പ്രതിയുടെ മേലും അയാളെ അനുകൂലിക്കുന്ന ൨-ം നു-ം പ്രതികളുടെ മേലും വ്യവഹാരകാരണം ഉണ്ടായി. വ്യവഹാരകാരണം മെല്പറഞ്ഞ അത്താനാസ്യോസ മരിച്ച ൧൮൭൬- കുക്കടകം നു-ാംനു- മുതൽ ഉത്ഭവിച്ചിരിക്കുന്നു."

൩. ൧ം വ്യവഹാരം ആദ്യം പതിക്കപ്പെട്ടത മുന്നാളുകളുടെമെൽ ആയിരുന്നു. അതായു. ഇപ്പൊഴത്തെ ൧-ം ൨-ം അപ്പീൽ വാദികളും പിന്നീട മരിച്ചുപൊയതും തന്നെറ ന്യായമായ അവകാശിയെ നിക്കാട്ടിൽ പെടുത്താത്തതുമായ വെറൊരുവനും ആകുന്നു. ഇപ്പൊഴത്തെ അ

ള്ളിൽ ൧-ാം വാദിയായ ൧-ാം പ്രതി (൧ം ആളെ ൧ം വിധിയിൽ അപ്പീ
ൽ വാദിയായിട്ടും മറ്റെ രണ്ടുപ്രതികളും വിധിയുടെ അവസാന ഭാഗ
ത്തു പറയുംപ്രകാരം പെരിന്മ മാത്രമുള്ള കക്ഷികളായിട്ടും കാണിച്ചിരി
ക്കുന്നു.) മെത്രാപോലീത്താസ്ഥാനത്തിന കഴിഞ്ഞുപോയ മാർ അത്താ
നാസ്യോസിന്റെ പിൻതുടച്ചക്കാരനായി മലങ്കര സുറിയാനിസഭയുടെ
സകല വസ്തുക്കളും തന്റെ കയ്യശത്തിൽ ഇരിക്കെണ്ടതാണെന്നു വാദി
ച്ചു. ൨-ം ൩-ം പ്രതികൾ (അപ്പീൽ ൨-ാംവാദിയും പിന്നീട മരിച്ച വെ
റൊരാളും) സുറിയാനിസഭയുടെ വക സ്ഥാവര വസ്തുക്കളുടെയും പണ
ത്തിന്റെയും മെത്രാപോലീത്തായൊട്ട കൂടെ സമുദായത്താൽ തിരഞ്ഞെടു
ക്കപ്പെട്ട കൂട്ട ട്രസ്റ്റികൾ ആയിരുന്നു.

൪. ൧-ാംപ്രതിയുടെ (അപ്പീൽ വാദി) ൧൦൫൪ ആടി ൭-ാംനു-യി
ലെ ഉത്തരം താഴെ പറയുന്ന സംഗതിയെക്കുറിച്ചായിരുന്നു.

(൧) വാദിയെ മെത്രാൻസ്ഥാനത്തിലെക്ക ഉയത്തിയ്യും ൧ം അന്ന്യാ
യം കൊണ്ടുവരുന്നതിനുള്ള അധികാരമെന്ന വാദി നടിക്കുന്ന പുത്തൻ
കൂർ സുറിയാനി ക്രിസ്ത്യാനി എടവകയുടെ അസൊസൊഷ്യൻ കമ്മട്ടിയിൽ
(അസൊസൊഷ്യൻ തന്നെ ഉണ്ടായിട്ടില്ല) പ്രസിഡെണ്ടുസ്ഥാനത്തി
ലെക്ക തന്നെ നിയമിച്ചതും ആരാൽ എന്നും എപ്പോൾ എന്നും അന്ന്യാ
യത്തിൽ കാണിച്ചിട്ടില്ലാത്തതുകൊണ്ടും അവകാശം കൊണ്ടുവരുന്നതി
നും ഓരൊ പ്രതികളുടെ മേലും ഉള്ള വ്യവഹാരകാരണം വെളിവായി പ
റഞ്ഞിട്ടില്ലാത്തതുകൊണ്ടും അന്ന്യായത്തിന ന്യൂനതയും (൨) ൧ം അ
ന്ന്യായത്തിന മിസ്ജോയിന്റർ എന്ന ദോഷവും വ്യവഹാരകാരണത്തി
ന്റെ പൊരായ്മയും (൩) മുമ്പുണ്ടായിരുന്ന സദർക്കോടതിയിലെയും
ബ്രിട്ടീഷ മലബാർ ജില്ലാക്കോടതിയിലെയും മദാസ ഹൈക്കോടതി
യിലെയും വിധികളാൽ അതിന റെസ്ജുഡിക്കെയിാാ എന്ന ദോഷവും
(൪) പ്രതിക്ക (അപ്പീൽവാദി) ൧൨ സംവത്സരങ്ങളിൽ അധികം കാല
ത്തേക്ക ഏതുകയ്യശം ഉണ്ടായിരുന്നതിനാൽ അന്ന്യായത്തിന കാലഹ
രണ ദോഷവും ഉണ്ട. (൫) വാദി സ്ഥാനമില്ലാതെയും മലങ്കര സു
റിയാനിക്രിസ്ത്യാനി സഭയാൽ അംഗീകരിക്കപ്പെടാതെയും ഇരുന്നു. (൬)
അതിനാൽ അന്ന്യായപ്പട്ടികയിൽ വിവരിച്ചിരിക്കുന്ന വസ്തുക്കളെ വീ
ണ്ടെടുക്കുവാൻ ൧ം വ്യവഹാരം കൊണ്ടുവരുന്നതിന അയാൾക്ക അവ
കാശമില്ല. (൭) വാദി വളരെ കടത്തിൽ മുഴുകിയവനും "തന്റെ നടപടി
കൃത്യത്തിനും നടത്തയ്ക്കും വിപരീതമായിട്ടുള്ളതും" താൻതന്നെ "ദേഹ
ത്തിന ഉന്മത്തത ഭവിച്ചിട്ടുള്ള ഒരാളും" ആകയാൽ മെത്രാപോലീത്താസ്ഥാ
നം വഹിക്കുന്നതിന അയൊഗ്യനും ആകുന്നു. (൮) മലങ്കര എടവകയും
അതിന്റെ അധികാരത്തിലുള്ള സുറിയാനി ക്രിസ്ത്യാനി സമുദായവും ത
ങ്ങളുടെ സ്വന്തമായിട്ടുള്ള ഓരൊ മെത്രാന്മാരുടെ കീഴിൽ ഇരുന്നതുകൊ
ണ്ട അന്തിയൊഖ്യാസിംഹാസനത്തിൽനിന്ന സ്വാതന്ത്ര്യമുള്ളവരാണ്.
(൯) മലയാളത്തുള്ള സുറിയാനിസഭയുടെ മേൽ അന്തിയൊഖ്യാപാത്രി
യർക്കിസിന ഔദ്യോഗിക വിധത്തിലും അധികാരമില്ലാ. (൧൦) സമ്മതിക്ക
പ്പെട്ട അന്ത്യസ്ഥാനത്തെ മെത്രാപോലീത്താ ആയിരുന്ന കഴിഞ്ഞുപോ

യ അബ്ദുൽമശിഹാ അന്തിയൊഖ്യാപാത്രിയർക്കീസിനാൽ വാഴിക്ക
പ്പെട്ടതു നിമിത്തവും അകാരണമായി സംഭവിച്ചതാകുന്നു. (൧൧) അപ്പീ
ൽവാദിയുടെ (൧-ാം പ്രതി) അറിവിൻ പ്രകാരം, അന്തിയൊഖ്യായിലെ ഒ
ന്നിലധികം പാത്രിയർക്കീസന്മാർ ഉള്ളതുകൊണ്ടു വാദി ഏതു പാത്രിയ
ർക്കീസിനാൽ വാഴിക്കപ്പെട്ടു എന്ന അന്ന്യായത്തിൽ നിന്നും വെളിപ്പെട്ട
തായില്ല. (൧൨) വാദി ഏതു പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ടിരുന്നാലും
അന്തിയൊഖ്യായിൽ കീഴ്പ്പെട്ടിട്ടില്ലാത്ത മലങ്കര എടവകയുടെ മെത്രാപോ
ലീത്താസ്ഥാനത്തിന്റെ പിൻതുടച്ചക്കാരനായൊരു അവകാശവും അയാ
ൾക്കുള്ളതല്ല. (൧൩) ൧ം രാജ്യത്ത പുരാതന കാലങ്ങളിം തുടങ്ങി പിൻ
വാഴിച്ചക്ക നടന്നുവരുന്നു മറ "മലങ്കരയുടെ അന്നു ഭരിക്കുന്ന മെത്രാ
പോലീത്ത താൻ ജീവനൊടിരിക്കുന്ന കാലത്ത ഒരു പിൻവഴിച്ചക്കാ
രനെ നിയമിക്കുവാനും താൻ ചെയ്യേണ്ടക്രിയകളെ അയാളെക്കൊണ്ടു
ചെയ്യിക്കുവാനും വസ്തുക്കളെയും മുതലിനെയും അയാളെ ഏല്പിക്കുവാ
നും" അങ്ങിനെ നിയമിക്കപ്പെട്ട ആൾ "തനിക്ക മുമ്പിരുന്ന മെത്രാപോ
ലീത്തായുടെ സമ്മതത്താലും ജനങ്ങളുടെ അംഗീകാരത്താലും" മെത്രാ
പോലീത്താ ആയി തീരുകയും ആയിരുന്നു. (൧൪) ആ നടത്ത അനു
സരിച്ച അപ്പീൽവാദി (൧-ാംപ്രതി) കഴിഞ്ഞുപോയഅത്താനാസ്യോ
സിനാൽ നിയമിക്കപ്പെട്ട മെത്രാപോലീത്താസ്ഥാനത്തെ ക്രിയകൾ ചെയ്യു
ന്നതിന അനുവദിക്കപ്പെടുകയുംചെയ്തു. (൧൫) അപ്പീൽ വാദിയുടെ അറിവിൽ
വാദിക്ക (അപ്പീൽപ്രതി) "ആരുടെ പക്കൽനിന്നു സ്ഥാനം കിട്ടിയെന്നു
നടിക്കുന്നുവൊ ആ ആളിന്റെ സ്ഥാനത്തിലിരിക്കുന്ന പാത്രിയർക്കീസ്സാ
യി ഇവിടെവന്ന ആളാണ" വാദി മെത്രാപോലീത്താസ്ഥാനത്തിൽ നിന്നും
നീക്കപ്പെട്ടിരിക്കുന്നു. (൧൬) അന്ന്യായപ്പട്ടികയിലുള്ള വസ്തുവിന ഒരം
ശം കഴിഞ്ഞുപോയ അത്താനാസ്യോസ തന്റെ സ്വയസമ്പാദ്യമായി
ട്ടുണ്ടാക്കിയതും, ചാക്കൊ എന്നൊരുവനു കൊടുത്തിട്ടുള്ള പണയ
പ്രകാരം അവന്റെ കയ്യശത്തിൽ ആകുന്നു. (൧൭) അന്ന്യായപ്പട്ടികയി
ൽ പറയുന്ന എല്ലാ വസ്തുക്കളും കിട്ടുന്നതിന വാദിക്ക അവകാശമില്ല.

൫. ൨-ാംപ്രതി (അപ്പീൽ ൨-ാംവാദി) തന്നെ സംബന്ധിച്ച
ടത്തൊളം ൧-ാം പ്രതിയെപോലെതന്നെ വാദിയുടെ അവകാശത്തിന ഉ
ത്തരം കൊടുത്തു. തന്റെ മേലുള്ള വ്യവഹാരകാരണം അന്ന്യായത്തിൽ
വെളിപ്പെടുത്തിയിട്ടില്ലെന്നും കൂടി വാദിച്ചു.

൬. അപ്പീൽ വാദിയുടെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന ചാക്കൊ
സൂചിപ്പിക്കപ്പെട്ട ൩-ാം പ്രതിയായി ചേർക്കപ്പെട്ടു. അവന്റെ ൧൭൫൪-കും
൨൦-ാംനു-ലെ ചട്ടപ്രകാരമുള്ള പണയം സത്യമായിട്ടുള്ളതും
വലുതായിട്ടുള്ളതും ആണെന്നു വാദിച്ചു.

൭. ചാക്കൊ വ്യവഹാരമദ്ധ്യേ മരിക്കയാൽ അവിന്റെശേഷം
ചാണ്ടിയവർവു കയ്യശത്തിൽ വച്ചിരുന്ന അവന്റെ മക്കളെ ൫-ം വ-ം
൯-ം പ്രതികളായി ചെർത്തു. ഇവരിൽ ൫-ാം പ്രതി മാത്രം ൪-ാം പ്രതിയു
ടെ താല്പര്യത്താൽ ഉത്തരം കൊടുത്തു.

൬. ...അന്യായത്തിനുള്ള ശാസ്ത്ര സംബന്ധമായ സക
ല തടസ്സങ്ങളെയും തള്ളി സാരമായ സംഗതിയിമേൽ വാദിയുടെ (അ
പ്പീൽപ്രതി) സ്ഥാനം നല്ലവണ്ണം സ്ഥാപിക്കപ്പെട്ടതായി അഭിപ്രായപ്പെ
ടുകയും പ്രതി (അപ്പീൽ വാദി) വാദിച്ച സ്ഥാനം ഊനതയുള്ളതെന്നും
നിലനിൽപ്പുള്ളതല്ലെന്നും ര-ാംപ്രതിക്കുള്ള പണയം സാധുവല്ലെന്നും പ്ര
സ്താവിക്കയും ചെയ്ത വാദിക്ക (അപ്പീൽപ്രതി) ഹർജിയായി താഴെ പറ
യുംപ്രകാരം ഒരു വിധികൊടുത്തു.

"...രം കൊടതിയുടെ വിധി അടക്കപ്പാടെ നൊക്കുമ്പോൾ പ്രതിയുടെ
കൊഴിയിൽ ഇപ്പോഴും സമ്മതിച്ചിട്ടുള്ള അന്യായപ്പെട്ട എല്ലാവസ്തുക്ക
ളും കൊതരയാക്കോബായ സുറിയാനിക്കാരുടെ ന്യായമായ മെത്രാ
പോലീത്താ ആയി വാദിക്ക ഒഴിഞ്ഞുകൊടുക്കേണമെന്നും പണമായി
തിരിച്ചില്ലാത്ത ട്രസ്റ്റ മുതൽസംബന്ധിച്ച അന്യായ തീയ്യതിയിൽ അ
വ ഏതു സ്ഥിതിയിൽ ഇരുന്നു എന്ന പ്രതികൾ പ്രയലാക്കിയ കണക്കി
ൽ കാണപ്പെട്ടതുപൊ അതു സ്ഥിതിയിൽ അവ ഇരിക്കുന്നു എന്ന
വിചാരിച്ച ക-മുതൽ ങ-വരെ പ്രതികളെക്കൊണ്ടു അസ്ഥിതിയിൽ അ
വയും ഉത്തരം പറയിക്കയും, പണയത്തിനമേൽ കൊടുത്തിട്ടുള്ള മുതൽ
തിരികെ കൊടുക്കുക ശരിയായ വിലയും വസ്തുക്കൾ വാങ്ങുക മുതലായവ
എന്നിങ്ങനെയുള്ള അന്യകാരണങ്ങളാൽ വസ്തു പണമാക്കുന്നതി
നും പണം വസ്തുവാക്കുന്നതിനുമായി ആവശ്യപ്പെട്ട മാറ്റങ്ങൾക്ക
ഏർപ്പാടു ചെയ്തുകൊണ്ടു ട്രസ്റ്റിലെക്ക ആവശ്യമായി ഉണ്ടായ ചിലവ ഒ
ഴികെ പണമായും വസ്തുക്കളായും ആധാരപ്രമാണം മുതലായതായും
എന്തെല്ലാം കൂട്ടത്തിലൊ അധികപ്പാടൊ അവര വാങ്ങിയിട്ടുണ്ടൊ അവ
ളെയും വാദിക്ക കൊടുപ്പിക്കേണമെന്നും ആകുന്നു, എ- പട്ടികയിൽ ക-
മുതൽ ന-വരെയും ഛ-ം ഞന-ം നസ്ര വസ്തുക്കളിൽ നിന്നുള്ള അന്യായ
ത്തിൽ പറഞ്ഞിരിക്കുന്ന മെലാൽ ആദായം ആവശ്യമായ ചിലവ അ
തിൽനിന്നു നീക്കി അന്യായക്കാരനു കൊടുക്കേണ്ടതാകുന്നു. ബി. പട്ടിക
യിൽ ക- മുതൽ ന- വരെ എനങ്ങളുടെ കണക്കെടുക്കുന്നതിൽ ഇതിന്റെ
യും കണക്ക എടുക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ രണ്ടും മിക്കവാ
റുകയാൽ ചിലവിന്റെ കണക്കിൽ രണ്ടും കൂടി കലർന്നിരിക്കുന്നു."

ആ കൊടതി കെസ്സിന്റെ അസാധാരണയായിട്ടുള്ള സംഗതികളാ
ൽ കക്ഷികളുടെ ചിലവ അവരവർ സഹിക്കേണമെന്നു അഭിപ്രായ
പ്പെട്ടു.

൭. ...രം വിധിയിന്മേൽ ക-ം ഖ-ം ഗ-ം പ്രതികൾ മിക്കവാറും
ആദ്യകോടതിയിൽ തക്കിച്ച ന്യായങ്ങളാൽ [illegible] അപ്പീ
ൽചെയ്തു. അവിടെ കഴിഞ്ഞുപോയ ടി. ആർ. നാരായണപിള്ള ജഡ്ജി
യും പി. എസ്സ്. അരിയനായകംപിള്ള ജഡ്ജിയും കൂടി ഇരുന്ന അപ്പീൽ
കെട്ട [illegible]- ഇലാം ഡൻ-ാംനു- തീയ്യതിയിൽ വിധിച്ചു. അവര അതിൽ ജില്ലാ
കൊടതിയുടെ വിധിയെ സ്ഥിരപ്പെടുത്തി. ആ പ്രാവശ്യമുള്ള ജഡ്ജിമാർ ര
ണ്ടുപേരും ഇവിടെയുള്ള സുറിയാനി സഭയുടെ മേൽ അന്തിയൊഖ്യാ

വ. ഇ-ം ന-ം പ്രതികൾ അന്യായത്തിൽപ്പെട്ടതിൽ രണ്ടെന്നും
വസ്തുക്കളുടെ കയ്യശക്കാരായി കക്ഷിചേർക്കപ്പെട്ടു. എന്നാൽ അവർ ഹാ
ജരായിട്ടില്ല.

ൻ. ഇവരിൽ ക-ം ഡ-ം ൭-ം പ്രതികൾ മാത്രം ഹൈകോട്ട അപ്പീ
ലിലും ഇപ്പോഴത്തെ അപ്പീലിലും കക്ഷികളായി. മറ്റെവർ ആദ്യകൊടതി
യിലെ വിധിയുടെ ശേഷം ...രം വ്യവഹാരത്തിൽ ചെന്നിട്ടില്ല.

൧൦. മേല്പറഞ്ഞ തർക്കങ്ങളിന്മേൽ (൧൦ളു-ലെ ക-ാം നസ്ര സി
വിൽകൊടതി റെഗുലെക്ഷ്യൻ നടപ്പാക്കുന്നതിനു മുമ്പെയുള്ള രീതി അനു
സരിച്ച) രണ്ടു ജഡ്ജിമാർ (മൈസർസ ലഫ്രനെയിസ്സും കുള്ളുമെന്നൊനും)
കൂടി ഇരുന്ന ആദ്യ കോടതി, ഇരുകക്ഷി വക്കീലന്മാരെക്കൊണ്ടു അന്യാ
യ തീച്ചയും നിശ്ചയിക്കേണ്ടതു, അവരുടെ (വക്കീലന്മാരുടെ) അഭിപ്രായ
പ്രകാരം ആവശ്യമുള്ള വാദമുഖങ്ങളെ എഴുതി ഹാജരാക്കിക്കയും അവയെ
പരിശോധിച്ച വക്കീലന്മാരുടെ തർക്കം കേട്ട ൧൭ന്നു- കന്നി ൨൨-ാംനു-
ൽ ഇരുപത്തഞ്ചിൽ കുറയാതെ വാദമുഖങ്ങളെ നിണ്ണയിച്ചു. ഇതിൽ ആദ്യ
വാദമുഖങ്ങൾ (ഡ-ം ന-ം ര-ം ഇ-ം ന്യ-ം ൭-ം) ശാസ്ത്രതർക്കത്തെയും നാ
ല (ൻ-ം ക്ക-ം ക്ക-ം ക്ഷ-ൽ ഏതാനും ഭാഗവും) സുറിയാനി ക്രിസ്ത്യാ
നി സമുദായത്തിന്റെ കാനോൻ വിശ്വാസക്രമങ്ങൾ മുതലായ മദവി
ഷയങ്ങളെയും, ഒമ്പത (വ്യ-ം ൧൦-ം ണ്ട-ം ൧൬-ം ഖ്വ-ം ഫൻ-ം ഡ൦-ം
ഡ്ഢ-ം ഡ്ഡ-ം) തിരുവിതാംകൂറിലുള്ള സുറിയാനി സഭയുടെ ചരിത്രത്തെ
യും അതിന്റെമേൽ അന്തിയൊഖ്യാ പാത്രിയർക്കീസിനുള്ള മേലധികാര
ത്തെയും ദാനം കിട്ടിയിട്ടുള്ള തുകയെയും അതിന്റെ സ്വഭാവത്തെയും
അതു സംബന്ധമായ മറ്റു വസ്തുക്കളെയും, രണ്ടു (ക-ം ഖ്യ-ം ണ്ട-ൽ
ഏതാനും ഭാഗവും) വാദിക്ക മെത്രാപോലീത്താ ആയിട്ടുള്ള പിൻ തുടച്ച
യും ...രം അന്യായം കൊണ്ടുവരുവാനും ഉള്ള അവകാശത്തെയും, മൂന്ന
(ഛ്ള-ം ണ്ട-ം ഡ്ള-ം) പ്രതികൾക്ക വസ്തുക്കളെ കയ്യശം വയ്ക്കുന്നതിനും
ട്രസ്റ്റ മുതലിനെ കൈകായ്കും ചെയ്യുന്നതിനും ഉള്ള അഹ്തയെയും പ്ര
ത്യേകിച്ച ക-ാം പ്രതിക്ക (അപ്പീൽവാദി) സഭയുടെ വൈദീകമെലദ്ധ്യ
ക്ഷനാകുന്നതിനുള്ള അയോഗ്യതയെയും സംബന്ധിച്ചായിരുന്നു. മറ്റെ
തു രണ്ടും അന്യായത്തിൽ സല കണക്കാക്കിയതിനെയും ര-ാം പ്രതി
യുടെ പണയത്തെയും കുറിച്ചായിരുന്നു.

൧൨. ...രം വ്യവഹാരം ഒറ്റയ്ക്ക വിസ്തരിച്ച തീച്ച ചെയ്ത ജില്ലാ
ജഡ്ജി കുള്ളുമെന്നൊൻ തന്റെ ജഡ്ജിമെന്റിൽ വാദമുഖങ്ങളെപ്പറ്റി താഴെ
പറയുംപ്രകാരം അഭിപ്രായപ്പെട്ടു. "ആസമയംതന്നെ ക്ഷ-ം ക്ഷ-ം
൭-ം വാദമുഖങ്ങളെ നിണ്ണയിക്കുന്നതിന്റെ ആവശ്യത്തെകുറിച്ച ഞാ
ൻ സംശയിച്ച എങ്കിലും എന്റെ കൂടെ ഇരുന്ന എന്റെ മുമ്പനും ക്രി
സ്ത്യാനിയും ആയിരുന്ന ജഡ്ജിയുടെ അഭിപ്രായത്തോട്ട ഞാൻ ചെന്നു."

൧൩. എങ്കിലും ആ ജഡ്ജി എല്ലാ വാദമുഖങ്ങളെയും വിസ്തരിച്ച
തിന്മേൽ മിഥുനം ൧൬-ാം തീയ്യതിയിലെ ജഡ്ജിമെന്റിൽ അവയിൽ ഒരൊ
ന്നിനെ കുറിച്ച തീച്ചപറകയും ചെയ്തു.

പാത്രിയക്കീസിനുള്ള മേലധികാരത്തെയും വാദി പാത്രിയക്കീസിനാൽ മേല്പട്ടക്കാരനായി വാഴിക്കപ്പെട്ട മെത്രാപൊലീത്താ ആയി നിശ്ചയിക്കപ്പെട്ടതിനാൽ ആ സഭയുടെ മെത്രാപോലീത്താ ആകുന്നതിന്ന ൧-ാം പ്രതി (അപ്പീൽ വാദി)ക്കുള്ളതിനെക്കാൾ അധികമായി വാദിക്കുള്ള അവകാശത്തെയും സ്ഥിരപ്പെടുത്തി. അതു സംബന്ധമാണെന്നു സമ്മതിച്ചിട്ടുള്ള എല്ലാ വസ്തുക്കളും പണവും വാദിക്ക കുശുമായി വിധിച്ചു. ഒരു ക്രിസ്ത്യാനി ജഡ്ജിയായ അപ്പീൽനായകം പിള്ള സുറിയാനി ക്രിസ്ത്യാനികളുടെ വിശ്വാസവും ഉപദേശങ്ങളും സംബന്ധിച്ചുള്ള വാദമുഖങ്ങളെ കൃത്യമായും പൂർണ്ണമായും പരിശോധിച്ച അപ്പീൽവാദി യാക്കോബായ സുറിയാനി പരിഷയുടെ അംഗീകരിക്കപ്പെട്ട വിശ്വാസത്തിൽ നിന്നും ഉപദേശങ്ങളിൽ നിന്നും മാറിയിരിക്കുന്നു എന്നും അതിനാൽ അതമതം അനുസരിച്ചുള്ള സഭയുടെ മെത്രാപോലീത്താസ്ഥാനം വഹിക്കുന്നതിന അയോഗ്യനായി തീർന്നു എന്നും അഭിപ്രായപ്പെട്ടു. ചിലവു മുഴുവനും അപ്പീൽ വാദികളെകൊണ്ടു കൊടുപ്പിക്കുവാൻ നിശ്ചയിച്ച അപ്പീൽ തള്ളി.

ആദ്യകോടതിയുടെ വിധിയിൽ ഹൈക്കോടുകാർ ഭേദപ്പെടുത്തിയും ൨-ാം പ്രതി ആദ്യകോടതിയുടെ വിധിയാൽ സ്ഥാനത്തിൽനിന്ന നീക്കപ്പെട്ടു എങ്കിലും പകരം ആളെ നിയമിക്കേണ്ട സംഗതിയെ കുറിച്ചു അവരിൽ പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്കും ൧-ാം പ്രതി മരിച്ചുപോയ സ്ഥിതിക്കും അവർ തങ്ങളുടെ സ്ഥാനത്തിൽ ഇല്ലാതെ വന്നതിനാൽ സമുദായത്തിന്റെ വക മുതലിനെ കൈകായ്മ ചെയ്യുന്നതിനു മെത്രാപോലീത്താ (അപ്പീൽ പ്രതി)യൊടുകൂടെ രണ്ടു കൂട്ടം ട്രസ്റ്റികളെ നിശ്ചയിക്കുന്നതിനെ കുറിച്ചായിരുന്നു. ഒരു നിശ്ചയം വിധിനടത്തയിൽ വച്ചു സമുദായത്താൽ ചെയ്യണമെന്ന ഹൈക്കോടതി കല്പിച്ചു. വേറെ ഭേദം കോടതിചിലവു സംബന്ധിച്ചായിരുന്നു. ആദ്യകോടതി ഇരു കക്ഷികളും ചിലവു സഹിക്കുവാൻ കല്പിച്ചു. എന്നാൽ ഹൈക്കോടതി അതു പ്രതി (അപ്പീൽവാദി) കൊടുക്കുവാൻ വിധിച്ചു.

൫. ഹൈക്കോട്ട വിധിയിന്മേൽ [illegible] മഹാരാജാവിങ്കൽ ഇപ്പോഴത്തെ അപ്പീൽ ചെയ്കയും [illegible] സ്വീകരിക്കയും ചെയ്തു.

൬. അപ്പീൽ മെമ്മൊറാണ്ടത്തിൽ കീഴ്ക്കോടതി വിധികൾക്കുള്ള ആക്ഷേപങ്ങളായി ൧൪ കൂട്ടം കാരണങ്ങൾ കാണിച്ചിരിക്കുന്നു. ഒരു കാരണങ്ങൾ ആദ്യകോടതിയിൽ അന്യായത്തിനുണ്ടായ ആക്ഷേപങ്ങളെ ആവർത്തിച്ചു പറക മാത്രം ചെയ്തിരിക്കുന്നു. എന്നാൽ അപ്പീൽ വാദിയുടെ പാഠവമുള്ള വക്കീൽ വിചാരണ സമയത്തു അപ്പീൽ മെമ്മൊറാണ്ടത്തിലുള്ള എല്ലാ കാരണങ്ങളും എടുക്കുന്നതിനു നിർബന്ധിച്ചില്ല. അയാൾ റിക്കാട്ടിലുള്ള തെളിവുകളും സംഗതികളുമായി പാലിച്ചുകൊള്ളാമെന്നു വിചാരിച്ചിരുന്ന കാരണങ്ങൾ മാത്രം നിർബന്ധിച്ചു. അയാൾ

വാദിക്കുന്നതിനായി എടുത്ത സംഗതികൾ ചുരുക്കമായി താഴെ പറയുന്നവ ആകുന്നു:

൭. (൧) അന്യായത്തിന സംഗതിയിലും ഭാവത്തിലും, സ്വന്ത ഇഷ്ടപ്രകാരമുള്ള അപ്പീൽവാദിക്ക അപ്പീൽ പ്രതിയുടെ വ്യവഹാരത്തെ നല്ലവണ്ണം തെളിയിക്കുവാൻ തക്കതായ വെടിപ്പും വിവരങ്ങളും അന്യായത്തിൽ കാണിച്ചിരിക്കയും ചെയ്തു. എടുത്തുട എന്ന കാരം അതിൽ സൂചിപ്പിച്ചിട്ടു കൂടെ ഇല്ലായിരുന്നു.

(൨) അപ്പീൽപ്രതിയുടെ വ്യവഹാരം ഏതുവിധത്തിൽ നോക്കിയാലും കാലഹരണപ്പെട്ടിരുന്നു. അതു ട്രസ്റ്റുസംബന്ധിച്ചുള്ള വ്യവഹാരം അല്ലായിരുന്നു.

(൩) ട്രസ്റ്റുസംബന്ധമായ കാര്യങ്ങളിൽ അപ്പീൽപ്രതിയെ അധികാരപ്പെടുത്തുവാൻ അന്തിയോഖ്യാ പാത്രിയക്കീസിന അധികാരമില്ലായിരുന്നു. അതു താൻ ഒരു മെത്രാനെ വാഴിച്ചതുകൊണ്ടു ആ മെത്രാനതിരുവിതാംകൂറിലുള്ള സുറിയാനി സഭയുടെ മുഴുവിന്മേൽ യാതൊരു അധികാരവും ഉണ്ടായിട്ടില്ല. പാത്രിയക്കീസു നടത്തിയിട്ടുള്ളതൊ നടത്തിയെന്നു പറയുന്നതൊ ആയ അധികാരം ലൌകികമല്ലാതെ മുഴുവനും ആത്മീകമായിരുന്നു. അദ്ദേഹം സഭയുടെ വസ്തുകകളിന്മേൽ ഏതെങ്കിലും അധികാരം നടത്തുവാൻ ശ്രമിച്ചതിന ഓരൊ മെത്രാപോലീത്തന്മാരും സമുദായവും ചെറുപ്രാവശ്യം അതിനെ എതുത്തു നിന്നിട്ടുണ്ടു.

(൪) കുറിലോസും മാർ അത്താനാസ്യൊസ്സും ഒരു രാജ്യത്തുണ്ടായിരുന്നതിനാൽ ഒഴിവില്ലാത്ത സമയത്ത നടന്ന അപ്പീൽപ്രതിയുടെ നിശ്ചയം ബലമില്ലാത്തതായിരുന്നു. ജനങ്ങളുടെ സമ്മതം കൂടാതെ മെത്രാനെ മുടുക്കുന്നതിന പാത്രിയക്കീസ്സിന അധികാരം ഉണ്ടായിരുന്നില്ല.

(൫) അപ്പീൽപ്രതി സമുദായത്താൽ ശരിയായി തിരഞ്ഞെടുക്കപ്പെടുകയൊ സുറിയാനി അസൊസെഷ്യന്റെ പ്രസിഡെണ്ടായി നിയമിക്കപ്പെടുകയൊ ചെയ്തിട്ടില്ലായിരുന്നു. മുഴുന്തുരുത്തിയിലും പരിമലെയും ഉണ്ടായിരുന്ന കൂട്ടങ്ങളിൽ പള്ളികളുടെ ശരിയായ പ്രതിനിധികൾ ഇല്ലായിരുന്നതുകൊണ്ടു ആ കൂട്ടങ്ങളിൽ ഉണ്ടായ നിശ്ചയങ്ങൾ സമുദായത്തെ ബാധിക്കുന്നില്ല. അതു കൂടാതെ ആ നിശ്ചയങ്ങൾ ഉറപ്പാക്കി പൊതുയോഗത്തിൽ വച്ചിട്ടില്ല.

(൬) അപ്പീൽപ്രതിയെ ജനങ്ങൾ മെത്രാപോലീത്താ ആയി അംഗീകരിച്ചു എന്ന വ്യവഹാരത്തിൽ സ്ഥാപിച്ചിട്ടില്ലായിരുന്നു.

(൭) അപ്പീൽവാദിക്ക മെത്രാപോലീത്താ സ്ഥാനം വഹിക്കുന്നതിന പാടില്ലാത്ത ന്യൂനതയുള്ള അയോഗ്യതയും, പ്രാപ്തിക്കുറവും ഉള്ളതായിട്ടു താൻ ഒരു എടുത്തുകാരനായിരുന്നു എന്നുള്ള പ്രസ്താവനയെ നിഷേധിപ്പാൻ തക്കതായി സുറിയാനി സഭയുടെ അംഗീകരിക്കപ്പെട്ട വിശ്വാസത്തിൽ നിന്നും ഉപദേശങ്ങളിൽ നിന്നും പിൻമാറ്റമുണ്ടായിട്ടുണ്ടെന്നു തെളിയിച്ചിട്ടില്ലായിരുന്നു.

(വ) ൨-ാംപ്രതിയെ (അപ്പീൽ ൨-ാംവാദി) ട്രസ്റ്റി സ്ഥാനത്തിൽ നിന്നും നീക്കുന്നതിനു അന്യായം കൊണ്ടുവന്നിട്ടും തെളിയിച്ചിട്ടും ഇല്ലായിരുന്നു.

(ൻ) ൫-ാംപ്രതിയുടെ (അപ്പീൽ ൩-ാംവാദിയുടെ അച്ഛൻ) പണയം ശരിയായിട്ടുള്ളതും ബലമുള്ളതും ആയിരുന്നു.

(൫൦) കേസ്സിൽ എങ്ങിനെ നോക്കിയാലും അപ്പീൽ വാദിയുടെ തമ്മിൽ വ്യവഹാരചിലവു കൂടുത്തുവാൻ പാടില്ലായിരുന്നു.

൫൧. മേൽപ്രസ്ഥാപിച്ച സംഗതികളെകുറിച്ചു അതിനുമുമ്പു അപ്പീൽവാദികളുടെ വക്കീൽ മിസ്റ്റേയിനർ ഡെസ്ക്രൈബുചെയ്തിരുന്നു എന്നസംഗതികളും ഒരു വ്യവഹാരം സാക്ഷാൽ ഒരു മാവിഷയമാകയാൽ അന്യായം എടുപ്പാൻ അധികാരമില്ലാ എന്നതും ആയ കീഴ്ക്കോടതികളിലും ഒരു അപ്പീൽ തെമ്മാറാങ്കുത്തിലും വാദിച്ചിരിക്കുന്ന മറ്റശാസ്ത്രസംബന്ധമായ തടസ്സങ്ങളെകുറിച്ചു നിർബ്ബന്ധിക്കാതെ ഉപേക്ഷിച്ചു എന്നു പറയേണ്ടിയിരിക്കുന്നു. അയാൾ അപ്പീൽപ്രതിയെ അന്തിയോഖ്യാ പാത്രിയക്കീസു മെത്രാനായി പ്രഖ്യാപിച്ച നിയമിച്ചതിനെയും പിന്നീട അതു സ്ഥാനത്തിൽനിന്നു നീക്കിയതിനെയും കുറിച്ചുള്ള തർക്കവും ഉപേക്ഷിച്ചു. ഒരു തർക്കങ്ങളെ വളരെ ബുദ്ധിയോടുകൂടി ഉപേക്ഷിച്ചു. എന്തുകൊണ്ടെന്നാൽ കേസ്സിന്റെ റിക്കാർട്ടിനാൽ അവ ന്യായമില്ലാത്തതായി കാണുന്നു.

൫൨. അന്യായം സ്പഷ്ടതയുള്ളതും ബലമില്ലാത്തതുമാണെന്നുള്ളതിനു യാതൊരു സംശയവും ഇല്ല. ഇതു വെളിവായിട്ടും സൂക്ഷ്മമായിട്ടും ഇരിക്കുന്നെന്നുള്ള വിചാരം കൂടാതെ ഉപേക്ഷയായി എഴുതിയുണ്ടാക്കിയെന്നതോന്നുന്നു. അതിൽ മെത്രാപോലീത്താസ്ഥാനത്തെ പിന്തുടർന്നതിനുള്ള അവകാശം എന്തിനാൽ സ്ഥാപിച്ചു എന്ന മരിയായവിവരങ്ങൾ കൂടാതെ പറഞ്ഞിട്ടുണ്ടെങ്കിലും അപ്പീൽവാദിയുടെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം ആ സ്ഥാനത്തിലേക്ക അപ്പീൽപ്രതിക്കുള്ള അവകാശത്തെ വെളിവായി വിവരിച്ചിട്ടില്ല. പ്രതികളുടെ (അപ്പീൽവാദികൾ) മേലുള്ള വ്യവഹാരകാരണവും അതുണ്ടാക്കിച്ച തീയ്യതിയും മറിയായ സൂക്ഷ്മത്തോടുകൂടി വിവരിച്ചിട്ടില്ല. ഇതൊന്നുംകൂടാതെ കഴിഞ്ഞുപോയ അന്ത്യോനാസ്യോസിന്റെ മരണത്തിങ്കലും അതിൽപിന്നെയും അപ്പീൽവാദിക്ക അവകാശമായികിട്ടിയെന്നു പറയുന്ന മലങ്കരസുറിയാനിസഭയുടെ മതവൈദീകവും ലൌകീകവുമായ നായകത്വത്തിനുള്ള യോഗ്യതയെകുറിച്ചു ഒന്നുംതന്നെപറഞ്ഞിട്ടില്ല. മേസ്സർഗോവർ വാദിച്ചതുപോലെ അപ്പീൽവാദിയുടെമേൽ ചുമത്തിയ എടുത്തുടിനെകുറിച്ചു അന്യായത്തിൽ പ്രത്യേകമായി ഒന്നും പ്രസ്താവിച്ചിട്ടില്ല. അതിനു വ്യവഹാരത്തിൽ ഇല്ലാത്ത ഒരു വിശേഷം വിചാരണയിൽ ഉണ്ടായിട്ടും കീഴ്ക്കോടതിവളരെ ശ്രദ്ധകൊടുത്തതായിട്ടും തോന്നുന്നു. അപ്പീൽപ്രതിയുടെ വക്കീൽ വാദമുഖങ്ങൾസംബന്ധമായി ഹാജരാക്കിയ കടലാസിൽ എടുത്തുടിനെ കുറിച്ചുള്ള ചില വാദമുഖങ്ങൾ കൂടെ ഉണ്ടായിരുന്നതുകൊണ്ടു അപ്പീൽവാദിയുടെമേലുള്ള എടുത്തുടിസംഗതി അതും ഒരു കേസ്സിൽ ഉണ്ടാ

ആ വാദമുഖങ്ങൾ നിശ്ചയിച്ച സമയത്തായിരുന്നു എന്നു തോന്നുന്നു അപ്പീലാം അതുകൊണ്ടായിൽ ഇതുന്ന ജഡ്ജിമാരിൽ ഒരാളും ഒരു വ്യവഹാരത്തെ വിസ്തരിച്ചു തീർച്ചചെയ്യുവനുമായ ജഡ്ജി ഒരു വാദമുഖങ്ങളെ നിശ്ചയിക്കുന്നതിനു അനുവദിപ്പാൻ പാടുള്ളതൊ എന്നു സംശയിച്ചതായി പ്രസ്താവിച്ചിട്ടുണ്ടു. ഈ രീതി എടുത്തുടി എന്നുള്ളതു ഒരു പ്രധാന സംഗതിയാകുന്നു. അപ്പീൽപ്രതി തന്റെ വ്യവഹാരത്തെ സക്ഷാൽ അതിനെയും ഇപ്പോൾ എങ്കിലും, അപ്പീൽവാദി അതിനു എതിരായി ഈ വ്യവഹാരത്തിൽ വാദിക്കുന്നു എന്ന ഞങ്ങൾക്കു തോന്നുന്നതിനാൽ ആ വാദത്തെ ആ കക്ഷിക്കുകൂടെ മതിയാകുംവണ്ണം തെളിച്ചുന്നും ചുമത്തിയിരിക്കുന്ന ആ കുറ്റത്തെ നല്ലവണ്ണം തടുക്കുവാനും തക്കവണ്ണത്തിൽ, അവർ വിശ്വാസത്തിൽ നിന്നും ആചാരങ്ങളിൽനിന്നും മാറിപ്പോയസംഗതികളെ സൂക്ഷ്മമായും വെളിവായും ഉള്ള വിവരങ്ങളോടുകൂടി അപ്പീൽപ്രതി കാണിക്കേണ്ടിയിരുന്നു. ഇങ്ങിനെയുള്ള സംഗതികളെ തീർച്ചയാക്കേണ്ടതിനു നിയമിച്ചിട്ടുള്ള സിവിൽകോടതികളിൽതന്നെ എടുത്തുടിനെ സ്ഥാപിക്കുന്ന പ്രത്യേക സംഗതികളെയും വസ്തുതകളെയുംകുറിച്ചു അറിവുകൊടുക്കേണ്ടിയിരുന്നു.

൫൦. വ്യവഹാരത്തിൽ എടുത്തുടിനെ പറഞ്ഞിട്ടുള്ളവാദം മതിയാകുവണ്ണം വിവരമായും വെളിവായും ഇല്ലെന്നുള്ള തടസ്സം കൂടാതെ കീഴ്കോടതികൾക്കു അതിനെക്കുറിച്ചു ആലോചിപ്പാനും ഒരു അഭിപ്രായം പറയുവാനും ആവശ്യമില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ ഇപ്പോഴത്തെ തീർപ്പുപ്പെട്ടതിനെക്കുറിച്ചു ഞങ്ങളുടെ അഭിപ്രായത്തിൽ അതു അശേഷം സാരമില്ലാത്തതാകുന്നു. ഞങ്ങളുടെ അഭിപ്രായം അപ്രകാരമാകുകൊണ്ടു വിശ്വാസത്തിന്റെ സംഗതികളിൽനിന്നും കാനോനുകളിൽനിന്നും ആചാരക്രമങ്ങളിൽനിന്നും വിട്ടുമാറിയായി അപ്പീൽവാദിയുടെ പ്രവൃത്തിയിരിക്കുന്ന കുറവു സംബന്ധിച്ചുള്ള സംഗതികളെ ഒന്നും ആലോചിക്കുന്നില്ല.

൫൫. അപ്പീൽവാദികളുടെ വക്കീൽ കാണിച്ചിട്ടുള്ളതും മുമ്പു പ്രസ്താവിച്ചിട്ടുള്ളതുമായ അന്ന്യായത്തിലെ മറ്റു സ്ഥലങ്ങളെ കുറിച്ചു പറയുന്നതിനു അവകളാൽ അപ്പീൽവാദിക്ക ഒരുവിധത്തിലും ദോഷംസംഭവിച്ചു എന്നും ഞങ്ങൾക്കു അഭിപ്രായപ്പെടുന്നില്ല. റിക്കാട്ടുകൾ വേണ്ടുംപ്രകാരം സാക്ഷീകരിക്കുന്നതുകൊണ്ടു അപ്പീൽപ്രതിയുടെ വ്യവഹാരത്തിലെ വിവരങ്ങൾ എല്ലാം അപ്പീൽവാദിക്ക നല്ലവണ്ണം മനസ്സിലായുണ്ടായിരിക്കുന്നതിനു ഉത്തരം പറഞ്ഞതായും തോന്നുന്നു. അപ്പീൽവാദിയുടെ പ്രതികയിൽ ആദ്യ കോടതി അതിലേക്ക ൨-ാമതു ശ്രദ്ധപ്പെടുത്തുവാൻ അന്യായകർക്കു ഒരു പരിഹാരം ഉണ്ടാക്കേണ്ടതായിരുന്നു എന്നിരുന്നാലും അപ്പീൽപ്രതിക്ക മെത്രാപോലീത്തായുടെ സ്ഥാനത്തിനും അധികാരത്തിനും പിന്തുടർന്നതിനുള്ള അവകാശവും അപ്പീൽവാദിയുടെ (൨-ാംപ്രതി) മേലുള്ള വ്യവഹാരകാരണവും അതുണ്ടാക്കിച്ച തീയ്യതിയും എടുത്തുടിനെ വ്യവഹാരത്തിന്റെ പിന്നീടുള്ള സ്ഥിതിയിങ്കൽ വെളിവാക്കപ്പെടുകയാൽ അയാളും വ്യവഹാരത്തിന്റെ ഇപ്പോഴത്തെ സ്ഥിതിക്കു

ന്യായം തയാറാക്കിയതിലുള്ള ശാസ്ത്രസംബന്ധമായ തടസ്സത്തെ കുറിച്ച കക്ഷികൾ തങ്ങളിലുള്ള തർക്കത്തെ തീർപ്പുപ്പെടുത്താതെ ഇരിപ്പാൻ പാടില്ല.

൨൨. അപ്പീൽപ്രതിയുടെ വക്കീൽ മെസ്സർ രാമനാഥയ്യർ ഇംഗ്ലണ്ടിലെ പ്രിവികൌൻസലിൽ ഉണ്ടായ ചില വ്യവഹാരങ്ങളെ ഞങ്ങൾക്ക കാണിച്ചുതന്നു. അതിൽ വ്യവഹാരങ്ങൾ അവസാന സ്ഥിതിയൊഴിഞ്ഞു എത്തിയാൽ ശാസ്ത്രസംബന്ധമായ കാരണങ്ങൾ കൊണ്ടു അവയുടെ സാരമായ നീതിയെ ഇല്ലായ്മചെയ്പ്പാൻ പാടില്ലാ എന്നു പറഞ്ഞിട്ടുണ്ടു. ഇതുയും ലഘുവായിരിക്കുന്നതും നല്ലവണ്ണം അറിഞ്ഞിരിക്കുന്നതുമായ ശാസ്ത്രം സംബന്ധിച്ചുള്ള സംഗതിക്കായിട്ട ആ വക പ്രമാണങ്ങൾ നൊക്കുവാൻ ആവശ്യമില്ലെന്ന ഞങ്ങൾക്ക തോന്നുന്നു. അതുകൊണ്ടു അപ്പീൽ പ്രതിയുടെ വ്യവഹാരം അന്യായത്തിൽ വെളിവായി പറഞ്ഞിരിക്കുന്നിടത്തോളം ആലൊചിപ്പാനായി ഞങ്ങൾ വിചാരിക്കുന്നു.

൨൩. അന്യായത്തിനുള്ളതു പൊലെതന്നെയൊ അതിനു ശരിയായിട്ടൊ ഉള്ള തടസ്സങ്ങൾ അപ്പീൽവാദിയുടെ ഉത്തരത്തിനും ഉണ്ടായിരുന്നു എന്ന ഇവിടെ വിചാരിക്കെണ്ടിയിരിക്കുന്നു. മലങ്കരയുടെ മെത്രാപ്പോലീത്താസ്ഥാനത്തെപിന്തുടരുന്നതിനു അപ്പീൽവാദിക്കുള്ള അവകാശത്തെ കുറിച്ച ആയാളുടെ ഉത്തരത്തിൽ ഉള്ള വിവരണവും അപ്രകാരംതന്നെ ന്യൂനത ഉള്ളതായിരുന്നു. അതിൽ ആ അധികാരത്തിനും സ്ഥാനത്തിനും തനിക്കുള്ള അവകാശം എപ്പൊൾ, എങ്ങിനെ ഉണ്ടായി എന്ന പറഞ്ഞിട്ടില്ലായിരുന്നു. മെത്രാപോലീത്ത യാകുന്നതിനുള്ള അയോഗ്യതകളായ എടത്തൂടാചാരം ബ്രഹ്മചര്യത്തിനുള്ള യോഗ്യത കുറവ ശരീരസംബന്ധമായ ന്യൂനത ഇവകളെകൊണ്ടു അപ്പീൽപ്രതിയെ അയാൾക്കുറവുമത്തിയിരുന്നു. ഒരു കുറവുകളെ തന്റെ ഉത്തരത്തിൽ അശേഷം വെളിവായിട്ടും സൂക്ഷ്മമായിട്ടും വിവരിച്ചിട്ടില്ലായിരുന്നു.

൨൪. എല്ലാംകൂടി നോക്കുമ്പൊൾ ഒരു കേസ്സിലെ വാദങ്ങൾ അശേഷം സൂക്ഷിക്കാതെയും കോടതിയാൽ തീർച്ചപ്പെടുത്തുന്നതിനു അതിൽ കാണിച്ചിരിക്കുന്ന സംഗതികളുടെ സാരത്തെ കുറിച്ച ഒരു വിവരവും ഇല്ലാതെയും ആയിരുന്നു എന്ന ഞങ്ങൾ അഭിപ്രായപ്പെടുന്നു. ആദ്യ കോടതിയിലവച്ച ഒരു കേസ്സിന്റെ ക്രമത്തെ വിചാരണയിൽ വാദങ്ങളിലുള്ള ന്യൂനതകൾക്ക പരിഹാരമുണ്ടാക്കുന്നതിനും വിട്ടുപോയിനെ നികത്തുന്നതിനും ശ്രമിച്ചതായി കാണുന്നില്ലെന്നും കൂടി ആലോചിക്കേണ്ടിയിരിക്കുന്നു. എന്നാൽ എതുകക്ഷി ഫയൽ ചെയ്തിരിക്കുന്ന വാദങ്ങളിലെ ന്യൂനതകൾകൊണ്ടു ഒരു കക്ഷിക്കും ദോഷംവന്നിട്ടില്ലാ എന്നും ഓരോരുത്തർ തെളിയിക്കേണ്ടെ സംഗതിയെ ആദ്യകോടതി സ്ഥിരപ്പെടുത്തിയപ്രകാരമുള്ള വാദമുഖങ്ങൾകൊണ്ടു വെളിവായി അവക്ക അറിവുകൊടുത്തു എന്നും ഞങ്ങൾ അഭിപ്രായപ്പെടുന്നു. അറിയാതെ വന്നു എന്ന അപ്പീൽ വാദികൾക്ക ഒരിക്കലും വാദിപ്പാൻ പാടില്ലാ. അവരുടെ വാദത്തെ തെളിയിക്കുന്നതിനും ഏതുകക്ഷിയുടെ വാദത്തെ മറിച്ചു തെളിയിക്കുന്നതിനും അവക്ക വെണ്ടെ ഏനം ഉണ്ടായിരുന്നു.

൨൫. അപ്പീൽവിചാരണയിൽ വാദിച്ച രണ്ടാമത്തെ കാരണം ഈ രീതികൊണ്ടു തീർപ്പുവതുന്നു.

൨൬. രണ്ടാമത്തേത കാലഹരണദോഷത്തെപ്പറ്റിയാകുന്നു. ഒരു തർക്കത്തെ തീർപ്പുപ്പെടുത്തുന്നത വ്യവഹാരത്തിലെ ഏറവും പ്രധാന കാര്യസംഗതി സംബന്ധമായ തർക്കങ്ങളെ കുറിച്ച ആലോചിച്ചതിന്റെ ശേഷമാണെന്നുള്ളതും അവകളുടെതീർപ്പു കാലഹരണദോഷം സംബന്ധമായ വാദങ്ങളുടെ തീരുമാനത്തെ ഏറക്കുറെ എളുപ്പമാക്കുന്നു. ആയ്തുകൊണ്ടു ഒരു തർക്കത്തെക്കുറിച്ചുള്ള ആലോചന ഞങ്ങൾ അവസാനത്തേക്ക നീക്കിവച്ചിരിക്കുന്നു.

൨൭. ഇനി വിചാരിപ്പാനുള്ളത ഒരു കേസ്സിന്റെ സംഗതികളെ കുറിച്ചാകുന്നു. ഒരു മെത്രാപോലീത്തായുടെ അധികാരം ഏതാനും അതിനും ഏതാനും ലൌകികവും സംബന്ധിച്ചാകുന്നു. ഒരു ദേശത്തുള്ള സുറിയാനിസഭയുടെ മേലധികാരി അല്ലെങ്കിൽ അതിന്റെ മെത്രാപോലീത്താ ക്രമമായിപ്രതിഷ്ഠിക്കപ്പെട്ട ഒരു മേല്പട്ടക്കാരനൊ അപ്പീൽവാദികളുടെ വാക്കുകളിൻപ്രകാരം പറകയാണെങ്കിൽ "അപ്പോസ്തലന്മാരുടെ കൈവെപ്പുള്ള വരിഷനിന്ന ലംഘനംവരാതെ തുടരെതുടരെ കൈവെപ്പുകിട്ടിയിട്ടുള്ള മാർ മെത്രാന്മാരുടെ കൈവെപ്പുള്ള ഒരു മെത്രാനൊ" ആയിരിക്കണമെന്ന ഇരു കക്ഷികളും സമ്മതിക്കുന്നു. (ഒരു മെത്രാനെയൊ ബിഷപ്പിനെയൊ പ്രതിഷ്ഠിക്കുന്നതിൽ മൂന്നു മെത്രാന്മാരുണ്ടായിരിക്കണമെന്ന പറയപ്പെട്ടിരിക്കുന്നു.) അതിനാൽ അപ്പീൽവാദി പറഞ്ഞിരിക്കുന്നപ്രകാരം ഒരാളെ മെത്രാനൊ ബിഷപ്പൊ ആയിട്ട നിശ്ചയിക്കുന്നതിനുള്ള പ്രതിഷ്ഠയൊ കൈവെപ്പൊ സാക്ഷാൽ അതിനു യോഗ്യനായിരിക്കുന്ന ഒരാളാൽ അനുഷ്ഠിക്കപ്പെടേണ്ടതു എത്രയോ അത്യാവശ്യമായിരിക്കുന്നു. അങ്ങിനെയുള്ള അധികാരസ്ഥാനം മുതലായ കർമ്മാദികളിൽ ഉപകരിക്കുന്നതിനു മുൻപായി അപ്രകാരം ശുദ്ധീകരിക്കപ്പെട്ട എണ്ണ കയ്യുശം ഉണ്ടായിരിക്കണം. താൻ ആ ദേശത്തിലെ പ്രധാന ആത്മിക അധികാരിയും സഭയുടെ ആത്മികവിഷയങ്ങളിൽ അധികാരമുള്ളവനും ആയിരിക്കണം. ഇവ എല്ലാം അയാളെ സഭയുടെ വേദതലവനായും ആത്മിക അധികാരത്തെ നടത്തുന്നതിനു യോഗ്യനായും ആക്കി തീർക്കുന്നു. സുറിയാനിപള്ളികളുടെ പ്രധാന തലവനും ലംഘനംവരാത്ത പിൻവാങ്ങ്യയിൽ അപ്പൊസ്തലന്മാരിൽനിന്ന കൈവെപ്പുള്ളവനുമായ അന്ത്യോഖ്യാപാത്രിയർക്കീസിനുമാത്രം താൻതന്നെയൊ അല്ലെങ്കിൽ താൻ അധികാരപ്പെടുത്തിയിട്ടുള്ള പ്രതികർമ്മികളൊ മെത്രാന്മാരെ പ്രതിഷ്ഠിച്ച ആ അധികാരം കൊടുപ്പാൻ പാടൊള്ളു എന്ന അപ്പീൽപ്രതി വാദിക്കുന്നു. അപ്പീൽവാദി ഈപ്രകാരം ചെയ്യുന്നതിനുള്ള പാത്രിയക്കീസിന്റെ അധികാരത്തെ നിഷേധിക്കയും മലയാളത്തെ സുറിയാനിസഭയിലെ ഒരു മെത്രാപോലീത്തായുടെ പാത്രിയക്കീസിനോട അനുവാദം ചോദിക്കാതെതന്നെ പിൻവാങ്ങ്യക്കായി ഒരാളെ മെത്രാനായി നിയമിക്കുന്നതിനും

പ്രതിക്ഷിക്കുന്നതിനും അധികാരമുണ്ടെന്നും അങ്ങിനെ ഒരു പിൻവാങ്ങ
ലുണ്ടായാൽ കൊടുക്കുമെന്നും പറകയും ചെയ്യുന്നു. ഇതാകുന്നു സഭയുടെ ആ
ദ്യത്തെ കയ്യേറ്റത്തിനുള്ള അവകാശത്തെ സംബന്ധിച്ചേടത്തോളം ഇരു കക്ഷി
കളും തമ്മിലുള്ള അഭിപ്രായഭേദം.

൨൫. എന്നാൽ സഭയുടെ ഏതൽ സംബന്ധമായ കയ്യേറ്റങ്ങളിലു
ള്ള ഭരണത്തെപ്പറ്റി ഒരു മേല്പട്ടക്കാരനെ തങ്ങളുടെ മെത്രാപോലീത്തയാ
യി സമുദായം അംഗീകരിക്കേണ്ടത് അത്യാവശ്യമാണെന്നു പറയുന്നതിൽ ഇരു
കക്ഷികളും യോജിച്ചിരിക്കുന്നു. വെറൊരു പ്രകാരത്തിൽ പറകയാണെങ്കിൽ
തന്നെ, സമുദായത്താൽ അംഗീകരിക്കപ്പെട്ടകൂടെ എന്നൊരു മുൻകൂട്ടി സംഗതിക്കാ
ണ്ടുതന്നെ ഒരുവനെ സഭയുടെ ഏതൽ സംബന്ധച്ചിട്ടുള്ള അധികാരി
ആക്കുവാൻ കഴിയുന്നതാകുന്നു എന്ന അപ്പീൽവാദി പ്രസ്താപിക്കുന്നു.
എന്നാൽ അപ്പീൽപ്രതി അങ്ങിനെയുള്ള അംഗീകാരം ഏറ്റവും ആവ
ശ്യമായിട്ടുള്ളതാണെന്നു സമ്മതിക്കുന്നു എങ്കിലും അതുകൊണ്ടുതന്നെ ഒരുവ
നെ ആ സ്ഥാനത്തിനു ആക്കുന്നതിനു മതിയാകുന്നതല്ലെന്നു വാദിക്കുന്നു.

൨൬. ഒരു വ്യവഹാരത്തിന്റെ സാര സംഗതിയെ കുറിച്ചു വിചാ
രിക്കുമ്പോൾ ഒന്നാമതും ഏറ്റവും പ്രത്യേകവുമായി നാം ആലോചിപ്പാനുള്ളതു മലങ്കര ഇടവക എന്ന പേരോടുകൂടി അറിയപ്പെട്ടിരിക്കുന്ന തിരുവിതാംകൂറിലുള്ള സുറിയാനി ക്രിസ്ത്യാനി ഇടവകയിന്മേൽ അന്ത്യോ
ഖ്യാ പാത്രിയക്കീസിനു ആത്മസംബന്ധമായും ലോകസംബ
ന്ധമായും ഉള്ള മേലധികാരത്തെ കുറിച്ചാകുന്നു.

൨൭. പാത്രിയക്കീസിന്റെ ഒരു മെലധികാരം മേല്പറഞ്ഞ ഇടവക
യുടെ ഭരണത്തിനും നടത്തിപ്പിനുംവെണ്ടി അനാദ്യ സമയം മെത്രാ
പോലീത്തന്മാരെ അതുദ്യോഗം പ്രതിഷ്ഠിക്കയും നിശ്ചയിക്കയും ചെയ്യുന്ന
തിലും ജ്ഞാനസ്നാനം മുതലായ കർമ്മാദികളിൽ ഉപയോഗിക്കുന്നതിന
ശുദ്ധീകരിക്കപ്പെട്ട എണ്ണ (മൂറോൻ) അയക്കുന്നതിലും തന്നെ പാത്രി
യക്കീസിന്റെ) ഉന്നതസ്ഥാനത്തെ സംരക്ഷണം ചെയ്യുന്നതിനു സമു
ദായത്തിനുണ്ടായിരുന്ന ഉത്സാഹം വാങ്ങുന്നതിലും, ഇടവകയുടെ ഔദ്യോഗിക
പ്രൌഢികളുമായുള്ള കാര്യാദികളിൽ സധാരണയായി അധികാരം നട
ത്തുന്നതിലും അടങ്ങിയിരിക്കുന്നു എന്ന അപ്പീൽപ്രതി മാർദീവന്നാ
സ്യോസ പറയുന്നു.

൨൮. എന്നാൽ അപ്പീൽവാദിയുടെ (മാർ അത്താനാസ്യോസി
ന്റെ) വാദം അപ്പീൽപ്രതി പ്രസ്താപിച്ചതിനെ തീരെ നിഷേധിച്ചുകള
ഞ്ഞു. പാത്രിയക്കീസിനു തിരുവിതാംകൂറിലുള്ള സുറിയാനി സഭയുടമേൽ
ആത്മിക കാര്യങ്ങളിലൊ ലൌകിക കാര്യങ്ങളിലൊ യാതൊരു അ
ധികാരത്തിനും അവകാശമില്ലായെന്നും അവരുടെ രക്ഷിതാവ ജനി
ച്ചയും കുരിശിൽ തറക്കപ്പെട്ടതുമായ ഒരു ദേശത്തെ പള്ളികളുടെ ഒരു
ശ്രേഷ്ഠ പട്ടക്കാരനെന്നുവെച്ചു തിരുവിതാംകൂറിലുള്ള സുറയാനി ക്രി
സ്ത്യാനികൾ അന്ത്യോഖ്യാ പാത്രിയക്കീസിനെ വണങ്ങാവുന്നതും
അങ്ങിനെ വണങ്ങിവരുന്നതും എന്നല്ലാതെ ഒരു വന്ദനകൊണ്ടു അ

ധികാരത്തിനുവേണ്ടി സഭയാരിച്ചിരിക്കുന്ന
താനും വഹിക്കുന്നതിനു അതുദ്യോഗത്തിനു യാതൊരു അവകാശം ഉ
ണ്ടാകുന്നില്ലായെന്നും അയാളുടെ വക്കീൽ മെസ്സർ ഓവർ വാദിക്കുന്നു.

൨൯. മേലധികാരത്തിന്റെ ഒരു തക്കത്തെ കുറിച്ചു വിചാരിക്കു
ന്നതിനു തിരുവിതാംകൂറിലുള്ള സുറയാനി സഭ ആദ്യം സ്ഥാപിച്ച
നാൾ മുതൽ ഇപ്പോഴത്തെ ഒരു വ്യവഹാരത്തിനു കാരണമായി തീ
ർന്നിരിക്കുന്ന കാലത്തിന്റെ തീയ്യതി വരെയുള്ള അതിന്റെ ചരിത്രത്തി
ന്റെ സൂക്ഷ്മോപക്ഷംനോക്കുകൂടിയ ഒരു പരിശോധന ആവശ്യമാ
കുന്നു. അങ്ങിനെയുള്ള ഒരു ചരിത്രത്തിനുവേണ്ടിയ സംഗതികൾ സ
ഭാസംബന്ധമായ രേഖാകളിൽനിന്നു എടുക്കാവുന്നതാണെന്നു വി
ചാരിക്കാം. അവ അപ്പീൽവാദിയായ അത്താനാസ്യോസിന്റെ കു
ട്ടുകാരിലും അധികാരത്തിലും ഇരിക്കുന്നതും ഇരുന്നിട്ടുണ്ടായിരുന്ന
തായ കൊട്ടയം സിവിൽകോടതിയുടെ രേഖകളിൽനിന്നും കിട്ടാവുന്ന
താണു. ഒരു കേസ്സിന്റെ തന്നെയും വേറെ ചിലരുടെയും മൊഴികൾ
അങ്ങിനെയുള്ള സാധനങ്ങൾ ഒരു വ്യവഹാരത്തിന്റെ ആരംഭത്തി
നു മുമ്പു സഭ സംബന്ധമായ രേഖാർട്ടുകളിൽ ഉണ്ടായിരുന്നു എ
ന്നു രേഖപ്പെടുത്തുന്നു. അപ്പീൽവാദി അവയെ ഹാജരാക്കുവാൻ ആ
ജ്ഞാകാതിരുന്നതിനാൽ ആവശ്യപ്പെട്ടു എന്നും തന്റെ മൊഴികൊണ്ടു വെളി
വായിരിക്കുന്നു. അവയെ ഹാജരാക്കാതിരുന്നതിന്റെ കാരണത്തെ
കുറിച്ചു പ്രസ്താപിക്കുന്നതിനു മുമ്പു ആ തെളിവിനെ കുറിച്ചു പൂർണ്ണ
മായി പറയാം.

൩൦. അപ്പീൽവാദി സത്യംചെയ്തു മൊഴികൊടുത്തതിൽ ഇപ്രകാ
രം പറയുന്നു "സുറിയാനി സഭാചരിത്രത്തെ കുറിച്ചു വിവരിക്കുന്ന
ഒരു പുരാതനമായ സുറിയാനി പുസ്തകം (തന്റെ സഹോദരനും തനിക്കു
മുമ്പു മരിച്ചിട്ടുള്ളതുമായ) കഴിഞ്ഞുപോയ അത്താനാസ്യോസിന്റെ
കാലത്തിൽ ഇണ്ടായിരുന്നു. ഞാൻ ആപുസ്തകം കണ്ടിട്ടുണ്ടു....." ഇപ്പോ
ഴത്തെ തീർച്ചയാക്കുന്നതിനുള്ള പുസ്തകം ഇപ്രകാരമൊന്നുമല്ലാ
തിരുന്നു. അയാൾ സത്യംചെയ്തു പറയുന്നു "പുരാതന സംഭവ
ങ്ങളുടെ (സംഗതികൾ) ചരിത്രമായിരുന്ന വേറെ ഒരു പുസ്തകം ഉ
ണ്ടായിരുന്നു. ആ ചരിത്രം സുറിയാനിയിൽ ആയിരുന്നു. ആ ചരിത്രം
ഇപ്പോൾ എവിടെയാണെന്നു എനിക്കു അറിവില്ല. ആ ചരിത്രത്തിന്റെ ഒരു പ്ര
തി കോട്ടയത്തു ഇണ്ടായിരുന്നതായിട്ടു....." അയാൾ പുരാതന സംഭവങ്ങളെ
കുറിച്ചുള്ള ഒരു രേഖാദിയുടെ ഗ്രന്ഥകർത്താവു ആരാകുന്നു എന്ന തന്റെ
വിസ്താരത്തിൽ ചോദിക്കാതെ സാക്ഷിയുടെ വക്കീൽ വഴിയെ വ്യത്യാസമായി പറയു
ന്നു. ആപുസ്തകത്തെകുറിച്ചു അയാൾ പിന്നെയും പറയുന്നു "കുനാൻ
ഇണ്ടാക്കുന്നതിനു തലേതായുള്ള പിതാക്കന്മാർ ഒരു യോഗം കൂടിയതി
ന്റെ ചരിത്രം അടങ്ങിയിരിക്കുന്ന ഒരു പുസ്തകം ഉണ്ടെന്നു ഞാൻ മുമ്പു
പറഞ്ഞിട്ടുണ്ടു..... ആ പുസ്തകം കയ്യെഴുത്തായിരുന്നു അച്ചടിച്ചതല്ല.
ആ പുസ്തകം മെത്രാനാകുന്നതിനുള്ള മെത്രാന്മാർ എഴുതിവച്ചിരുന്ന

തായിരുന്നു. അതായതു കാലത്തു വാണിരുന്ന മെത്രാന്മാർ ഓരോരുത്തർ
ആ പുസ്തകം എഴുതിക്കൊണ്ടു വന്നിരുന്നു. ആ പുസ്തകം സുറിയാനി
ഭാഷയിൽ ആയിരുന്നു. അത ഓരോ മെത്രാന്മാരുടെ കാലത്ത അവര
വരുടെ കയ്യുശത്തിൽ ആയിരുന്നു. എന്നാൽ മാർ അത്താനാസ്യോസി
ന ംരം പുസ്തകം കിട്ടിയ കോട്ടയത്ത സിമ്മനാരിയിൽ നിന്നായിരു
ന്നു." ആ ചരിത്രത്തിന്റെ ഗ്രന്ഥകർത്താവ ആരാകുന്നു എന്ന അപ്പീ
ൽവാദി ഇപ്പൊൾ നിശ്ചയമായി പറയുന്നു. ഇത രണ്ടു രന്റെ സ്വ
ന്ത അറിവിനാൽ പിന്നെയും സ്ഥിരപ്പെട്ടത്തുന്നു. അയാൾ പിന്നെ
യും പറയുന്നു--"ആ പുസ്തകത്തിൽ ഓരൊ സംഗതികൾ വിവരിച്ചു
കൊണ്ടുപൊകുന്നതിനൊട കൂടെ ഓരൊ ഭാഗം ഏതു മെത്രാനാൽ എഴു
തപ്പെട്ട എന്നും കാണിക്കുന്നുണ്ടു.....ആ പുസ്തകം ഏതു മെത്രാ
പൂം ന്റെ കാലത്തിലും ഏതാണ്ടിലും എഴുതുവാൻ ആരംഭിച്ചു എ
ന്ന പറയുവാൻ തക്കപോലെ ഞാൻ ഓക്കുന്നില്ല. ഏതു മെത്രാന്റെ
കാലം വരെയും ഏതാണ്ടവരെയും ആ ചരിത്രം എഴുതിക്കൊണ്ടവന്നി
രിക്കുന്നു എന്ന ഇനിക്കു പറയുവാനും പാടില്ല. ആ പുസ്തകത്തിൽ വ
ളരെ പഴക്കം ചെന്ന കടലാസുകളും ഉണ്ട. അതിൽ എഴുതിയിരിക്കു
ന്നതു തിരിച്ചറിവാൻ പാടില്ലാത്ത വിധത്തിൽ കേട വന്നിട്ടുള്ള കട
ലാസുകളും ഉണ്ടായിരുന്നു. ആ കടലാസുകളിന്മേൽ നോക്കിയാൽ അ
വ ഫ൫൦൦ അല്ലെങ്കിൽ ഫ൪൦൦ കൊല്ലങ്ങൾക്കു പഴക്കം ചെന്നിട്ടുള്ളതായി
കാണ്മു. അതിൽ തീരെ കുറഞ്ഞതു ൪൫൦ം ൫൦ം സംവത്സരങ്ങൾക്കിടയിൽ
ഉള്ളതായിരിക്കും. ആ പുസ്തകം പലതരം കടലാസു കൊണ്ടുള്ളതും ഓ
രൊരൊ കാലത്ത എഴുതി ചേർത്തതും ആയി കാണ്മു."

൯൪. മേൽവിവരിച്ച വായ്മൊഴികളുടെ ഭാഗങ്ങളിൽനിന്ന ൧൬ാമ
ത്തെയൊ ൧൭ാമത്തെയൊ നൂറാണ്ടുമുതലുള്ള സുറിയാനി സഭയുടെ
ചരിത്രങ്ങൾ എഴുതിയിരിക്കുന്ന ഒരു പുസ്തകം സിമ്മനാരിയിൽ അ
പ്പീൽ അന്ന്യായക്കാരന്റെ കയ്യുശത്തിൽ ഉണ്ടായിരുന്നു എന്നതും അ
ത പുരാതിനമായിട്ടും യാഥാർത്ഥമായിട്ടുള്ളതാകുന്നു എന്നതും നിസംശ
യമാകുന്നു. അങ്ങിനെയുള്ള ഒരു റിക്കാർട്ടിനാൽ ഇപ്പോൾ നമ്മുടെ മുമ്പാ
കെയുള്ള ംരം തക്കത്തെ പൂർണ്ണമയിട്ടും തൃപ്തികരമായിട്ടും തീർച്ചപ്പെട
ത്താമെന്നുള്ളതിനും യാതൊരു സംശയമില്ല. അപ്പീൽവാദി ആ റി
ക്കാർട്ടിനെ ഹാജരാക്കിയിട്ടില്ല. അതിനെ ഹാജരാക്കാതെയിരുന്നതി
ന്റെ സമാധാനം അയാളുടെ സ്വന്ത വാക്കുകളിൽ കാണിക്കുന്നു.

൯൫. "ംരം പുസ്തകം (മേല്പറഞ്ഞ ചരിത്രം) അത്താനാസ്യൊ
സ്-ാംപുറ. സിന്റെ വേറെ സാമാനങ്ങളോട കൂടെ പള്ളിക്കരെ പ
ള്ളിയിൽകൊണ്ടുപോയി. അവിടെ സൂക്ഷിച്ചു വച്ചിരുന്നു. അവിടെ വ
ച്ചു അതു മോഷണംപോയി." ംരം പ്രധാനമായ ആധാരം ഇതു
സാധിമില്ലാത്ത വിധത്തിൽ പോയി എന്ന പറയുന്നതിൽ ഞങ്ങ
ൾ അതിശയിക്കുന്നു. ഇത ഇപ്രകാരം ഉണ്ടാകുവാൻ പാടുള്ളതൊ എ

ന്നു നമുക്കു വിചാരിക്കാം. അയാളുടെ വിസ്താരത്തിൽ പിന്നെ ഒരു ഭാ
ഗത്തു അയാൾ സത്യംചെയ്തു പറയുന്നു "മെത്രാന്മാരുടെ റിക്കാർട്ടുകൾ
പുസ്തകം മുതലായ സൂക്ഷിച്ചുവയ്ക്കുന്നതു സിമ്മനാരിയിൽ ആകുന്നു." "മെ
ത്രാന്മാരുടെ റിക്കാർട്ടുകൾ സിമ്മനാരിയിൽ വയ്ക്കുന്നതായി
രുന്നു എങ്കിൽ കഴിഞ്ഞുപോയ അത്താനാസ്യോസിന്റെ റിക്കാർട്ടുകൾ
പള്ളിക്കരെപ്പള്ളിയിൽ വച്ച കൂടുപോയ എങ്ങിനെ" എന്നപോ
ലെ അതിനുത്തരമായിട്ട "മാർ അത്താനാസ്യോസ പള്ളികളിൽ സ
ന്ദർശനം സമയം തന്റെ റിക്കാർട്ടുകൾ മുതലായ കൂടെകൊണ്ടുപോ
കുന്നതു പതിവായിരിക്കയും അങ്ങിനെ പള്ളിക്കരെപ്പള്ളിയിൽ പോ
യപ്പോൾ തന്റെ സാമാനങ്ങളും റിക്കാർട്ടുകളും കൊണ്ടുപോകയും അ
വിടുന്നു സിമ്മനാരിയിലേക്ക തിരികെ പോരുമ്പൊൾ ആ സാമാന
ങ്ങളും റിക്കാർഡുകളും പള്ളിക്കരെപ്പള്ളിയിൽവച്ചിരിക്കയും ആ സമയം
കൊണ്ടു ഉണ്ടാകയുംചെയ്തു എന്നു" പറഞ്ഞു. അപ്പീൽവാദി തന്റെ
വിസ്താരത്തിന്റെ വേറൊരു ഭാഗത്തിൽ പറയുന്നു, "ഇപ്രകാരം ന
ംരം ൧മാക്ഷണം ഏതു സമയത്തുണ്ടായി എന്ന ഞാൻ ഓക്കു
ന്നില്ല. പള്ളിക്കരെപള്ളിയിൽ ആ സാമാനങ്ങൾ വച്ചതു ഫ൦൫൦
ലൊ ഫ൦൬൦ ലൊ ആയിരുന്നു. നമുക്കു (ബഹുമാനത്തിന്റെ ഉ
പയോഗം) ംരം കൂവിനെ കുറിച്ചു അറിവു കിട്ടിയതു മാർ അത്താ
നാസ്യോസിന്റെ മരണ ശെഷം ഫ൦൫൫൦൦ൽ ആയിരുന്നു. ംരം മോ
ഷണത്തെപ്പറ്റി ഒരു ക്രമമായ അന്വായം കൊടുക്കയൊ വിസ്താരം
നടത്തുകയൊ ചെയ്തിട്ടില്ല. പള്ളിക്കരെ പള്ളിയുടെ കയ്യുശം നമ്മുടെ
രാജ്യത്തുള്ള ജനങ്ങളുടെ പക്കൽ ആകുന്നു. അവിടെ നമുക്കും ജനങ്ങ
ളും ഉണ്ടു." കഴിഞ്ഞുപോയ അത്താനാസ്യോസിന്റെ അനുജനായ
അപ്പീൽവാദി ആദ്യം അത്താനാസ്യോസിന്റെ പ്രൈവറ സെ
ക്രട്ടറിയും പിന്നുത്തതിൽ തിരുവിതാംകൂറിലെ സഭയുടെ ഭരണ
ത്തിൽ തന്റെ സഹായക്കാരനും ആയിരുന്നു എന്നു ഇതോടുകൂടി ആ
ലൊചിക്കണം. ആ രണ്ടു സ്ഥാനത്തിലും തനിക്കു കഴിഞ്ഞുപോയ
അത്താനാസ്യോസിന്റെ ജീവകാലത്തു തന്നെയും സഭയുടെ വക
സാധനങ്ങളുടെയും റിക്കാർട്ടുകളുടെയും അധികാരം ഉണ്ടായിരുന്നു എന്ന
സങ്കതികളെയും ചെയ്യുന്നു.

൯൬. അതിനാൽ, അപ്പീൽവാദിയുടെ മൊഴിയിൽനിന്നു ത
ന്നെ രേഖകൾ പോയെന്നുള്ള വാദം സംഭവിക്കാവുന്നതല്ലെന്നു പ്ര
ത്യക്ഷപ്പെടുന്നു. മേല്പറഞ്ഞ കൂവുണ്ടായി എന്നു തെളിയിപ്പാൻ അയാ
ൾ തന്നാൽ കഴിയുന്ന പലമില്ലാതെയും പ്രയോജനമില്ലാതെയും ശ്രമിച്ചു.
അങ്ങിനെയുള്ള ശ്രമത്താൽ മോഷണം പോയെന്നുള്ള നടിപ്പു അ
ടിസ്ഥാനമില്ലാത്തതാകുന്നു എന്നു കാണപ്പെടുന്നു. ംരം ദേശത്തുള്ള സുറിയാനി സഭയു
ടെ ആരംഭത്തെയും വർദ്ധനവിനെയും കുറിച്ചു തന്റെ കയ്യുശമുണ്ടായി
രുന്ന വിശേഷപ്പെട്ട തെളിവുകളെ മാറിവച്ചിട്ടുണ്ടെന്നു യാതൊരാ
ക്ഷേപം കൂടാതെ അഭിപ്രായപ്പെടാം.

൯൭. അപ്പീൽപ്രതി, ൦രം കെസിന്റെ സ്ഥിതിക്ക വെണ്ടതായ ഏറ്റവും വിശേഷപ്പെട്ട തെളിവുകൾ കിട്ടുന്നതിനു കഴിയാതെ വന്നതുകൊണ്ട് സുറിയാനി സഭാചരിത്രം അടങ്ങിയിരിക്കുന്ന (ഏറക്കുറെ വിശ്വസിക്കാവുന്ന) വേറെ ചില പുസ്തകങ്ങൾ ഇതിലെക്ക ഉപയോഗിക്കെണ്ടിവന്നു. അയാൾ മദ്രാസ്സു ഇടവകയുടെ അസിസ്റ്റാണ്ട് ചാപ്ലൈനായിരുന്ന വെറണ്ട ജി. ബി. ഹൌട്ട്വാർഡു സായ്പിനാൽ ചമയ്ക്കപ്പെട്ടതും സി. പ്രമാണം. ക്കപ്പെട്ട "സെൻറ തൊമ്മാസ ക്രിസ്ത്യാനികളും അവരുടെ പള്ളിക്രമവും" എന്ന പുസ്തകവും ബുക്കാനായ്പിനാൽ ചമയ്ക്കപ്പെട്ട "ആസ്യായിൽ ക്രിസ്ത്യാനികളെ പറിയുള്ള അന്വേഷണങ്ങൾ" എന്ന പുസ്തകവും കുറെ മാന്യസ്ഥിതിയിലും വളരെ അറിവും ഉള്ള വനും ഒരു സുറിയാനി ക്രിസ്ത്യാനിയും കൊച്ചിക്കാരനുമായ * ഇട്ടൂപ്പ എന്ന ഒരുവനാൽ ഉണ്ടാക്കപ്പെട്ട "സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രവും" സുറിയാനി ക്രിസ്ത്യാനികളായ റവറണ്ട കുര്യനും റവറണ്ട ൦രംപ്പനും അച്ചടിപ്പിച്ചിട്ടുള്ള "സുറിയാനി ചരിത്രം" എന്ന പുസ്തകങ്ങളും ഥയൽ ആക്കി ൦രം അഞ്ചു ചരിത്രപുസ്തകങ്ങളിൽ വച്ചു ഹാവ്വാർഡു സായ്പിന്റെയും ഇതരദേശപ്രയാണികളായും മിഷ്യൊനറിമാരാലും എഴുതപ്പെട്ടിട്ടുള്ള സുറിയാനി സഭയുടെ വൃത്താന്തങ്ങളിൽ നിന്നു അധികമായി എടുത്തിട്ടുള്ളതും ൦രം ദേശത്തിൽ താൻ സഞ്ചരിച്ച സമയം ൦രം നാട്ടുകാർ തന്നോടു പറഞ്ഞിട്ടുള്ള പാരമ്പര്യ സംഗതികളിന്മെൽ സ്ഥാപിച്ചിട്ടുള്ളതും ആകുന്നു. അതിന്റെ മുഖമുരയിൽ തന്നെ അയാൾ താഴെ ചെർത്തിരിക്കുന്ന പ്രകാരം പറയുന്നു—"൦രം കുനങ്ങളുടെ റിക്കാർട്ടുകൾ കഴിയുന്നേടത്തൊളം അന്വഷിച്ചറിയുന്നതിനു ശ്രമിക്കുന്നതു എന്റെ ഇപ്പോഴത്തെ ആന്തരത്തിനു അപ്പുറമാകുന്നു. ഇന്ത്യായിലുള്ള ൦രം നാട്ടു ക്രിസ്ത്യാനികളുടെ മേൽ അംഗ്ലിയാ സഭക്കാരുടെ ദയവ രണ്ടാമതും ഉണ്ടാകെണമെന്നുള്ള മുഖ്യതാല്പര്യത്തൊടു കൂടെ അവരുടെ ചരിത്രത്തിന്റെ ഒരു ചുരുക്കം ഉണ്ടാക്കുന്നതിൽ ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു" ൦രം പ്രയത്നത്തിന്റെ അന്തരം ഇങ്ങിനെ നിശ്ചയിച്ചിരിക്കുമ്പൊൾ ആ പുസ്തകത്തിന്റെ ഗതം ആ വഴിക്കനുസരിച്ചായിരിക്കണം. ൦രം പുസ്തകത്തിൽ സംഗതികളെ കുറിച്ചു വിവരിക്കുന്ന മാതൃക പിന്നാലെ നാം പറയുന്ന പ്രകാരം തന്റെ ഉദ്ദേശത്തൊടു ഉയോജിച്ചിരിക്കുന്നു എന്നു അതിനാൽ തന്നെ തെളിവാകുന്നു. ൦രം ചരിത്രം പ്രധാനമായിട്ടുള്ള സംഗതികളെപറ്റി അല്പമായിട്ട മാത്രമെ പറയുന്നൊള്ളു എന്നു തന്നെയുമല്ല. അതിലുള്ള തീയ്യതികളും സംഗതികളും മതിയാകുംവണ്ണം പരിശോധിച്ചിട്ടുള്ളതൊ സാക്ഷിപ്പെടുത്തീട്ടുള്ളതൊ അല്ല.

൯൮. ഡാക്തർ ബുക്കാനാൻ ഒരു സുറിയാനി സഭാചരിത്രം എഴുതുന്നതിനു നടിക്കയും അങ്ങിനെ ഒന്നു എഴുതുകയും ചെയ്തിട്ടില്ല. ൦രം ദേശത്തിൽകൂടെ ഉണ്ടായ തന്റെ പ്രയാണത്തിൽ താൻ കണ്ടിട്ടു

* ൦രം തുക കൊടുയ്ക്കുന്ന കാരനകുന്നു.

ള്ളതും സുറിയാനി ക്രിസ്ത്യാനികളുടെ ഉപദേശമായി തന്റെ മുമ്പിയിൽ വെച്ചുകൊടുത്തതും താൻ വിശ്വസിച്ചതുമായ സംഗതികളെക്കുറിച്ചു മാത്രം എഴുതി ഇരിക്കുന്നു.

൯൯. എന്നാൽ ഇട്ടൂപ്പിന്റെ ചരിത്രം ഇംഗ്ലീഷ മിഷ്യൊനറിമാരുടെ രീതിയെക്കാൾ വളരെ സൂക്ഷ്മതയോടും വിവരമായിട്ടും എഴുതിയിട്ടുള്ളതും വളരെ വസ്തുതകളെയും സംഗതികളെയും കുറിച്ചു വിവരിച്ചിരിക്കുന്നതും ആകുന്നു. അയാൾ സുറിയാനി സഭയുടെ എഴുതിവച്ചിരിക്കുന്ന അനെക റിക്കാർട്ടുകളിൽ നിന്നു കൂട്ടിച്ചെർത്ത ൦രം ചരിത്രം ഉണ്ടാക്കിയിരിക്കുന്നു എന്നു പറയുന്നു. ൦രം കൂട്ടത്തിൽ അപ്പീൽവാദി സമ്മതിച്ചു പറയുന്നതായ സുറിയാനി ചരിത്രവും ഉണ്ടായിരിക്കാം. സഭാസംബന്ധമായ റിക്കാർട്ടുകൾ നോക്കുന്നതിനു ൦രം എഴുത്തുകാരനു അനുവാദം ഉണ്ടായിരുന്നു എന്നു ൦രം ചരിത്രത്താൽതന്നെ തെളിയുന്നു. ഇത എഴുതിയ്യ പള്ളിക്കരെ പള്ളിയിൽ വച്ചുണ്ടായി എന്നു പറയുന്ന മോഷ്ടനെത്തിനു വളരെ കാലം മുമ്പെ ഫ്രയ്നുൻ-ൽ ആയിരുന്നു. ൦രം പുസ്തകം വെതുതെ ഒന്നുവായിക്കുമ്പൊൾ തന്നെ മതിയായതും സുറിയാനി സഭാസംബന്ധമായ സംഗതികൾ സൂക്ഷ്മമായിട്ടും ശരിയായിട്ടും പ്രസ്ഥാപിക്കുന്നതിനു ൦രം ആൾ വളരെ പ്രയാസം കഴിച്ചിട്ടുണ്ടെന്നു വെളിവാകുന്നു. ആയ്യകൊണ്ട പാത്രിയർക്കീസിന്റെ മേലധികാരത്തെക്കുറിച്ചുള്ള തർക്കത്തെപ്പറ്റി ആലോചിക്കുന്നതിൽ ൦രം പുസ്തകത്തെ ഒരു നല്ല പ്രമാണമായി യാതൊരു ആക്ഷേപം കൂടാതെ ഞങ്ങൾ തൃപ്തിയൊടെ അംഗീകരിക്കുന്നു.

൧൦൦. മറെറ രണ്ട പുസ്തകങ്ങളും ഇതുപോലെ വിശ്വാസയോഗ്യമായിട്ടുള്ളതെന്നു ഞങ്ങൾക്കു പറവാൻ പാടില്ല. അവ രണ്ടും തിരുവിതാംകൂറിലുള്ള സുറിയാനി സഭയുടെ ഏറ്റവും വിശേഷമായ ചരിത്രം എഴുതുന്നതിനു കൊച്ചി തിരുവിതാംകൂറിലെ ബ്രിട്ടീഷ റസിഡെണ്ട മെസ്സർ ബെല്ലാർഡു സായ്പു അവർകൾ കൊടുത്ത വിരുത കിട്ടുന്നതിനായി എഴുതീട്ടുള്ള പ്രകരണങ്ങൾ ആകുന്നു. ഇവ എഴുതിയ്യ കാര്യക്കാർ-ൽ ആകുന്നു. എന്നാൽ ൦രം പ്രകരണങ്ങൾക്കു ഗുണമായി ഒരു കാര്യം പറവാനുണ്ട. അതെന്തെന്നാൽ വിരുത കൊടുക്കുന്ന സംഗതിയിൽ നിശ്ചയിക്കപ്പെട്ട വിധികർത്താക്കന്മാരിൽ ഒരുവനായ കഴിഞ്ഞു പോയ കാർ അന്ത്രാനാസ്യാസ ഇവകളിൽ പറയുന്ന വിവരങ്ങൾ സകലവും ശരിയായിട്ടുള്ളതാകുന്നു എന്നു സമ്മതിച്ചിരിക്കുന്നു. മാർ അന്ത്രാനാസ്യാസിനു തന്റെ സ്വന്ത സഭയുടെ ചരിത്രത്തെക്കുറിച്ചു നല്ല അറിവുണ്ടായിരിക്കെ ആ പ്രകരണങ്ങളിൽ വല്ല തെറ്റുകളും ഉണ്ടായിരുന്നാൽ അവ കണ്ടുപിടിക്കുന്നതിനും അവകളെ തിർക്കുന്നതിനും വളരെ എളുതുണ്ടായിരുന്നു. എന്നാൽ ൦രം രണ്ട പ്രകരണങ്ങളുടെയും പ്രസ്താവനകൾ സത്യമായും ശരിയായും ഉള്ള ഒരു ചരിത്രം ഉണ്ടാക്കുവാൻ സഭ സംബന്ധമായ രിക്കാട്ടുകൾ ആവശ്യംപോലെ ഉപയോഗിക്കുന്നതിനു അനുവാദം കൊടുക്കയും വേറെ മാർഗ്ഗങ്ങൾ ഉണ്ടാക്കികൊടുക്കയും ചെയ്തിട്ടുണ്ട. സുറിയാനി സമുദായം ഒ

ഴുവനും അതികൻറെ മെത്രാപ്പൊലീത്തായും മദ്രാസ് ഗവർമെണ്ടും "മ
ലയാളത്തുള്ള സുറിയാനി സഭയേയും സമുദായത്തെയും" കുറിച്ച് ഒരു
ശരിയായ ചരിത്രം ഉണ്ടാക്കിക്കാണണമെന്നതിനു പ്രത്യേകം താല്പര്യപ്പെട്ടി
രുന്നു. (എന്തെന്നാൽ അതു സമയം മലയാളത്തിലെ മെത്രാപ്പൊലീത്താ
സ്ഥാനത്തെ പറ്റി കഴിഞ്ഞുപോയ മാർ അത്താനാസ്യോസും അ
ന്ത്യോഖ്യാ പാത്രിയക്കീസിൻറെ ആളായിരുന്ന ഇപ്പോഴത്തെ അപ്പീ
ൽ പ്രതിയും തമ്മിൽ തക്കിക്കയും താൻ തൻറെ അവകാശത്തെ പറ്റി
ബ്രിട്ടീഷ് റസിഡെണ്ടിൻറെയും മദ്രാസ്സ് ഗവർമെണ്ടിൻറെയും മു
മ്പാകെ ബൊധിപ്പിക്കയും ചെയ്തുകൊണ്ട് "കൊച്ചി തിരുവിതാംകൂ
ർ എന്നീ രാജ്യങ്ങൾക്ക എത്രയും സാരമായിരിക്കുന്ന ഒരു സംഗതിയെ
പറ്റിയുള്ള അഭിപ്രായം" അറിയുന്നതിനു റസിഡെണ്ടു ചോദി
ച്ചതായി കാണുന്നു.) ഈ സ്ഥിതിക്കു മലങ്കര ഇടവകയുടേമെൽ അ
ന്ത്യോഖ്യാ സിംഹാസനത്തിനു സാക്ഷാൽ ഉള്ളതിൽ അധികം മേൽ
കൊയ്മ കൊടുപ്പാൻ പാടുള്ളതല്ലാ എന്ന ഇതിൽ സംബന്ധിച്ചി
രിക്കുന്ന എല്ലാവരുടെയും മുഖ്യ താല്പര്യമായിരുന്നു. മെല്പറഞ്ഞ പ്ര
ത്യേക സ്ഥിതിയിലും ഓരൊ സംഗതികളുടെ വിവരം അറിയുന്നതി
നുള്ള എടുപ്പുത്തിലും എഴുതിയും "വളരെ വിവരങ്ങളും നടപ്പാക്കാവു
ന്ന അനേക വിചാരങ്ങളും അടങ്ങിയിരിക്കുന്ന സംഗതിയെപ്പറ്റി
നല്ല വിചാരത്തോടും ബുദ്ധിയോടും" കൂടി എഴുതിയതായി സമ്മതിച്ചി
രിക്കുന്നതും ആയ ഈ പ്രകരണങ്ങൾ സാരമില്ലാതെ തള്ളിക്കളവാൻ
പാടില്ല. ഈ പ്രകരണങ്ങളുടെ ഗ്രന്ഥകർത്താക്കന്മാർ ജീവിച്ചിരിക്കുന്ന
തുകൊണ്ടു അവ ചരിത്രങ്ങളായിട്ടൊ സാക്ഷീകരിക്കാനുള്ള പുസ്തകങ്ങ
ളായിട്ടൊ അംഗീകരിപ്പാൻ പാടില്ലാ എന്നുള്ള തടസ്സം അത്ര ബലമാ
യിട്ടുള്ളതല്ല. എന്നാൽ ഈ പുസ്തകങ്ങളുടെ പൊതുഉടക്കം അവയുടെ ഗ്ര
ന്ഥകർത്താക്കന്മാർ സത്യത്തിന്മെൽ കൊടുക്കുന്ന വായ്മൊഴികളെക്കാൾ ഏ
റുമുള്ളതല്ലെന്നും മിസ്റ്റർ ഗൊവർ പ്രസ്താവിക്കുന്നതിൻറെ അന്തരം എ
ന്തെന്നും ഞങ്ങൾ കാണുന്നില്ല. അവരെ എഴുതുവാൻ ഭൂമേറിയതായ സം
ഗതിയെക്കുറിച്ച അതിനു മുമ്പു പ്രസിദ്ധപ്പെടുത്തിയിരുന്ന യാതൊ
രു പുസ്തകത്തെയും സാക്ഷിയാക്കുന്നില്ലാ എന്നുള്ളത സത്യമാകുന്നു.
എന്നാൽ അങ്ങിനെയുള്ള ഒരു പുസ്തകത്തിലെ സംഗതികൾ ഒന്നും
എഴുതാതെ ഒരു വഴിയാത്രക്കാരൻറെ സാരമില്ലാത്ത കുറിപ്പുകളെക്കാ
ൾ സംശയമെന്നിയെ വിശ്വസിക്കത്തക്കതായ സിമ്മനാരിയിൽ എ
ഴുതിവച്ചിരിക്കുന്ന റിക്കാർട്ടുകളിൽ നിന്നു മാത്രം എടുത്തതായി അവർ
രേഖപ്പെടുത്തുന്നു എന്നു നാം വിചാരിക്കേണ്ടതാകുന്നു. അപ്പീൽ വാദിയു
ടെ കമീഷനിൽ പ്രസ്താവിക്കുന്ന ഓരൊ മെത്രാന്മാർ എഴുതിവച്ചതാ
യ സുറിയാനിയിലുള്ള ചരിത്രം സിമ്മനാരിയിൽ ഉണ്ടായിരിക്കയും
ഈ എഴുത്തുകാർ തങ്ങളുടെ പ്രകരണം ചമച്ചത അധികവും ആ പു
സ്തകത്തിൽ നിന്നു എടുത്തായിരിക്കാമെന്ന ഇതോടുകൂടി പറയേണ്ടി
യിരിക്കുന്നു.

ഈ രണ്ടു പുസ്തകങ്ങൾ ഏറെയും നല്ലതും വിശ്വാസയോഗ്യ
മായിട്ടുള്ള ഗ്രന്ഥാന്തരങ്ങളിൽ നിന്ന എടുത്തുണ്ടാക്കപ്പെട്ട എങ്കിലും
അവയ്ക്കു കൊടുത്തിരിക്കുന്ന സൌന്ദര്യതയുള്ളതും നടിപ്പില്ലാത്തതുമാ
യ രൂപത്തിൽകൊണ്ട ചരിത്ര പുസ്തകങ്ങളായി അവയുടെ വിശേഷ
തയെപ്പറ്റി നാം ഒരിക്കലും തെറ്റി പോകരുത. അവയുടെ വലിപ്പ
ത്തെ കുറിച്ചും ഗ്രന്ഥകർത്താക്കന്മാരുടെ അവസ്ഥയെക്കുറിച്ചും പ്രസം
ഗ സമയം വളരെ വ്യാഖ്യാനം ഉണ്ടായി. എന്നാൽ ഇതിൽ ഫാമത്തേതി
നെ കുറിച്ച കൊടതി അത്ര ഗൌനിപ്പാനില്ല. ഡബ്ലിയൂഡബ്ലിയൂഫ.
എന്ന തലയുടെ ഗ്രന്ഥകർത്താവായ മെ.സ്റ്റർ ഇട്ടപ്പ ഈ പുസ്തകം
ഉണ്ടാക്കിയ സമയം കൊച്ചിയിൽ ഒരു കച്ചവടക്കാരൻറെ റൈട്ടർ ആ
യിരുന്നു എന്ന പറയപ്പെട്ടിരിക്കുന്നു. എന്നാൽ ചരിത്രക്കാർ, വേദശാ
സ്ത്രികൾ, നവീകരണക്കാർ മുതലായ ചില വലിയ ഗ്രന്ഥകർത്താക്ക
ന്മാർ തങ്ങളുടെ ആദ്യകാലം ഏറെയും സാരമില്ലാത്ത വിധത്തിൽ അ
വിടെയും ഇപ്പോൾ ജീവിച്ചിരിക്കയും ചെയ്തിരുന്നു എങ്കിൽ അവ
രെയും അവരുടെ കൃതികളെയും പറ്റി ജനങ്ങൾ പൊതുവെ വലി
യ കാര്യമായി വിചാരിക്കുന്നതിനെ കാണുന്നതിൽ അവർ വളരെ
ആശ്ചര്യപ്പെട്ടുമായിരുന്നു. അത ആലോചിക്കുമ്പോൾ ഈ സംഗതി
കൊണ്ടു പുസ്തകത്തിൻറെ വിശേഷതയ്ക്കു യാതൊരു കുറവും വരുന്നി
ല്ല. പുസ്തകത്തിൻറെ വിശേഷത അതിൻറെ സാരമായ സംഗതി
യിൽ ആകുന്നു. അതല്ലാതെ ഗ്രന്ഥകർത്താവിൻറെ ഉയർന്നതൊ താ
ഴ്ന്നതൊ ആയ അവസ്ഥയിൽ അല്ല. ഡബ്ലിയൂഡബ്ലിയൂഫ, ഡബ്ലിയൂ
ഡബ്ലിയൂന, എന്നീ രേഖകളെപ്പറ്റിയും അപ്രകാരം തന്നെ പറയേണ്ട
താകുന്നു. അവ വിരുത പ്രകരണങ്ങൾ ആയിരുന്നു എന്നുള്ളത സത്യം
തന്നെ എങ്കിലും ഇവയുടെ ചരിത്ര സംബന്ധമായും വാചകരീതി
സംബന്ധമായും ഉള്ള യോഗ്യതകളെ കുറിച്ച വിധിക്കുന്നതിനും വി
ധിക്കുകം കൊടുക്കുന്നതിനുമായി നിശ്ചയിച്ചിട്ടുള്ള കമ്മട്ടി ഒരു ശക്തി
യുള്ള ഉം പരിശോധിച്ചെടുക്കുവാൻ കഴിയുന്നതുമായിരുന്നു. പ്രകര
ണങ്ങൾ മലയാളത്തിൽ എഴുതിയിരുന്നതുകൊണ്ട അതിൻറെ വാച
കരീതിയെകുറിച്ച വിധിപ്പാൻ ആ ഭാഷയിൽ നിപുണനെന്ന പൊ
തുവെ സമ്മതിച്ചിട്ടുള്ള വലിയ കൊയിൽ തമ്പുരാനെയും, ആ സമ
യം സഭാ സംബന്ധമായ സംഗതികളെയും സഭയുടെ ചരിത്രത്തെ
യും പറ്റി ജീവിച്ചിരിക്കുന്ന ഒരു നല്ല സാക്ഷി ആയിരിക്കയും സം
ഭവങ്ങളെ വിവരിക്കുന്ന ഏറ്റവും വിശ്വസിക്കത്തക്ക പ്രമാണങ്ങ
ളുടെ കൈവശത്തിലുണ്ടായിരിക്കയും ചെയ്തു കൊണ്ട സഭയുടെ ച
രിത്രത്തിലുള്ള സംഭവങ്ങളുടെയും സംഗതികളുടെയും വാസ്തവത്തെ
യും സൂക്ഷ്മത്തെയും വിധിക്കുന്നതിനു കഴിഞ്ഞുപോയ മാർ അത്താ
നാസ്യോസിനെയും, പിന്നെ ക്രിസ്ത്യാനി മതത്തിലുള്ള മറ്റു സഭക്കാരെ
സംബന്ധിച്ചേടത്തോളം ചരിത്രം പക്ഷഭേദം കൂടാതെ ഇരിക്കുന്നൊ
എന്നു നോക്കുന്നതിനു ഒരു സി. എം. എസ്. മിഷ്യനെറി ആയിരു
ന്ന റെവറന്ത മെസ്സർ എച്ച് ബെയിക്കർ സാഹിബിനേയും കൂ

മുട്ടിക്കാരായി നിശ്ചയിച്ചു. ഒരു കമ്മട്ടി ഒരു രണ്ടു പ്രകരണങ്ങളെയും സ്വീകരിച്ച അവയ്ക്കു വിരുദ്ധ കൊടുക്കയും ചെയ്തു. തന്റെ സ്വന്ത സഭയുടെ ശരിയായിട്ടുള്ള ഒരു ചരിത്രം ഒരു പ്രകരണങ്ങളിൽ അടങ്ങിയിരിക്കുന്നതായി കഴിഞ്ഞുപോയ മാർ അത്തനാസ്യോസിന്റെ മുദ്രയോടുകൂടെ അതുകൾ അച്ചടിച്ച പ്രസിദ്ധപ്പെടുത്തി. അതിനാൽ ആ പ്രകരങ്ങൾ സാരമില്ലാത്തതായി അശേഷം തള്ളികളയേണ്ടതാകുന്നു എന്നു പറയുന്നതു തീരെ തെറ്റാകുന്നു. ഒരു പുസ്തകങ്ങളിൽ ചിലഭാഗങ്ങൾ ഇതു ഭാഗക്കാരും സമ്മതിക്കുന്നു.

൨൨. ഇരുഭാഗത്തുള്ള വക്കീലന്മാരും, റവറണ്ട ഹവാഡിന്റെയും മെസ്സർ ഇട്ടപ്പിന്റെയും ഡക്കർ ബുക്കാനാന്റെയും പുസ്തകങ്ങൾ ശരിയായ വൃത്താന്തങ്ങൾ ആയി മുഴുവനും വിശ്വസിക്കത്തക്കതാണെന്നു പറയുവാൻ പാടില്ലായെങ്കിലും അവ ഓരോ സംഭവങ്ങളുടെ ശരി ആയ വൃത്താന്തങ്ങൾ ആകുന്നു എന്നു സമ്മതിച്ചിരിക്കുന്നു. ഒരു വ്യവഹാരത്തിൽ ഫയലാക്കിയിരിക്കുന്ന എല്ലാ ചരിത്രങ്ങളെ പറ്റിയും ഞങ്ങളുടെ അഭിപ്രായവും ഏകദേശം ഇതുപോലെ തന്നെ ആകുന്നു. എന്നാൽ എല്ലാ സാരമായ സംഗതികളെ സംബന്ധിച്ച ഒരു ചരിത്രങ്ങൾ മിക്കവാറും യൊജിച്ചിരിക്കുന്നു എന്നു ആശ്വാസമായി പറയേണ്ടിയിരിക്കുന്നു.

൨൩. അപ്പീൽ വാദിയുടെ പാറവുള്ള വക്കീൽ പ്രസംഗത്തിനിടയിൽ തന്റെ കക്ഷിയുടെ വ്യവഹാരത്തെ ബലപ്പെടുത്തുന്നതിനു കക്ഷികൾ ഇതിനു മുമ്പു ഫയലാക്കിട്ടുള്ളതല്ലാത്ത മറ്റു ചരിത്ര പുസ്തകങ്ങളെ കൂടെ ഉപകരിക്കുന്നതിനായി അനുവാദം മോദിച്ചു. എന്നാൽ അപ്പീൽ പ്രതിയുടെ വക്കീൽ അങ്ങിനെയുള്ള പുസ്തകങ്ങളിൽ നിന്നുള്ള ചില ഭാഗങ്ങളിന്മേൽ അടിസ്ഥാനപ്പെടുത്തിയ തക്കങ്ങൾക്കു ഉത്തരം പറയുവാൻ അല്പസമയംകൊണ്ടു തനിക്കു ഒരുങ്ങുന്നതിനു പാടില്ലാഞ്ഞതുകൊണ്ടു അങ്ങിനെയുള്ള മാർഗ്ഗം അനുവദിപ്പാൻ പാടില്ലെന്നു എത്രയും ന്യായമായി തർക്കിച്ചു. ഒരുതർക്കങ്ങൾ പ്രബലപ്പെട്ടിരിക്കേണ്ടതാകുന്നു എന്നും ഇതുഭാഗം വക്കീലന്മാരും (സുറിയാനി സഭ സംബന്ധമായ സംഭവങ്ങളുടെ ഏറക്കുറെ ശരിയായിരിക്കുന്നു റിക്കാർട്ട സമ്മതിച്ചിട്ടുള്ളതും) മുമ്പെതന്നെ ഫയലാക്കിട്ടുള്ളതുമായ ചരിത്രങ്ങളോടു മാത്രം ചെന്നിരിക്കണമെന്നും ഒരു ചരിത്രം ഉണ്ടാക്കുന്ന സംഗതികൾക്കായി റിക്കാട്ടുകളിൽനിന്നു വിട്ടൊക്കുവാൻ പാടില്ലെന്നും ഞങ്ങൾ കല്പിച്ചു. രണ്ടു ഭാഗത്തു നിന്നും ഫയലാക്കിയിരിക്കുന്ന പ്രമാണങ്ങളിൽ തങ്കിമ ചെയ്യ അച്ചടിപ്പിച്ചിട്ടില്ലാത്തയാതൊന്നും കെസിൽ എടുക്കുവാൻ പാടില്ലെന്നും കൂടെ കല്പിച്ചു. എങ്കിലും ഇതുഭാഗത്തെ വക്കീലന്മാരുടെ സമ്മതത്തോടുകൂടെ ഡാക്കർ ഡെയിയുടെ "പെരുമാക്കന്മാരുടെ നാട്ട" എന്ന പുസ്തകത്തെ റവറണ്ട ഹവാർഡ് സി. എന്ന പ്രമാണമായ തന്റെ ചരിത്രത്തിന്റെ മുഖ്യസാക്ഷിയായി സമ്മതിച്ചിരിക്കുന്നതുകൊണ്ടു അതുംകൂടെ കെസിൽ ഉപയൊഗിക്കുന്നതിനായി ഞങ്ങൾ അനുവദിച്ചു. ഒരു ഒരു സംഗതിയിൽ മാത്രമല്ലാതെ കെ

സിന്റെ ഒരു ഭാഗത്തെപറ്റിച്ചുള്ള പ്രസംഗത്തിന്റെ ആരംഭത്തിൽ നിശ്ചയിച്ചിരുന്നതിനെ യാതൊരു ഭേദഗതിയും ഉണ്ടാക്കിയിട്ടില്ല. കക്ഷികൾ മുമ്പെതന്നെ ഫയലാക്കിട്ടുള്ളതും റിക്കാർട്ടിന്റെ കൂടെ തങ്കിമ ചെയ്തിട്ടുള്ളതുമായ ചരിത്ര പുസ്തകങ്ങളെ കുറിച്ചു മാത്രമെ ഞങ്ങൾ ഉദ്ദേശിച്ചിട്ടുള്ളു.

൨൪. ഞങ്ങളുടെ അഭിപ്രായത്തിൽ വേറെ പ്രകാരം ചെയ്യുന്നതു ഈ കക്ഷികൾക്കും അത്ര നന്നായിരിക്കയില്ല. അതുകൊണ്ടു ഈ കക്ഷികളും അശേഷംപോലും ഒരു കെസിൽ പ്രസ്താപിക്കാത്തതും മെസ്സർ ജസ്റ്റീസ ഓറംസബി ആലൊചിച്ചിട്ടുള്ളതുമായ ഗിബൻ, ഗഡീസ് ഹ്യൂ മുതലായവരുടെ പുസ്തകങ്ങളെക്കുറിച്ചു ഞങ്ങൾ തീരെ വിചാരിച്ചിട്ടില്ല.

൨൫. ഈതു കൂടാതെ വെറെ ചരിത്ര പുസ്തകങ്ങളിൽനിന്നു എടുത്ത ഓരൊ ഭാഗങ്ങളെക്കുറിച്ചു സംഗതികളുടെ ചെച്ച ഇല്ലാതെയും ഗ്രന്ഥകർത്താക്കന്മാരെക്കുറിച്ചു അറിവൻ പാടില്ലാതെയും പറയുന്നതു ഏറ്റവും അബദ്ധമാകുന്നു. ഒരു ദേശത്തു വന്നിട്ടില്ലാത്തവരും ഇവിടെയുള്ള സുറിയാനി സഭയെപ്പറ്റി ഒരു ശരിയായ അറിവു കിട്ടുന്നതിനു ഏനമില്ലായിരുന്നവരും ഇന്ത്യായുടെ പടിഞ്ഞാറെ തീരത്തു വന്നു ഒട്ടും തന്നെ താമസിക്കാതെ പൊയിരിക്കുന്ന പ്രയാണികളിൽനിന്നു രണ്ടും മൂന്നും കൈമറിഞ്ഞ ഒരു കായ്തെപ്പറ്റി അറിവു കിട്ടിയിട്ടുള്ളവരുമായ ഗ്രന്ഥകർത്താക്കന്മാരുടെ എഴുത്തുകൾ അശേഷം വിലമതിക്കത്തക്കതല്ല. ക്രിസ്ത്യാനി മാർഗ്ഗത്തെക്കുറിച്ചും പ്രത്യെകിച്ചു തിരുവിതാംകൂറിലുള്ള സുറിയാനി ക്രിസ്ത്യാനികളെപ്പറ്റിയും യുറൊപ്യന്മാരാൽ ഉണ്ടാക്കിട്ടുള്ള ചരിത്രങ്ങളിൽവച്ചു മെസ്സർസ ഹവാർഡ ബുക്കാനൻ, ഡെയി ഇവരുടെതു ഒരു അതിശയിക്കപ്പെട്ട ജനങ്ങളുടെയും അവരുടെ സഭയുടെയും കഴിഞ്ഞുപൊയ ചരിത്രങ്ങളെക്കുറിച്ചു പറിക്കുന്നതിനായി കുറെനാൾ സഞ്ചരിച്ചിട്ടുള്ളതുകൊണ്ടും ഒരു ആന്തരത്തോടു കൂടെ സുറിയാനി സഭയുടെ അന്നം ഭരിച്ചിരുന്ന മെത്രാപ്പോലീത്തന്മാരുമായും വെറെ പട്ടക്കാരുമായും കൂടിക്കാഴ്ച ഉണ്ടായിട്ടുള്ളതുകൊണ്ടും അല്ല. വിലമതിക്കാവുന്നതാകുന്നു.

൨൬. ആകപ്പാടെ നോക്കുമ്പോൾ മലങ്കര ഇടവക എന്നു വിളിച്ചു വരുന്ന "മലയാളത്തെ സഭയുടെയും" അന്ത്യാഖ്യായുടെയും സംബന്ധത്തെ പറ്റിയുള്ള തർക്കത്തെക്കുറിച്ച സി, ഡബ്ലിയു ഡബ്ലിയു. ഡബ്ലിയുഡബ്ലിയുഎ. ഡബ്ലിയുഡബ്ലിയുസി. ഷുച്ച്. ഷുച്ച്. ഷുച്ച്. എന്ന രെഖകളുടെ സഹായത്തോടു കൂടെ നാം ആലൊചിക്കെണ്ടതാകുന്നു എന്നുള്ള ത ഈ കക്ഷികൾക്കും ദോഷമില്ലാത്തതും ന്യായമായിട്ടുള്ളതും ആകുന്നു എന്നു ഞങ്ങൾ വിചാരിക്കുന്നു.

൨൭. ഒരു പുസ്തകങ്ങൾ ഞങ്ങളുടെ ആധാരമായി സ്വീകരിച്ചുകൊണ്ടു ഒരു സഭയുടെ കഴിഞ്ഞുപോയ ചരിത്രങ്ങളെക്കുറിച്ചു ആലൊചിപ്പാനായി തുടങ്ങുന്നു. ഒരു കെസിന്റെ ആവശ്യത്തിലെക്കായി ആ ചരിത്രം രണ്ടു വല്യ കാലാവധികളായി ഭാഗിക്കാം. അതിൽ ഒന്നാമത്തെ

ത്ത സഭയുടെ അടിസ്ഥാനം മുതൽ ഇവിടെയുള്ള സുറിയാനി പള്ളി കളിന്മേൽ മാർഗ്ഗ സംബന്ധമായ കായ്ത്തിൽ വളരെ ശക്തിനടത്തി യിരുന്ന പോർത്തിഗീസുകാരുടെ അധികാരം ഇന്ത്യയിൽ അവസാനി ച്ച കാലമായ ൧൬൯൯-വരെയും രണ്ടാമത്തെ ഭാഗം ആ ആണ്ടു മുത ൽ അല്പങ്കിൽ ൧൬൯൪- തുടങ്ങി ഇപ്പോഴത്തെ വ്യവഹാരത്തിന്റെ തീ യ്യതി വരെയും ആകുന്നു

൪൫. ഇപ്പോൾ ഒന്നാമത്തെ ഭാഗത്തെക്കുറിച്ചു ആലൊചിക്കാം. ശുദ്ധമുള്ള തൊമ്മാസ് അപ്പൊസ്തലൻ ക്രിസ്താബ്ദം ൬൨-ൽ മല ങ്കരെ വന്നു ക്രിസ്ത്യാനി മാർഗ്ഗത്തെ പ്രസംഗിച്ചു വളരെ ആളുകളെമാ ർഗ്ഗത്തിൽ ചെർത്തു എന്നു ഇരു കക്ഷികളും സമ്മതിക്കയും എല്ലാ ചരിത്ര കാരും അനുവദിക്കയും ചെയ്യുന്നു അപ്പൊസ്തലൻ മലങ്കരെ ഏഴുസ്ഥാ ലങ്ങളിലായി ഏഴു പള്ളികൾ സ്ഥാപിച്ചു എന്നും ശങ്കരപുരി പകലൊമറ്റം എന്ന രണ്ടു മാന്യ തറവാട്ടിൽനിന്നു രണ്ടുപേരെ അക്കാദിയാക്കോന്മാ രായി നിശ്ചയിച്ചു എന്നും പറയപ്പെട്ടിരിക്കുന്നു. കൊച്ചീക്ക സമീപമു ള്ള കൊടുങ്ങല്ലൂർ എന്ന സ്ഥലം തന്റെ ഇടവകയുടെ തലസ്ഥാനമാ ക്കുകയും ചെയ്തു. താൻ ശുദ്ധമുള്ള സ്ഥാനം കൊടുത്ത നിശ്ചയിച്ചിട്ടു ള്ള രണ്ടാളുകളുടെ പക്കൽ തന്റെ സഭയുടെ കായ്ദികം ഏല്പിച്ചുകൊ ണ്ടു മലയാളത്തിൽനിന്നു പൊയി. തനിക്കു ശെഷം ൧൭ ഇടവക എ ങ്ങിനെ നടന്നുപോന്നു എന്നു അറിയുന്നതിനു ഒരു ശരിയായ വിവ രണം ഒരു സ്ഥലത്തു നിന്നും നമുക്കു കിട്ടീട്ടില്ല. ൧൭ സംഗതിയെപ്പറ്റി നമ്മുടെ ചരിത്രക്കാർ ഒരുത്തരും ഒന്നുംതന്നെ പറയുന്നില്ല. സഭ സ്ഥാ പിച്ച ഏകദെശം ൧൭൦ സംവത്സരം കഴിഞ്ഞതിന്റെ ശെഷം ക്രിസ്ത്യാ ബ്ദം ൨൦൦-ൽ ഇന്ത്യയിലുള്ള ക്രിസ്ത്യാനികൾ ക്രിസ്തുവിലുള്ള വിശ്വാ സ സംബന്ധമായ ഉപദേശങ്ങൾ തങ്ങളെ പഠിപ്പിക്കുന്നതിനായിട്ടു ഒരു ഗുരുവിനെ അയക്കുന്നതിനു അലക്സന്ത്രിയായിലെ ബിഷൊപ്പാ യിരുന്ന ഡെമിത്രിയസ്സിനൊട്ടു എഴുതി അപെക്ഷിച്ചു എന്നു മെംഫർ ഇട്ടപ്പ പറയുന്നു (ഡബ്ലിയൂഡബ്ലിയൂ ൧-ാം പുറം; ൨-ാം പുസ്തകം ൧൨-ാം പുറം.)

൪൬. ൧൭ സംഗതിയിൽ ഇട്ടപ്പിന്റെ ൧൭ പ്രസ്താവനത്തെ മെ സ്സർ ഡെയി എന്നയാൾ സ്ഥിരപ്പെടുത്തിപറയുന്നു. അയാൾ ഉണ്ടാക്കി യിരിക്കുന്ന "പെരുമാക്കന്മാരുടെ നാട്ട" എന്ന പുസ്തകത്തെ പ്രസംഗ ത്തിനിടയിൽ ഒരു സാക്ഷിയായി എടുത്തു പറഞ്ഞു. (൧൫൨-ാം പുറം) എന്നാൽ ഇതു കൂടാതെ വളരെക്കാലത്തെക്കു മലങ്കര സുറിയാനിക്രി സ്ത്യാനികളുടെ കായ്ത്തെക്കുറിച്ചു യാതൊരു വിധത്തിലും ഒരു വിവര വും നമുക്കു കിട്ടീട്ടില്ല.

൪൭. ക്രിസ്താബ്ദം ൧൨൭-ൽ നിഖ്യാസുനഹദൊസ എന്ന അ റിയപ്പെട്ടിരുന്ന ഒന്നാമത്തെ പൊതുവിലുള്ള ആലോചന സംഘം കൂടപ്പെട്ടു. ക്രിസ്ത്യാനിമാർഗ്ഗത്തിന്റെ ചരിത്രത്തിൽ ഇത ഒന്നാമത്തെ പ്രധാന കാലമായിരുന്നു. ൧൭ സുനഹദൊസിൽ ക്രിസ്ത്യാനി രാ ജ്യത്തിൽ എല്ലാ ഭാഗങ്ങളിൽ നിന്നും പട്ടക്കാരെയും മെല്പട്ടക്കാരെയും

കൂടിനിച്ചിരിക്കയും ക്രിസ്ത്യാനി രാജ്യത്തിൽ എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികൾ ആ സുനഹദൊസിൽ കൂടുകയും ചെയ്തു. ൧൭ സുന ഹദൊസിന്റെ നിയമങ്ങളിൽ ഇന്ത്യായിലുള്ള ക്രിസ്ത്യാനികളുടെ പ്ര തിനിധിയായ്തു അവരുടെ ബിഷൊപ്പു അല്ലെങ്കിൽ മെത്രാപോലീത്താ ആണിരുന്നു എന്നും താൻ അവയിൽ (നിയമങ്ങളിൽ) ഒപ്പിട്ടിരുന്നു എ ന്നും നിസ്സംശയമായി അദ്ദേഹം ഇന്ത്യായുടെയും പാർസ്യായുടെയും മെത്രാ പൊലീത്തായായ യൊഹന്നാൻ എന്നയാൾ ആയിരുന്നു. (ഡാക്തർ സുങ്ങനാൻ രണ്ടാം പുറം; ഡാക്തർ ഡെയി രണ്ടാം പുറം; ഡാക്തർ ഡെയി രണ്ടാം പുറം) ആ പൊതുവിലുള്ള സുനഹദൊസിൽ ഇന്ത്യായു ടെ പ്രതിനിധിയായി ഇങ്ങിനെ ഒരാൾ ഉണ്ടായിരുന്നു എന്ന എല്ലാ ഇംഗ്ലീഷ ചരിത്രക്കാരും സമ്മതിക്കുന്നു. ഇപ്പോഴത്തെ തർക്കത്തി നുള്ള മുഖ്യ സംഗതി ഏറ്റവും സാരമായിട്ടുള്ളതാകുന്നു. നിഖ്യാസുനഹ ദൊസിൽ ക്രിസ്ത്യാനിമാർഗ്ഗത്തിന്റെ സ്ഥിരതയ്ക്കും ഉണവിനും വേണ്ടി യുള്ള കായ്ങ്ങളെയും വേദപുസ്തക പരിശോധനയെയും വിശ്വാസം ആ ചാരക്രമം മുതലായവയെ സംബന്ധിച്ച നിയമങ്ങളും ഉണ്ടാക്കുന്നതി നെയും കുറിച്ച ആലോചിക്കുന്നതിനോട കൂടെ പല മേല്പട്ടക്കാരുടെ അധികാരത്തെപ്പറ്റി തിട്ടപ്പെടുത്തുകയും സുനഹദൊസിൽ നിശ്ചയിക്കപ്പെട്ട പ്രകാരം നടത്തുന്നതിനു അവരെ അധികാരപ്പെടുത്തുകയും ചെയ്തിരു ന്നു. സാക്ഷാൽ ഇതു എല്ലാ ക്രിസ്ത്യാനിസമുദായത്തിൽ നിന്നും വന്നിട്ട പ്രതിനിധികളുടെ യോഗത്തിൽ ചെയ്യപ്പെട്ട വെലയുടെ ഒരു പ്രധാ ന ഭാഗമായിരുന്നു. ഇതെപ്പറ്റി ഇട്ടപ്പ താഴെ വിവരിച്ചിരിക്കുന്ന പ്രകാ രം പറയുന്നു. "മേലിൽ എടത്തട വർദ്ധിക്കാതെയിരിപ്പാൻ" (നിഖ്യാ സുനഹദൊസു കൂടുന്നതിനു പെട്ടെന്നുള്ള കാരണം എടത്തടയായിരുന്നു.) "നാലു സിംഹാസനങ്ങളിൽ നാലു പാത്രിയക്കീസന്മാരെ കല്പിച്ചു. (൧)മ റോമായുടെ പാത്രിയക്കീസും (൨) കൻസ്താന്തീന പുരിയുടെ പാത്രിയ ക്കീസും (൩) അലക്സന്ത്രിയായിലെ പാത്രിയക്കീസും (൪) അന്തിയൊ ക്യായിലെ പാത്രിയക്കീസും ആയിരുന്നു. ഇവക്ക അവരവരുടെ ഇ ടവകയുടെമേൽ അധികാരവും മുഷ്ടുതപവും കൊടുക്കപ്പെട്ടിരുന്നു..... ൪൫ നാലു പാത്രിയക്കീസന്മാരെ കൂടാതെ യെരുശലേമിന്റെ ബിഷപ്പി നുതന്നെയും അവിടെ അധികാരം ഉണ്ടായിരിപ്പാൻ വെണ്ടി അവിടെ അഞ്ചാം പാത്രിയക്കീസ എന്ന സ്ഥാനപ്പെ ടുത്തി അന്തിയൊക്യാ പാത്രിയക്കീസിനു കീഴായി ഒരാളെ നി യമിക്കയും ചെയ്തു.

൪൮. എന്നാൽ അന്തിയൊക്യായ്ക്കു കീഴിലുള്ള കീഴ്ക്കെ സഭകളു ടെ കാര്യാദികൾ നടത്തുന്നതിനു ഗ്രൈസീസിലെ (ബഗദാദ) കാസോ ലിക്കാ പൊതുവിലെന്നും പാത്രിയക്കീസന്മാർ ചെയ്യുന്നത സകലവും നടത്താമെന്നും പ്രമാണിക്കപ്പെട്ടു" (ഇട്ടപ്പ പുറം; ൧൯; ൨൫; ഡ ബ്ലിയൂ ഡബ്ലിയൂ പുറം; ൧൨൭)

൪൯. ഇട്ടപ്പ പറയുന്ന ൧൭ വിവരങ്ങളും, ഇ ഇ ഇ പ്രമാണത്താ ൧൭൯-ാം പ്രമാണത്താലും പൂർണ്ണമായി സ്ഥിരപ്പെടുത്തീട്ടയിരിക്കുന്നു. ഈ

തിൽ ഒഴിവിലത്തെതു ഒരു വിശ്വാസയോഗ്യമായിട്ടുള്ള പ്രമാണമായി അപ്പീൽവാദി തന്നെ ഹയലാക്കീട്ടുള്ളതാകുന്നു. ഇവയിൽ അന്തിയോഖ്യാ പാത്രിയക്കീസിനു കിഴക്കു ഒക്കയുടെ മേൽ അധികാരമുണ്ടെന്നും അഞ്ചാം പാത്രിയക്കീസ് എന്നു പ്രത്യേകമായി പറയപ്പെട്ടിരിക്കുന്ന യെരൂശലേമിലെ പാത്രിയക്കീസ് അന്ത്യോഖ്യാ സിംഹാസനത്തിന്റെ അധികാരത്തിൻ കീഴാകുന്നു എന്നും പറയപ്പെട്ടിരിക്കുന്നു. നിഖ്യാ സൂനഹദോസിൽ ഇന്ത്യായിലെ ക്രിസ്ത്യാനികളുടെ പ്രതിനിധിയായി അവരുടെ മെത്രാപോലീത്തായായ യോഹന്നാൻ പോയ്കൊണ്ടു നാലാം നൂറ്റാണ്ടു മുതൽക്കു തന്നെ അവരുടെ സഭയുടെ വൈദീക ഭരണത്തിൽ അന്തിയോഖ്യാ പാത്രിയക്കീസിന്റെ പ്രധാന മേലധികാരത്തെ അംഗീകരിച്ചതായി ഇതിനാൽ കാണപ്പെടുന്നു.

൪൩. ൦ര൦ സൂനഹദോസിലെ തീരുമാനശേഷം ഏകദേശം, ൨൦൦ സംവത്സരങ്ങൾക്കിടയിൽ അന്തിയോഖ്യാ പാത്രിയക്കീസ അതു സംബന്ധമായി ഒരൊ നടത്തകൾ ചെയ്തതായി കാണുന്നു. പടിഞ്ഞാറെ രീതത്തെ ജനങ്ങളുമായി കച്ചവട കാര്യങ്ങളിൽ വളരെ ഏർപ്പാടുകൾ ഉണ്ടായിരുന്ന ക്നായിതോമ്മാ ക്രിസ്താബ്ദം ൯൫-ൽ കൊടുങ്ങല്ലൂർ വരികയും അവിടെ ചില ആളുകൾ കഴുത്തിൽ കുരിശു ധരിച്ചിരിക്കുന്നതു കണ്ടു അവരുടെ മാർഗ്ഗകാര്യങ്ങളെ കുറിച്ചു ചോദിച്ചതിൽ അവർ തന്റെ സ്വന്തമതക്കാരെന്നു അറികയും ചെയ്തു. പിന്നെ ഉണ്ടായ അന്വേഷണത്തിൽ അവർ ആത്മീകവും ലൌകീകവുമായ കാര്യങ്ങളിൽ വളരെ ബുദ്ധിമുട്ടുന്നു എന്നു കണ്ടു ദുഃഖിച്ചു. ക്രിസ്ത്യാനി മാർഗ്ഗത്തിൽ വളരെ വൈരാഗ്യമുണ്ടായിരുന്ന തോമ്മാ ൦ഗ൦ ജനങ്ങളെ അതു സ്വീകരിപ്പിക്കുന്നതിനോ അവരുടെ ഇടയിൽ വർദ്ധിപ്പിക്കുന്നതിനോ വേണ്ടതു ചെയ്യുന്നതിനു നിശ്ചയിച്ചു. അപ്രകാരമുള്ള നിശ്ചയത്തോടെ തന്റെ സ്വന്ത രാജ്യത്തിലെക്ക മടങ്ങിച്ചെന്ന (൭൯൫ റഞ്ഞു) ബഗ്ദാദിലെ കാസ്പോലിക്കായുടെ സഹായത്തോടു കൂടെ ഇയസ്കാത്തിയൊസ എന്ന അന്തിയോഖ്യാ പാത്രിയക്കീസിന്റെ കല്പനപ്രകാരം പുരുഷന്മാർ സ്ത്രീകൾ കുഞ്ഞുങ്ങൾ ഉൾപ്പെടെ ൪൦൦ ആളുകളും കൂടെ ശെമ്മാശന്മാരും ഉറഹായുടെ എപ്പിസ്കോപ്പായായ യൌസെപ്പും കൂടിയ സുറിയാനി ക്രിസ്ത്യാനികളുടെ ഒരു കൂട്ടത്തോടു കൂടെ മലയാളത്തെക്ക താൻ യാത്രപുറപ്പെട്ടു. ഇവർ ക്രിസ്താബ്ദം ൯൫൨-ൽ കൊടുങ്ങല്ലൂർ എത്തി. തോമ്മാ തന്റെ ലൌകീക ഔചിത്യത്തിനു അശേഷം ഉപേക്ഷിച്ച അന്തിയോഖ്യാ പാത്രിയക്കീസിന്റെ കല്പനപ്രകാരം നടന്നതാൻ ഭരമേറിരുന്ന മലയാളത്തിലെ സഭയുടെ കാര്യാദികൾ വളരെ താല്പര്യത്തോടു കൂടെ അന്വേഷിച്ചുകൊണ്ടിരുന്നു. മേല്പറഞ്ഞ തോമ്മാസിന്റെ വരവിനെയും അന്തിയോഖ്യാ പാത്രിയക്കീസിന്റെ അധികാരത്തിനു അനുസരിച്ച ക്രിസ്ത്യാനി മാർഗ്ഗത്തിനു അദ്ദേഹം ചെയ്ത നല്ല പ്രവൃത്തികളെയും കുറിച്ചു എല്ലാ ചരിത്രക്കാരും യോജിച്ചിരിക്കുന്നു. (ഡാക്കർ ഡെയി പുറം; മേരു റബാണ്ട ഹാമർദ്ധ. പുറം; ഫ്ര. ഡബ്ലിയു ഡബ്ലിയു പുറം; വ്വ—ൻ ഫ)

ഈ എന്നാൽ അന്തിയോഖ്യാ പാത്രിയക്കീസന്മാർ എല്ലാവരും ഇഗ്നത്തിയോസ എന്ന നാമധേയത്തോടു കൂടി അറിയപ്പെട്ടിരുന്നതുകൊണ്ടു ഇയസ്കാത്തിയോസ എന്നയാൾ അന്തിയോഖ്യായിലെ സുറിയാനി പാത്രിയക്കീസായിരിപ്പാൻ പാടില്ലാ എന്ന അപ്പീൽ വാദിയുടെ വക്കീൽ മൈസൂർ ഗൊവർ വാദിക്കുന്നു. എന്നാൽ ൦ര൦ സ്ഥാനപ്പേർ ആദ്യം എടുത്തതു എന്നാതെത്തെ പാത്രിയക്കീസായിരുന്നു എന്നും ആദ്യത്തെ രണ്ടു പാത്രിയക്കീസന്മാക്കും ൦ര൦ സ്ഥാനപ്പെരില്ലായിരുന്നു എന്നും വിചാരിക്കെണ്ടിയിരിക്കുന്നു. (ഡബ്ലിയു ഡബ്ലിയു പുറം; ന്യൂ. ബുക്ക ൩. പുറം; ഹരൂ) അതിനാൽ ചരിത്രക്കാർ പറയുന്നതിൽ തെറ്റുണ്ടാവാൻ ഇടയില്ല. അന്തിയോഖ്യായിൽ ഒന്നിലധികം പാത്രീയക്കീസന്മാർ ഉണ്ടായിരുന്നു എന്നു സൂചിപ്പിച്ചിട്ടു കൂടെ ഇല്ല.

൪൫. ൦ര൦ തോമ്മായും മലയാളത്തെ അന്നു രാജാവായിരുന്ന ചേരമാൻ പെരുമാളും തമ്മിൽ കൂടിക്കാഴ്ച ഉണ്ടാകയും അദ്ദേഹത്തിൽ നിന്നു പലവിധ പദവികളും സ്ഥാനമാനങ്ങളും ലഭിക്കയും എല്ലാറിനും മേലായി തന്റെ മിശ്യന്റെ ഉപയോഗത്തിനു കുറെ ഭൂമി തനിക്ക ദാനമായി കിട്ടുകയും ചെയ്തു. ൦ര൦ ദാനം ചെമ്പു തകിടിന്മേൽ എഴുതി കൊടുത്തിരുന്നു. അന്നു മുതൽക്കെ രാജാവിന്റെ സഹായത്തോടുകൂടെ ക്നായിതോമ്മാ കൊച്ചിസമീപത്തുള്ള മഹാദേവർപുരം എന്ന പറയുന്ന കൊടുങ്ങല്ലൂർ ഒരു പള്ളി പണിയിക്കയും ആ പട്ടണം തന്റെ തലസ്ഥാനമാക്കുകയും ചെയ്തു.

൪൬. ഹവ്വാർഡിന്റെ പുസ്തകത്തിൽ എടുത്തു പറയുംപ്രകാരം കാസ്മോസ് സ്ഥാൻസ്റ്റൻ ൦ര൦ തോമ്മായെക്കുറിച്ചു പ്രസ്താപിക്കുമ്പോൾ, അവർ മലയാളത്തുള്ള ജനങ്ങളുടെ ഇടയിൽ "വളരെ മേല്പട്ടക്കാരെയും പട്ടക്കാരെയും ക്രിസ്ത്യാനികളായി അനേകം പുരുഷന്മാരെയും സ്ത്രീകളെയും കുഞ്ഞുങ്ങളെയും പരദേശത്തുനിന്നു" കൊണ്ടുവന്നു എന്നു പറയുന്നു.

൪൭. അങ്ങിനെ തോമ്മാ ആ കാലത്തു മലങ്കരെ അന്തിയോഖ്യാ പാത്രിയക്കീസിന്റെ അധികാരം പ്രധാനമാക്കിയെന്നും സുറിയാനി ക്രിസ്തീയതെ ഒരു കൂട്ടത്തെ സ്ഥാപിച്ചു എന്നും കാണുന്നു. തോമ്മായുടെ വരവിന്റെ ശേഷം വളരെ കാലങ്ങളിലെക്ക സഭയുടെ ചരിത്രത്തിൽ ഒന്നും പറയുന്നില്ല. ആ കാലത്തു അന്തിയോഖ്യായുമായി എഴുത്തുകുത്തുകൾ നടത്തുന്നതിനു വളരെ പ്രയാസമായിരുന്നു. എന്നാൽ ഇന്ത്യായുമായി വളരെ കച്ചവടങ്ങൾ നടത്തിയിട്ടുണ്ടായിരുന്ന പാർസിയാ അലക്സ്ത്രിയാ എന്ന രാജ്യങ്ങളുമായി എഴുത്തുകുത്തു നടത്തുന്നതിനു അപ്രകാരമല്ലായിരുന്നു. അന്തിയോഖ്യാ പട്ടക്കാരെക്കാൾ സാധാരണയായി പാർസിയാ, ഇരിഷ്യ, ബാബിലോൻ മുതലായ സ്ഥലങ്ങളിലെ പട്ടക്കാർ മലയാളത്തു വന്നതായി പിന്നിട നാം കാണുന്നതിന്റെ പ്രധാന കാരണം ഇതുതന്നെ ആയിരുന്നു.

൪൮. ക്രിസ്താബ്ദം ൫൨-ൽ ഇന്ത്യായുമായി വളരെ കച്ചവടം ചെയ്തിരുന്ന ഒരു അലക്സ്ത്രിയാ കച്ചവടക്കാരനായ കൊസ്മോസ മലയാളത്തെക്കുറിച്ചു പ്രസ്താപിക്കുമ്പോൾ താഴെ വിവരിക്കുന്ന പ്രകാരം

പറയുന്നു "മലയാളത്തു ക്രിസ്ത്യാനി പള്ളികൾ ഉണ്ടായിരുന്നു.....പാ
ർസിയായിൽവച്ചു പ്രതിഷ്ഠിക്കപ്പെട്ട മെത്രാന്മാരെ അപ്പിടെനിന്നു അ
യച്ചിരുന്നു. ഒരു കാലത്തെ ഉപദേശങ്ങൾ നെസ്തോറിയാക്കാരുടെതാ
യിരുന്നു. എന്തെന്നാൽ ആ സമയം പാർസിയായിലെ പാത്രിയർക്കീ
സ സെലൂക്കിയായിലെ (സാക്ഷാൽ ബാബിലോനിലെ) നെസ്തോറി
യൻ പാത്രിയർക്കീസിന്റെ അധികാരത്തിനു കീഴിലായിരുന്നു (ഡ്രാക്കർ
ഡെയി പുറം ൨൭൭ ഡബ്ലിയു ഡബ്ലിയു ക. പുറം ൭ ബുക്ക ൩ പുറം. ൫൩൭)
നെസ്തോർ വിശ്വാസം ആദ്യം ആരംഭിച്ചതു ക്രിസ്താബ്ദം രണ്ടാം-ൽ
ആകുന്നു എന്ന ഇവിടെ വിചാരിക്കണം. ഒരു വിശ്വാസം കണ്ടു
ന്തിനൊപ്പോലീസിലെ ബിഷപ്പായിരുന്ന നെസ്തോറിയോസിനാ
ൽ സ്ഥാപിക്കപ്പെട്ടതായിരുന്നു. എന്നാൽ യാക്കോബായ വിശ്വാസ
മെന്ന അറിയപ്പെട്ടിരിക്കുന്ന വിശ്വാസത്തിന്റെ ആരംഭത്തെപ്പ
റ്റി മിക്കവാറും ചരിത്രക്കാർ തമ്മിൽ കുറെ അഭിപ്രായ വ്യത്യാസം ഉ
ണ്ടു. "ആ ഉപദേശത്തെ ഉണ്ടാക്കിയവൻ യൂത്തിക്കസ്സു ആണെന്നു വി
ചാരിക്കപ്പെട്ടിരിക്കുന്നു എങ്കിലും യാക്കോബായ വിശ്വാസം പ്രധാന
മായി ശ്രേഷ്ഠപ്പെട്ടത്തിയവനായ യാക്കോബ ബെറാഡിയസ്സു എന്ന
ആളിൽ നിന്ന അതിനു ഒരു പേര സിദ്ധിച്ചിരിക്കുന്നു" എന്നു രവറണ്ടു
ഹവ്വാർഡ പറയുന്നു. (൨൦൦ പുറം നൊട്ട.) ക്രിസ്താബ്ദം നൂറ്റാണ്ടു-ൽ ഉ
ഹായിലെ മെത്രാനായി പ്രതിഷ്ഠിക്കപ്പെട്ട ഉഹായുടെ യാക്കോബ എ
ന്ന ആളിൽനിന്നു ഇതുത്ഭവിച്ചു എന്ന ഡാക്കർ ഡെയി പറയുന്നു.
(൨൫൩-൦൦ പുറം നൊട്ട) മെസ്സർ ഇട്ടപ്പ ഡക്കർ ഡെയിയുമായി യോ
ജിക്കയും ചെയ്യുന്നു. (പുറം ൩൩൭൦ ൩൭൨-൦ ബുക്ക ൫. പുറം ൫൭൫—൩൭)

ഇൻ. ഏതെങ്കിലും, ഒരു കാര്യം നിശ്ചയമായി കാണുന്നു. അതെന്ന
ാൽ ആറാമതത്തെയോ ഏഴാമതത്തെയോ നൂറ്റാണ്ടിൽ ഒരു വിശ്വാസ
ങ്ങളും ആ കാലത്തു കിഴക്കുള്ള ക്രിസ്ത്യാനികളെ ഓരോ ഭാഗങ്ങളായി ചേർ
തിരിച്ചു എന്നാകുന്നു. എന്നാൽ അവരുടെ ഉപദേശസംബന്ധമായ വ്യ
ത്യാസങ്ങളെക്കുറിച്ചു നമുക്കു ഇപ്പോൾ ഒന്നും വിചാരിപ്പാനില്ല. ക്രിസ്തു
വിന്റെ സ്വഭാവത്തെയും മൂർത്തിയെയും കുറിച്ചു അവർ തമ്മിൽ കുറെ
അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നു എന്നു പറഞ്ഞാൽ മതി.

൩൦. ഇനി വീണ്ടും ചരിത്രത്തെക്കുറിച്ചു വിചാരിക്കാം. യാക്കോ
ബായ വിശ്വാസം സ്വീകരിച്ചവനും ആസ്യാ ഏഴുവനും കിഴക്കു ഒക്കയും
ഇന്ത്യായിലും അധികാരമുണ്ടായിരുന്നവനുമായ അന്തിയോഖ്യാ പാത്രി
യർക്കീസ ഏകദേശം പത്താം നൂറ്റാണ്ടിൽ ആ ദേശങ്ങളിലെക്ക ഒരു
കാസോലിക്കായെ അയച്ചു. ഇത ഹവ്വാർഡു പറയുന്നതാകുന്നു. (ഹവാ
ഡ പുറം ൨൦൦) എന്നാൽ ൯൯൯-ൽ അലക്സന്ത്രിയായിൽ നിന്നു യാക്കോ
ബായ സഭയുടെ ഒരു ബിഷപ്പു ഇന്ത്യായിൽ വന്നു എന്നു ഡാക്കർ
ഡെയി പറയുന്നു. (പുറം ൨൫൫) ഒരു സംഗതിയുടെ സൂക്ഷ്മതയെക്കുറി
ച്ചു അയാം സംശയിക്കയും ചെയ്യുന്നു. എന്നാൽ ഒരു കാര്യത്തിന്റെ സ
ത്യം എങ്ങനെയിരുന്നാലും ആ കാലത്ത ഇവിടെയുള്ള സുറിയാനി ക്രി
സ്ത്യാനികളുടെ താല്പര്യങ്ങളൊക്കെയും ആ കലഹമുള്ള കാലങ്ങളിൽ കൂടു

ൽ സഞ്ചരിക്കുന്നതിനുള്ള അധിക ചിലവും പ്രയാസവും കൊണ്ടു പരദേ
ശ മേല്പട്ടക്കാരുടെ വരവു ഏതാണ്ടു നിന്നുപോകയും വളരെ ഇടയ്ക്കു ആയിത
ന്നു. ഒരു പരദേശികൾ വന്നുകൊണ്ടേ മലയാളത്തുള്ള ക്രിസ്ത്യാനികൾ അ
ക്കാലത്തു വന്ന പരദേശ മേല്പട്ടക്കാരെയും എപ്പിസ്കോപ്പാമാർ അല്ലെ
ങ്കിൽ മെത്രാന്മാരെയും സ്വീകരിക്കയും അവരുടെ വിശ്വാസങ്ങളും ഉപദേ
ശങ്ങളും എന്തുതന്നെ ആയിരുന്നാലും അവർ രണ്ടുകൂട്ടരുടെ സഭാസംബന്ധ
മായ ആത്മീക കാര്യങ്ങളിൽ പ്രവേശിക്കുന്നതിനു അനുവദിക്കയും ചെ
യ്തു. പിന്നെയും സുറിയാ പാർസിയാ മുതലായ സ്ഥലങ്ങളിലെ പാത്രി
യർക്കീസന്മാരുടെ മേലധികാരത്തെ അംഗീകരിച്ചിരുന്നവരായ കിഴക്കി
ന്റെ ക്രിസ്ത്യാനികളെ വിഭാഗിച്ചിരുന്ന വ്യത്യാസങ്ങൾ, ഒരു വിശ്വാ
സക്കാരുടെ മേല്പട്ടക്കാരെ മറ്റവരുടെ പള്ളികളിൽ കയറാതെയിരിപ്പാ
ൻ തക്കപോലെ പരസ്യമായെയോ പതിനൊന്നാമത്തെയോ നൂറാ
ണ്ടു വരെ അത്ര വലമായിട്ടല്ലായിരുന്നു എന്നു കൂടെ പറയേണ്ടിയിരി
ക്കുന്നു. പോർത്തുഗീസുകാരുടെ വരവിനു മുമ്പു മലയാളത്തെ സുറിയാനി
സഭ എപ്പോഴും ഇളകിക്കൊണ്ടിരുന്ന സ്ഥിതിയിലായിരുന്നു. പക്ഷെ പ്ര
ധാനം പറകയാണെങ്കിൽ സുറിയാനിക്കാർക്കു തമ്മിൽ ഒരു വിശ്വാസത്തോടു അ
ങ്ങനെ താല്പര്യവും മറ്റുള്ളതിനോടു വളരെ വിരോധവും ഇല്ലായിരുന്നു.
അവർ അങ്ങിനെ ചെയ്യുന്നതിനു പാടില്ലായിരുന്നു. ഒരു കാര്യത്തിൽ
അവർ ഇന്നപ്രകാരം ചെയ്യണമെന്നില്ലായിരുന്നു. ഓരോ സംഗതിക
ളെ അവരവർക്കു തോന്നിയപ്രകാരം അംഗീകരിക്കേണ്ടിവന്നു. പാർസിയായിൽ നി
ന്നും എപ്പിസ്കോപ്പന്മാർ മലയാളത്തേക്കു നെസ്തോറിയാ മെല്പട്ടക്കാരുടെ
വരവിനെക്കുറിച്ചു റവറണ്ടു ഹവ്വാർഡു പറയുന്നതിനെ
ക്കുറിച്ചു ഇതു സംബന്ധമായി ആലോചിക്കുന്നതു ഏറ്റവും നല്ലതാകു
ന്നു. അയാം പറയുന്നു "ഇപ്രകാരം മലയാളത്തുള്ള സഭയിൽ പുരാതി
കാലങ്ങളിൽ തന്നെ നെസ്തോറിയൊസിന്റെ ഉപദേശങ്ങൾ നട
പ്പിലിരുന്നതായി കാണുന്നു. ക്രിസ്താബ്ദം ൫൨൨-ൽ മലയാളത്തു വന്നവനാ
യ കൊസ്മൊസ എന്നയാളിന്റെ സാക്ഷ്യത്താൽ ഒരു സഭയും അ കാ
ലത്തു നെസ്തോർ പാത്രിയർക്കീസുമായി സംസർഗ്ഗമുണ്ടായിരുന്നു എന്നും
മലയാളത്തുള്ള മെത്രാപ്പൊലീത്തായെ ബിഷപ്പാ ബാബിലോനി
ലെ കാതോലിക്കായാൽ പ്രതിഷ്ഠിക്കപ്പെട്ടുയെന്നും തെളിവാകുന്നു. എന്നാ
ൽ സഭയുടെ ഒരു ഭാഗത്തിനു നെസ്തോറിയരുടെ എടത്തുടക്കം പിടിക്കുവാൻ
തുടങ്ങി സ്ഥാപിച്ചുവെന്നുള്ളതു വളരെ സംശയമായിട്ടുള്ളതാ
കുന്നു" (ഹവ്വാർഡ പുറം ൨൬൨)

൩൭. ആ കാലത്തെ ചരിത്രത്തെകൊണ്ടു വിചാരിക്കുമ്പോൾ ഇ
ങ്ങനെ പ്രത്യക്ഷപ്പെടുവതുന്നു.

൩൮. ക്രിസ്താബ്ദം ൫൨൨-ൽ കൊല്ലം ൫-ൽ ബാബിലോനി
ലെ നെസ്തോറിയാ പാത്രിയർക്കീസിന്റെ കല്പനപ്രകാരം മാർ സാ
പോർ എന്നും മാർ അപ്രോത്ത എന്നും പേരായ രണ്ടു മേല്പട്ടക്കാർ
മലയാളത്തിൽ എപ്പിസ്കോപ്പാമാർ മലയാളത്തുവന്നു. അവർ ഇവിടത്തെ

ഇട്ടേയായി ഒരം സഭയെ ഭരിച്ചുവന്നു. അവർ താഴെ പറയുന്നവരായിരുന്നു.

യൊഹന്നാൻ	൯൨൭
മാർ തോമ്മാ	൯൫൭
മാർ യാക്കോബ	൯൭൨
മാർ യെഗബ്ബ	൯൮൫
മാർ ദാവീദ	൯൯൭
മാർ യവലേഹ	൧൦൨൭

ഡബ്ലിയു നസ്രിയ്യ ഗ്രീൻ, ൽവു; ബുക്കു നമ്പർ ൨൨൨

ഈ ഒരം പട്ടിക കൊടുത്തതിന്റെ ശേഷം (ഇതു വീണ്ടും കൂടാതെയുള്ള ക്രമമായ ഒരു പിൻവാങ്ങൽ അല്പം ഉണ്ടായിരിക്കാം) ഇട്ടപ്പ താഴെ പറയുംപ്രകാരം പ്രസ്താവിക്കുന്നു. "൧൫൦൦-ൽ പറങ്കിയുടെ വരവു വരെ പരദേശത്തുനിന്നു അന്തിയോഖ്യാ അധികാരത്തിൽ നിന്നായിട്ടും നെസ്തോറിയൻ പാത്രിയക്കീസിന്റെ കല്പനയാൽ ബാബിലോണിൽ നിന്നായിട്ടും എപ്പിസ്കോപ്പാമാർ കൂടെക്കൂടെ മലയാളത്തെക്കവന്നു." (ഡബ്ലിയു ഡബ്ലിയു പുറം; ൽവു) എന്നാൽ ഒരം സംഗതി മറവുള്ളവരാൽ സ്ഥിരപ്പെടുത്താതെയിരുന്നിട്ടില്ല. മെസർസ ഹവ്പർഡും ഡെയിയും മിക്കവാറും അയാളുമായി യൊജിച്ചിരിക്കുന്നു. പോർത്തുഗീസുകാരുടെ വരവിനു മുമ്പെയുള്ള കാലത്തെ കുറിച്ചു ഡാക്തർ ബുക്കാനാൻ ഇപ്രകാരം പറയുന്നു. "ഒരം ഹിന്തു ക്രിസ്ത്യാനികൾ എപ്പിസ്കോപ്പാ അധികാരത്തിൻ കീഴെ ഒരു ക്രമമായ സഭയുടെ കല്പനയും ഉപദേശവും കാത്തുകൊണ്ടു പോന്നതും കഴിഞ്ഞ ൧൨൦൦ സംവത്സരക്കാലത്തേക്കു അവർ അന്തിയോഖ്യാ പാത്രിയക്കീസിനാൽ നിശ്ചയിക്കപ്പെട്ട ബിഷോപ്പന്മാരുടെ പിൻവാങ്ങലിയിൽ ഇരുന്നതും കണ്ടു യൂറോപ്യൻ പട്ടക്കാർ ഏവരും അതിശയിച്ചു" (ഡാക്തർ ബുക്കാനാൻ പുറം; ൨൦൬) ഒരം ൧൨൦൦ സംവത്സരക്കാലങ്ങളും പുറകോട്ടു കണക്കാക്കിയാൽ രണ്ടാം നൂറ്റാണ്ടുവരെ എത്തുന്നു. പോർത്തുഗീസുകാർ ഇന്ത്യായിൽ വന്നു സുറിയാനിക്കാരെയും അതുപോലെ തന്നെ ഹിന്തുക്കളെയും തങ്ങളുടെ മാർഗ്ഗവും വിശ്വാസവും കൈക്കൊള്ളുന്നതിനു നിർബ്ബന്ധിപ്പാൻ തുടങ്ങിയ കാലത്തെ പോർത്തുഗീസുകാരുടെ മനോവിചാരവും സുറിയാനി ക്രിസ്ത്യാനികളുടെ പൂർവ്വവിശ്വാസവും മേൽവിവരിച്ചതായിരുന്നു.

൫൬. പോർത്തുഗീസുകാരുടെ വരവ സുറിയാനിക്കാരെ റോമാ വിശ്വാസത്തിൽ ചെർക്കുന്നതിനുള്ള പീഡയ്ക്കു കാരണമായി. പോർത്തുഗീസുകാർ തങ്ങളുടെ വിശ്വാസം സുറിയാനിക്കാരെക്കൊണ്ടു അംഗീകരിപ്പിച്ചു കൊള്ളാമെന്ന വിചാരത്തിന്മേൽ അവരെ അത്യന്തം കരുണയോടും ദയയോടും ആദരവോടുംകൂടി വിചാരിച്ചുവന്നു. എന്നാൽ

രാജാക്കന്മാരുമായി കൂടിക്കാഴ്ച കഴിക്കയും സുറിയാനി ക്രിസ്ത്യാനികളുടെ അവരുടെ അക്കിടിയാക്കോനും ഇവരെ വളരെ ബഹുമാനിക്കയും ചെയ്തു. ഒരു കൂട്ടരുടെ സഹായത്താലും മറവരുടെ കൂട്ടുപാനത്താലും അവർ ഒരം ദേശത്തിൽ സഞ്ചരിക്കയും പള്ളികളും പണിയിക്കയും സുറിയാനിക്കാരുടെ മതസംബന്ധമായ കാര്യാദികളും അന്വേഷിക്കയും ചെയ്തു. (ബുക്കാനാൻ പുറം. ൨൨൭ ഹഡ്സൺ പുറം ൽ) എന്നാൽ "ഒരം എട്ടിസ്കോപ്പാമാരുടെ വരവിന്റെ ശേഷമത്രെ നെസ്തോറിയ വിശ്വാസം കല്പമായി മലയാളത്തിലും കലർന്നതിനു സംഗതിയായതു" എന്നു ഇട്ടപ്പ പറയുന്നു. (ഡബ്ലിയു ഡബ്ലിയു പുറം ൽ൭; ൽവു)

൫൭. പോർസിയായിൽനിന്നും മറ്റും രാജ്യങ്ങളിൽനിന്നും വന്ന ഇന്ത്യായുടെ പടിഞ്ഞാറെ തീരത്തുള്ള കുരുമുളകും മറ്റു ചരക്കുകളുംകൊണ്ടു വളരെ കച്ചവടം നടത്തിവന്നിരുന്ന നെസ്തോറിയാ ക്രിസ്ത്യാനി കച്ചവടക്കാർ മലയാളത്തുള്ള തങ്ങളുടെ സ്വന്ത മതക്കാരുമായി കൂടി ചെന്നു കയാൽ ഇവിടെയുള്ള സുറിയാനി ക്രിസ്ത്യാനികൾക്കു നെസ്തോറിയ വിശ്വാസത്തോടുള്ള വിരോധം കാലക്രമേണ മാഞ്ഞു പോകയും അവരോടു രമ്യപ്പെടുകയും ചെയ്തു. എങ്കിലും തങ്ങളുടെ സുറിയാനി പാത്രിയക്കീസിന്റെ വിശ്വാസമാകുന്ന യാക്കോബായ വിശ്വാസത്തിലേക്കു തിരിയുന്നതിനു അവർ അവസരം അന്വേഷിച്ചുകൊണ്ടിരുന്നു.

൫൮. അങ്ങിനെ പടിഞ്ഞാറെ തീരത്തുള്ള ക്രിസ്ത്യാനികൾ ധനികന്മാരും മാന്യന്മാരുമായ ജനങ്ങൾ ആയി തീരുകയും അവരുടെ ഹിതം അയല്ക്കാരാലും രാജാക്കന്മാരാലും വളരെ ബഹുമാനിക്കപ്പെടുകയും ചെയ്തു. അവരുടെ ശക്തിയുടെ ഒരം വർദ്ധനവിങ്കൽ ഓരോ ദോഷങ്ങളും കൂടെ ഇല്ലായിരുന്നു എന്നു പറവാൻ പാടില്ല. അവർ മറവുള്ളവരുടെയും രാജാക്കന്മാരുടെയും അസൂയയ്ക്കു പാത്രീഭവിച്ചു. ഒരം അസൂയയുടെ പിന്നാലെ ഉപദ്രവങ്ങളും തുടങ്ങി. ഒരം ശല്യങ്ങൾ സഹിക്കായ്കയാൽ അവർ രാജസേവ ഉപേക്ഷിച്ച ഒരു സംഘമായി കൂടി തങ്ങളുടെ രാജാവായി അവരിൽനിന്നു തന്നെ ഒരാളെ തിരഞ്ഞെടുക്കണമെന്നു നിശ്ചയിക്കയും അങ്ങിനെ തിരഞ്ഞെടുത്ത ഒരാളിനെ "അപ്പോസ്തലനായ മാർ തോമ്മാ സുറിയാനിക്കാരുടെ രാജാവ" എന്നു പേർ വിളിക്കയും ആ സമുദായത്തിനു സ്വതന്ത്രപദം എന്ന നാമധേയം കൊടുക്കയും ചെയ്തു. അവർ യൂറോപ്യൻ മിഷ്യനെറിമാർക്കു സാധാരണയായി ഡയാബെർ എന്നരിയപ്പെട്ടിരുന്ന ഉദിയംപേരൂർ തങ്ങളുടെ തലസ്ഥാനമാക്കി. ഒരം രാജകുഡുംബത്തിലെ പിൻവാങ്ങൽ ആ കുഡുംബത്തിൽ തന്നെ പാരമ്പര്യമാക്കി. ഇങ്ങിനെ കുറെനാൾ കഴിഞ്ഞതിന്റെ ശേഷം രാജാക്കന്മാരിൽ ഒടുവിൽ ഭരിച്ചിരുന്ന ആദ്യം സന്താനമില്ലാതെ മരിക്കയാൽ ക്രിസ്ത്യാനികൾ വീണ്ടും നാട്ടരാജാക്കന്മാരുടെ അധികാരത്തിൻ കീഴിലാകയും ചെയ്തു. ഇതു ഒരു ഏകദേശം പത്താംനൂറ്റാണ്ടിന്റെ ഒടുവിൽ ആയിരുന്നു. ഇതിന്റെ ശേഷം പരദേശത്തു നിന്നു വന്നിട്ടുള്ള മെത്രാപ്പോലീത്തന്മാർ

കൈക്കൊള്ളാതെ ഉപേക്ഷിച്ച മാർ അബ്രാഹമിനെ കൈക്കൊള്ളാനും കൂടെ വിചാരിച്ചു. എന്നാൽ ഇദ്ദേഹത്തിനു മുമ്പെ വന്നിരുന്ന ആളുകളോടും പോർത്തുഗീസുകാർ ഏതു പ്രകാരം ചെയ്തുവോ അപ്രകാരംതന്നേ ഇദ്ദേഹത്തോടും ചെയ്തു.

൭൫. പോർത്തുഗീസുകാരുടേ "ഇങ്കിസിഷ്യൻ" എന്നപീഡയെ ഇനിയും വിചാരിക്കുന്നതിനു നമുക്കു ആവശ്യമില്ല. എന്നാൽ ഈ പ്രകാരത്തിലുള്ള പീഡകൾകൊണ്ടും സുറിയാനിക്കാർ തങ്ങളുടെ ക്രിസ്തീകവും പരമാർത്ഥവുമായിട്ടുള്ള വിശ്വാസത്തെ കൈവിടുകയില്ലായിരുന്നു.

൭൬. എന്നാൽ ൧൬ പീഡയുടെ ഉഗ്രത ക്രമേൻ-ൽ അധികരിക്കയും ഉദിയംപേരൂർ സുന്നഹദോസിൽവച്ച പ്രബലപ്പെടുകയും ചെയ്തു. ആ അണ്ടു ജൂൻ മാസം ൨൦-ാംനു. മെനെസ്സസ് എന്ന പേരായ പോർത്തുഗീസ ആച്ച ബിഷോപ്പു സുറിയാനിക്കാരുടെ പദേശങ്ങളും കാനോനകളും പള്ളിക്രമങ്ങളും ശരിയാക്കുന്നതിനായി സുറിയാനി പട്ടക്കാരെ എല്ലാവരെയും ഉദിയംപേരൂർ വിളിച്ചുകൂട്ടുകയും അതിൽ അക്കുദിയാക്കോനും കത്തനാരന്മാരും മുതലായോരും ഹാജരുണ്ടായിരിക്കയും ചെയ്തു. ൧൬ സുന്നഹദോസിന്റെ ശുശ്രൂഷയങ്ങൾ അവരെ അറിയിച്ചതിന്റെ ശേഷം അവരുടെ പുസ്തകങ്ങൾ എല്ലാം വെദ വിപരീതമായിട്ടുള്ളതെന്നു നിശ്ചയിച്ചു ചുട്ടു നശിപ്പിക്കയും അങ്ങിനെ തങ്ങളുടെ സഭക്കു അപ്പൊസ്തൊലന്മാരിൽനിന്നു പിൻവാങ്ങിയുണ്ടെന്നു കാണിക്കുന്ന സകല രേഖകളും മായിച്ചുകളകയും ചെയ്തു. (ഫ്രൂർഡ പുറം ൧൯൩; ഇട്ടുല പുറം ൨൯൦; റവറണ്ട ഈഷ്ടൻ പുറം ൨൯; ഡക്കർ ഡെയി പുറം ൩൧൫—൩൧൯.)

൭൭. ൧൬ കഠിന പ്രവൃത്തികൾ ചെയ്യുന്നതിനു മുമ്പായിട്ടു സുറിയായിൽ നിന്ന മെത്രാന്മാർ ഇനിയും വരുന്നതിനെ തടുക്കുന്നതിനുവേൻ ആലൊചനയോടു കൂടിയ മാർഗ്ഗങ്ങൾ നോക്കീട്ടുണ്ടായിരുന്നു. അതിന്റെ ആന്തരം ജനങ്ങളെ അശേഷം സഹായം ഇല്ലാത്തവരാക്കുവാൻ ആയിരുന്നു. ഉറമുഖങ്ങളിൽ വന്നെത്തുന്ന പരദേശപട്ടക്കാരെ എല്ലാം പിടിക്കുന്നതിനായി അവരുടെ ഉറമുഖങ്ങളിൽ കല്പന കൊടുത്തിട്ടുണ്ടായിരുന്നു. (ഫ്രൂർഡ പുറം ൩൯.)

൭൮. ഇപ്രകാരം സുറിയാനി സഭ പോർത്തുഗീസുകാക്കു കീഴടങ്ങി. എന്നാൽ ൧൬ കീഴടക്കം കുറെ നാളത്തേക്കു മാത്രമെ ഉണ്ടായുള്ളു. ൧൬ രാജകത്തെ തള്ളിക്കളയുന്നതിനായി സുറിയാനിക്കാർ ഒരു അവസരം നോക്കിക്കൊണ്ടിരുന്നു.

൭൯. ക്രിസ്തുവർ-ൽ ഗീവർഗ്ഗീസ അക്കുദിയാക്കോന്റെ പിൻവാങ്ങുക്കാരനായി തോമ്മായക്കുദിയാക്കോനെ നിശ്ചയിക്കയും ചെയ്തു. ആ സമയത്തു സുറിയാനിക്കാരുടെ പ്രത്യേക അഭിപ്രായം തങ്ങളുടെ അക്കുദിയാക്കോനെ മെത്രാനായി പ്രതിഷ്ഠിക്കുന്നതിനു കീഴടങ്ങിയ പോർത്തുഗീസന്മാരിൽ ഒരുവനിൽനിന്നു ഒരു മെത്രാപ്പോലീത്തായെ കിട്ടുന്നതിനായിരുന്നു. ചരിത്രക്കാർ എല്ലാവരും

യോജിക്കുന്നു. ൧൬ സംഗതിയെക്കുറിച്ചു ചരിത്രങ്ങളിൽ പ്രധാനവിധമായി കുറിക്കുന്നു. കെയിറൊ എന്ന മഹാ പട്ടണത്തിലെ കത്തോലിക്കായ പോർത്തുഗീസ ഇവിടത്തെ സഭയുടെ കാര്യാദികൾ നോക്കുന്നതിനായി അയച്ചതാല എന്ന പേരായ ഒരു സുറിയാനി മെത്രാനെ അയച്ചു എന്നു റവറണ്ട ഹവ്വാർഡ പറയുന്നു. (പുറം ൨൭൫) എന്നാൽ അതിന്റെ കൂടെ താഴെകാണിച്ചിരിക്കുന്നപ്രകാരം ചേർത്തിരിക്കുന്നു. "കാപ്പൻ സ്പാൻസ്തനും ഡക്കർ ഡെയിയും അദ്ദേഹത്തെ അറിയുന്നു എന്നും സുറിയാനി കൈയ്യെഴുത്തുകളിൽ അദ്ദേഹത്തെ ഇഗ്നാത്തി എന്നും പറയുന്നു" "നെസ്തോറിയൻ ആയിരുന്നു എന്നു അറിവില്ല എന്നൊ മാർ ഇഗ്നാത്തിയൊസ എന്നൊ പോർച്ചുഗലോനിൽനിന്ന ഇവിടെ ബിഷോപ്പായിവന്നു" എന്നു ഡക്കർ ഡെയി പറയുന്നു. (പുറം ൩൩൪; ൩൩൫.) എന്നാൽ പറയുന്നു "കാര്യങ്ങൾ ഇങ്ങിനെ ഇരിക്കുമ്പോൾ അന്തിയോക്യാ പാത്രിയക്കീസു മലയാളത്തിലെ സുറിയാനിക്കാരുടെ ഇടയിലേക്കു പോകുന്ന വഴിക്കു മദാസ്സു പട്ടണത്തിൽ മൈലാപ്പൂരിൽ തോമാ ശ്ലീഹാ നാമത്തിലുള്ള പള്ളിയിൽ വന്നു" (ഇതിനു പുറം ൨൭൪. ബുക്ക ൩. പുറം ൨൪൨.) റവറണ്ട കയ്യുനും ടി. പ്രകാരം ഇങ്ങിനെ തുടങ്ങി പറയുന്നു.

൭൪. ഇപ്പോൾ അന്തിയോക്യാ പാത്രിയക്കീസൊ അതോ പോർച്ചുഗലിൽനിന്ന വന്നിട്ടുള്ള ഒരു നെസ്തോറിയനൊ എന്ന തക്കം കിട്ടുവോളം കാത്തുകൊണ്ടും ഉള്ളതുകൊണ്ടും ൧൬ സംഗതിയെക്കുറിച്ചു വളരെ സൂക്ഷ്മതയോടെ ആലോചിക്കേണ്ടതു ആവശ്യമാകുന്നു എന്നും ഞാൻ വിചാരിക്കുന്നു.

൭൫. ഇന്ത്യായിൽ ൧൬ ആളിന്റെ വരവിനെക്കുറിച്ചുള്ള തിയ്യതി ചരിത്രക്കാർ എല്ലാവരും യോജിക്കുന്നു. അതു ക്രിസ്തു വർഷം ൧൫൪൭ ലോ ൧൫൪൮ ലോ ആയിരുന്നു. സുറിയാനി കൈയ്യെഴുത്തുകളിൽ അദ്ദേഹത്തെ ഇഗ്നാത്തിയൊസ എന്നു പറഞ്ഞിരിക്കുന്നതായി ഹവ്വാർഡ സായ്പിനു തോന്നുന്നു. ഡക്കർ ഡെയി തന്നെ അദ്ദേഹത്തിനു ആ പേരു ഉണ്ടായിരുന്നു എന്നു തോന്നുന്നു. മുമ്പെ പ്രസ്താപിച്ചപ്രകാരം പള്ളിവകകൾ രക്ഷിക്കുന്നതിനു ശ്രമിക്കുന്നതിനു ഏറ്റവും മുഖ്യമായിരുന്ന ഇട്ടിപ്പും സുറിയാനി ചരിത്രക്കാരായ മറ്റു രണ്ടു പേരും ആ ആൾ അന്തിയോക്യാ പാത്രിയക്കീസായ മാർ ഇഗ്നാത്തിയൊസ ആയിരുന്നു എന്നു തന്നെ പറയുന്നു. എന്നാൽ ഇയ്യാൾ ഒരു നെസ്തോറിയൻ അല്ലായിരുന്നു എന്നുള്ള അറിവു ഇട്ടിയും എന്നു മെസ്സർ ഹവ്വാർഡ ഒന്നും പറയുന്നില്ല. "മാർ ഇഗ്നാത്തിയൊസ" എന്നതു അന്തിയോക്യാ പാത്രിയക്കീസിനെ തന്നെ ആകുന്നു ധരിക്കേണ്ടതാകുന്നു.

൭൬. മേൽ വിവരിച്ച സംഗതികളോടുകൂടെ "ചില ചരിത്രങ്ങളിൽ യാക്കോബായക്കാർ ഇന്ത്യായിൽ ക്രിസ്തു വർഷം ൧൫൪൭-ൽ വന്നു എന്നും

അക്കാലം എതൽ മലയാള സഭയിലെ മിക്ക പട്ടക്കാരും അന്തിയോഖ്യാ സിംഹാസനത്തിന്റെ അധികാരത്തിനു കീഴായി വിചാരിച്ചുപോന്നു" എന്നു. ഡക്കർ ഡേയി തന്റെ ചരിത്രത്തിന്റെ ൟ-ാം ഭാഗത്തു പ്രസ്ഥാപിക്കുന്നതും ആലോചിക്കാവുന്നതാണെ.

൭൯. മേൽ പറഞ്ഞ സംഗതികളാൽ ഫ്രുക്രുസ-ക്രുൽ ഇന്ത്യായിൽ വന്ന ആൾ അന്തിയോഖ്യാ പാത്രിയക്കീസു തന്നെ എന്നു ഞങ്ങൾ അഭിപ്രായപ്പെടുകയും ഇദ്ദേഹം വന്നതിൽ പിന്നെ നടന്ന ചില സംഗതികളാൽ ഞങ്ങൾ ൟ അഭിപ്രായത്തിൽ തന്നെ സ്ഥിരപ്പെട്ടിരിക്കുകയും ചെയ്യുന്നു.

൮൦. മാർ ഇഗ്നാത്തിയോസു മയിലാപ്പൂര വന്നു എന്നു പോർത്തുഗീസുകാർ കേട്ടപ്പോൾ അദ്ദേഹം മലങ്കരെ വന്നാൽ സുറിയാനിക്കാർ പോർത്തുഗീസുകാരുടെ വിശ്വാസത്തെ വിട്ടു തങ്ങളുടെ മുമ്പിലത്തെ വിശ്വാസത്തിലേക്കു തന്നെ തിരിയുമെന്നു ഭയപ്പെട്ട അദ്ദേഹത്തെ പിടിച്ചു അവിടെതന്നെ താമസിപ്പിക്കയുംചെയ്തു. ഇങ്ങിനെ താമസിപ്പിച്ചതിന്റെ ശേഷം ഉണ്ടായ സംഗതിയെപ്പറ്റി എല്ലാ ചരിത്രകാരും സാരമായ കാര്യങ്ങളിൽ യോജിക്കുന്നു. തങ്ങളുടെ പാത്രിയക്കീസിനെ മൈലാപ്പൂരിൽ പിടിച്ചു വച്ചിരിക്കുന്നു എന്നു കേട്ട സുറിയാനി സഭയിലെ രണ്ടു ശെമ്മാശ്ശന്മാർ തങ്ങളുടെ സഭയിലെ വിവരങ്ങൾ പാത്രിയക്കീസിനോടു അറിയിക്കുന്നതിനും അദ്ദേഹത്തിന്റെ കല്പന കിട്ടുന്നതിനുമായി അവിടേക്കു പോയി എന്നും ഇട്ടിപ്പ പറയുന്നു. അങ്ങിനെ അവർ പാത്രിയക്കീസുമായി കൂടിക്കാഴ്ചയുണ്ടാകയും അദ്ദേഹം അക്കദിയാക്കോൻ തോമ്മായെ മെത്രാപോലീത്തായായി പ്രതിഷ്ഠിക്കുന്നതിനും നിശ്ചയിക്കുന്നതിനുമായി സൂത്തിക്കോൻ എഴുതി ൟ ശെമ്മാശ്ശന്മാരെ കുമ്പിട്ടിച്ച അവരെ മലയാളത്തേക്കു രഹസ്യമായി പറഞ്ഞയക്കയും ചെയ്തു. ൟ ശെമ്മാശ്ശന്മാർ മടങ്ങിവന്ന ഉടനെ ജനങ്ങളെ എല്ലാവരേയും ആലങ്ങാട്ടു വിളിച്ചു കൂട്ടുകയും ഉണ്ടായ സംഗതികൾ എല്ലാം അവരോടു അവിടെവച്ചു പറകയുംചെയ്തു. (ഇട്ടിപ്പ ക്രമം—ക്രമം. ബുക്കനു. പുറം ക്രമവു) ഇതു ഇട്ടിപ്പ പറയുന്നതാകുന്നു. എന്നാൽ പാത്രിയക്കീസു ശെമ്മാശ്ശന്മാരുമായി കണ്ടതിനേയും തോമ്മായെ മെത്രാപോലീത്തായായി പ്രതിഷ്ഠിക്കുന്നതിനു ഇവരുടെ പക്കൽ കൊടുത്തയച്ച അധികാരത്തെയും കുറിച്ചു ഹവ്വാർഡും ഡേയിയും വെളിവായി ഒന്നും പറയുന്നില്ല. എങ്കിലും "തോമ്മായെ മെത്രാപോലീത്തായായി നിശ്ചയിക്കുന്നതിനു സമ്മതം ആകുന്നു എന്നുള്ള വിവരം പാത്രിയക്കീസു തന്റെ അടുക്കൽകൂട്ടത്തെ അറിയിച്ചു" എന്നു പറയുന്നു. എന്നാൽ ൟ അധികാരം കൊടുത്തു എന്നു പറയുന്ന സംഗതിയിൽ അവരെല്ലാവരും യോജിക്കുന്നു. (ഡേയി പുറം ക്രമഭ; ഹവ്വാർഡ പുറം ൯൭; രണ്ടു.)

൮൧. വീണ്ടും ചരിത്രത്തെക്കുറിച്ചു ആലോചിക്കാം. പോർത്തുഗീസുകാർ ൟ മാർ ഇഗ്നാത്തിയോസിനെ ചങ്ങലയിൽ ഇട്ടു കൊച്ചിയിൽ കൊണ്ടുവന്നു. ൟ കാര്യത്തെ കുറിച്ചു ഹവ്വാഡ് പറയുന്നു

(തന്റെ സ്വന്ത വാക്കുകൾ തന്നെ ഇവിടെ ഉപകരിക്കുന്നതു കൊണ്ടു തർജ്ജമ ചെയ്യുന്നു) "അദ്ദേഹത്തെ പിടിച്ചു ചങ്ങല ഇട്ടു കൊച്ചിയിൽ കൊണ്ടുവന്നു എന്നാൽ ഇത തോമ്മായുടെ സിദ്ധാന്തത്തെക്കുറിച്ചു താൻ സമ്മതിച്ചതും അയാളുടെ കൂടെ കാണുന്നതിനു നാല ആളുകളെ സഹായക്കാരായി നിയമിക്കുന്നതിനു ആവശ്യപ്പെട്ടതും അയാൾ ഒരു പ്രകാരത്തിലും ശ്രദ്ധിക്കുന്നില്ല എന്നു കാണിച്ചു ചെയ്യുന്നതായ സ്ഥാനങ്ങൾ കൊടുക്കുന്നതിനു കൂട്ടാകയോ അതുതന്നെ പ്രത്യേകം തന്നോടു വിലക്കിയതും ആയിൻ കൂട്ടത്തെ അറിച്ചതിന്റെ ശേഷമായിരുന്നു" എന്നു പാത്രിയക്കീസു കൊടുത്ത കല്പനയുടെ കാര്യത്തെ പറഞ്ഞു പറയുന്നതു ഇതിനോടു മിക്കവാറും ശരിയായിരിക്കുന്നു (ഡേയി ഒന്നു.)

൮൨. മാർ ഇഗ്നാത്തിയോസിനെ റോമായ്ക്കു അയക്കുന്ന വിവരം കൊച്ചിയിൽ കൊണ്ടുവന്നപ്പോൾ ജനങ്ങൾ ഇതറിഞ്ഞു വളരെ വിഷാദപ്പെടുകയും അവരുടെ ഇടയിൽ ഉണ്ടായ ഇളകത്തിനു അതിരില്ലാതെ തീരിക്കയും ചെയ്തു. ഉടനെ തന്നെ ആലങ്ങാട്ടു ഒരു കൂട്ടമായി പോയി അവിടെനിന്നു സകല ആളുകളും ഒരു കൂട്ടമായി പോർത്തുഗീസു ഗവർണ്ണരുടെ അടുക്കൽപോയി തങ്ങളുടെ പാത്രിയക്കീസിനെ വിടുവിക്കുന്നതിനു അപേക്ഷിക്കയും ഗവർണ്ണർ അവരുടെ അപേക്ഷയെ തള്ളിക്കളകയും ചെയ്തു. (ഡബ്ലിയു ഡബ്ലിയു. പു: ക്രമ-ക്രമ൨ പുറം. ക്രമവു; ഡേയി ക്രമഭ—ക്രമ൯.) അതിനാൽ അക്കദിയാക്കോനു കൂടെ ഉണ്ടായിരുന്ന ൨൫൦൦൦ ജനങ്ങളും കൂടി പാത്രിയക്കീസിനെ ബലമായി വിടുവിക്കുന്നതിനു നിശ്ചയിച്ചു തന്നെ പാർത്തിരുന്ന വാച്ചിരുന്ന കോട്ടയിലേക്കു എല്ലാവരും കൂടെ ധൈര്യപൂർവ്വം പുറപ്പെട്ടു. ഇതിന്റെ ശേഷം ഇവർ കൊച്ചീരാജാവിനെ അപേക്ഷിച്ചു. അദ്ദേഹം ആദ്യം സുറിയാനിക്കാരുടെ ൟ കാര്യത്തിൽ സഹതാപപ്പെടുകയും എന്നാൽ പോർത്തുഗീസുകാരുടെ ശക്തി അവരുടെ ഇഷ്ടപ്രകാരം ചെയ്യുന്നതിനു അനുവദിക്കയും (ഡബ്ലിയു ഡബ്ലിയു പുറം. ക്രമവു; ബുക്കനു. ക്രമവു) പോർത്തുഗീസുകാരും രഹസ്യമായ വിധത്തിൽ ൟ പാത്രിയക്കീസിന്റെ കാര്യം വർത്തിച്ചു. അദ്ദേഹത്തിന്റെ കഴുത്തിൽ ഒരു കല്ലു കെട്ടി എന്നു ചിലരും അദ്ദേഹത്തെ ദഹിപ്പിച്ചു കൊന്നു എന്നു മറ്റു ചിലരും റോമായിലേക്കു കയറ്റി അയച്ചു എന്നു മറ്റു ചിലരും വിശ്വസിച്ചിരുന്നു. എങ്ങിനെ എങ്കിലും ഇദ്ദേഹത്തിന്റെ കാര്യം തന്നെ കേട്ടിട്ടില്ല.

൮൩. ഇതിൽവച്ചു സുറിയാനിക്കാർക്കുണ്ടായ കോപം സഹിക്കാവാത്ത വിധത്തിൽ ആയി. ഒരുത്തക്കും അവരെ അടക്കുവാൻ കഴിയാതെ ആയി. അവർ എല്ലാവരും കൂടെ മട്ടാഞ്ചേരി പള്ളിയിൽ പോർത്തുഗീസു പാത്രിയക്കീസിനെ ഒരു സംശയവും ഭൈവ ഭയവും ഇ

വ്യന. ൦രം സംഗതിയോടുകൂടെ സുറിയാനി ചരിത്രത്തിന്റെ ഒന്നാമത്തെ വല്യഭാഗം അവസാനിച്ചിരിക്കുന്നു.

വ്യ൦. അപ്പീൽവാദി സഭസംബന്ധമായ സാരമായ രിക്കാർട്ടുകൾ മറച്ചുവച്ചതുകൊണ്ടും ഉദിയംപേരൂർ സൂനഹദോസിൽവച്ച പോർത്തുഗീസുകാർ സാരമായ രിക്കോട്ടുകൾ നശിപ്പിച്ചുകളഞ്ഞതുകൊണ്ടും അപ്പീൽപ്രതി വളരെ പ്രയാസപ്പെട്ട കൊണ്ടുവന്നിട്ടുള്ള രിക്കാട്ടുകളിൽനിന്നും ൦രം കാലത്തെക്കുറിച്ചുള്ള ഒരു പുതുക്കിയ ചരിത്രം ഉണ്ടാക്കിയിരിക്കുന്നു.

വ്യവ. ഇതിനു മുമ്പെ നാം സാക്ഷിയായി പരിശോധിച്ചിരിക്കുന്ന പുസ്തകങ്ങൾ കൂടാതെ മേൽപറഞ്ഞ ചരിത്ര പുതുക്കങ്ങളാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സംഗതികളെ തെളിയിച്ചു കാണിക്കുന്ന സാരമായ ഒരു രിക്കാർട്ട നമുക്ക ഉണ്ട്. മലങ്കര എടവകയിന്മേൽ അന്തിയോഖ്യാ സിംഹാസനത്തിന്റെ മേലധികാരത്തെ സ്ഥാപിക്കുന്നതിൽ ആ രേഖയുടെ വില ൦രം ആധാരം ഉണ്ടായിവരുവാനുള്ള സംഗതികൾകൊണ്ടും ഇതിലെ ഓരൊ ഭാഗക്കാരുടെ സ്ഥിതികൊണ്ടും ആതുണ്ടാകുവാനുള്ള കാരണംകൊണ്ടും ഏറ്റവും ഉയർന്നിരിക്കുന്നു. ൦രം ആധാരം ക്രിസ്ത്യാബും ഫ്രഞ്ചുകാർ മദ്രാസ്സ ഗവർമെണ്ടുകാർ തുടങ്ങിയുടെ റസിഡെണ്ടു മുഖാന്തിരം സുറിയാനി സഭയുടെ അന്നത്തെ മെത്രാപൊലീത്തായായിരുന്ന എട്ടാമത്തെ മാർ തോമ്മായൊടു ചൊദിച്ച പതിനെഴ ചൊദ്യങ്ങൾക്കും ആകുന്നു. ൦രംരേഖയെക്കുറിച്ച ഇനിയും വിവരമായി ആലോചിപ്പാനുള്ളതുകൊണ്ട ക-ം ഖ-ം ഗ-ം ഘ-ം ങ-ം ച-ം ഛ-ം ജ-ം ഝ-ം ഞ-ം ട-ം ഠ-ം ഡ-ം ഢ-ം ണ-ം ചൊദ്യങ്ങളുടെ ഉത്തരങ്ങൾ താഴെ പ്രസ്ഥാപിക്കുംപ്രകാരം മേൽ പറഞ്ഞ ചരിത്രങ്ങളിലെ സംഗതികളെ തന്നെ സ്ഥാപിക്കുന്നു എന്നു തങ്ങൾ ഇവിടെ ചുരുക്കമായി പറയെണ്ടിയിരിക്കുന്നു.

വ്യൻ. മേൽ വിവരിച്ച സംഗതികളെ നാം വീണ്ടും നോക്കുമ്പൊൾ മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ തങ്ങളുടെ പഴെ വിശ്വാസത്തൊടു വളരെ മുറുകെ പിടിച്ചിരുന്നതിനെക്കുറിച്ചും അന്തിയോഖ്യാ പാത്രിയക്കീസിന്റെ മേലധികാരത്തിൻ കീഴ ഇരിക്കുന്നതിനു അവർ കഴിയുന്നതുപോലെ ശ്രമിച്ചതായ തങ്ങളുടെ വിശ്വസ്ഥതയെക്കുറിച്ചും, അദ്ദേഹത്തിൽനിന്നും അവിടെനിന്നു കിട്ടാത്ത പക്ഷം വെറെ കിഴക്കിന്നടുത്ത പാത്രിയക്കീസന്മാരിൽ നിന്നും തങ്ങളുടെ മേലുള്ള ആത്മിക അധികാരം ലഭിക്കുന്നതിനു അവക്കുണ്ടായിരുന്ന ഉത്സാഹത്തെക്കുറിച്ചും ൦രം കാലത്തിന്റെ ഒടുവിലത്തെ ഭാഗത്തിൽ തങ്ങളുടെ യാക്കോബായ വിശ്വാസത്തെ നിമ്നമായും അശ്രദ്ധിയാക്കാതെയും കാത്തുകൊണ്ട പൊരുന്നതിനു റൊമാപട്ടക്കാരൊടും നെസ്റ്റൊറിയരൊടും അനുഭരിക്കുന്ന രാജ്യാക്രമൊടും കൂടയും എതുത്തു നില്ക്കുന്നതിനു അവക്കുണ്ടായ ധൈര്യത്തെക്കുറിച്ചും പാപ്പാപ്പട്ടക്കാരുടെ ആധീനതയിൽനിന്നു അവർ തങ്ങൾ

ാതെ കലപാതകം ചെയ്യിരിക്കുന്ന പോർത്തുഗീസുകാരൊട്ട ഇനി ഒരു കാലത്തും ചേരരുതെന്നും റോമാ ആജ്ഞയിൽ ഉള്ള പ്രാൻസീസ മെത്രാനെ തങ്ങളുടെ മേലധികാരിയായി ഒരിക്കലും അംഗീകരിപ്പാൻ പാടുള്ളതല്ലെന്നും ഇഗ്നാത്തിയോസ പാത്രിയക്കീസ കൊടുത്ത സ്വാത്തിക്കൊൻ അനുസരിച്ച അക്കദിയാക്കോൻ തോമായെ മെത്രാനായി പ്രതിഷ്ഠിക്കണമെന്നും തങ്ങളുടെ പൂവ്വികരും തെറ്റില്ലാത്തതുമായ ഉപദേശപ്രകാരം എല്ലാവരും അനുസരിച്ച നടക്കണ്ടതാണെന്നും അവർ നിശ്ചയിച്ച "ഒരു പടിയൊല" എഴുതിയുണ്ടാക്കി "എല്ലാവരുംകൂടെ ഏകമനസ്സാലെ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട മട്ടാഞ്ചേരിൽ കുനൻ കുരിശേൽ വല്യ ആലാത്ത കെട്ടി കമ്പോളത്തിൽ ഇതപുറത്തോട്ടും നീട്ടി കൂടപ്പെട്ട ജനങ്ങൾ എല്ലാവരും ൦രം കയറുമേൽ പിടിച്ച ഏകശബ്ദത്തോടുകൂടി മേൽപ്രകാരം വാചകം പറഞ്ഞ സത്യംചെയ്യ റോമാവിശ്വാസം പിന്തുടരുന്നവരിൽനിന്നു പിരികയും ചെയ്യു" ഇത ഉണ്ടായ്തു ഫെബ്രുര- മകരം ന-ാംനു- ആയിരുന്നു. ൦രം സംഗതി സുറിയാനി സഭയുടെ ചരിത്രത്തിൽ ഒരു പ്രധാനകാലക്കണെക്കാകുന്നു. ൦രം കാലത്തു സുറിയാനിക്കാർ പുത്തൻ കൂറെന്നും പഴഞ്ചനെന്നും പേരോടുകൂടി രണ്ടു ഭാഗമായി പിരിഞ്ഞു. ആദ്യത്തെ ഭാഗക്കാർ അന്തിയോഖ്യാ പാത്രിയക്കീസിന്റെ വിശ്വാസം ആചരിച്ചുപോന്ന യാക്കോബായ സുറിയാനിക്കാരും രണ്ടാമത്തെത റോമാപാപ്പായുടെ വിശ്വാസം ആചരിച്ചുപോന്ന റോമാ സുറിയാനിക്കാരും ആയിരുന്നു.

വ്യര. മട്ടാഞ്ചേരിലെ കൂട്ടത്തിന്റെ ശേഷം പുത്തൻ കൂർ ജനങ്ങളും ആലങ്ങാട്ടപള്ളിയിൽവന്ന മാർ ഇഗ്നാത്തിയോസിന്റെ സ്വാത്തിക്കൊനെ അനുസരിച്ച ആക്കദിയാക്കോൻ തോമ്മായെ മാർ തോമ്മാമെത്രാൻ എന്ന സ്ഥാനത്തോടുകൂടി പ്രതിഷ്ഠിക്കയും ചെയ്തു. ഇത ഉദിയംപേരൂർ സൂനഹദോസ കഴിഞ്ഞ ൪൭ സംവത്സരത്തിന്റെ ശെഷമായിരുന്നു. അങ്ങിനെ പുത്തൻ കൂറുകാർ പോർത്തുഗീസിൽ നിന്നു സ്വാതന്ത്ര്യിയന്മാരായി തീർന്നു.

വ്യള. എന്നാൽ ഇതകൊണ്ടു എല്ലാം പൂർത്തിവന്നതായി സുറിയാനിക്കാർ വിചാരിച്ചില്ല. മെത്രാപോലിത്തായായിരിക്കുന്ന തങ്ങളുടെ വൈദീക തലവന്റെ സ്ഥാനം പൂർത്തിവരുത്തുന്നതിനു സാരമായിട്ടു ചിലതു പോരാതെ വന്നിട്ടുണ്ടെന്നു അവർ വിചാരിച്ചു. ഇതകൊണ്ടു സുറിയാനിക്കാക്കു യാതൊരു സമാധാനവും ആശ്വാസവും ഉണ്ടായില്ല. തന്റെ പ്രതിഷ്ഠ സാധുവല്ലാത്തതും ക്രമക്കെടായിട്ടുള്ളതും ആകുന്നു എന്ന മാർ തോമ്മാതന്നെ സമ്മതിച്ചിരിക്കുന്നു. (ഡക്കർഡെയി പുറം ൨൯൭; ഡബ്ലിയു ഡബ്ലിയു പുറം ൪൭൨ ബുക്ക ൪. പുറം ൫൭൯; ഹച്ചാർഡ പുറം ൪൯൭.) വളരെ അധ്വാനവും പ്രയാസവും കഴിച്ചതിന്റെ ശേഷം അന്തിയോഖ്യാ പാത്രിയക്കീസിന്റെ കല്പനപ്രകാരം $\frac{൧൭൩൯}{വ്യരം}$ ൽ യെരുശ്ലേമിന്റെ ൪൦-ാം പാത്രിയക്കീസായ മാർ ഗ്രീഗോറിയോസിനെ വരുത്തി അദ്ദേഹം കുനാമത്തെ മാർ തോമ്മായെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു.

തന്നെ ഒന്നായി വെർപ്പെടുത്തി ഒരുക്കൽ കൂടെ അന്തിയോഖ്യാ പാ
ത്രിയക്കീസിന്റെ കീഴെ തങ്ങളുടെ സഭയെ ഒരു നിർമ്മലമായ യാക്കോ
ബായ സഭയായി സ്ഥാപിക്കുന്നതിനു ചെയ്ത ആത്യന്തകരമായ മാ
റ്റങ്ങളെക്കുറിച്ചും നമുക്ക ആശ്ചര്യപ്പെടാതെയിരിപ്പാൻ പാടില്ലാതെ
യിരിക്കുന്നു.

൯൦. ഇങ്ങിനെ ൪൫൦ സംവത്സരത്തിലധികം കാലത്തെ
ക്ക കഠിനമായ പോരാട്ടം കഴിഞ്ഞതിന്റെ ശേഷം അവർക്ക ഒരു പു
തിയ കാലം ഉണ്ടായി. നമ്മുടെ രണ്ടാമത്തെ വലിയ ഭാഗമായ
ംരം പുതിയ കാലത്തിന്റെ തുടസ്സത്തെക്കുറിച്ച (൧൮൯൮ മുതൽ
൧൯൭൭) ഫ്വാഡ് പറയുന്നു "ജനങ്ങളുടെ ക്ഷിണിക്കപ്പെടാത്ത
പരിശ്രമങ്ങൾക്കു ൧൮൯൮ലൊ കാച്ച മുമ്പായിട്ടൊ യെരുശ്ലേമിന്റെ
പിഷോപ്പായിരുന്ന മാർ ഗ്രീഗൊറിയൊസ മലയാളത്ത വന്നതി
നാൽ പ്രതിഫലം ഉണ്ടായി. ആ ആണ്ടിൽ.....അക്കിദിയക്കൊ
ൻ തൊമ്മായെ അവരുടെ മെത്രാനായി പ്രതിഷ്ഠിക്കയും തന്റെ മര
ണംവരെ സഭാ ഭരണത്തിൽ തന്റെ നല്ല ആലോചനയാൽ സഹാ
യം ചെയ്തുകൊണ്ടിരിക്കയും ചെയ്തു.....മാർ ഗ്രീഗൊറിയോസി
ന്റെ വരവ ഉദിയംപെരൂർ സൂനഹദൊസിനു മുമ്പെ ഇവിടെന
ടപ്പായിരുന്ന നേസ്തോറിയ പള്ളിക്രമത്തിനും ആചാരത്തിനും പ
കരം യാക്കോബായ വിശ്വാസവും ആചാരക്രമവും നടപ്പാക്കിയതി
നെക്കാൾ നാട്ടസഭയിൽ ശേഷിച്ചുള്ള വരുടെ ഇടയിൽ മേല്പട്ടസ്ഥാനം
വീണ്ടും സ്ഥാപിച്ചതിനു അധികം കീർത്തിപ്പെട്ടിട്ടില്ലാത്ത മലയാള
സഭാചരിത്രത്തിന്റെ ഒരു കാലത്തെ നമുക്കു കാണിച്ചുതരുന്നു." "മല
യാളത്തിലുള്ള സഭയിൽ നെസ്തോറിയരുടെ വ്യത്യാസലക്ഷണമുള്ള
വിശ്വാസക്രമം ബലമായി സ്ഥാപിക്കപ്പെട്ട എന്നുള്ളത (പുറം ൫൯)
സംശയമായി തൊന്നുന്നു എന്നും സ്വാതന്ത്ര്യക്കാരായി തീരുന്നതി
നു നിശ്ചയിച്ചിരിക്കുന്ന ജനങ്ങളുടെ ഹൃദയത്തിലും അവരുടെ താല്പ
ര്യത്തിലും എതൃയൊ സാരമില്ലാത്ത വിധത്തിൽ അവർ ആദരിച്ചവ
രു എന്നും ംരം വിശേഷമായ ദൃഷ്ടാന്തങ്ങളാൽ വെളിവാകുന്നു" എന്നും
അയാൾ പറയുന്നു. തങ്ങൾ വളരെ താല്പര്യത്തൊടും രുങ്ങളുടെ ജന
നാവകാശം പൊലെയും പറഞ്ഞുപിടിച്ചിരുന്നതായ അന്തിയോഖ്യാ
മേലധികാരത്തിനു കീഴെ ഒരിക്കൽ കൂടെ അവർ വിമ്മിഷ്ടം കൂടാതെ
ഇരുന്നു എന്നു ഇതൊട്ടുകൂടി പറയാം. എല്ലാ സംഗതികളിൽ നിന്നും.
൧൭൪൨-ൽ പോർത്തുഗീസ അധികാരം അശേഷം തിന്നിട്ട അന്തി
യോഖ്യാ പാത്രിയക്കീസിന്റെ മെലധികാരം വീണ്ടും സ്ഥാപിച്ചു എ
ന്നും യാതൊരു സംശയവും കൂടാതെ തീർച്ചപ്പെടുത്താം.

൯൧. രണ്ടാമത്തെക്കാലം (൧൭൪൨-മുതൽ ൧൮൭൬)വരെ അതു
നു.

൧൭൪൨ാമതെ മാർ തോമ്മായെ അന്തിയോഖ്യാ പാത്രിയക്കീസി
ന്റെ കല്പനയാൽ യെരുശ്ലേമിന്റെ പാത്രിയക്കീസ ഗ്രീഗൊറിയാസു

വാഴിക്കയും ൧൭൪൩ാമതെ മാർ തോമ്മായും ഗ്രീഗൊറിയോസും കൂടെ യാ
ത്രിച്ച സമാധാനത്തോടെ സഭയെ ഭരിക്കയുംചെയ്തു. ഇങ്ങിനെ അ
ന്തിയോഖ്യാ സിംഹാസനത്തിന്റെ അധികാരത്തിൻ കീഴ ഇവിടെ
ക്രമമായ സഭാ ഭരണം തുടങ്ങിയിട്ട ംരം കാലം കൂടലായിരുന്നു. ൧൭൪൩
ത്തെ മാർ തോമ്മായുടെ അനന്തിരവനായ രണ്ടാമത്തെ മാർ തോമ്മാ
യെ പിന്നത്തെ മെത്രാപ്പോലീത്തായായി മാർ ഗ്രീഗൊറിയോസ പ്ര
തിഷ്ഠിക്കയും ംരം സംഗതിയുടെ ശേഷവും കുറെ നാളത്തേക്കു അദ്ദേ
ഹം ഇവിടത്തെ ജനങ്ങളുടെ ആത്മിക കാര്യങ്ങൾ നടത്തിക്കൊണ്ടിരി
ക്കയുംചെയ്തു. മാർ ഗ്രീഗൊറിയോസു ൧൭൯൨ മേടം ൧൪-ാംനു മരിച്ചു.
അതിനു രണ്ടുദിവസം മുമ്പു ൧൭൯൨ മേടം ൧൨-ാംനു ഒന്നാമത്തെ മാർ
തോമ്മായും മരിച്ചു. ഇപ്രകാരം രണ്ടാമത്തെ മാർ തോമ്മായുടെ പ്രതിഷ്ഠ
സംശയമെന്നിയെ മാർ ഗ്രീഗൊറിയോസിന്റെ ജീവകാലത്തും താൻ
സഭയുടെ ആത്മിക കാര്യങ്ങൾ നടത്തിയിരുന്നപ്പോഴും ആയിരുന്നു. അ
തുകൊണ്ട അ പാത്രിയക്കീസിനു തന്നെ അദ്ദേഹത്തെ പ്രതിഷ്ഠിച്ച ഏ
തിനു തങ്ങൾക്കു യാതൊരു സംശയവുമില്ല. രണ്ടാമത്തെ മാർ തോ
മ്മാ ഭരിപ്പാൻ തുടങ്ങിയ്തു ൧൭൯൨-ൽ ആയിരുന്നു. മാർ ഗ്രീഗൊറിയോ
സ മരിച്ചതു ൧൭൯൨-ൽ അല്ലെന്നും ൧൭൯൩-ൽ ആയിരുന്നു എന്നും ഇ
പ്പൂ പറയുന്നു. എങ്ങിനെയായാലും രണ്ടാമത്തെ മാർ തോമ്മാ പ്രതി
ഷ്ഠിക്കപ്പെട്ട കാലത്ത അദ്ദേഹം ജീവിച്ചിരുന്നു എന്നുള്ളത നിശ്ചയം
തന്നെ "അപ്പോസ്തൊലന്മാരിൽ നിന്നു പിന്തുടർച്ചയായുള്ള കൈ
വെപ്പിനാൽ പട്ടംകൊടുക്കുക എന്നു ഒരു സംഗതി ംരം ലോകത്തിൽ
ഉണ്ടെങ്കിൽ അത മലയാളത്തുള്ള സുറിയാനിക്കാർക്കു ഉണ്ടായിരുന്നു എ
ന്നും (പുറം ൫൯) അവരുടെ അവകാശത്തെ ഒഴിച്ചുപ്പെടുത്തുന്നതി
നായാതൊരു രിക്കാർത്തൊ പാരമ്പര്യമൊ ഇല്ല" എന്നും (പുറം ൫൩)
"അംഗ്ലിയാ സഭക്കു തങ്ങളുടെ പട്ടതപം സുറിയാനി ക്രിസ്ത്യാനികളുടെ
തിനെക്കാൾ ഉന്നതമായിട്ടൊ ശുദ്ധമായിട്ടൊ ഉള്ളത എന്ന എണ്ണു
ന്നതായി ഞാൻ വിചാരിക്കുന്നില്ല" എന്നും മറും ഡക്കർ ബൂക്കാനാ
ൻ വളരെ എതിരൊട്ട കൂടി പറഞ്ഞിരിക്കുന്ന മലയാള സുറിയാനി
ക്രിസ്ത്യാനികൾ (തങ്ങളുടെ മുമ്പിലത്തെ മെത്രാപ്പോലീത്തായെ പ്രതി
ഷ്ഠിക്കുന്നതിനുവേണ്ടി വളരെ പ്രയാസത്തോട കൂടികൊണ്ടുവന്നിരി
ക്കുന്ന) പാത്രിയക്കീസിന്റെ പ്രതിനിധിയിൽ നിന്ന പ്രത്യേകമായിട്ട
അദ്ദേഹം ഇവിടെ ഉള്ളപ്പോൾ തന്നെ കൈവെപ്പു വാങ്ങുന്നതിനു
അമാന്തിക്കയില്ലായിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

൯൨. ആയ്തുകൊണ്ടു രണ്ടാമത്തെ മാർ തോമ്മാ അന്തിയോഖ്യാ
പാത്രിയക്കീസിന്റെ അധികാരം സിദ്ധിച്ച പ്രതികർമ്മിയായ യെരു
ശലേമിന്റെ പാത്രിയക്കീസിനാൽ ക്രമമായി വാഴിക്കപ്പെട്ട എന്നുള്ള
തു തങ്ങൾ സംശയിക്കുന്നില്ല.

൯൩. രണ്ടാമത്തെ മാർതോമ്മായുടെ കാലത്ത ചില പരദേശ മെത്രാന്മാർ ഽരം രാജ്യത്തു വന്നിട്ടുണ്ട. അന്ത്യയോസ പാത്രിയക്കീസ വുടെ കല്പനപ്രകാരം വന്ന ഉടനെ തന്നെ മരിച്ചു. വുടെ മാർ ബർസേലിയോസ കാസോലിക്കായും മാർ ഇവാനിയോസ എപ്പിസ്കോപ്പായും രണ്ടു അർമ്മേനിയാ പട്ടക്കാരും മറെറ ചിലരും പരദേശത്തു നിന്നു വന്നു. ഏതു രാജ്യത്തു നിന്നാകുന്നു എന്നു ചരിത്രങ്ങൾ വെളിവായി പറയുന്നില്ല. എന്നാൽ അവർ വന്നപ്പോൾ മലങ്കരെ ഉള്ള ജനങ്ങളാൽ ഉണ്ടായ എതിരേല്പിന്റെ സംഗതികളിൽ നിന്ന അവർ അന്തിയോഖ്യായിൽ നിന്നും വന്നതായിരിക്കുന്നെന്നു ഊഹിക്കാം. മാർ ബർസേലിയോസ ഇന്ത്യായിൽ വന്ന ഏറെനാൾ ജീവിച്ചിരിക്കാതെ രണ്ടാഴ്ചവട്ടത്തിനകം മരിച്ചു. (ഹവാഡ പു: ൪൨൩; ഇട്ടപ്പ; ഡബ്ലിയൂ ഡബ്ലിയൂ; ബുക്ക ഓ പു: ൬൯൯; വെംബേ ഈപ്പൻ പു: ൪൩; ൪൭.)

൯൪. രണ്ടാമത്തെ മാർ തോമ്മാ ഒരു ഇടിവെട്ടുകൊണ്ടു വുടെ മകരം ൧൦-ാംനു പെട്ടെന്നു മരിച്ചു. (ഡബ്ലിയൂ ഡബ്ലിയൂ; പു: ൬൨൨) കുറെകാലത്തേക്ക ഈവാനിയോസ എപ്പിസ്കോപ്പാ തന്നെ സഭയുടെ കാര്യങ്ങൾ നടത്തി. അദ്ദേഹം അപ്പോൾ മൂന്നാമത്തെ മാർ തോമ്മായെ മെത്രാപോലീത്താ ആയിട്ടു വാഴിച്ചാക്കി. മൂന്നാമത്തെ മാർ തോമ്മാ തനിക്കു വാഴ്ച കിട്ടി രണ്ടാണ്ടു കഴിഞ്ഞതിന്റെ ശേഷം വുടെ ൧൫-ാംനു മരിച്ചു. (ഡബ്ലിയൂ ഡബ്ലിയൂ; ബുക്ക ഓ പു: ൬൯൯.) അപ്പോൾ മാർ ഈവാനിയോസ എപ്പിസ്കോപ്പാ മരിച്ചമെത്രാന്റെ ഒരു അനന്തിരവനെ നാലാമത്തെ മാർ തോമ്മായായി പ്രതിഷ്ഠിച്ചു. ഽരം ഈവാനിയോസ നേടിയ്ക്കോറിയക്കാരും ജസുവീത്തുകാരുമായി വളരെ കാലത്തെ അടുപ്പം കൊണ്ടു യാക്കോബായ സുറിയാനി പള്ളികളിൽ വഴക്കുണ്ടാക്കീട്ടുള്ള എടത്തൊടാചാരങ്ങളിൽ നിന്നു അവയെ വിടർത്തി എടുപ്പാനതിനു വളരെ ശ്രമിച്ചതായി പറയപ്പെടുന്നു. അദ്ദേഹം വളരെ നാൾ സഭയെ നല്ലവണ്ണം ഭരിച്ചു വുടൻ ചിങ്ങം ൧-ാംനു മരിക്കയും കുർണ്ണാടത്തിയിൽ അടക്കപ്പെടുകയും ചെയ്തു.

൯൫. നാലാമത്തെ മാർ തോമ്മായുടെ കാലത്ത ബെഗദാദിലെ ഏലിയാസ കാസോലിക്കായുടെ കല്പനപ്രകാരം വുടെ മാർ ഗബ്രിയേൽ എന്ന പേരായ ഒരു നെസ്തോറിയൻ മെത്രാപോലീത്താ മലയാളത്തു വരികയും അയാളുടെ വരവിൽ സുറിയാനി സഭയുടെ സമാധാനത്തിനും ശാന്തതയ്ക്കും ഇളക്കം ഉണ്ടാകയും ചെയ്തു. അയാളുടെ വിശ്വാസം കൊണ്ടു മെത്രാപോലീത്തായും ജനങ്ങളും അയാളെ അംഗീകരിക്കയോ അവരുടെ പള്ളിയിൽ പ്രസംഗിപ്പാൻ അനുവദിക്കയോ ചെയ്തില്ല. സുറിയാനിക്കാരിൽ ചിലർ അയാളോടു ചെരുകയും അതിനാൽ അവരിൽ ഭിന്നത ഉണ്ടാകയും ചെയ്തു. നാലാമത്തെ മാർ തോമ്മാ മാർ ഗബ്രിയേലിനോടു ആലോചിക്കാതെ അയാളുടെ സ്വന്ത അനന്തിരവനെ അഞ്ചാമത്തെ മാർതോമ്മായായി

പ്രതിഷ്ഠിച്ചു. ൫-ാമത്തെ മാർ തോമ്മാ ൧൭൩൰ മീനം ൧൭-ാംനു മരിച്ചു. (ഹവാഡ പുറം ൪൨; ഡബ്ലിയൂ ഡബ്ലിയൂ; ബുക്ക ഓ പു: ൬൯൦)

൯൬. ഇവിടെ ഇപ്പോഴത്തെ അപ്പീൽ വാദിയുടെ സ്ഥിതിയോ ഏകദേശം ശരിയായിട്ടുള്ള സ്ഥിതി കാണുന്നു. അന്തിയോഖ്യായിൽ നിന്നും ഒരു പ്രതിനിധിയായ ക്രമമായി വാഴിക്കപ്പെട്ട ഒരു മെത്രാൻ തന്റെ പിൻ വാഴ്ചക്കാരനെ പ്രതിഷ്ഠിച്ചു. ഇതിന്റെ ശേഷം എന്തുണ്ടായി എന്നു നമുക്ക ഇപ്പോൾ ആലോചിക്കാം.

൯൭. റവറണ്ട ഹവാഡ പറയുന്നു. "ഽരം അധികാരത്തെ (൫-ാമത്തെ മാർ തോമ്മായുടെ അധികാരത്തെ) സഭയിൽ അധികം ഭാഗവും ധിക്കരിച്ചു. കൊച്ചീരാജാവിന്റെ പ്രവേശനംകൊണ്ടും കടൽതീരത്തുള്ള ലന്തക്കാരുടെ ഗവർണരുടെ മുഖാന്തിരം അന്തിയോഖ്യായിലെക്ക അയച്ച ഒരു അപേക്ഷകൊണ്ടും അവരുടെ പിണക്കത്തിനു അമച്ചുയുണ്ടായി." (പുറം ൪൭) ചില ആളുകൾ മാർ തോമ്മായാൽ (൫-ാമത്തെ തോമ്മായാൽ) തനിച്ചുള്ള പ്രതിഷ്ഠ ശരിയല്ലെന്നു വാദിക്കയും അദ്ദേഹത്തെ (൫-ാമത്തെ മാർ തോമ്മായെ) കൈക്കൊള്ളാതെയിരിക്കയും ചെയ്തു എന്നു ഇട്ടപ്പ പറയുന്നു. അതുകൂടാതെ അപ്രകാരം കൊടുക്കപ്പെട്ട സ്ഥാനം വാസ്തവമല്ലെന്നും ലന്തക്കമ്പനിയാരോടു സങ്കടം ബോധിപ്പിച്ചു എന്നും പറഞ്ഞിരിക്കുന്നു. പിന്നെയും ആ ചരിത്രക്കാരൻ പറയുന്നു "൫-ാമത്തെ മാർ തോമ്മാ മെത്രാന്റെ സ്ഥാനം കൈക്കൊള്ളപ്പെടുന്നതല്ലെന്നു ബഹു ജനം കൂടി നിശ്ചയിച്ചതുകൊണ്ടും പരദേശത്തു നിന്നു സുറിയാനി മെത്രാപോലീത്തായെ വരുത്തിക്കൊടുക്കണമെന്നു ലന്തക്കമ്പനിയാരോട അപേക്ഷിച്ചതു സാധിക്കാഞ്ഞതുകൊണ്ടും അവരെ യെസക്കിയെൽ റബ്ബി എന്ന ഒരു യഹൂദക്കച്ചവടക്കാരനൊടു മുട്ടിക്കയും.....അയാൾ ബസ്സോറായിൽ നിന്ന ഈവാന്യാസ മത്രപ്രിയാനായെ വരുത്തുകയും ചെയ്തു" (പുറം ൪൩—൪൬) ഽരം ഈവാനിയോസിനു എന്തു അധികാരം ഉണ്ടായിരുന്നു എന്നും ആരിൽ നിന്നു കിട്ടി എന്നും അറിവാൻ നമുക്കു മാർഗ്ഗമില്ല. അദ്ദേഹം വന്നു ദൈവകല്പനക്കു വിരോധമായി പള്ളികളിൽ വച്ചിരുന്ന ബിംബങ്ങളെ തല്ലി ഉടച്ചു ദഹിപ്പിച്ചതിനാൽ മെത്രാപോലീത്തായും ജനങ്ങളും വിരോധം തുടങ്ങി. ഈവാനിയോസ ഽരം വിരോധങ്ങൾ ഒന്നും കൂട്ടാക്കാതെ ക്രമക്കേടായിട്ടുള്ള ആചാരങ്ങളെ മാറുവാൻ ഉത്സാഹിച്ചു. ഽരം കലഹം നടക്കുമ്പോൾ കച്ചവടത്തിനായി അന്തോനിയോസ ശെമ്മാശ്ശു എന്നു പേരുള്ള ഒരു കച്ചവടക്കാരൻ കൊച്ചിയിൽ എത്തി. ൫-ാമത്തെ മാർ തോമ്മാ അയാളുടെ വരവിനെ കുറിച്ചു കേട്ട പള്ളിക്കര പള്ളിയിൽ വരുന്നതിനായി അയാൾക്കു ആൾ അയക്കയും പരദേശത്തു നിന്നു നല്ല പഠിപ്പുള്ള ഒരു മെത്രാപ്പോലീത്തായെ വരുത്തിക്കൊടുക്കണമെന്നു അയാളോടു അപേക്ഷിക്കയും അതിലേക്കുള്ള സകല ചിലവും കൊടുത്തു കൊള്ളാമെന്നു വാഗ്ദത്തം ചെ

യും ചെയ്തു. ആ കച്ചവടക്കാരന്റെ ഉപദേശത്താൽ ഇ-ാമത്തെ മാർ തോമ്മാ അന്തിയോഖ്യാ പാത്രിയക്കീസിന്റെ പക്കൽ ഒരു എഴുത്തു എഴുതി അത അന്തിയോഖ്യായിൽ കൊണ്ടുപൊകുന്നതിനായി അയയ്ക്കുകയും ചെയ്തു. അപ്രകാരം തന്നെ ആ കച്ചവടക്കാരൻ കൊണ്ടുപൊയ പാത്രിയക്കീസിനു കൊടുക്കുകയും അദ്ദേഹം ഒരു പണ്ഡിതനും ഭക്തിമാനുമായ സക്രലാ എന്നൊരുവനെ മാർ ബെസലിയോസ് കാസ്മാലിക്കാ എന്ന പെരും സ്ഥാനവും കൊടുത്തു യേശുക്രിസ്തുവിന്റെ "മെത്രാപ്പോലീത്തായായ മാർ ഗ്രിഗോറിയോസിനൊടും കുസലിലെ മാർ ഈവാനിയൊസ എപ്പിസ്കൊപ്പായോടും മറെറ ചിലരോടും കൂടെ കുറെനാളും സൈത്തും മാർ തോമ്മാ മെത്രാനെ മലയാളത്തിന്റെ മെത്രാപ്പോലീത്തായായി പ്രതിഷ്ഠിക്കുന്നതിനു അധികാരപ്പെടുത്തിയ 'സ്ഥാനത്തിക്കൊനും കൊടുത്തയച്ചു. അവരെ എല്ലാവരും [illegible] കൊച്ചിയിൽ എത്തി. മാർ തോമ്മാ മെത്രാൻ പൊവാനാരെ എതിരേല്ക്കുവാനും അവരുടെ എതിരെല്പിനു വേണ്ടിയ ഒരുക്കങ്ങൾ കൂട്ടിയിരുന്നു കണ്ടുനാട്ടു കൊണ്ടുവരുന്നതിനുമായി ചില പട്ടക്കാരെയും അയ്മെനിക്കളെയും ഒരു എഴുത്തൊടു കൂടി അയച്ചു.

൯൫. ഇപ്പൊൾ പൊവാനാക്ക മെത്രാപ്പോലീത്തായെ ഉടനെ തന്നെ സ്ഥാനപ്പൂന്തിവരുത്തുന്നതിലെക്കു തടസ്സമായി വെണ്ട പ്രയാസങ്ങളും വിഷമങ്ങളുമുണ്ടായി. അവരെ ഇന്ത്യായിൽ കൊണ്ടുവന്ന കച്ചവടക്കാരൻ ൫,൦൦൦ ഉറുപ്പിക അവരുടെ കപ്പൽ കൂലി കൊടുക്കണമെന്നു പറകയും ഒരു വിവരം അയാൾ ലന്തക്കമ്പനിയാരോടു ബൊധിപ്പിക്കയും പണത്തിനായിട്ടു അവർ പൊവാനാരെ തടുക്കുകയും ചെയ്തു. ഒരു സംഗതി മാർ തോമ്മാ മെത്രാൻ കേട്ടപ്പൊൾ അദ്ദേഹം കച്ചവടക്കാരനെ സമ്മതിപ്പിക്കുന്നതിലേക്കു എന്തെങ്കിലും ചെയ്യുവാൻ കഴിയുന്നതിനു മുമ്പായി ഒരു സിവിൽ അന്യായം കൊടുത്തു അദ്ദേഹത്തെ പിടിക്കുന്നതിനായി ആളുകളെ അയച്ചു. (ഡച്ചുസ്യ സ്യ പുറം; ൫൫ മ). അദ്ദേഹം കൊച്ചിക്കു പോകാതെ ഇതിനെക്കൊണ്ടു പിടികിട്ടാതെയിരിക്കുന്നതിനുള്ള വഴികൾ അന്വേഷിക്കുകയും ചെയ്തു. അതിന്റെ ശേഷം വളരെ കഠോരമായ സംഗതികൾ ഉണ്ടായി. അവയൊന്നും ഇവിടെ വിവരിച്ചിട്ടു ആവശ്യമില്ല. പിന്നെ പരദേശമേല്പട്ടക്കാരായ ഗ്രിഗോറിയോസ മെത്രാപ്പോലീത്തായും മെത്രാനും തമ്മിൽ കാണുന്നതിനു വേണ്ട യത്നങ്ങൾ ചെയ്തു. ഇതിനിടയിൽ മാവേലിക്കരെവച്ചു മഹാരാജാവു മാർ തോമ്മാ തമ്പുരാനെ വരുത്തി കപ്പക്കുരുവിയെ പറഞ്ഞു ലന്ത കമ്മട്ടർ ചൊദിച്ചതിനു സമാധാനം പറഞ്ഞുകൊടുക്കുന്നതിലേക്കു കൊച്ചിക്കു പോകുവാനായി കല്പിച്ചു. മാർ തോമ്മാ മെത്രാൻ ഉടനെ തന്നെ കൊച്ചിക്കു പോകയും അവിടെ ചെന്നതിന്റെ ശേഷം കപ്പൽ കൂലി ൫,൦൦൦ ഉറുപ്പിക കൊടുത്തിട്ടുള്ളതിൽ കപ്പൽ കയറി അയക്കാമെന്നു പറഞ്ഞ അവരെ സമ്മതിപ്പിക്കുകയും ചെയ്തു. ഒരു ഇടപാടു തീർക്കുവാൻ പോ

ന്നുണ്ടിട്ടും അതു ദുഷ്ടജനത്താൽ ഭയപ്പെട്ടിട്ടും എങ്ങിനെ എങ്കിലും തന്റെ പിൻവാങ്ങുക്കാരനെ പ്രതിഷ്ഠിക്കുവാൻ നിശ്ചയിച്ച സന്നദ്ധൻ വാഴിക്കയും ചെയ്തു. ഉടനെ പള്ളിക്കാര തന്നെ പണം വീതിച്ചെടുത്തു തമ്മിലോരിന്റെ കടം വീട്ടി. അപ്പോൾ മെത്രാൻ പൊകുന്നതിനായി അനുവദിച്ചു. അദ്ദേഹം പുത്തൻകാവിൽ വന്നു അവിടെവച്ചു പൊവാനാരുമായി കാണുകയും അവർ തങ്ങളിൽ ഒരു കൂടിക്കാഴ്ചയുണ്ടാകുന്നതിനായി നിശ്ചയിക്കയും ചെയ്തു. എന്നാൽ അവർതമ്മിൽ യൊജിച്ചില്ല. അതിനുണ്ടായ പ്രയാസം പ്രത്യക്ഷമായിട്ടു ഒരു മേല്പുക്കാരെ വരുത്തുന്നതിനുള്ള അധികചിലവു കൊണ്ടായിതന്നെ.

൯൬. ഒരു ഭിന്നഭയിൽ ഡച്ചുവിനു പ്രമാണം ഇ-ാമത്തെ മാർ തോമ്മാ അന്തിയോഖ്യാ പാത്രിയക്കീസിനാൽ എഴുതപ്പെട്ടതായിക്കാണുന്നു, ഇതിന്റെ തീയ്യതി ക്രിസ്താബ്ദം [illegible] ചിങ്ങം ൨൫-ാംനു അതു പാത്രിയക്കീസ ഒരു കല്പനയിൽ തോമ്മാ പ്രതിനിധികളെ അനുസരിക്കാതെ ഇതുനുമുമ്പുള്ള ക്രമക്കെടിനെയും തന്നെ മെത്രാനായിട്ട അസ്ഥാനത്തിൽ തന്റെ മുമ്പ ഇതുനായാം വാഴ്ചയിലുള്ള പുത്തിക്കേടിനെയും കാണിച്ചതിന്റെ ശേഷം ഇപ്രകാരം പറവാൻ തുടങ്ങി. "അന്തിയോഖ്യായിൽ പത്രൊസിന്റെ ശ്ലീഹായുടെ സിംഹാസനത്തിന്റെ മേലധികാരത്തിനു നമ്മുടെ ബലഹീനതയെ അധികാരപ്പെടുത്തിയ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയായി പരിശുദ്ധാത്മാവുമുലം നമുക്കു നല്കപ്പെട്ടിരിക്കുന്ന അധികാരത്താൽ നാം ഇപ്പൊൾ നിന്നൊടു കല്പിക്കുന്നു. നീ അന്തിയൊഖ്യായുടെ ശ്ലീഹായുടെ സിംഹാസനത്തിന്റെ മേലധികാരത്തെ അംഗീകരിക്കണമെന്നും നീ എല്ലാകല്പനകളെയും അനുസരിക്കണമെന്നും നിങ്ങളുടെ ഇടയിലുള്ള സകല അന്യമര്യാദകളും ആചാരങ്ങളും നീക്കിക്കളയണമെന്നും ആ അധികാരത്താൽ നിന്നൊടു ഞാൻ കല്പിക്കുന്നു.....കണ്ടാലും നിങ്ങളുടെ ഇടയിൽ ഇരിക്കുന്ന സഹോദരന്മാരായ ബഹുമാനപ്പെട്ട മാർ ബെസലിയോസിനെയും മാർ ഗ്രിഗോറിയോസിനെയും അവർനിന്നൊടു കല്പിക്കുന്നതോ ഉണർത്തിക്കുന്നതോ ആയ സകലത്തെയും നീ അനുസരിക്കണം. എന്തുകൊണ്ടെന്നാൽ നമുക്കു നല്കപ്പെട്ടിരിക്കുന്ന വചനത്തെ നാം അവരുടെ വായിൽ വച്ചിരിക്കുന്നു.....നീ അനുസരണയുള്ളവനായി തിന്മ മേൽപറഞ്ഞ ബഹുമാനപ്പെട്ട പിതാവിൽ ചെന്ന നിന്റെ എപ്പിസ്കൊപ്പാസ്ഥാനത്തെ സ്ഥിരപ്പെടുത്തിക്കയും നിങ്ങൾ അന്യോന്യ യൊജ്യതയൊടും സ്നേഹത്തൊടും ഇരിക്കയും വെണം....." പാത്രിയക്കീസ ഒരു വിശേഷമായ പ്രമാണത്തിൽ അഞ്ഞാമത്തെ തോമ്മായുടെ പ്രതിഷ്ഠ തിരെ ബലമില്ലാത്തതും പട്ടത്തിനു വിരോധമായിട്ടുള്ളതും ആണെന്നു പരസ്യമായി അറിയിക്കുന്നു. ക്രമമായ കൈവെപ്പു കൂടാതെ തോമ്മാ വഹിച്ചിരിക്കുന്ന സ്ഥാനത്തെ അതിൽ കൂറെ വിധിച്ചിരിക്കുന്നു.

൯൭. ഒരു കല്പനയിലൂടെ ഉടനെതന്നെ അഗ്രഹിക്കപ്പെട്ട വലിയതായി. ഇ-ാമത്തെ തോമ്മാ തന്റെ വാഴ്ചയുടെ ആരംഭത്തിൽ

ഈ പാത്രിയക്കീസിന്റെ പ്രതിനിധികളുടെ കൈവെപ്പുകൊണ്ട് പൂർത്തിയാക്കപ്പെടണമെന്നുള്ള മനോവിശ്വാസത്തോടെയും തന്റെ മനസ്സാലെയും പോവാനാക്കി കിട്ടിട്ട. ജനങ്ങൾ തങ്ങളുടെ മെത്രാൻ ആയി വഴിക്കപ്പെട്ട മെത്രാനല്ലെന്നു കൂടുതലായോടെ അറികയും വിശ്വസിക്കയും ചെയ്തു. ൧൯ കീഴ്വഴക്കത്തിൽ നിന്നുണ്ടായ അപ്പീൽ വാദിയാൽ തന്നെ ഹാജരാക്കപ്പെട്ട ൨൭-ാം പ്രമാണം ആയിരുന്നു. ൧൯ പ്രമാണത്തിൻപ്രകാരം പാത്രിയക്കീസിന്റെ പ്രതിനിധിയായിരുന്ന ബസേലിയോസ കസ്പോലിക്കാ മെത്രാന്റെ സ്ഥാനത്തെ അംഗീകരിക്കയും അയാളുടെ നടത്തയ്ക്കായിട്ട കല്പനകൾ കൊടുക്കയും ചെയ്തു. ആ പ്രമാണത്തിലെ നിശ്ചയങ്ങൾ മലങ്കര മെത്രാപോലീത്തായുടെ മേൽ പാത്രിയക്കീസിന്റെ പ്രതിനിധികൾക്കുള്ള ഉന്നതസ്ഥാനത്തെ വെളിവായി കാണിക്കുന്നു. മാർ ഗ്രീഗോറിയോസും മാർ ഈവാനിയോസും ൧൯ ആധാരത്തിൽ സാക്ഷികളായിരുന്നു. യാതൊരുകാരണത്താലും തന്റെ അധികാരത്തെയൊ സ്ഥാനത്തെയൊ അത്രകുറക്കപ്പെടാതെയിരിപ്പാനൊ തന്റെ അവകാശത്തെ പൂർണ്ണതപ്പെടുത്തുവാനൊ ആയിട്ട മറെറാരാളിൽ നിന്നുള്ള ഒരു ഉടമ്പടിയെ കൈക്കൊള്ളുന്ന ഒരു കക്ഷി ആ ഉടമ്പടി കൊടുത്ത ആളിനു നിശ്ചയമായിട്ട കീഴ്പ്പെട്ടിരിക്കുന്നു എന്ന അപ്പീൽ പ്രതിയുടെ വക്കീൽ മേസ്സർ രാമനാഥരായർ വെടിപ്പായി പറഞ്ഞിരിക്കുന്നു. ഒരു പൂർണ്ണമായ മെത്രാപോലീത്തായാകുന്നതിനു ൪-ാമത്തെ തോമ്മായ്ക്കു ബസേലിയോസിന്റെ സമ്മതം വേണ്ടിയിരുന്നു എന്ന ഉടമ്പടിയാൽ കാണപ്പെടുന്നു.

൨൦൯. പാത്രിയക്കീസ അവകാശപ്പെട്ടിരിക്കുന്ന വൈദീക അധികാരത്തെ മാർ തോമ്മായും ജനങ്ങളും എതുത്തുനിന്ന ഇല്ലായ്മ ചെയ്യുതായി അപ്പീൽ വാദിയുടെ വക്കീൽ മെസ്സർ ഗോവർ വാദിച്ചു. മാർ തോമ്മായുടെ മുമ്പിലിരുന്ന ആളാൽ തനിക്കു കിട്ടിട്ടുള്ള വാഴ്ച അശേഷം പൂർണ്ണമല്ലെന്നു താനും തന്റെ ജനങ്ങളും ആദ്യംതന്നെ അറിഞ്ഞു അന്തിയോഖ്യായിൽനിന്നും അധികാരം സിദ്ധിച്ച ഒരു മേല്പട്ടക്കാരനാൽ അതു പൂർണ്ണമാക്കുന്നതിനായി കഴിയുംവണ്ണം ശ്രമിച്ചു എന്നു മേൽവിവരിച്ച സംഗതികളാൽ പ്രത്യക്ഷപ്പെടുന്നു. മാർ ബാസേലിയോസിന്റെയും മറെറ ചിലരുടെയും വരവിനാൽ അവരുടെ പ്രയത്നങ്ങൾ മിക്കവാറും ഫലിച്ചപ്പോൾ വീണ്ടും പ്രയാസങ്ങളും കഷ്ടപ്പാടുകളും ഉണ്ടാകയും അതു പാത്രിയക്കീസുകൽ ഒരുപേക്ഷ ചെയ്യുതീരുമാനപ്പെടുത്തേണ്ടിയും വന്നു. ഒടുവിൽ മാർ തോമ്മാ വളരെ കാലം ആഗ്രഹിച്ചിരുന്നപ്രകാരം പാത്രിയക്കീസിന്റെ മേലധികാരത്തിനു കീഴ്പ്പെട്ട. ഇത എതുക്കയായിരുന്നുവോ ? ഇതു അവരുടെ സഭാഭരണത്തിനു ഒരാത്മീക ജീവിതം കൊടുക്കുന്നതിനു പ്രത്യേകം ആവശ്യപ്പെട്ടതെന്നു അവർ പൂർണ്ണമായി വിശ്വസിച്ചതിനെ കിട്ടുന്നതിനുള്ള ഒരു വലിയ വ്യാപാരമായിരുന്നു. അന്തിയോഖ്യായുടെ മേലധികാരത്തെ ൧൯ സംഗതിയിൽ ഉള്ളതുപോലെ നന്നായിട്ടു സ്ഥാപിക്കുവാനോ മലങ്കരയ്ക്കു

ഈ ജനങ്ങളുടെ മനോവിചാരത്തെ ഇതുപോലെ ദൃഷ്ടാന്തപ്പെടുത്തുവാനൊ പാടില്ലായിരുന്നു എന്നു ഞങ്ങൾക്കു തോന്നുന്നു.

൨൦൨. ൫-ാമത്തെ മാർ തോമ്മാ തന്റെ പട്ടം ഇപ്രകാരം പൂർത്തപ്പെടുത്തിയതിന്റെ ശേഷം നിരണത്തു വച്ച ൧൯൦ മെടം ൨൩-ാം-യും മാർ ബാസേലിയോസ ഏഴാമൻ തുലാം ൯-ാം-യും മരിച്ചു.

൨൦൩. ൬-ാമത്തെ മാർ തോമ്മായുടെ ഭരണത്തെ കുറിച്ചു പറയുന്നതിനു മുമ്പ ഡബ്ലിയും ൨൭-ം പ്രമാണങ്ങളാൽ കാണിക്കപ്പെട്ടിട്ടുള്ള ഒരു വിശേഷമായ സംഗതിയെക്കുറിച്ചു ഞങ്ങൾക്കു വിചാരിപ്പാനുണ്ട. അവ ആത്മീക വിഷയങ്ങളെ മാത്രം സംബന്ധിച്ചിരുന്നു എന്ന സംഗതി ഞങ്ങൾക്കു മറച്ചു വെക്കുവാൻ പാടില്ല. പാത്രിയക്കീസിന്റെയും തന്റെ പ്രതിനിധികളുടെയും കല്പനകളിൽ സഭയുടെ ലൌകീക തലവനായി മെത്രാപോലീത്താ ചെയ്യേണ്ടതിനെ മാത്രം കാണിച്ചിരിക്കുന്നു. മുതലിനെ സംബന്ധിച്ചെടത്തോളം സഭയുടെ ഭരണത്തെക്കുറിച്ചു അവയിൽ ഒന്നും കാണിച്ചിട്ടില്ല. ഇത സാരമായിട്ടുള്ളതാകുന്നു. ഞങ്ങളുടെ അഭിപ്രായപ്രകാരം പാത്രിയക്കീസിന്റെ മേലധികാരം ആത്മീക വിഷയങ്ങളിൽ മാത്രം അടങ്ങിയിരിക്കുന്നതായി തോന്നുന്നു. എങ്ങിനെയായാലും ൧൯ സംഗതിയിൽ അപ്രകാരംതന്നെ തോന്നുന്നു. അതിനു വിപരീതമായിട്ട ഇതുവരെ ഒന്നും ഞങ്ങൾ കണ്ടിട്ടില്ല.

൨൦൪. ൫-ാമത്തെ മാർ തോമ്മാ കഴിഞ്ഞതിന്റെ ശേഷമുള്ള മെത്രാന്റെ വാഴ്ചയെക്കുറിച്ചു പറയാം. ൬-ാമത്തെ മാർ തോമ്മാ പൌരോഹിത്യത്തിൽ തന്നോടുകൂടി മലങ്കരയുടെ മെത്രാപോലീത്തായായി ൧൯൫ മിഥുനം ൨൯-ാം നിരണത്തുവച്ചു പ്രതിഷ്ഠിക്കപ്പെട്ട. അവർ അദ്ദേഹത്തിനു അന്തിയോഖ്യായിൽനിന്നു കൊണ്ടുവന്നിട്ടുള്ള വടിയും കുടിയും സ്ലീബായും സ്കാത്തിക്കോനും മുറോനും കൊടുത്തു. ഏതു പ്രമാണം കൊണ്ടു സ്കാത്തിക്കോൻ ആകുന്നു. കുറെക്കാലത്തേക്കു എല്ലാം ശാന്തതയോടും സമാധാനത്തോടും പോയി. അദ്ദേഹത്തിനെ സാധാരണയായി വല്യ മാർ ദീവന്ന്യാസ്യോസ എന്നു വിളിച്ചുവരുന്നു.

൨൦൫. അദ്ദേഹത്തിന്റെ ഭരണത്തിൽ വളരെ സംഭവങ്ങൾ ഉണ്ടായിരുന്നു. ഒരു വഞ്ചകനായിരുന്ന കാട്ടുമങ്ങാട്ടു റമ്പാൻ വൃദ്ധനും രോഗിയുമായിരുന്ന ഗ്രീഗോറിയോസിനെ ചികിത്സിക്കുവാൻ എന്ന നടിച്ചുകൂടി മുത്തുരുത്തിയിൽ കൊണ്ടുപോകുന്നതിനു മാർ ദീവന്ന്യാസ്യോസിന്റെ അനുവാദം വാങ്ങി. ഗ്രീഗോറിയോസിനെ മാർ ദീവന്ന്യാസ്യോസിന്റെ അധികാരത്തിൽനിന്നു കിട്ടിയതിന്റെ ശേഷം അയാളെ മെത്രാനായി വാഴിക്കുന്നതിനു അദ്ദേഹത്തെ പറഞ്ഞുസമ്മതിപ്പിച്ചു. മാർ ദീവന്ന്യാസ്യോസിന്റെ മേൽ ഒരു കേടുണ്ടായിരുന്ന ഗ്രീഗോറിയോസ അപ്രകാരം ചെയ്യുന്നതിനു വ

ളുടെ സന്തോഷിച്ച അയാളെ (റമ്പാനെ) മാർ കൂറിലോസ എന്ന സ്ഥാനപ്പേരോടു കൂടി കൊല്ലം൯൪൫ മെത്രാനായി പ്രതിഷ്ഠിച്ചു.

൧൦൩. അപ്പോൾ ദിവന്നാസ്യോസും കൂറിലോസും തമ്മിൽ തർക്കമുണ്ടായി. അതിന്റെ ഒരു വിവരണം ഇവിടെ സംഗതിയിൽ അധികപ്പെടുന്നില്ല. അനേക പ്രയാസങ്ങളുടെ ശേഷം ലന്തക്കുമദ്ദാറിന്റെ പഞ്ചായത്തിപ്പിനാൽ തക്കം മാർ ദിവന്നാസ്യോസിനു അനുകൂലമായി തീരപ്പെട്ടു. മാർ കൂറിലോസ വടക്കെ രാജ്യത്തേക്കു ഒളിച്ചോടി മലബാറിലെ ഒരു ജന്മിയുടെ സഹായംകൊണ്ടു പള്ളിക്കായി ഒരു സ്ഥലം ഉണ്ടാക്കി തൊഴിയൂരു ഒരു പള്ളി പണിയിച്ചു.

൧൦൪. ഇപ്രകാരം തൊഴിയൂരു വെറെ ഒരു പള്ളിയുണ്ടായി. അതു ഞങ്ങൾ പിന്നാലെ പ്രസ്ഥാപിക്കുന്ന പ്രകാരം തിരുവിതാംകൂറിലുള്ള സുറിയാനി സഭയുടെ ചരിത്രത്തിന്റെ ഒരു പ്രധാനഭാഗമായി തീർന്നു.

൧൦൫. ഫാദർ മാർ ഇവാനിയോസ എപ്പിസ്കോപ്പാ കായുടെ കൂട്ടുകാരൻ പീലിപ്പോസ കത്തനാരെയും മെത്രാപൊലീത്തായുടെ അനന്തിരവൻ മാത്തൻ കത്തനാരെയും റമ്പാന്മാരായി വാഴിച്ചാക്കി കൊണ്ടാണ് കഴിഞ്ഞതിന്റെ ശേഷം ചെങ്ങന്നൂർ വച്ചു മറിക്കയും ചെയ്തു. പിന്നീട മെടം ൨൪-൦൯- മാർ ദിവന്നാസ്യോസ് (നമുപറഞ്ഞ) മാത്തൻ റമ്പാനെ എപ്പിസ്കോപ്പായായി നിശ്ചയിച്ചു തന്റെ തിരഞ്ഞെടുക്കപ്പെട്ട പിൻവാങ്ങുക്കാരനാക്കി. (ഡബ്ലിയു ഡബ്ലിയു പി. മെർ)

൧൦൬. ഇതിനിടയിൽ അന്നു ഭരിച്ചിരുന്ന രാജാവിന്റെയും ജനങ്ങളുടെയും വളരെ സ്വാധീനതയുണ്ടായിരുന്ന ദിവന്നാസ്യോസ സുറിയുടെ മുതലായുള്ളവരെ ഒരു രഹസ്യകരമായ നീതിയിൽ വയ്യുന്നതിനു വളരെ ശ്രമവയ്യുകയും അതിലെക്ക ൨൦൦൦ പൂവരാഹൻ ദാനം കൊടുക്കയും മിക്കവാറും തന്റെ സ്വന്ത ചിലവിന്മേൽ പുത്തങ്കാവിൽ ഒരു പള്ളി പണിയിക്കയും ചെയ്തു.

൧൦൭. ഈ വ്യവഹാരത്തിന്റെ വിചാരണയിൽ ൩൦൦൦ പൂവരാഹൻ ദാനം കൊടുത്തതിനെ കുറിച്ചു കുറെ തർക്കമുണ്ടായിരുന്നു. ൩-ാം പുസ്തകത്തിന്റെ ൧൩-ാം പുറത്ത (ഡബ്ലിയു ഡബ്ലിയു) കാണുന്നതിനെ വിശ്വസിച്ച അതു മഠാസ്സ ഗവർമെന്റിനാൽ കൊടുക്കപ്പെട്ടതാണെന്നു മെസ്സർ. ഗോവർ വാദിച്ചു. അതിനു ൨൨൩-ാം പുറത്തു ൩. അനുപ്രമാണത്തിന്റെ ൨-ാം ഭാഗം കാണിച്ചു ഉത്തരം പറഞ്ഞു. എൻ. എൻ പ്രമാണവും ഡബ്ലിയു ഡബ്ലിയു പ്രമാണവും (ബുക്ക ൨ പു: ൧൨൭) ഉം മാർ ദിവന്നാസ്യോസിന്റെതാണെന്നു വെളിവായി കാണിക്കുന്നു. വിസ്താരത്തിൽ ആ വെളിവായ അടിസ്ഥാനത്തിന്മേൽ അപ്പീൽവാദിയുടെ വ്യവഹാരത്തിന്റെ പ്രസംഗത്തിൽ അവസാനംവരെ വാദിച്ചു. ഡാക്കർ ഡെയിയുടെ പുസ്തകം ൨൫-ാം പുറം ൨൦-ാമതിനെക്കുറിച്ചു എറെയും വെളിവായി കാണിക്കയും. അതു ദിവന്നാസ്യോസി

ന്റെതാണെന്നു പറകയും ചെയ്യുന്നു. ആ ദാനം മാർ ദിവന്നാസ്യോസിനാൽ ചെയ്യപ്പെട്ട എന്നതിനു ഞങ്ങൾക്കു യാതൊരു സംശയവുമില്ല.

൧൦൮. ൧൯-ാം കാലത്തെ ഒരു ഇംഗ്ലീഷ മിഷനറി ആയിരുന്ന ഡാക്കർ ബുക്കാനാൻ ഇന്ത്യായുടെ ഗവർണർ ജെനറാൽ ആയിരുന്ന മാർക്വിസ വെല്ലസ്ലിയിൽ നിന്നു തന്റെ വചനപ്രകാരം "ക്രിസ്ത്യാനിമാശ്ശിന്റെ സ്നേഹിതനായിരുന്ന" ടിപ്പു സുൽത്താന്റെ മക്കോളിസായ്പിന്റെ പേക്ഷ ഒരു പരിചയ കത്തോടുകൂടി തിരുവിതാംകൂറിൽ വന്നു.

൧൦൯. പോർത്തുഗീസുകാരും സുറിയാനി ക്രിസ്ത്യാനികളും തമ്മിൽ ഉണ്ടായതായി അയാൾ എടുത്തു പറയുന്ന സംഭാഷണം വളരെ അത്ഭുതകരമായിട്ടുള്ളതും അക്കാലത്തെ ജനങ്ങളുടെ മനസ്സിൽ അന്നിയോഖ്യാ മേലധികാരത്തെ കുറിച്ചുള്ള ചെലമായ അഭിപ്രായത്തെ കാണിക്കുന്നതും ആകുന്നു. അതു ഇപ്രകാരമാകുന്നു "൧൬ പള്ളികൾ പാപ്പായിക്കുള്ളതാകുന്നു" എന്നു പോർത്തുഗീസുകാർ പറഞ്ഞു. "പാപ്പാ ആരാകുന്നു? ഞങ്ങൾ അയാളെ കുറിച്ചു കേട്ടിട്ടില്ലാ. പടിഞ്ഞാറുനിന്നു വന്നിട്ടുള്ള നിങ്ങൾ എന്തു വിശ്വസക്കാരായിരുന്നാലും ഞങ്ങൾ സത്യവിശ്വാസത്തോടുകൂടിയുള്ളവരാകുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങൾ ക്രിസ്തുവിന്റെ ശിഷ്യന്മാർ ആദ്യം ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ട സ്ഥലത്തുനിന്നു വന്നിട്ടുള്ള വരാകുന്നു" എന്നു നാട്ടുകാർ പറഞ്ഞു. ആ സ്ഥലം അന്തിയോഖ്യാ ആകുന്നു എന്ന എല്ലാ ക്രിസ്ത്യാനികളും വേദപുസ്തകം വായിക്കുന്നവരും അറിയേണ്ടതാകുന്നു. സാക്ഷാൽ അവർ അന്തിയോഖ്യായിൽ നിന്നു വന്നിട്ടുള്ള വരാകുന്നു. എന്തെന്നാൽ ആ രാജ്യത്തു കുടിപാർപ്പാനായി വളരെ സുറിയാനി കുടുംബക്കാരെ ക്രിസ്താബ്ദം ൫൪൭-ൽ സ്ഥായിതൊമ്മാ കൊണ്ടുവന്നു എന്നു ചരിത്രം പറയുന്നു.

൧൧൦. ഡാക്കർ ബുക്കാനാൻ മഹാരാജാവുമായിട്ടു തിരുവനന്തപുരത്തുവച്ചും റസിഡെണ്ടുമായിട്ടു പോഞ്ഞിക്കരെവച്ചും സുറിയാനിമെത്രാപോലീത്താ മാർ ദിവന്നാസിയോസുമായിട്ടു കണ്ടനാട്ടുവച്ചും കൂടികാഴ്ചയുണ്ടായി. അയാൾ ൧൬ രാജ്യത്തുക്കൂടെ സഞ്ചരിച്ച പള്ളികളിൽ പോയും ചിലടത്ത വിശുദ്ധകർമ്മങ്ങളിൽ സംബന്ധിക്കയും ചെയ്തു. അയാൾ സുറിയാനി സഭയുടെ എല്ലാ സംഗതികളെയും അവരുടെ പരമാർത്ഥമുള്ള ഉപദേശങ്ങളെയും കുറിച്ചു വിചാരിച്ചിട്ടു സുറിയാനിസഭയും അംഗ്ലീയാസഭയും തമ്മിൽ ഒരു ഐക്യത ഉണ്ടാക്കുന്നതിനെ ആലോചിച്ചു. അയാൾ ൧൬ മനോഭാവത്തെ റസിഡെണ്ടിനെ തിരിച്ചറിയിക്കയും അദ്ദേഹം അതിൽ വളരെ സന്തോഷിക്കയും ചെയ്തു. അതിന്റെ ശേഷം അയാൾ ആ സംഗതിയെകുറിച്ചു മെത്രാപോലീത്തായോടു പറഞ്ഞു. അപ്പോൾ മെത്രാപോലീത്താ "അപ്രകാരമുള്ള ഒരു ഐക്യതയും നാം കഴിയുന്നത ഒക്കയും ചെയ്യാം. എന്നാൽ നമ്മുടെ സഭയുടെ

ഗ്രന്ഥകർത്തൃത്വത്തെയും വലിപ്പത്തെയും സംബന്ധിച്ച ഒരു യോജിപ്പുണ്ടാകുന്നതിനു എന്നെ വിളിക്കാതെ ഇരുന്നാൽ മാത്രം മതി എന്നുപറഞ്ഞു. (പുറം ൫൦.) ൦൫൦ ഉത്തരം ജനങ്ങൾക്കു തങ്ങളുടെ പഴയ യാക്കോബായ വിശ്വാസത്തോടു ചേർന്നിരിക്കണമെന്നുള്ള ആഗ്രഹം ഉണ്ടായിരുന്നു എന്നു അധികമായി കാണിക്കുന്നു. ഡാക്കർ ബുക്കാനാൻ മറ്റനേക കാര്യങ്ങളെ പറ്റി ഉപദേശിക്കയും മെത്രാപ്പോലീത്താ അവയെ സ്വീകരിക്കയും ചെയ്തു. സുറിയാനിക്കാരുടെ ഉപദേശങ്ങളെ അധികമായി ഭേദപ്പെടുത്താത്ത വിധത്തിൽ ഒരു ഐക്യത ഉണ്ടാകുന്നതിനു മെത്രാപ്പോലീത്താ സമ്മതിച്ച അദ്ദേഹത്തിൽ നിന്ന ഒരു പടിയോല കിട്ടുന്നതുവരെ ഡാക്കർ ബുക്കാനാൻ തിരുവിതാംകൂറിൽനിന്നു പോയില്ല എന്ന ഇട്ടപ്പ പറയുന്നു. അത അപ്രകാരത്തെ ആകുന്നുവൊ അല്ലയെ എന്ന അറിയുന്നതിനു നമുക്കു വേറെ ഒരു മാർഗ്ഗവുംഇല്ല.

൧൮൯. ൧൨൩൨ൽ പരദേശത്തു നിന്ന ഒരു ദിയസ്കോറൊസ് ബാവാ മലയാളത്തു വന്നു. അദ്ദേഹം വന്നതിന്റെ ശേഷം പള്ളികളിൽ സഞ്ചരിച്ചു യാതൊരു അനുവാദവും കൂടാതെ തന്റെ ഇഷ്ടപ്രകാരം പള്ളിവക മുതലിനെ കൈകാര്യംചെയ്വാൻ ശ്രമിക്കയും മെത്രാപ്പോലീത്താ അതിനെ ന്യായമായിതടസ്സംചെയ്കയാൽ അദ്ദേഹത്തെ കയറിആയക്കയും ചെയ്തു. ഇതസംബന്ധിച്ചു മുതൽസംബന്ധമായകാര്യങ്ങളിൽ ബാവന്മാരുടെ പ്രവേശനത്തിനു മെത്രാനും ജനങ്ങളും തടസ്സം ചെയ്തതിന്റെ മറ്റൊരു ദൃഷ്ടാന്തമാകുന്നു.

൧൮൫. വലിയ മാർ ദീവന്നാസ്യോസ് ൧൮൫൫- നിരണത്തുവച്ചു കാലംചെയ്കയും ഉടനെ മാർ തോമ്മാ അദ്ദേഹത്തിന്റെ പിൻ വാഴ്ക്കാനാകയും ചെയ്തു. ൦൫൦ തോമ്മാ ഏറെനാൾ ജീവിച്ചിരുന്നില്ല. തനിക്കു ദീനമായിരുന്നപ്പോൾ താൻ സ്ഥിരമായിരുന്നസ്ഥലത്തു ജനങ്ങൾവന്നകൂടി. തൻപിൻ വാഴ്ക്കുവാനെ നിയമിക്കുന്നതിനെക്കുറിച്ചു ആലോചിച്ചു. ദീനംകൂടെ അപ്രകാരത്തെ നടപ്പിതിയില്ലെന്ന അവർ വിചാരിച്ച തല്ക്കാലത്തേക്കു ഒരു നാഥനെ തിരഞ്ഞെടുക്കണമെന്നുറച്ചു. അവർ ഏകമനസ്സോടെ അല്ലെങ്കിലും തോമ്മാകത്തനാരെവരുത്തി പ്രതിഷ്ഠിക്കണമെന്നും ആപ്രകാരം പിന്നീട അന്തിയോഖ്യായിൽനിന്നു ഒരു ബാവായെ വരുത്തിച്ചു പൂർത്തിയാക്കണമെന്നും ആലോചിച്ചുറച്ചു. എന്നാൽ അവിടെ കൂടിയിരുന്നവരിൽ ചിലർ ൦൫൦ നിശ്ചയത്തോടു ചേർന്നില്ല. ൦൫൦ ചോദ്യംകേടിനെ കൂട്ടാക്കാതെ ആ കത്തനാരുടെ ഭാഗക്കാർ അദ്ദേഹത്തെ വാഴിച്ചു മരിക്കാറായികിടക്കുന്ന മെത്രാപ്പോലീത്തായുടെ അരികെ കൊണ്ടുവന്ന അദ്ദേഹത്തിന്റെ കൈ എടുത്ത കത്തനാരുടെ തലയിൽ വയ്പ്പിയും അയാൾക്കു മാർ തോമ്മാ എപ്പിസ്കോപ്പായെന്നു പേരിടുകയും ചെയ്തു. പറഞ്ഞിവസം ൧-ാമത്തെ മാർ തോമ്മാമരിച്ചു.

൧൮൭. അതിന്റെ ശേഷം കത്തനാരുടെ ഭാഗക്കാർ റസിഡെണ്ട കണ്ണൽ മക്കൊളി സായ്പിനെ ചെന്നുകണ്ടു വസ്തുത ബോധിപ്പിച്ചു. താൻ പള്ളിക്കാരെ കണ്ടനാട്ടു വരുത്തി മേത്രാന്റെ പേക്കു ഒരു പടിയോല എഴുതിച്ചു. ഇത ൧൫൭൨ ചിങ്ങം ൧-ാംനു ആയിരുന്നു (ഡബ്ലിയു ഡബ്ലിയു പുറം ൫൭൩.)

൧൮൯. അയാളെ മെത്രാനായി ക്രമമായി വാഴിക്കുന്നതിനു അന്തിയോഖ്യായിൽ നിന്നും ഒരു ബാവായെ വരുത്തണമെന്നു ആദ്യം നിശ്ചയിച്ച കത്തനാരുടെ ഭാഗക്കാർ അവരുടെ ആവശ്യം റസിഡെണ്ടിനെക്കൊണ്ടു സാധിക്കയാൽ അവരുടെ പ്രയാസം എളുപ്പത്തിൽ തീർന്നു. എന്നാൽ ഇപ്രകാരമുള്ള ക്രമക്കേടു ഒരു കിഴമയ്യാദയായി തീരുകയൊ സമുദായം മുഴുവനും സ്വന്തതയായി വിചാരിച്ചിരിക്കുന്നതിനെ പൂർണ്ണമാക്കുകയൊ ചെയ്യുന്നില്ല. അതുമല്ലാ സുറിയാനി പള്ളികളിന്മേൽ അന്തിയോഖ്യാ പാത്രിയക്കീസിനുള്ള മേലധികാരം സാക്ഷാൽ ഉണ്ടായിരുന്നു എങ്കിൽ ഇതുകൊണ്ടു ഉപകരിക്കുന്നതുമല്ല.

൧൮൭. താൻ പ്രവൃത്തിച്ചതിനെ സ്ഥിരപ്പെടുത്തുന്നതിലെക്ക റസിഡെണ്ടു വലിയ മാർ ദിവന്നാസ്യോസ സുറിയാനി സഭയ്ക്കായി ഗവർമെണ്ടു സെക്യൂരിട്ടിയിൽ ഇട്ടിരുന്ന പണത്തിന്റെ പലിശ വാങ്ങുന്നതിനു ഒരു മേത്രാനായി തീരുന്നതിൽ താൻ (റസിഡെണ്ടു) സഹായിച്ചിട്ടുള്ള ആളിന്റെ പേക്കു ൧൮൭൯ വൃശ്ചികം ൨൦-ാംനു എഴുത്തയച്ചു. ഇതനുസരിച്ചു ൫-ാമത്തെ മാർ തോമ്മാ ആ ആണ്ടു ധനുമാസം ൨-ാംനു പലിശ വാങ്ങി.

൧൮൯. എന്നാൽ ജനങ്ങൾക്ക (സുറിയാനി ക്രിസ്ത്യാനികൾക്ക) ഇതുകൊണ്ടു തൃപ്തിയായില്ല. തങ്ങളുടെ മെത്രാനെ വാഴിക്കുന്നതിനു ഒരു മേല്പട്ടക്കാരനെ അധികാരപ്പെടുത്തി അയക്കുവാൻ മലങ്കര പള്ളിക്കാരുടെ പേക്കായി ഒരു പുതിയ അപേക്ഷ എഴുതിയുണ്ടാക്കി അന്തിയൊഖ്യാ പാത്രിയക്കീസിനു റസിഡെണ്ടു മുഖാന്തിരം അയയ്ക്കുന്നതിനു അവരുടെ മേത്രാനെ നിർബ്ബന്ധിച്ചു. ൦൫൦ സമയം കണ്ണൽ മക്കൊളി പോയി കണ്ണൽ മൺഡ്രൊ റസിഡെണ്ടായിവന്നു. മെത്രാൻ ജനങ്ങളുടെ അപേക്ഷപ്രകാരം ചെയ്യുന്നതിനു ഉപേക്ഷ വിചാരിച്ചു. ജനങ്ങൾ അദ്ദേഹത്തെ ഒരു വിനാഴികപോലും സുഖം കൊടുക്കാതെ അനേക വിധത്തിൽ അസഹ്യപ്പെടുത്തുകയും ഉപദ്രവിക്കയും ചെയ്തു. അന്തിയോഖ്യായ്ക്കുള്ള അവരുടെ അപേക്ഷ ഒട്ടും താമസിപ്പിക്കാതെ അയയ്ക്കണമെന്നു അവർ ആവശ്യപ്പെട്ടു. എന്നാൽ അവരുടെ ആഗ്രഹം സാധിക്കുന്നതിനു മേത്രാനു ശക്തിയില്ലെന്നു കണ്ടിട്ടു അവർ ആലുവായിൽ റസിഡെണ്ടിന്റെ അടുക്കൽ ചെന്നു സുറിയാനിസഭയിൽനിന്നു നിശ്ചയിക്കുക പതിവായിരുന്നു എന്നും ഇപ്പോഴത്തെ മെത്രാൻ ആ തറവാട്ടിൽ ഉള്ളവനല്ലാത്തതിനാൽ ആ സ്ഥാനം വഹിക്കുന്നതിനു അവകാശമില്ലെന്നും ആ സ്ഥാനം തന്നെ പൂർണ്ണമായിട്ടുള്ളതു

ണ്ടെന്നും ബോധിപ്പിച്ചു. അതുകയാൽ ഇപ്പോഴത്തെ മേത്രാൻ എപ്പിസ്കോപ്പാ സ്ഥാനത്തിനടുത്ത ക്രിയകൾ നടത്തുക പണം വാങ്ങി പട്ടം കൊടുക്കുക മുതലായ്വ ചെയ്യുന്നതിനെ വിരോധിക്കണമെന്നും മാർഒ അവർ അപേക്ഷിച്ചു.

൨൫. ൧൦ം അപേക്ഷയിന്മേൽ കണ്ടനാട്ട് മല്പ്രോ സംഗതികളെല്ലാം മദ്രാസ്സ് ഗവർമെണ്ടിനെ തിരുമുല്പാടുടെ അവിടെനിന്നും മലയാളത്തിലെ സുറിയാനി സഭയുടെ മെത്രാപോലീത്തായുടെ റസിഡെണ്ടു മുഖം പതിനേഴു ചോദ്യങ്ങൾ അയച്ചു. ൧൦ ചോദ്യങ്ങൾ മെത്രാനെ അയക്കുന്നതിനു ഹേതുവായ സംഗതികളും മെത്രാൻ തന്റെ സ്വന്ത ഗുണങ്ങളെ കൂട്ടാക്കാതെയും കൂടെ പരമാർത്ഥമായിട്ടും ഉത്തമമായിട്ടുമുള്ള വിധത്തിൽ അവയ്ക്കു കൊടുത്ത മറുപടിയും ഇപ്പോഴത്തെ തർക്കത്തോടു മുഖ്യമായും സാരമായും സംബന്ധിക്കുന്നു.

൨൬: ൧൦ ചോദ്യങ്ങൾ ഉണ്ടായതു മെത്രാന്റെ പ്രതിഷ്ഠയിൽ ഉള്ള പുണ്യതക്കുറവിനെ കുറിച്ചു മദ്രാസ ഗവർമെണ്ടിന്റെ പ്രതിനിധിയോടു ജനങ്ങൾ ബോധിപ്പിച്ചതുകൊണ്ടായിരുന്നു. എന്തെന്നാൽ അതു വേണ്ടിയിരുന്ന പ്രകാരം അന്തിയോഖ്യായിൽ നിന്നും ഉണ്ടാകാഞ്ഞതു കൊണ്ടായിരുന്നു. ൧൦ സ്ഥിതിക്കു പാത്രിയക്കീസിന്റെ മേലധികാരത്തെ സമ്മതിക്കുന്നതു മെത്രാനെയും തന്റെ സ്ഥാനത്തെയും തനിക്കു കുറച്ചു കാലംമുമ്പു മാത്രം കിട്ടിയ വൈദിക യഥാസ്ഥാനെയും നിഷേധിക്കയായിരിക്കും. എങ്കിലും സത്യം വെളിവായി. മെത്രൻ തന്റെ സ്വന്ത ഗുണങ്ങളെ ആലോചിക്കാതെ ഉത്തരങ്ങളിൽ സമുദായത്തിന്റെ അഭിപ്രായം മാത്രം പറഞ്ഞു (ഡബ്ലിയു ഡബ്ലിയു; ൧൭൭)

൨൭. മദ്രാസ ഗവർമേണ്ടിന്റെ ചോദ്യങ്ങളെയും അതുകൾക്കു മെത്രാപോലീത്താ കൊടുത്ത മറുപടികളെയും കുറിച്ചു ആലോചിക്കുന്നതിനു മുമ്പായി അവ രെജിസ്റ്റേക്കു സ്വീകരിക്കുന്നതിനുണ്ടായ മേസ്സർ ഗോവറിന്റെ തടസ്സത്തെ കുറിച്ചു പറയേണ്ടിയിരിക്കുന്നു. ഡബ്ലിയു ഡബ്ലിയു എന്ന രേഖയിൽ പറഞ്ഞിരിക്കുന്ന ചോദ്യങ്ങളും ഉത്തരങ്ങളും റസിഡണ്ടും മെത്രാപോലീത്തായും തമ്മിലുണ്ടായ എഴുത്തുകുത്തുകളുടെ കൂട്ടത്തിൽ നിന്ന എടുത്ത അവയുടെ സാരാംശമാകുന്നു. ഈ പ്രമാണത്തിന്റെ ആ ഭാഗം രെജിവിനു സ്വീകരിപ്പാൻ പാടില്ലയെന്ന തരയാൻ വാദിച്ചു.

൨൮. ആദ്യംതന്നെ കൊണ്ടുവരേണ്ടതായിരുന്ന ൧൦ തടസ്സത്തെ കെസിന്റെ അവസാന സ്ഥിതിക്കു കൊണ്ടുവന്നിട്ടുള്ളതു ഒട്ടും ശരിയല്ലെന്നും ട്രിച്ചിക്കു റസിഡേണ്ടും കഴിഞ്ഞുപോയ മാർ അത്താനാസ്യോസും തമ്മിൽ ഉണ്ടായ അനേക എഴുത്തുകുത്തുകളുടെ (അവ ചിലതു പറയപ്പെട്ടും) വാസ്തവത്തെപ്പറ്റി അപ്പീൽവാദി അപ്പീൽ കോടതിക്കു തീർച്ചയാക്കിച്ച സമയത്തു ൧൦ തടസ്സത്തെ കുറിച്ചു വിചാരിച്ചു കൂടാതെയിരുന്നു എന്നും മേസ്സർ രാമനാഥരായർ പറഞ്ഞു. ചിലതു കൊണ്ടു തന്റെ കക്ഷിക്കു റസിഡെണ്ടാപ്പീസിൽ നിന്നും അയാൾ കൊടുത്തയച്ച മുടെ കിട്ടിയിട്ടുള്ള ആ ചോദ്യങ്ങളുടെ ഒരു പകർപ്പു കയ്യിൽ

പിടിച്ചുകൊണ്ടു കോടതി അനുവദിക്കുന്നതായിരുന്നാൽ ഫയൽ ചെയ്യാമെന്നു പറഞ്ഞു.

൨൯. എന്നാൽ അപ്പീൽ പ്രതി ഫയൽ ചെയ്തിരിക്കുന്ന ചില എഴുത്തുകളുടെ വാസ്തവത്തെ കുറിച്ചു അപ്പീൽവാദി തർക്കിച്ചപ്പോൾ ഹൈക്കോടതിക്കു തെളിവിലേക്കു സ്വീകരിക്കുന്നതിനുള്ള തടസ്സത്തെപ്പറ്റി തുഫൂവതവാൻ റസിഡെണ്ടാപ്പീസിൽ നിന്നും അതുകളുടെ അസ്സൽ വരുത്തിയതായി രിക്കോട്ടിനാൽ കനെപ്പെട്ടു. അതുസമയം അപ്പീൽവാദി ൧൦ പ്രമാണത്തെ സ്വീകരിക്കുന്നതിനു തടസ്സപ്പെടുകയൊ ഇതിന്റെ വാസ്തവത്തെക്കുറിച്ചു തർക്കിക്കയൊ ചെയ്തിട്ടില്ല. അയാൾ ഇപ്പോൾ ചെയ്യുപ്രകാരം അതു സമയം ചെയ്തിട്ടുണ്ടായിരുന്നുവെങ്കിൽ ഹൈക്കോടതി അതുപോലെതന്നെ ഇതിന്റെയും സംശയ നിവൃത്തി വരുത്തുകയൊ വാസ്തവം അറികയൊ ചെയ്യുമായിരുന്നു.

൩൦. തടസ്സംകൊണ്ടുവരുന്നതിനു താമസിച്ച എന്ന സംഗതിയും പ്രമാണത്തിന്റെ വിശേഷതയും വിചാരിച്ച അതു പ്രമാണം ശരിയായി സ്വീകരിക്കയും തെളിവിലേക്കു കാണിക്കയും ചെയ്തിട്ടുള്ളതാണെന്നും വ്യവഹാരം അവസാനിക്കാറായ സമയം അതിന്റെ വാസ്തവത്തെ കുറിച്ചു ഞങ്ങൾക്കു സംശയമുണ്ടായാൽ അസ്സൽ പ്രമാണം റസിഡെണ്ടാപ്പീസിൽനിന്നു വരുത്തി അതിന്റെ സത്യമറിയുമെന്നും ഞങ്ങൾ ഏക മനസ്സോടെ നിശ്ചയിച്ചു. എന്നാൽ അങ്ങിനെയുള്ള സംശയം ഞങ്ങൾക്കുണ്ടായില്ല. അതിനാൽ ഞങ്ങളുടെ മുമ്പാകെയുണ്ടുപ്രകാരം ആ പ്രമാണത്തെ കുറിച്ചു ആലോചിപ്പാൻ വിചാരിച്ചു.

൩൧. ഇപ്പോൾ ഞങ്ങൾ ആലോചിക്കുന്ന വാദത്തെ സംബന്ധിക്കുന്നേടത്തോളം അതിലുള്ള ചോദ്യങ്ങളെയും ഉത്തരങ്ങളെയും എടുത്തു പറയാതെ ഇരിപ്പാൻ പാടില്ല. ൨-ാമത്തെ ചോദ്യം:— "സുറിയാനിക്കാർ ഈ അധികാരത്തിൻ കീഴായിട്ട ചട്ടവട്ടങ്ങൾ പ്രമാണിച്ചു നടന്നിരിക്കുന്നു?"

ഉത്തരം.—"അന്തിയോഖ്യായുടെ മാർ ഇഗ്നാത്യോസ പാത്രിയർക്കീസിന്റെ അധികാരത്തിൻ കീഴായിട്ട മലയാളത്തിൽ ചട്ടവട്ടങ്ങൾ പ്രമാണിച്ചു നടന്നിരിക്കുന്നു. അന്തിയോഖ്യായിൽ നിന്നും മെത്രാന്മാർ മലയാളത്തുവന്ന മാർ തോമ്മാ ശ്ലീഹായിൽ നിന്നും പട്ടം കൈക്കൊണ്ടിരിക്കുന്ന തറവാട്ടിൽ തന്നെ ഉള്ള ആളുകൾക്കു സ്ഥാനം കൊടുക്കയും അവർ ദീക്ഷിതകർമ്മം കഴിച്ചുവരികയും പ്രധാനമായ കാര്യങ്ങൾ അന്തിയോഖ്യാ പാത്രിയക്കീസിനെ ബൊധിപ്പിച്ചു നടത്തിവരികയും ചെയ്യുന്നു" (പു. ൧൭൬)

൩-ാം ചോദ്യം.—"മെത്രാപോലീത്തന്മാരുടെ അനന്തിര സ്ഥാനം സുറിയാനി പള്ളികളിൽ നടത്തിയിരിക്കുന്നതും കാലം ചെയ്താൽ കഴിഞ്ഞു വരുന്നതിന്റെ പ്രകാരങ്ങൾ എങ്ങിനെ ആകുന്നു?"

ഉത്തരം—൧൭൫൩-ൽ അന്തിയോഖ്യായിൽ നിന്നും (ആദ്യത്തെ ഭാഗത്തിൽ വിവരിച്ചിട്ടുള്ള) മാർ ഇഗ്നാത്യോസ (അത്തിലാ; അഥവാ അത്താലാ) പാത്രിയക്കീസ മലയാളത്തിൽ വരുവാനായിട്ടു മയിലാപ്പൂരെത്തിയതിനെ പോർത്തുഗീസുകാർ തടഞ്ഞു പാപ്പിച്ചിരുന്നു. അപ്പോൾ മ

സ്ഥിതിയിലുള്ളതായിരുന്നു. അതുകൊണ്ടു ഇവ ഏറ്റവും വിശ്വാസയോഗ്യമായിട്ടുള്ളതാകുന്നു.

൧൯൯. ൦൯ എഴുത്തുകത്ത ക്രിസ്തുബ്ദം $\frac{൧൯൯}{൧൯൨൨}$-ൽ നടന്നു.

൧൯൦. വ്യാമത്തെ തോമ്മായുടെ ഭരണത്തിൽ സുറിയാനി സഭയുടെ തിരുവിതാംകൂർ റാണിയിൽ നിന്ന വ൦൦൦ ഉറുപ്പികയും റസിഡെന്റിന്റെ സ്വാധീനതകൊണ്ടു ൫൦,൦൦൦ ഉറുപ്പികയും കല്ലെടുപ്പു സമീപത്തുള്ള മൺഡ്രൈതുരുത്ത കരമൊഴിവായിട്ടും ദാനം കിട്ടി. കുട്ടികളെ പഠിപ്പിക്കുവാൻ കവുറന-ൽ ഒരു പാഠകശാല തീർത്തു.

൧൯൧. കവുറ്റി-ൽ പുലിക്കൊട്ടിൽ ഇട്ടപ്പ റമ്പാൻ തൊഴിയൂരെ മെത്രാപൊലീത്തായായ പീലക്സീനൊസിനാൽ മെത്രാനായി പ്രതിഷ്ഠിക്കപ്പെട്ടു.

൧൯൨ ൦൯ പീലക്സീനോസിന്റെ ഒരു ചുരുങ്ങിയ വൃത്താന്തം ഇവിടെ പറയേണ്ടതു ആവശ്യമായിരിക്കുന്നു കവുറ്റി-ൽ മാർ കൂറിലോസ തൊഴിയൂരെ ഒരു പള്ളിസ്ഥാപിച്ചതിനെ കുറിച്ചു ഞങ്ങൾ മുമ്പ പ്രസ്താവിച്ചിട്ടുണ്ടു. ൦൯ കൂറിലോസ തന്റെ അനുജൻ ഗീവറുഗീസ റമ്പാനെ വ-ാമത്തെ കൂറിലോസ എന്ന സ്ഥാനപ്പേരൊടു കൂടി കവുറ്റി-ൽ മെത്രാനായി വാഴിച്ചു മൂന്നുരുത്തിയിലെക്കു പോരികയും കവുറ്റ-ൽ അവിടെ വച്ചു മരിക്കയും ചെയ്തു. അവിടെ വച്ചു വ-ാമത്തെ കൂറിലോസു, തന്റെ കഴിഞ്ഞുപോയ സഹോദരനും മാർ ദിവന്നാസ്യോസു മെത്രാപോലീത്തായും തങ്ങളിൽ ഉണ്ടായിരുന്ന വിരോധം കൊണ്ടു ദിവന്നാസ്യോസിനെ കഴിയും പ്രകാരത്തിൽ ഉപദ്രവിക്കുവാൻ ശ്രമിച്ചു. എന്നാൽ ഒരു വിധത്തിലും ഉപദ്രവിപ്പാൻ കഴിഞ്ഞില്ല. ൦൯ വ-ാമത്തെ കൂറിലോസ തന്റെ പിൻവാങ്ങുക്കാരനായി ഒരു ചിറൻ കത്തനാരെ ൫-ാമത്തെ പീലക്സീനോസെന്ന പേരോടുകൂടി പ്രതിഷ്ഠിച്ചു കവുറ്റ-ൽ മരിച്ചു. ൦൯ പീലക്സീനോസ തന്റെ മുമ്പിലത്തെ വാഴ്ത്ത പ്രകാരം കിടങ്ങൻ ഗീവറുഗീസ കത്തനാരെ മെത്രാനായി പ്രതിഷ്ഠിച്ചു കവുറ്റ-ൽ മരിച്ചു.

൧൯൩ ൦൯ പ്രതിഷ്ഠയുടെ ന്യായത്തെയും യോഗ്യതയെയും കുറിച്ചു അപ്പോൾ വാദം ഉണ്ടാകയും വിവരം ബ്രിട്ടീഷ റസിഡെന്റായിരുന്ന കൎണ്ണൽ മൺഡ്രൊവിനെ ബൊധിപ്പിക്കയും അദ്ദേഹം കൊച്ചി ദിവാനജിയോടും കത്തനാന്മരോടും കൂടി ൦൯ സംഗതിയെകുറിച്ചു വിചാരണ ചെയ്തു പ്രതിഷ്ഠ സാധുവായിട്ടുള്ളതെന്നു സ്ഥിരപ്പെടുത്തി (ഫവാർഡ; പു: ൩൨-൩൩) അങ്ങിനെ രീച്ചപ്പെടുത്തുവാനുള്ള പ്രമാണം എന്തായിരുന്നാലും ഗീവറുഗീസിന്റെ പ്രതിഷ്ഠ പൂർണ്ണമായിട്ടുള്ളതെന്നു സ്ഥിരപ്പെടുത്തുകയും അദ്ദേഹം പീലക്സീനോസ എന്ന നാമത്തോടു കൂടി തൊഴിയൂരിലെ മെത്രാപോലീത്താ ആകയും ചെയ്തു. അദ്ദേഹം തൊഴിയൂർ കൊണ്ടു തന്നെ തൃപ്തിവരാതെ മലങ്കരയുടെ അധികാരം കൂടെ കിട്ടുന്നതിന ആഗ്രഹിച്ചു. പുലിക്കൊട്ടിൽ ഇട്ടപ്പ റമ്പാനെ കവുറ്റ-ൽ മാർ ദിവന്നാസ്യോസ എന്ന സ്ഥാനപ്പേരൊടു കൂടി മലങ്കര

മെയാളത്തിൽ നിന്നും രണ്ടു ശെമ്മാശന്മാർ മയിലാപ്പൂര ചെന്നിരുന്നു. പോർത്തുഗീസുകാർ അപായപ്പെടുത്തുമെന്ന നിശ്ചയിച്ച രണ്ടു മലയാളത്തെ അക്കയ്യദിയാക്കോനെ മെത്രാനായിട്ടു വാഴിച്ചു കൊള്ളുന്നതുവെന്നും മേൽ വിവരിച്ച ശെമ്മാശന്മാരുടെ പക്കൽ സ്ഥാനക്കടലാസു കൊടുത്തയച്ചു. പോർത്തുഗീസുകാർ പാത്രിയക്കീസിനെ കൊച്ചിയിൽ കൊണ്ടുവന്നു കടലിൽ കെട്ടി താഴ്ത്തി. ഇതുകൊണ്ടു അക്കദിയാക്കൊനും ജനങ്ങളും മട്ടാഞ്ചേരിൽ കൂടി ഇനിമേലിൽ സന്തതി കാലംവരെയും പാത്രിക്കീസിനെ അനുസരിക്കരുതെന്ന കുരിശേൽ (ൻ പ്രസ്താപിച്ച കൂനൻ കുരിശു) പിടിച്ചു സത്യം ചെയ്യുതിന്റെ ശേഷം എല്ലാവരും ആലങ്ങാട്ടു പള്ളിയിൽ കൂടി മുൻ ശെമ്മാശന്മാരുടെ പക്കൽ പാത്രിയക്കീസു കൊടുത്തയച്ചിരുന്ന സ്ഥാനക്കടലാസുനു സരിച്ചു അക്കദിയാക്കൊനെ മെത്രാനായിട്ടു വാഴിച്ചു മെത്രാന്റെ അംശപ്രവൃത്തികൾ നടത്തിവരികയും. പിന്നീട കവുറ്റ-ൽ യേശുശലേമിന്റെ മാർ ഗ്രീഗോറിയോസ പാത്രിയക്കീസു മലയാളത്തിൽ വന്ന അന്നിരുന്ന മെത്രാന്റെ സ്ഥാനം പൂർത്തിയാക്കി അന്തിയോഖ്യായിൽ നിന്നും കൊടുത്തയച്ച പുസ്തകങ്ങളും മുദ്രയും സയിത്തും കൊടുക്കയും ചെയ്തു. ആ കാലങ്ങളിൽ അക്കദിയാക്കോന്റെ അനന്തിരവനു മെത്രാൻസ്ഥാനം കൊടുത്ത അതു സംബന്ധമായ അധികാരങ്ങളും ഒക്കയും നടത്തിച്ചു. അദ്ദേഹത്തിന്റെ ഒടുക്കകാലം അയാളുടെ അനന്തിരവനു മെത്രാൻസ്ഥാനം കൊടുത്തു. ഇപ്രകാരമത്രെ ൦൯ രണ്ടാട്ടിൽ മെത്രാൻസ്ഥാനം മുറയ്ക്കു മുറയ്ക്കുള്ള ആളുകൾ ഏറുവന്നത."

൧൯൭-ാം ചോദ്യം—"സുറിയാനിക്കാരുടെ വന്ദനയ്ക്കുള്ള ക്രമങ്ങളുടെ പ്രകാരങ്ങളും എന്തെല്ലാം ആകുന്നു"

ഉത്തരം—"അന്തിയോഖ്യായിൽ മാർ ഇഗ്നാസ്യോസു പാത്രിയക്കീസു കല്പിച്ചു കൊടുത്തയച്ച പുസ്തകങ്ങളിൽ കാണുന്ന മര്യാദകളും പ്രകാരം യാക്കോബായ സുറിയാനിക്കാർ നടന്നു വരുന്നു"

൧൯൮ മറ്റെ ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും അപ്പീൽ പ്രതിയുടെ ഇപ്പോഴത്തെ വാദത്തെ നല്ലവണ്ണം താങ്ങുന്നു.

൧൯൯ അന്ത്യയോഖ്യാ പാത്രിയക്കീസിന്റെ അധികാരത്തിനകീഴ്പ്പെട്ടിരുന്ന മലയാളത്തുള്ള മെത്രാന്മാരിൽ ഒരുവനായിരുന്നു എന്ന അപ്പീൽ വാദിയുടെ വക്കീൽ പറഞ്ഞ മെത്രാനാകുന്നു മേല്പറഞ്ഞ മറുപടികൾ അയച്ചത. മേൽവിവരിച്ച മറുപടികളുടെ ശേഷം ൦൯ മെത്രാന്റെ പ്രതിഷ്ഠ പാത്രിയക്കീസിനാലൊ അദ്ദേഹത്തിന്റെ പ്രതിനിധികളാലൊ കഴിക്കപ്പെടുകയൊ പൂർത്തിയാക്കപ്പെടുകയൊ ചെയ്യാഞ്ഞതിനാൽ അതു പാത്രിയക്കീസിന്റെ അധികാരത്തെ നിഷേധിക്കയായിരുന്നു എന്നു അപ്പീൽ വാദിക്കുന്നതു അസംബദ്ധമല്ലയൊ? ൦൯ മെത്രാൻ മറ്റുള്ളവരെക്കാൾ അധികാരത്തെ സമ്മതിച്ചു എന്നതു അപ്പീൽ പ്രതിയുടെ സ്വന്തം സാക്ഷിമൊഴികളാൽ തന്നെ തെളിയുന്നതുകൊണ്ടു ൦൯ ഉത്തരങ്ങൾക്കു ഏറ്റവും ദോഷം വരുത്തുക

യാതൊന്നും പറയുന്നില്ല. ൧൦ പീലക്സീനോസ മലങ്കര സഭയുടെമേൽ എ
പ്പോഴും വളരെ വിരോധം ഉണ്ടായിരുന്നതും ഒളിച്ചോടിപോയ്മായ
മെത്രാന്റെ പിൻവാങ്ങുക്കാരനാണെന്നു മനസ്സിലുണ്ടായിരിക്കണം. ൧൦
പ്രമാണം മലയാളത്തുള്ള സുറിയാനി സഭയുടെ മൂലത്തെയും ഭരണ
ത്തെയും കുറിച്ചു മദ്രാസ ഗവർമെണ്ടു അന്വേഷണം ചെയ്തു കഴിഞ്ഞ
ന സംവത്സരങ്ങൾക്കിടയിൽ (൧൮൭൭ ലുള്ള വൃശ്ചികം ൨-ാംനു-) ഉണ്ടായി.
ആ സമയം മദ്രാസ ഗവർമെണ്ടിന്റെ ചോദ്യങ്ങളുടെ ഉത്തരം എല്ലാവ
രുടെയും മനസ്സിൽ പുത്തനായിരിക്കണം. അന്ത്യോഖ്യ പാത്രിയക്കീ
സിന്റെ മേലധികാരത്തെ തീരെ നിഷേധിക്കുന്ന ൨൯-ാം പ്രമാണമി
രിക്കുന്ന സ്ഥിതിക്കു മലങ്കര സഭയുടെ ഒരു പഴയ ശത്രുവായാ
രിക്കുന്ന പീലക്സീനോസ കൊടുത്തത അപ്പോൾ ആയിരുന്നു.

൧൩൭. ഡാക്തർ ബുക്കാനാന്റെ നിശ്ചയപ്രകാരമുള്ള ഐക്യത
ത്തിനു വേണ്ടി സഹായം ചെയ്യുന്നു കൊണ്ടു പുന്നത്രെ മാർ ദീവന്നാസ്യോ
സിനോടു സക്കാര അധികാരികൾക്കു വളരെ ഇഷ്ടം ഉണ്ടായിരുന്നു. മെ
ത്രാപോലീത്തായും ചച്ചമീഷ്യൻ സൊസയറിയിലെ ഇംഗ്ലീഷു മിഷ്യ
നേറിമാരും തമ്മിൽ വളരെ സ്നേഹമായിരിക്കയും അവർ ഒരുമിച്ചു നടത്ത
വിശ്വാസത്തിലുമുള്ള കുട്ടികളെ പഠിപ്പിക്കുവാനായി ആരംഭിക്കയും
ചെയ്തു. കണ്ണൻ മൻഡ്രോ അവരെ സല്പവർത്തനം ഉത്സാഹിപ്പിച്ചു. മി
ഷ്യനേറിമാർ സുറിയാനി പള്ളികളിൽ പോയി പ്രസംഗിച്ചു തുടങ്ങി.
പ്രകാരം സി. എം. എസ്സു. മിഷ്യനേറിമാർ സുറിയാനി സമുദായത്തി
നുൽ വളരെ അധികാരം നടത്തി തുടങ്ങി.

൧൩൮. റസിഡെണ്ടിന്റെയും മിഷ്യനറിമാരുടെയും എല്ലാ സ
ഹായമുണ്ടായിട്ടും മാർ ദീവന്നാസ്യോസിനു തന്റെ പ്രതിക്കു ബലമി
ല്ലാത്തതാണെന്നു വിചാരിച്ച മനോസുഖമുണ്ടായിരുന്നില്ല. (ഡബ്ലിയു ഡ
ബ്ലിയു പൂറം; ൧൭൬.) എന്തെന്നാൽ ഇട്ടപ്പു പറയുന്നു "അദ്ദേഹം (പുന്നത്ര
ദീവന്നാസ്യോസു) തന്റെ സ്ഥാനം പൂണ്ണമാക്കുവാൻ അന്ത്യോഖ്യായി
ൽ നിന്നും ഒരു മേല്പട്ടക്കാരനെ വരുത്തുന്നതിനു ആഗ്രഹിക്കയും ശ്ര
മിച്ചാൻ മാർ ഇഗ്നാത്തിയോസു പാത്രിയക്കീസിനു ഒന്നോ രണ്ടോ എ
ഴുത്തുകൾ അയച്ചു വളരെ ശ്രമിക്കയുംചെയ്തു. എന്നാൽ അദ്ദേഹത്തി
ന്റെ ഭരണത്തിങ്കൽ ഒരുത്തരും വരുന്നതിനു സംഗതിവന്നില്ല."

൧൩൯. അദ്ദേഹം തന്റെ പ്രതിക്കു പൂർണ്ണതപ്പെടുത്തുന്നതിനു
ശ്രമിച്ചാറെ ഫലിച്ചില്ലെങ്കിലും തന്റെ നിശ്ചയത്തെ മനസ്സാക്ഷിയോടുകൂടെ
ണ്ടു സമ്മതിപ്പിച്ചവതും (തല്ക്കാലത്തേക്കു മാത്രം മാ
ത്രമെന്ന ഓർക്കണം) തന്നെ മെത്രാപോലീത്താ ആയി
അനുസരിക്കുന്നതിനു ജനങ്ങളോടു കല്പിക്കുന്ന ഒരു
വിളംബരം സർക്കാരിനെക്കൊണ്ടു (കണ്ണൻ മൻ
ഡ്രോ തന്നെ ദിവാനായിരുന്ന) പ്രസിദ്ധപ്പെടുത്തിച്ചവതും (൧൦
പ്രമാണം നോക്കുക) ആയ റസിഡെണ്ടിന്റെയും മിഷ്യനറിമാരുടെ
യും സഹായത്താൽ തന്റെ സ്ഥാനത്തെ രക്ഷിച്ചുപോന്നു. ആ വിളം

ഡബ്ലിയു ഡബ്ലിയു പൂറം. ഇട്ടപ്പു കണ്ണൻ.

യുടെ മെത്രാപോലീത്തായായി വാഴിച്ചതും൧൦ പീലക്സീനോസ ആയി
രുന്നു. (പൂ. ൧൭൬)

൧൪൦. മുമ്പ വിസ്തരിച്ചു പൊന്ന ചരിത്രത്തെകുറിച്ചു ഇനി പ
റയുമ്പോൾ വൃദ്ധനായ മാർ തോമ്മാ രന്റെ സംബന്ധക്കാരനെ൯-ാ
മത്തെ തോമ്മായായി പ്രതിഷ്ഠിച്ച ൧൮൭൭-ൽ മരിച്ച. ൧൦ ഒടുവില
ത്തെ തോമ്മാ അധികം പ്രായം ചെന്ന ഒരാൾ ആയിരുന്നു. അദ്ദേഹം
ക്ഷിണിച്ചും ജനങ്ങളുടെയോ സക്കാരിന്റെയോ സഹായമില്ലാതെയും
ഇരിക്കുന്നു കണ്ടു പീലക്സീനോസിന്റെ അധികാരത്തിനെതിരി
വന്നാസ്യോസ എന്ന നാമനായി പേർ ധരിച്ചു ഇട്ടപ്പു റമ്പാൻ൯-ാ
മത്തെ മാർ തോമ്മാ താമസിച്ചിരുന്ന കടമറ്റത്തു ധൈര്യത്തോടെ വ
ന്ന അദ്ദേഹത്തിന്റെ വടിയും കുടിയും സ്ലീബായും വസ്ത്രങ്ങളും ബല
ത്തോടെ വാങ്ങിയും അതു മെത്രാന്റെ സകല വസ്തുക്കളെയും എടുത്തും
കൊണ്ടു കോട്ടയത്തു സിമ്മനാരിയിലെക്കു പോരികയും ചെയ്തു. (ഡബ്ലിയു
ഡബ്ലിയു ൧൭൭)

൧൪൧. മാർ തോമ്മാ ഇപ്രകാരം൧൦ രന്റെ എടുപ്പിംസ്ഥാപ്പായിക്ക
ടുത്ത അംശങ്ങൾ എടുത്തുകൊണ്ടുപോകപ്പെട്ടതിനു ശേഷം കടമ
റത്തു തന്നെ സ്വസ്ഥമായിരുന്ന രന്റെ കാലം കഴിച്ചു. ൧൦ പുലിക്കോ
ട്ടു ദീവന്നാസ്യോസു ന്യായമായ പ്രതിഷ്ഠ തനിക്കുണ്ടെന്നുള്ള നടിപ്പോ
ടു കൂടി ഒരു മെത്രാപോലീത്തായുടെ അധികാരത്തെ സാക്ഷാൽ അപഹ
രിച്ചു. ഇദ്ദേഹത്തിന്റെ ഭരണത്തിന്റെ ആരംഭം തന്നെ പ്രവൃത്തിക
ളോടെ അനുരൂപിച്ചായിരുന്നു. ശങ്കയില്ലാത്തവനും വഞ്ചകനുമായിരു
ന്ന സ്ഥിതിക്കു (ഇതു വാസ്തവമാണെന്നു ചരിത്രക്കാർ നല്ലവണ്ണം കാ
ണിക്കുന്നു) ഒരു സൌമ്യനും വൃദ്ധനുമായിരുന്ന൯-ാമത്തെ തോമ്മായു
ടെ എടുപ്പിസ്ഥാപ്പു സ്ഥാനത്തിനടുത്ത അംശങ്ങളെ ഇദ്ദേഹം ബലമായി
എടുത്തതെന്തെന്നാൽ സ്ഥാനം വഹിച്ചതിൽ അത്ര തപ്പുവാനില്ല. അ
യാളെ ഒരു കീർത്തിപെട്ട ശിഷ്യന്റെ കീർത്തിപെട്ട ഗുരു!! ആയിരുന്ന
പീലക്സീനോസ സഹായിച്ചിരുന്നു. എങ്ങിനെയെങ്കിലും ദീവന്നാസ്യോസി
ന (ഇട്ടപ്പു റമ്പാന) റസിഡെണ്ടു കണ്ണൻ മൻഡ്രോവിന്റെ സഹാ
യം ഉണ്ടായിരുന്നു. അത എല്ലാ കായ്ങ്ങളും നടത്തിക്കൊണ്ടുപോയി.
അതു സഹായം അല്പമായിരുന്നു എങ്കിൽ ഇപ്രകാരമുള്ള ഒരു അപഹരണ
ത്തിനു ജനങ്ങൾ സമ്മതിക്കയില്ലായിരുന്നു. സർക്കാര അയാളെ അംഗീ
കരിച്ചിരുന്നു. എങ്കിലും പുലിക്കോട്ടു ദീവന്നാസ്യോസു വളരെ അഗ്രഹി
ച്ചിരുന്ന സ്ഥാനത്തിൽ അധികനാൾ ഇരുന്നില്ല. അയാൾ ക്രമക്കേടായി
സ്ഥാനം വഹിച്ചു ഏകദേശം ൧൮ മാസത്തിനകം മരിച്ചു. അതോടുകൂടെ
തിരുവിതാംകൂറിലെ സുറിയാനി സഭയ്ക്കു ഒരു മെത്രാനില്ലാതെയായി:

൧൪൨. പീലക്സീനോസ പിന്നെയും൧൦ ദേശത്തു വന്നു ദീവ
ന്നാസ്യോസ കണ്ടനാടു ൧൮൭൮-ൽ മാർ ദീവന്നാസ്യോസ മെത്രാപോലീത്താ
യായി പ്രതിഷ്ഠിച്ചു (ഡബ്ലിയു ഡബ്ലിയു പൂറം; ൧൭൮.) ൧൦ മെത്രാപോലീത്തായുടെ സ്ഥാ
നത്തിനെതിരാൻ ൧൯-ാം പ്രമാണമാകുന്നു. അതിൽ പാത്രിയക്കീസിനെ കവി
ച്ചുകൊണ്ടു മലങ്കര സഭയുടെ മറ്റൊരു വൈദീക തലവനെ കുറിച്ചുകൊ

പെരുത്തിന്റെ പൂരുക്കവും അതു പ്രസിദ്ധംചെയ്യുവിധവും പ്രസ്താവയോഗ്യമായിട്ടുള്ളതാകുന്നു. വിളംബരം ഇപ്രകാരമാകുന്നു. "പീലക്സീനോസമെത്രാപോലീത്താ ശരീര സുഖമില്ലാതെ ദിനത്തിൽ ആയിരിക്കുന്നതുകൊണ്ടും സുറിയാനിക്കാരെയും സുറിയാനി പള്ളികളെയും രിക്കുന്നതിനായി മാർ ദീവന്നാസ്യോസ, മാർ പീലക്സീനൊസിനാൽ തന്റെ പിൻവാഴ്ചക്കാരനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതുകൊണ്ടും നമ്മുടെ രാജ്യത്തുള്ള എല്ലാ സുറിയാനിക്കാരും മാർ ദീവന്നാസ്യോസ മെത്രാപോലീത്തായെ അനുസരിച്ചു കൊള്ളണമെന്ന ഇതിനാൽ രിയ്പ്പെടുത്തുന്നു." മലങ്കരയിൽനിന്നു പിരിഞ്ഞ വേറെ ആയിരുന്ന തൊഴിയൂരെ ബിഷോപ്പ മാർ പീലക്സീനോസിന മലങ്കരയായിട്ട എന്തു സംബന്ധമുണ്ടായിരുന്നു? മാർ പീലക്സീനോസ ദീവന്നാസ്യോസിനെ തന്റെ പിൻവാഴ്ചക്കാരനായി പ്രതിഷ്ഠിച്ചു എന്ന വിളംബരത്തിൽ പറഞ്ഞിരിക്കുന്നു. എന്നാൽ മാർ പീലക്സീനോസ ഒരിക്കലും മലങ്കരയുടെ മെത്രാപോലീത്താ അല്ലായിരുന്നു എന്ന മനസിലുണ്ടായിരിക്കണം. അതിനാൽ അദ്ദേഹം ദീവന്നാസ്യോസിനെ തന്റെ പിൻവാഴ്ചക്കാരനായി നിശ്ചയിച്ചതുകൊണ്ട മലങ്കരയുമായി യാതൊരു സംബന്ധവും ഉണ്ടാകുവാൻ പാടില്ലായിരുന്നു. പീലക്സീനോസിന അദ്ദേഹം വഹിച്ചിരുന്ന സ്ഥാനത്തിലേക്ക മാത്രം ഒരു പിൻവാഴ്ചക്കാരനെ നിശ്ചയിപ്പാൻ കഴികയുള്ളു. താൻ ഒരിക്കലും വഹിച്ചിട്ടില്ലാത്തതൊ തന്റെ കീഴിൽ ഒരിക്കലും ഇല്ലായിരുന്നതൊ ആയ ഒരു സ്ഥാനത്തിലേക്ക താൻ ഒരു പിൻവാഴ്ചക്കാരനെ നിശ്ചയിച്ചു എന്നു പറയുന്നതിൽ ഒരർത്ഥവുമില്ല. അദ്ദേഹം തൊഴിയൂരെ മെത്രാപോലീത്താ ആയിരുന്നതുകൊണ്ട അവിടെ ഒരു പിൻവാഴ്ചക്കാരനെ നിശ്ചയിച്ചു എന്നു പറയുന്നതു വെളിവായിട്ടുള്ളതാകുന്നു.

൨൯. സുറിയാനി പള്ളികൾക്ക മെത്രാന്മാരെ വാഴിക്കുന്നതിൽ ഗവർമെണ്ടിന്റെ പെട്ടെന്നുള്ള പ്രവേശനം അത്യാവശ്യപ്പെട്ടിരുന്നിട്ടും ഇതേവരെ അങ്ങിനെ ചെയ്യാതെ പാത്രിയക്കീസിന്റെയൊ അദ്ദേഹത്തിന്റെ പ്രതിനിധിയുടെയൊ കൈവെപ്പില്ലാതെ തന്നെ പ്രതിഷ്ഠ പൂർണ്ണമാക്കപ്പെടുകയില്ലെന്ന തന്നെത്താൻ ബോദ്ധ്യം വന്നിട്ടുള്ള ഒരുവന്റെ പ്രതിഷ്ഠയെ അംഗീകരിക്കുന്നതിലേക്ക ഗവർമെണ്ട ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുവാൻ അപേക്ഷിക്കാതെ ഇരുന്നു.

൩൦. ഇതെ വരെ കൃത്യമായി ആചരിച്ചു പോന്ന നടത്തയെയൊ ശട്ടത്തെയൊ ഇപ്രകാരം അസാധാരണമായി ലംഘിക്കുന്നതുകൊണ്ടും ജനങ്ങൾക്കും മെത്രാപോലീത്തായ്ക്കു തന്നെയും ഉള്ള വിചാരത്തെ അശേഷം ഗൌനിക്കാത്തതു കൊണ്ടും ചട്ടത്തിന ഹാനി വരുവാൻ പാടില്ല. വളരെ കാലമായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന നടത്തയെ അശേഷം സംബന്ധിക്കാത്ത ഒരു പ്രത്യേക സംഗതിയായിട്ട മാത്രം അതിനെ വിചാരിപ്പാൻ പാടൊള്ളു.

൩൧. എങ്ങിനെയെങ്കിലും ൟ പുന്നത്തെ മാർ ദീവന്നാസ്യോസ താൻ ഒരു പുത്തിയാക്കപ്പെട്ട മെത്രാനല്ലായിരുന്നു (അതായ

പ്രകാരമുള്ള പുത്തി) എന്നുള്ള മനോബോധത്തോടു കൂടെ തിരുമ്പു, ൧൮൬൭ കൊല്ലം ൨൦൦൦ൽ മരിച്ചു എന്നതിനു യാതൊരു സംശയവുമില്ല. (ഡബ്ലിയു ഡബ്ലിയു; പു: ൨൩൨) അദ്ദേഹം ഒരു പിൻവാഴ്ചക്കാരനെയും നിശ്ചയിച്ചില്ല.

൩൨. പള്ളിക്കാര മിഷ്യനറികളുമായി കൂടി ആലോചന ചെയ്തുകൊണ്ട ഒഴിവായ സ്ഥാനത്തേക്കു തക്ക ഉദ്യോഗാർത്ഥികളായിട്ട പോട്ട പീലിപ്പോസ മല്പാനെയും വേറെ ൪൬പേരെയും നിയമിച്ചു. അവരിൽ നിന്ന ഒരു തിരഞ്ഞെടുപ്പ ഉണ്ടാകുവാൻ വേണ്ടി അവർ പീട്ട ഇടം. എന്നാൽ നിശ്ചയമായിട്ടും ഇവരിൽ ഒരാൾക്ക ജയം കിട്ടേണ്ടിയിരുന്നതുകൊണ്ട ഇതിനുള്ള പ്രയോഗം പീലിപ്പോസ മല്പാന്റെ ഭാഗം അയിരുന്നു. പീട്ട അദ്ദേഹത്തിന്റെ പേക്ക വീണു. ഇങ്ങിനെയുള്ള അവസരങ്ങളിൽ സഹായിപ്പാൻ തയ്യാറുണ്ടായിരുന്ന പീലക്സീനോസിനെ കോട്ടയത്തു നിന്ന വരുത്തി൦ മല്പാനെ അയാൾ മലങ്കര മെത്രാപോലീത്തായായിട്ട പ്രതിഷ്ഠിച്ചു. (ഡബ്ലിയു ഡബ്ലിയു ൪൩൨.) തിരഞ്ഞെടുപ്പും പ്രതിഷ്ഠയും തമ്മിൽ വളരെ പ്രയാസമുണ്ടായ (ന്യൂ—൩൨ എന്ന അടയാളമിട്ട) വിളംബരം ഇതിനെ പൂർത്തിയാക്കയും ചെയ്തു. ൟ വിളംബരത്തിൽ ആശ്ചര്യം തോന്നത്തക്ക വാചകങ്ങൾ അടങ്ങിയിരിക്കുന്നു. അതു എങ്ങിനെ എന്നാൽ;—"കോട്ടയത്തു താമസിച്ചിരുന്ന മാർ പീലക്സീനോസ മെത്രാപൊലീത്താ കാലം ചെയ്കയും പകരം മാർ ദീവന്നാസ്യോസ മെത്രാപൊലീത്തായെ നിശ്ചയിക്കയും ചെയ്തിരിക്കകൊണ്ട (അതായതു അയാൾ സ്ഥാനം ഒഴിഞ്ഞു കോട്ടയത്തു ഇരിക്കയായിരുന്നു) വിളംബരം ഇത്യാദി....."

൩൩. അതുകയാൽ പ്രസ്താവിച്ച ദീവന്നാസ്യോസ പുന്നത്തെ മാർ ദീവന്നാസ്യോസിന്റെ പിൻവാഴ്ചക്കാരനായിട്ടല്ല. പിന്നയൊ പീലക്സീനോസിന്റെ പിൻവാഴ്ചക്കാരനായിട്ടത്രെ നിശ്ചയിക്കപ്പെട്ടത. ൟ പീലക്സീനോസ എന്നയാൾ വളരെനാൾ മുമ്പെ സ്ഥാനത്തിൽനിന്ന ഒഴികയും കോട്ടയത്തു താമസിച്ചുവരികയും ചെയ്തിരുന്നു. താൻ ഒരിക്കലും വഹിച്ചിട്ടിരുന്നതും തനിക്ക അവകാശമില്ലാതിരുന്നതുമായ ഒരു സ്ഥാനത്തേക്കു രണ്ട പിന്തുടർച്ചക്കാരെ നിശ്ചയിച്ചാക്കുന്നതിന അയാളെ ഉദ്യോഗിപ്പിച്ചു.

൩൪. സി. എം. എസ. പാതികളും ദിവാനും തിരുവിതാംകൂർ റസിഡെണ്ടും കൂടി യോജിച്ചു ചെയ്ക കാര്യം ഇങ്ങിനെ സമാചിച്ച സ്ഥാനത്തിൽനിന്ന പിന്മാറിയിരുന്ന പീലക്സീനോസിന്റെ പേരും എന്ന നിശ്ചയങ്ങൾ ആകുന്നു അപ്പീൽ പ്രതികളുടെ കേസ്സിലേക്ക വിരോധമായി ബലത്തോടെ കൊണ്ടുവരപ്പെട്ടിരിക്കുന്നത. ഒടുവിലത്തെ നിശ്ചയം അതായു. പ്രസ്താവിച്ച ദീവന്നാസ്യോസിന്റെ നിശ്ചയം, അവസാനത്തിൽ പാത്രിയക്കീസ ഉപേക്ഷപ്പെടുത്തി. ആ ഉപേക്ഷപ്പെടുത്തലിനു ദീവന്നാസ്യോസ തന്നെ സമ്മതിച്ചു എന്നു നാം വിശ്വസിയെ കാണിക്കുന്നതാകുന്നു. തൊഴിയൂർ മാറിപ്പോയ മെത്രാപോലീത്താ

അവർ പുതിയ കല്പനകളെ കൊടുക്കുകയും. അവയെ അനുസരിപ്പാൻ മനസ്സില്ലാത്തവരെ ഓടിക്കുകയും ചെയ്തു. (റവ്വർഡ് ൭൫) അതിനാൽ അസന്തുഷ്ടി ഉണ്ടായി. (കായ്ങ്ങൾ ധൃതിയോടെ പ്രവൃത്തിച്ചതിനാലത്രെ അത ഉണ്ടായതു) ബാവാന്മാരെ കൂട്ടാക്കാതായി. ഇംഗ്ലീഷ മിഷനറികളും റസിഡെണ്ട മെസ്സർ സ്വെൽ സായ്പും തിരുവിതാംകൂർ സർക്കാരും നാട്ടു മെത്രാന്മാരുടെ വശം നിന്നു പരദേശക്കാർ മിക്കവാറും സഹായമില്ലാത്തവരായി ഭവിച്ചു. മിഷ്യനറികളും സർക്കാർ അധികാരികളും മെത്രാന്മാരുടെ വശം ചെന്നു നില്ക്കുണ്ടതു സ്വഭാവികമായിരുന്നു (ഫാച്ചർഡ ൭൦- ൭൫-) എന്തുകൊണ്ടെന്നാൽ അവരുടെ ഇവരെ മെത്രാന്മാരായിട്ടാക്കിയതു കായ്ം ബ്രിട്ടീഷ റസിഡെണ്ടിന്റെ നിഷ്കർഷകൊണ്ടു ഇരു കക്ഷികളും ബൊധിപ്പിച്ചു. മലയാളത്തിലെ വസ്തുക്കൾ പരദേശക്കാർക്കു യാതൊരു അവകാശമില്ലെന്ന റസിഡെണ്ടു തീരുമാനം ചെയ്തു. (ഡബ്ലിയു ഡബ്ലിയു ഹണ്ടർ- ൭൫൪) മെത്രാപ്പൊലീത്തായും റമ്പാനും മടങ്ങി പൊകുവാൻ കല്പനയായി. അവരുടെ യാത്രചിലവു സർക്കാരിൽനിന്നു കൊടുക്കാമെന്നും വച്ചു. ൦൪൦ സംഭവത്തെക്കുറിച്ചു ജനങ്ങൾക്കു വളരെ ഭൈദവും ഉണ്ടായി.

൮൭. മലയാളത്തുള്ള കത്തനാരന്മാരുടെയും മെത്രാന്മാരുടെയും പ്രതിഷ്ഠ പൂർണ്ണമാക്കുവാനുള്ള പാത്രിയർക്കീസിന്റെ ശ്രമം ഇങ്ങിനെ അവസാനിച്ചു. അവരെ ഒഴുക്കിക്കളവാൻ തക്കവണ്ണം ഒരു കൂട്ടർക്കു അവർക്ക് വിരോധമായി ഉണ്ടായി. എങ്ങിനെയെങ്കിലും മാർ തിവന്നാസ്യോസ പാത്രിയർക്കീസിന്റെ മേലധികാരത്തിനു അധികകാലം എതൃത്തു നിന്നില്ല.

൮൮. റവറണ്ട ഹെബ്രിഡ് പറയുന്നു.—"ജനങ്ങളുടെ പൊതുവിലുള്ള ആഗ്രഹത്തിനു വിരോധമായിരുന്നു എങ്കിലും പരദേശബിഷപ്പന്മാരെ ഓടിച്ചു കളഞ്ഞതിന്റെ ശേഷം ഇംഗ്ലീഷ മിഷ്യനറികൾക്കു ഇപ്പോൾ തങ്ങളുടെ ഉദ്ദേശം നിവൃത്തിപ്പാൻ കഴിഞ്ഞു. (ഹാവ്വർഡ ൭൦-൭൬.) തങ്ങളുടെ യത്നങ്ങളെ താങ്ങുന്നതിനു ഒരു മെത്രാപ്പൊലീത്താ ചങ്ങാതിയായി ഉണ്ടായിരിക്കയും (അയാൾ അവരുടെ തന്നെ സൃഷ്ടി എന്നു തന്നെ പറയപ്പെടാം) ബ്രിട്ടീഷ റസിഡെണ്ടും അദ്ദേഹം മുഖാവഴിയായി നാട്ടുസർക്കാരുമായി വളരെ സ്വാധീനവും ഇപ്പോൾ കായ്ം സഫലമാകുന്നതിനു ഇതിലധികം ആശിക്കപ്പെടുവാൻ തക്ക വഴി ഉണ്ടെന്നു വിചാരിപ്പാനില്ല. അവരുടെ നടപടികളുടെ സ്വഭാവത്തെ സംബന്ധിച്ചു നാം എന്തുതന്നെ അഭിപ്രായപ്പെടുമ്പോഴും. അവർ തങ്ങളുടെ വേലയെ അത്യുത്സാഹത്തോടും ശ്രദ്ധാനിഷ്ഠയോടും നടത്തുവാൻ തങ്ങളെതന്നെ ഏല്പിച്ചുകൊടുത്തു എന്നുള്ളതു സമ്മതിക്കേണ്ടിയിരിക്കുന്നു." കീഴ്വരെ ഇട്ടിരിക്കുന്നതു തങ്ങളുടെതാകുന്നു

ആയ പിലക്സീനോസിന്റെ നിശ്ചയങ്ങളിൽ, പിന്നെ രണ്ടു മാത്രം വിശ്വാസത്തോടു കൂടി ശേഷിച്ചു. ൫-ാമത്തെ ആൾ അതായതു പുലിക്കോട്ടു ദിവന്നാസ്യോസ മിക്കവാറും സ്ഥാനം അപഹരിച്ചെഴുത്തയാൾ എന്നു പറയപ്പെട്ടിരിക്കുന്നു. ൬-ാമത്തെ ആൾ അതായതു പുന്നത്രെ ദിവന്നാസ്യോസ തന്റെ പ്രതിഷ്ഠ പൂർത്തിയായിട്ടുള്ളതല്ലെന്നു കണ്ടിട്ടു അതിനെ തികപ്പാൻവേണ്ടി ഒരു അന്തിയോഖ്യാ മേല്പട്ടക്കാരനെ വരുത്തുവാൻ താൻ കഴിയുന്ന ശ്രമങ്ങളൊക്കെയും ചെയ്താറെ ഫലിതമായില്ല. പിന്നടച്ചു കായ്ത്തിൽ ഉള്ള ഒഴിവുകൾ ഇവ മാത്രം ആകുന്നു.

൮൫. നാം ഇപ്പോൾ ചെപ്പാട്ട ദിവന്നാസ്യോസിന്റെ ഭരണത്തെക്കുറിച്ചു പറവാൻ ആരംഭിക്കുന്നു. ൦രം ഭരണം തന്റെ മുൻവാഴ്ക്കാരുടെതിനെക്കാൾ അധിക സംഭവം അടങ്ങീട്ടുള്ളതാകുന്നു. അതു ഭരിച്ചു കൊള്ളും ൧൦൫-ൽ തുടങ്ങി. ദിവന്നാസ്യോസിനെ മെത്രാപ്പൊലീത്തായായിട്ടു പ്രതിഷ്ഠിച്ച കഴിഞ്ഞ ഉടനെ മിഷ്യനറികൾ ചെയ്ത ഒന്നാമത്തെ കായ്ം അവരും സുറിയാനി പരിഷ്കരിയും തമ്മിൽ മുൻ ആലോചിച്ചതിൻവണ്ണം. മത സംബന്ധമായ കായ്ങ്ങളിൽ ഐക്യത്തപ്പെടണമെന്നായിരുന്നു. (ഡബ്ലിയു ഡബ്ലിയു പു. ൧൯൨) "അപ്രകാരം ചെയ്വാൻ മെത്രാൻ വെരം സമ്മതം കൊടുത്തു എന്നുള്ളതു പുരോഗതിന നടപടികളെ താനായിട്ടു അറിച്ചു എന്നു പറയുന്നതു തന്റെ മനസ്സിനു വിരോധമായിരുന്നതുകൊണ്ടു സഭയുടെ നടപടികളെ മാറുന്നതിന താൻ ഇട കൊടുത്തില്ലെ"ന്നു ഇട്ടപ്പു പറയുന്നു. (പു. ൧൯൨) പ്രവൃത്തിമാന്മാരെ കായ്ങ്ങൾ ൦രം സംശയസ്ഥിതിയിൽ നിലനിന്നുവന്നു. ഇതിന്റെ ശേഷം വെർപിരിവു ഉണ്ടായി. അതു താഴെ പറയുംപ്രകാരം ആകുന്നു.

൮൬. മെത്രാന്റെ പ്രതിഷ്ഠ പൂർണ്ണമാക്കുവാൻവേണ്ടി അധികാരത്തോടു കൂടി അന്തിയോഖ്യാ പാത്രിയർക്കീസിനാൽ അയക്കപ്പെട്ടു രണ്ടു വൈദികന്മാർ $\frac{\text{റവ.ഇ—വന}}{\text{ഫാ.ഫ}}$-ാമാണ്ടു വൃശ്ചികം ൧-ാംനു-൦രം നാട്ടിൽ വന്നിറങ്ങി (ജട്ടപ്പ ഡബ്ലിയു ഡബ്ലിയു; ഹവ്വർഡ പു: ൧൭) അവർ വരുംവഴി ബൊമ്പായിൽവച്ചു കല്ക്കത്താ ബിഷപ്പു ഹീബർ സായ്പുമായികണ്ടു അദ്ദേഹത്തോടെ തിരുവിതാംകൂറിലെക്ക പരിചയ കത്തുകൾ വാങ്ങീട്ടുണ്ടായിരുന്നു. അവർ അന്ത്യോഖ്യാസ്യോസു മെത്രാപ്പോലീത്തായുടെ അഭ്യൂഹം റമ്പാനും ആയിരുന്നു. അവർ വന്നു ചേർന്ന ഉടനെ വെട്ടിപ്പിടിച്ചവണ്ണം അവരെ കൈക്കൊള്ളുകയും സല്ക്കരിക്കയും ചെയ്തു. അവരുടെ ധൃതഗതിയും വിചാരമില്ലായ്മയും ആയുള്ള പ്രവൃത്തി ജനങ്ങളെ അനിഷ്ടപ്പെടുത്തുകയും മെത്രാപ്പോലീത്തായെ അമളിപ്പിക്കയും ചെയ്തു. ൫-ാമത്തെ ദിവന്നാസ്യോസിന്റെ കാലശേഷം (ഫ്രഞ്ചു) ഉണ്ടായിട്ടുള്ള പ്രതിഷ്ഠ എല്ലാം സാധുവല്ലെന്ന അവർ പ്രസിദ്ധപ്പെടുത്തി (ഡബ്ലിയു ഡബ്ലിയു ഹണ്ടർ) (അവ സംശയം കൂടാതെ അപ്രകാരം തന്നെയിരുന്നു) അവർ കത്തനാരന്മാരെയും മെത്രാന്മാരെയും രണ്ടാമതും പട്ടം കെട്ടിക്കുവാനും പ്രതിഷ്ഠിക്കുവാനും തുടങ്ങി (ജട്ടപ്പ ൧൦൨-൦ ൧൦൩.)

ക്രമേണ. പാത്രിയർക്കീസിന്റെ അധികാരത്തോട് എത്രത്തോളം നിന്നതിനാൽ ഉളവായ കയത്തിന്റെ രഹസ്യം ഇവിടെ ഉണ്ട്. എങ്കിലും ആയതു ഒരു പുതുമയിയ കാലത്തേക്കു മാത്രം നിലനിന്നൊള്ളൂ.

ഫ്രേ. സി. എം. സൊസൈറ്റിയും സുറിയാനി സഭയും തമ്മിൽ ഉണ്ടാകുവാൻ അധികനാൾ നോക്കിപാർത്തിരുന്ന ഐക്യതയ്ക്കു അവസാനത്തിൽ തോമ്മ ഭവിച്ചു (ഈ വ്യവഹാരം-ഫൗ.) ഒരു ഭിന്നതക്കാരണമായ സംഗതികളെ വിവരിച്ചു പറയുന്നതു ആവശ്യമെന്ന നുകരുതുന്നതിനു വേണ്ടി കല്ലൂത്തായിലെ ബിഷപ്പു വിൻസ്സൻ സാണ്ടു മലയാളത്തേക്കു വന്നിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ സുറിയാനിക്കാരാൽ സ്വീകരിക്കത്തക്കവ അല്ലായിരുന്നു. ഇങ്ങിനെ ഫ്രബുവരി മെയി മാസത്തിൽ വേർതിരിവ പുത്തിയായി അതുവരെ ഒന്നുവിൻ കീഴ്പ്പെട്ടു വന്നിരുന്ന ദാനമുതൽ വിഭാഗിക്കേണ്ടതിനെപറ്റിയും കണ്ടുശം വെച്ചു വന്നിരുന്ന തർക്കം തീർച്ചപ്പെടുത്തുവാനായി ഒരു പഞ്ചായം നിശ്ചയിപ്പാൻ ഒരു വേർതിരിവു കാരണമായി തന്നെ പഞ്ചായ തീർപ്പു നു അക്ക പ്രമാണം ആകുന്നു. ഒരു അധാരത്തെ പറ്റി മറ്റൊരു സ്ഥലത്ത പ്രസ്താപിപ്പാൻ സംഗതി ഉണ്ടാകും. മേല്പറഞ്ഞ തീർപ്പുകൊണ്ടു പണങ്ങളും വസ്തുക്കളും സി എം. സൊസൈറ്റിക്കും സുറിയാനി സഭക്കും ഭാഗിച്ചു കൊടുത്തിരുന്നതു കൂടാതെ അതുകളുടെ നടത്തിപ്പു എങ്ങിനെ വേണമെന്നുള്ളതും അതിൽ കാണിക്കുന്നു എന്ന ഇപ്പോൾ പറഞ്ഞാൽ മതിയാകും. ഒരു രേഖ ഫ്രബുവ എപ്രിൽ ര-ാംന യിലെതാകുന്നു.

ഫ്രേ. ഒരു സമയംതന്നെ തങ്ങളുടെ മേല്പട്ടക്കാരെയും പട്ടക്കാരെയും നിശ്ചയിക്കുന്നതായ നടപ്പിനെപറ്റി തൃപ്തി തോന്നായ്കയാലും ആത്മീക കായ്ത്തിൽ തങ്ങൾക്കുള്ള കാവ വളരെ എന്ന ബോദ്ധ്യം വരികയാലും തങ്ങൾക്ക സങ്കട നിവൃത്തി നല്കുവാൻ കഴിവുള്ളവൻ അന്തിയോഖ്യാ പാത്രിയക്കീസ മാത്രം ആയിരുന്നതിനാൽ തങ്ങളുടെ ആത്മീക തലവനായ അദ്ദേഹത്തിന്റെ മുമ്പാകെ സങ്കടം ബോധിപ്പിപ്പാൻ വേണ്ട മാർഗ്ഗങ്ങളെ സുറിയാനി സമുദായം അന്വേഷിച്ചുവന്നു. രാജസമ്മതവും ബ്രിട്ടിഷ് റസിഡെണ്ടിന്റെ സഹായവും ഉണ്ടായിരുന്നിട്ടും മാർ ദിവന്നാസ്യാസിനെ തങ്ങളുടെ ആത്മീക തലവനായി ഇനിയും കൈക്കൊണ്ടില്ല. അദ്ദേഹത്തിന്റെ പ്രതിഷ്ഠ അവരുടെ മനസ്സിലും വിശ്വാസത്തിലും വാസ്തവമായിരുന്നില്ല. അതുകൊണ്ടു അവർ ഒരു സംഘമായി ചെന്ന പാത്രിയക്കീസിനെ ഒരു അപേക്ഷ എഴുതി ഉണ്ടാക്കി മാറോഗി എന്നൊരുവൻ വശം അദ്ദേഹത്തിനയച്ചു. ഈ ഒരുത്തി ഒഴിച്ചു മറ്റാരുടെയും പേരു എഴുത്തുകളിൽ പാത്രിയക്കീസിനെ ഒരു സമുദായം അയച്ചു എന്ന കാണിപ്പാൻ തക്കാട്ടിൽ അനവധി തെളിവുണ്ടു. ഈ തർക്കത്തിന്റെ പ്രമാണമായ ഏടു എന്ന അക്കമിട്ട രേഖ കൊടുത്തു കൈയ്യൊപ്പു തീർപ്പുകാരുടെ (ഇതിനെപ്പറ്റി അല്പം വിസ്തീർണ്ണമായി പിന്നാലെ പറയുന്നതാകുന്നു) അതിൽ അവരെ പറയുന്നു "കമ്മ

ട്ടിക്കാര കൊല്ലത്തെ കൂടി സുറിയാനി ഭാഷയിലുള്ള താഴെ പറയുന്ന പ്രമാണങ്ങളും മാർ അത്താനാസ്യോസ പക്കൽനിന്ന വാങ്ങി. അതായതു ഭഗദാദു കാരൻ ആയ മാറോഗി എന്നൊരാൾവശം സുറിയാനി സമുദായം പാത്രിയക്കീസിനെ അയച്ചുകൊടുത്ത ഒരു എഴുത്താകുന്നു പിന്നെയും ആ പ്രമാണത്തിൽ കമ്മട്ടിക്കാർ പറയുന്നത എന്തെന്നാൽ "പാത്രിയക്കീസിനെ സുറിയാനി സമുദായം അയച്ചതും പാത്രിയക്കീസ തന്നെ തന്റെ പക്കൽ ഏല്പിച്ചു എന്ന പറഞ്ഞ മാർ അത്താനാസ്യോസ കമ്മട്ടി മുമ്പാകെ ഹാജരാക്കിയതുമായ ആദ്യത്തെ എഴുത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. എന്തെന്നാവെച്ചാൽ മുമ്പിലത്തെ മാർ അത്താനാസ്യോസ മെത്രാൻ (സക്കാരിനാൽ കയറി അയക്കപ്പെട്ട) ഫ്രബുവരി-മാണ്ടു തിരുവിതാംകൂർ വിട്ടു പോയതിന്റെ ശേഷം അവർ (സുറിയാനി സമുദായം) ഒരു മെത്രാപോലീത്തായെ അയയ്ക്കുണമെന്നു അപേക്ഷിച്ചു പതിനൊന്നു എഴുത്തുകൾ വരെയും പാത്രിയക്കീസിനു എഴുതിയാറെയും ആരും വന്നു ചേർന്നില്ലെന്ന അകുന്നു" ഇങ്ങിനെ മറ്റും വളരെ കത്തുകളുടെ കൂട്ടത്തിൽ ഒരു എഴുത്തും പാത്രിയക്കീസിനെ ഒരു സമുദായം അയച്ചു എന്നത സ്പഷ്ടം ആകുന്നു. ടി. ടി. എന്ന അക്കമിട്ട പ്രമാണം പാത്രിയക്കീസ ആ എഴുത്തിനു അയച്ച മറുപടിയാകുന്നു. ആയു ഫ്രബുവ കന്നി ഫ-ാംന-ത്തെ ആകുന്നു. ഒരു രേഖയുടെ ഉത്തമ വിശ്വാസത്തെപറ്റിയാതൊരു സംശയവുമില്ല. ക്ലാച്ച. എന്ന രേഖ അതായത കൊല്ലം കമ്മട്ടിക്കാരുടെ തീർപ്പു, പറയുന്നതു. "മേൽ പ്രസ്താപിച്ച എഴുത്തും സുറിയാനി സമുദായത്തിന്റെ പേരിൽ മാർ ദിവന്നാസ്യോസു ചതവായി പാത്രിയക്കീസിനു അയച്ച എഴുത്തും അന്തിയോഖ്യായിലെക്ക കൊണ്ടുപോയ മാറോഗിയും പ്രാൻസിസും (മറ്റെ എഴുത്തു കൊണ്ടുപോയ ആൾ) ആണെന്നും മാറോഗി പാത്രിയക്കീസിന്റെ അടുക്കൽനിന്ന ഒരു മറുപടിയുമായി മടങ്ങിവന്നു എന്നും" ആകുന്നു. പിന്നെ മറുപടിയുടെ സാരാംശം ചുരുക്കത്തിൽ ഈ എഴുത്തിടക്കുന്നു. അതു ടി. ടി. എന്ന രേഖയോടു ഒഴുവന്നും ഒക്കുന്നുണ്ടു. ടി. ടി. എന്ന രേഖയുടെ ഉത്തമ വിശ്വാസത്തെ പറ്റി ഞങ്ങൾക്കു യാതൊരു സംശയവുമില്ല. ഒരു എഴുത്തു മുഖവുരയായി വാഴ്വുകളും സങ്കാരങ്ങളും പറഞ്ഞു കഴിഞ്ഞതിന്റെ ശേഷം തുടങ്ങുന്നത.

"സഞ്ചാരിയായ നമ്മുടെ പുത്രൻ മാറോഗി വശം നിങ്ങൾ അയച്ച എഴുത്ത ചിങ്ങം ക-ാംന- ചൊവ്വാഴ്ച ഇവിടെ കിട്ടിയ വിവരം നാം അറിയിക്കുന്നു." (പുറം ക്കേ.) പിന്നെ ആ എഴുത്തിലെ സംഗതികളുടെ ഒരു ചുരുക്കം പിന്തുടരുന്നു. ഇവിടെ പ്രത്യേകമായി ഓർമ്മ വെക്കുവാനുള്ളത എന്തെന്നാൽ ഇത സമുദായം അയച്ച എഴുത്തിന്റെ മറുപടി തന്നെ അല്ല. മാർ ദിവന്നാസ്യോസു ഒരു സമുദായത്തിന്റെ പേരിൽ ചതിവായി അയച്ച എന്ന പറയുന്ന വെറൊരു എഴുത്തിന്റെ മറുപടിയും ഇതിൽ അടങ്ങിയിരിക്കുന്നു. അതുകൊണ്ടു ദിവന്നാസ്യോസിനെ കുറിച്ചു പറയുന്നെടത്തോളം ശാന്തതയായി എഴുതികിടക്കുന്നു. "കഴിയുന്നതായിരുന്നാൽ നാം തന്നെ വന്ന

ചെയ്തു. അന്നു മലയാളത്തിൽ മെത്രാന്റെ വേഷം ധരിച്ചിരുന്ന (സ്വയമായിട്ട) പീലക്സീനൊസും (൨ മെത്രാപോലീത്താന്മാരെ നിശ്ചയിച്ച ആൾ) അയാളുടെ ഇപ്പോഴത്തെ (വിട്ടിരിക്കുന്ന.) ആശ്രിതനായ ദീവന്നാസ്യോസും അസൂയയും പകയുംകൊണ്ടു നിറയപ്പെട്ടു അംഗ്ലിയാ സഭയോടു ചേർന്ന പാദിമാരുമായി കൂടി ആലോചിച്ചു മലയാളത്തിലെ ഉദ്യോഗസ്ഥന്മാരുടെ സഹായവും സ്വാധീനവും കൊണ്ടു അദ്ദേഹത്തെ ഓടിച്ചുകളഞ്ഞു. ആ സംഭവം മുതൽ മലയാളത്തിലെ സഭ നിരിപ്പിനു നാഥൻ ഇല്ലാത്ത ഒരു വിധവയായി ഭവിച്ചു.....മേല്പറഞ്ഞ പീലക്സീനൊസിന്റെ മരണശേഷം ഇപ്പോഴത്തെ ദീവന്നാസ്യോസ തന്റെ പൊട്ട അറിവിനതക്കവണ്ണവും വിശുദ്ധ പിതാക്കന്മാരിൽ നിന്നു രൂഢാദക്കുദാശയുടെ നന്മവരം കിട്ടാത്തവനെപോലെയും മലയാളത്തിലെ പള്ളികളെ കീഴടക്കി തെരുക്കപ്പെട്ടവരായ തങ്ങളുടെ പള്ളികളുടെ മേൽ ഭരിപ്പാൻ തുടങ്ങി....." പിന്നെ തങ്ങളുടെ ആത്മീക കുറവുകളെയും മാർ ദീവന്നാസ്യോസ തന്റെ സ്ഥാനത്തിൽ ഇരുന്നു കൊണ്ടു ചെയ്ത അശിമതികളെയും വിവരിക്കുന്നു. (വളരെ കായ്മയിട്ടു തന്നെ ഹൃദയത്തിൽ നിന്നു പുറപ്പെടുന്നതായി തോന്നിക്കുന്നതുമായ) ൧ം എഴുത്തിനെ ചുരുക്കത്തിൽ ഇങ്ങനെ അവസാനിപ്പിച്ചിരിക്കുന്നു "എന്തെന്നാൽ തിരുമനസ്സുകൊണ്ടു മാർ അത്താനാസ്യോസിനെ ഞങ്ങൾക്കു അയച്ചുതരികയും വാഴ്വകളും സമാധാനവും കല്പിച്ചു അയക്കയും മാർ അത്താനാസ്യോസ മാർ കൂറിലൊസ ഇവർ വഴിയായി ഞങ്ങളെ ഭരിക്കയും ചെയ്യുന്നതു കൂടാതെ അവിടത്തെ അധികാരത്തിൽ നിന്നു വേർപ്പെട്ടവരായി ഞങ്ങളെ വിചാരിക്കയില്ലെന്നും ശരണപ്പെട്ടുകൊണ്ടു വളരെ സങ്കടത്തോടും കണ്ണുനീരോടും കൂടി അപേക്ഷിക്കുന്നു"

൧൭൮. സുറിയാനി സമുദായം പാത്രിയക്കീസിനു അയച്ച മറ്റെ എഴുത്തുകൾ ഫലമായിട്ടില്ല എന്നാൽ കൊല്ലം കണ്ടിക്കാരുടെ പക്കൽ അവയിൽ ചിലതു ഉണ്ടായിരുന്നു. അവർ ആ എഴുത്തുകളുടെ സംഗതികളെ പറഞ്ഞു ചുരുക്കമായി പറഞ്ഞിരിക്കുന്നതു എന്തെന്നാൽ അവർ (സുറിയാനി സമുദായം) ഇടയൻ ഇല്ലാത്ത ആടുകളെപ്പോലെ ഇരിക്കുന്നു. (ദീവന്നാസ്യോസിനെ ഒരു ഇടയനായിട്ട അവർ കരുതുന്നില്ല) ആ സംഗതിയാൽ മലയാളത്തിലെ സുറിയാനി സഭ ഒരു വിധവയുടെ സ്ഥിതിയിലാകുന്നു. ആത്മീക കായ്ങ്ങൾ ഒന്നിനൊന്നു ക്ഷയിച്ചു വരുന്നതു. (ലൌകീക കായ്ങ്ങളെ അന്വേഷിക്കുന്നതിനു അവർക്കു കൈവെപ്പു ആവശ്യമില്ലാത്തതിനാൽ അതെ സംബന്ധിച്ചു പറയുന്നില്ല) ക്രമമായി പ്രതിഷ്ഠിക്കപ്പെട്ട മെത്രാനും പട്ടക്കാരും ഇല്ലായ്കകൊണ്ടു (ദീവന്നാസ്യോസ അവരുടെ വിശ്വാസത്തിലും അറിവിലും അങ്ങിനെ ഒരാൾ അല്ലായിരുന്നു) മാമൊദിസാ കുമ്പസാരം കുർബാന മറ്റും വിശുദ്ധ കർമ്മങ്ങൾ മുതലായതിൽ സുറിയാനി സമുദായക്കാർ കുറവുള്ളവരായി ഭവിച്ചു. ഈ എന്ന (വിശുദ്ധ എണ്ണ) അ

ന്നും അപ്പോസ്തലന്മാരെയും മറ്റൊന്നും നിങ്ങൾ എഴുതിട്ടുള്ള പുസ്തകങ്ങളും കൂടെ കൊണ്ടുവരുന്നതും നിങ്ങൾക്കു മെത്രാന്മാരെയും പട്ടക്കാരെയും ശെമ്മാശന്മാരെയും നിശ്ചയിക്കുന്നതും നിങ്ങളുടെ പള്ളി ക്രമങ്ങൾ ക്രമപ്പെടുത്തുന്നതും ആകുന്നു. മെത്രാൻ മെത്രാനെയും കത്തനാർ കത്തനാരെയും നിശ്ചയിക്കുന്നതായി നാം ഇപ്പോൾ കെട്ടിരിക്കുന്നു. ൧ം പ്രവൃത്തി വിശുദ്ധ പൌലൊസ് ശ്ലീഹയെന വിരോധമായിട്ടുള്ളതാകുന്നു. എന്തെന്നാൽ നമ്മുടെ സ്ഥിരപ്പെട്ട കർത്താവായ ൧ം ശൊമ്മീഹാ ൧ം അധികാരത്തെ നമ്മുടെ പിതാക്കന്മാരായ വിശുദ്ധ അപ്പൊസ്തലന്മാർക്കു നല്കി. താൻ അവരെ ഒന്നാമത ശെമ്മാശന്മാരായും രണ്ടാമത പട്ടക്കാരായും മൂന്നാമത എല്പിസ്കൊപ്പന്മാരായും നാലാമത പാത്രിയർക്കീസ്സായും നിയമിച്ചു. അവർ ൧ം നാലുവരെ തങ്ങളുടെ വലിയ അധികാരത്തെ തങ്ങളുടെ പിന്തുടച്ചക്കാർക്കു തലമുറ തലമുറയായി നല്കി പോന്നു മിരിക്കുന്നു. അതുകൊണ്ടു നാം നിങ്ങളുടെ ഇടയിൽ വന്നു ചെരുന്നതുവരെ ഒരു ശെമ്മാശിനെയൊ കശ്ശീശയെയൊ എപ്പിസ്കൊപ്പായെയൊ നിശ്ചയിക്കുന്നതിന നിങ്ങളിൽ യാരൊരുത്തർക്കും നമ്മുടെ ബലഹീനതയിൽനിന്നും ദൈവത്തിൽനിന്നും ഒരു അധികാരവും ഇല്ല"

൧ം എഴുത്തു വന്നാറെ മാർ ദീവന്നാസ്യോസ ജനങ്ങളെ അറിയിച്ചിട്ടില്ലെന്നുള്ളതു സ്പഷ്ടമാകുന്നു. ഏകച്ച. എന്ന പ്രമാണം അതിനെ സാക്ഷിക്കുന്നു. "പാത്രിയക്കീസ സഭക്കു അയച്ച എഴുത്തു മാർ ദീവന്നാസ്യോസ സുറിയാനി സമുദായത്തിന്റെ അറിവിൽ പെടുത്താതെ അതിനെ മറവു ചെയ്തുകളഞ്ഞു എന്നും മാർ ദീവന്നാസ്യോസ അതിനും ജനങ്ങളറിയാതെ ഒരു മറുപടി തയ്യാറാക്കി എന്നും." ആ എഴുത്തുകൊണ്ടു കാണപ്പെടുന്നു. ൧ം സമുദായം വീണ്ടും വളരെ സങ്കടത്തോടുകൂടി തങ്ങളുടെ ആത്മീക കുറവിനെ നിറവേറിക്കൊടുപ്പാൻ എൻ. എന്ന രേഖമൂലം പാത്രിയക്കീസിനു സങ്കടം എഴുതി അയച്ചു. ൧ം രേഖയുടെയും ഉത്തമ വിശ്വാസത്തെപ്പറ്റി യാതൊരു സംശയമില്ല. ഇതു ഏവർക്കും കക്കടകം ൨൫-ാംനു-ത്തെ ആകുന്നു (പതിവു പ്രകാരമുള്ള വന്ദനം കഴിഞ്ഞതിന്റെ ശേഷം) താഴെ പറയുംപ്രകാരം തുടങ്ങുന്നു. മലയാളത്തു തിരുമനസ്സിലെ ആജ്ഞയിങ്കീഴിലുള്ള യാക്കോബായ സുറിയാനി പള്ളികളൊക്കയിലും ഉള്ള പട്ടക്കാര ശെമ്മാശന്മാര ക്രിസ്ത്യാനികളും മുതൽപേരായ ഞങ്ങളും ബോധിപ്പിച്ചുകൊള്ളുന്നതു. "അ

ഇപ്രകാരം ഞങ്ങൾ അനേകം കാലം പ്രയാസങ്ങളിലും അതിനാൽ ഞങ്ങൾക്കു അനേകം കാലം പ്രയാസങ്ങളിലും ആയിരുന്നു. സക്കാരീത്തിനിന്നു കയറി അയച്ച എന്നു വിളിച്ചുവരുന്ന മാർ അത്താനാസ്യോസ ഞങ്ങളുടെ അടുക്കൽ വന്നു. ആദ്യംമുതൽക്കെ ഉള്ള ഞങ്ങളുടെ ആഗ്രഹം നിറവേറി കാണുകയാൽ അതിനാൽ ആനന്ദിക്കയും സന്തോഷിക്കയും

യും ചെയ്യു.....അതുപോലെ അവനെ ശെമ്മാശായിട്ടും പിന്നീട് കശ്ശീശാ (കത്തനാർ) ആയിട്ടും അതിന്റെ ശേഷം മെപ്പാനായിട്ടും പിന്നെ അന്ത്യോക്യയിൽനിന്നു മെത്രാപ്പോലീത്താ ആയിട്ടും നാം പട്ടം കെട്ടുത്തു.....വിശേഷിച്ചും നമ്മുടെ മക്കളായ നിങ്ങളെ സ്നേഹത്തോടുകൂടി അറിയിക്കുന്നതെന്തെന്നാൽ നിങ്ങളുടെ യുവാക്കളുടെ പ്രയോജനത്തിനായി നമ്മുടെ പുത്രൻ മർത്തസമെത്രാപ്പോലീത്താ പകരം വിശുദ്ധ മൂറോൻ നാം കൊടുത്തയച്ചിരിക്കുന്നു. പിന്നെയും നമ്മുടെ കർത്താവും രംശോ മശിഹായുടെ ഉയർപ്പിന്റെ വലിയപെരുനാളിൻ ശേഷം മൂറോൻ ഉണ്ടാക്കുന്നതിനും അതു നിങ്ങൾക്കു എത്തിച്ചു തരുന്നതിനും നാം ആഗ്രഹിക്കുന്നു." ക്രിസ്തുവർഷം ൧൯൩൯-ാംആണ്ടിന്റെ മദ്ധ്യത്തിൽ രംശം പാത്രിയക്കീസിന്റെ കല്പനപ്രകാരം മലയാളത്തിൽ എത്തിയ കഴിഞ്ഞുപോയ മാർ അത്താനാസ്യോസിന്റെ പ്രതിഷ്ഠയുടെ ഏഴുവൻ വിവരം പറയുന്നു.

൧൫൫. രംശം മാർ അത്താനാസ്യോസിന്റെ നിശ്ചയം മലങ്കര സുറിയാനി സഭയുടെ ചരിത്രത്തിൽ ഒരു പ്രധാനപ്പെട്ട സംഭവം ആകുന്നു. എന്തുകൊണ്ടെന്നാൽ പലവിധമായ ഞെരുക്കങ്ങളാൽ വലയപ്പെട്ടിരുന്നവരും ആത്മീകപ്രകാരം നഷ്ടപ്പെട്ടവർ എന്നു വിശ്വസിച്ചിരുന്നവരുമായ സുറിയാനിസമുദായം ഉടനടൻ സങ്കടങ്ങൾ അയച്ചതിന്റെശേഷം സമുദായത്തിനു തുപ്പിയും വളരെ ആശ്വാസവും തോന്നുവാൻ തക്കവണ്ണം പാത്രിയക്കീസ തന്റെ വൈദിക അധികാരത്തെ ഒരിക്കൽകൂടി നടത്തി അവരുടെ സ്വന്ത വാക്കുകൾതന്നെ പറയുമ്പോൾ അവർ ഒരു ക്രമമായി നയമിക്കപ്പെട്ട ഇടയന്റെ കീഴിൽ കൊണ്ടുവരപ്പെട്ടു.

൧൫൬. തങ്ങളായിട്ട സ്ഥാനത്തിൽ ഇരുത്തിയ മാർ ദീവന്നാസ്യോസുമെത്രാപ്പോലീത്തായ്ക്കു അനുകൂലമായി ചെയ്തു പോയിട്ടുള്ളതിനെ അഴിപ്പാൻ ഇവിടെ ഉള്ള സക്കാരധികാരികളെ സമ്മതിപ്പിക്കുന്നതിനു മാർ അത്താനാസ്യോസിനു എളുപ്പത്തിൽ കഴിഞ്ഞില്ല. ന്യ—ന എന്ന അക്കമിട്ട തിരുവെഴുത്തു വിളംബരം തനിക്കു വിരോധമായി ചെലപ്പെടുനിന്നു. ജനങ്ങൾ തന്നെ അനുസരിക്കുന്നതിനും കൈക്കൊള്ളുന്നതിനും മുമ്പായി അതു അസ്ഥിരപ്പെടേണ്ടതാവശ്യമായിരുന്നു. രാജ്യാധികാരം സംബന്ധിച്ചുള്ള പ്രയാസങ്ങൾകൊണ്ടു അയാളെ ഉടനടി പിന്തുടരുന്നതിനു ജനങ്ങൾക്കു തടസ്സമായി തീർന്നു.

൧൫൭. ഇതു കാരണത്താൽ മാർ അത്താനാസ്യോസും റസിഡെന്റും തമ്മിൽ വളരെ എഴുത്തു കുത്തുകൾ നടത്തുന്നതിനു സംഗതിയായി. തന്നെ ഏതു സ്ഥാനത്തിലേക്കു യോഗ്യൻഎന്നു വിചാരിച്ചു പാത്രിയക്കീസു നിയമിച്ചുവോ ആ സ്ഥാനത്തിൽ പ്രവേശിക്കുന്നതിനുള്ള അത്താനാസ്യോസിന്റെ ശ്രമങ്ങളിൽ കഴിയുന്ന വിരോധം ചെയ്യുന്നായിരുന്ന ദീവന്നാസ്യോസിന്റെ മുഖ്യതാല്പര്യം. എഴുത്തു കുത്തുകൾ സു

വക്ക് ഉണ്ടായിരുന്നില്ല. ശുദ്ധീകരിക്കാത്ത എണ്ണ മുമ്പു വിശുദ്ധ എണ്ണ ഉണ്ടായിരുന്ന കുപ്പികളിൽ ഒഴിച്ചു വെക്കുന്നു. അതിനാൽ അവർ കൊടിയ പാപം ചെയ്യുന്നു എന്നു ലജ്ജകൂടാതെ ഏറ്റവും പറയുന്നു. സഭയുടെ കാനോന വിരോധമായി പ്രവൃത്തിക്കുന്നതിനു പട്ടക്കാരനായ മെത്രാപൊലീത്തായുടെ വേഷം ധരിച്ചിരിക്കുന്ന മാർ ദീവന്നാസ്യോസിനെ വിരോധിക്കണമെന്നും ഭക്തിയിലും ജ്ഞാനത്തിലും വിവേകത്തിലും ശ്രുതിപ്പെട്ട ഒരു മെത്രാപൊലീത്തായെ ആവശ്യപ്പെട്ട വിശുദ്ധ എണ്ണയോടും മതസംബന്ധമായ പുസ്തകങ്ങളോടും കൂടി അയക്കണമെന്നും അതുകൂടാതെ മുമ്പത്തെ മെത്രാനായ മാർ അത്താനാസ്യോസിനെയൊ "അല്ലെങ്കിൽ നിനവയിലുള്ള യൊസെപ്പ മെത്രാനെയൊ അയക്കണമെന്നും ആഗ്രഹിക്കുന്നു." ബ്രുക്കെറിലുള്ള വാക്കുകൾ ഞങ്ങളുടെതാകുന്നു. കമ്മട്ടിക്കാർ രംശം എഴുത്തുകൾ ഉത്തമ വിശ്വാസം ഉള്ളതായി അഭിപ്രായപ്പെട്ടിരിക്കുന്നു എന്നു ഇവിടെ പറയാം.

൧൫൮. രംശം എഴുത്തുകൾ കയ്യറ്റി മലയാളത്തിലെ സഭയെ ഭരിപ്പാൻ ആരെ അയക്കേണ്ടു എന്നായി പാത്രിയക്കീസ ചിന്തിച്ചിരിക്കുമ്പോൾ കഴിഞ്ഞുപോയ മാർ അത്താനാസ്യോസ അന്തിയൊഖ്യായിൽ എത്തി പാത്രിയക്കീസിന്റെ മുമ്പാകെ ഹാജരായി. (എം ക്വുച്ച്; പ്രമാണങ്ങൾ ;)

൧൫൯. "എം" എന്ന രേഖ (മാർ അത്താനാസ്യോസിനു കൊടുക്കപ്പെട്ട സ്ഥാത്തിക്കോന്റെ പകർപ്പാകുന്നു. ഇതിന്റെ അസ്സൽ അപ്പീൽ അന്യായക്കാരന്റെ കയ്യിൽ ഉണ്ടായിരിക്കണം. അയാൾ അതു വെളിയിൽ പുറപ്പെടുവിക്കാതെ വെച്ചിരിക്കുന്നു) അതിന്റെ സാധാരണയായ ദീർഘമുഖവുര കഴിഞ്ഞിട്ട ഇങ്ങിനെ തുടങ്ങുന്നു. "നമ്മുടെ സ്നേഹവും വാത്സല്യവും ഉള്ള മക്കളെ നാം വീണ്ടും നിങ്ങളോടു കല്പിക്കുന്നതു എന്തെന്നാൽ നിങ്ങൾ അയച്ചിട്ടുള്ള എഴുത്തുകളിൽ ഞങ്ങൾക്കു ഇടയൻ ആകട്ടെ പട്ടത്വമാകട്ടെ മാമ്മോദീസായാകട്ടെ നാമനാകട്ടെ ഇല്ലെന്നും അതുപൊലെ പല വാചകങ്ങളും ആവലാധിയായി പറഞ്ഞിരിക്കുന്നു. എന്നാൽ വിശ്വാസികളായ നിങ്ങൾ ചിന്നിപാക്കുന്നു എന്നു കേട്ടപ്പോൾ നാം വളരെ സങ്കടപ്പെടുകയും ദുഖിക്കയുംചെയ്തു. മലയാളത്തിൽ നമ്മുടെ വിശ്വാസമുള്ള ജനങ്ങളുടെ ആത്മീക പാലനത്തിനു വേണ്ടി തക്ക അറിവുള്ള ഒരു നാമനും ഒരു സത്യ ഇടയനും ആയ ഒരാൾ നിങ്ങളെ വന്നു കാണ്മാൻതക്കവണ്ണം, അയക്കുന്നതു നാം ശ്രമിച്ചു മലയാളത്തേക്കു ആരെ അയക്കേണ്ടു എന്നായി നാം ഇങ്ങിനെ വളരെ വിചാരങ്ങളോടും കൂടി ഇരിക്കുമ്പോൾ നമ്മുടെ വാത്സല്യമുള്ള പുത്രൻ കുശ്ശിശാ മത്തായി (മാർ അത്താനാസ്യോസ) നിങ്ങളിൽനിന്നു സമാധാനത്തോടെ ഇവിടെ വന്നു ചേർന്നു. അവനെ കണ്ടതിൽ നമുക്കു വളരെ സന്തോഷമുണ്ടാകയും അവരുടെ ഇടയിൽ നിന്നു ഒരാൾ വന്നിരിക്കകൊണ്ടു അവൻ തന്നെ അവരുടെ പിതാവും നടത്തിപ്പുകാരനുമായി ഇരിക്കുന്നതു എല്ലാറ്റിലും നല്ലതെന്നു നാം പറക

കൊവും നിശ്ചയമായിട്ടും പാത്രിയക്കീസ്സിന്റെ മെലധികാരത്തെ സ്ഥാ
പിക്കുന്നു.

ക്ലൂവ. റിക്കാട്ടിലുള്ള ആദ്യത്തെ എഴുത്ത് "ക്ലൂ. ക്ലൂ." എന്ന അട
യാളമിട്ടതും മാർ അത്താനാസ്യോസു ബ്രിട്ടിഷ് റസിഡെണ്ടായിരുന്ന
മേജർ ജനറാൾ കല്ലൻ സായ്പിനെ ക്രൂരം സപ്തംബർ ക-ാംനു എഴു
തിയതുമാകുന്നു (ബുക്ക നം. പുറം ക്ഫം) അത് താഴെ പറയും പ്രകാരമാകുന്നു
സെർ—,ഞാൻ താങ്കളെ ആദരവോടുകൂടി അറിയിച്ചുകൊള്ളുന്നത് എന്തെ
ന്നാൽ (മലയാളത്തിലും മറ്റിടങ്ങളിലും ഉള്ള സുറയാനി ക്രിസ്ത്യാനിക
ളുടെ മതസംബന്ധമായ കാര്യാദികളിലൊക്കെയും മേലധ്യക്ഷനായിരി
ക്കുന്ന) അന്തിയോഖ്യാപാത്രിയക്കീസ്സ് തിരുമനസ്സുകൊണ്ട് അവിടത്തെ
വരുതിയും അറിവും കൂടാതെ പ്രവൃത്തിക്കുന്ന മാർ ദീവന്നാസ്യോസു
മെത്രാനെ മുടക്കിയിരിക്കുന്നു. ആ സംഗതിക്കു പാത്രിയക്കീസ്സ് തിരുമന
സ്സുകൊണ്ട് സമുദായത്തിനും മെത്രാനുതന്നിച്ചും എഴുത്തുകൾ അയച്ചിരി
ക്കുന്നു. ക്രൂരം ഫിബ്രുവരി മാസം എന്നെ തിരുമനസ്സുകൊണ്ട് മലയാ
ളത്തുള്ള സുറയാനി ക്രിസ്ത്യാനികളുടെ മെത്രാപ്പൊലീത്തായായി പ്രതി
ഷ്ഠിക്കയും അതിനുള്ള പിടിപാടോടും മറ്റു വിശ്വാസസാക്ഷ്യങ്ങളോടും കൂ
ടി ഇങ്ങോട്ട് അയക്കയും ചെയ്തിരിക്കുന്നു. ഞാൻ ഈ ദേശങ്ങളിൽ എത്തിയ
ഉടനെ ആ വിവരത്തിനു താങ്കളെ തിയ്യപ്പെടുത്തിയിട്ടും ഉണ്ടെല്ലൊ. ഞാൻ
ഈ കഴിഞ്ഞപ്രാവശ്യം താങ്കൾക്ക് എഴുതിയതിന്റെ ശേഷം ഉണ്ടായ കാ
ര്യങ്ങളെക്കുറിച്ച് ഞാനിപ്പോൾ ബോധിപ്പിക്കുന്നു. ഞാനും ദീവന്നാസ്യോ
സും തമ്മിൽ ഉണ്ടായ ഒരു കൂടിക്കാഴ്ചയിൽ അദ്ദേഹവും അപ്പോൾ ഹാജരാ
ണ്ടായിരുന്ന സുറിയാനിക്കാരും എന്നെ കൈക്കൊള്ളുകയും പാത്രിയക്കീ
സിനാൽ നിശ്ചയിക്കപ്പെട്ട മുമ്പിലത്തെ മെത്രാന്മാരുടെ എപ്പിസ്കൊപ്പൽ
സ്ഥാനത്തിന്റെ ചില വസ്ത്രങ്ങൾ എന്റെ കൈവശം ഏല്പിക്കയും ചെയ്തു.
എന്റെ അധികാരപത്രം ജനങ്ങളുടെ മുമ്പാകെ വായിക്കുന്നതിനുവെ
ണ്ടി ദീവന്നാസ്യോസുതന്നെ സാധനങ്ങൾ അയച്ച സുറയാനിക്കാരെ
കഴിഞ്ഞമാസം ന൦ നു കണ്ടനാട്ടു വരുത്തീട്ടുണ്ടായിരുന്നു. സഭ കൂടിയതിൽ
ൽ ജനങ്ങൾ എന്നെ അവരുടെ ന്യായമായ മെത്രാപ്പൊലീത്താ ആയിട്ട്
കൈക്കൊണ്ടു. മെല്പറഞ്ഞ മെത്രാൻ (പാത്രിയക്കീസിനാൽ അധികാര
പ്പെടുത്തീട്ടില്ലെങ്കിലും) സ്വാത്തിക്കോൻ എന്റെ പക്കൽ നിന്നു വാങ്ങിവാ
ങ്ങിക്കുവാൻ ജനങ്ങളെ ഏൎപ്പിക്കുന്നതിനു പകരം ഞാൻതന്നെ അവരെ
യേല്പിക്കൊടുക്കേണമെന്നായി ആവശ്യപ്പെട്ടു. ഇത സഭ അനുവദിച്ചിട്ടില്ല.
ഇത നിമിത്തം ഞാനും ജനങ്ങളും കണ്ടനാട്ടുവെച്ചു പിരിഞ്ഞു.....പാത്രി
യക്കീസ്സ് എന്നെ നിശ്ചയിച്ചേല്പിച്ചിരിക്കുന്ന വേലയെ ആരംഭിക്കു
ന്നതിനു താങ്കളുടെ ആലൊചനയ്ക്കായി ഞാൻ കാത്തിരിക്കുന്നു.

ക്ലൂൻ. മെല്പറഞ്ഞ എഴുത്തിൽ പറയുന്നപ്രകാരം യോഗം കൂടി
യിട്ട് ജനങ്ങൾ മാർ അത്താനാസ്യോസിനെ സ്വീകരിച്ചപ്രകാരം ഉ
ള്ളതായി "ക്ലൂ." എന്ന അടയാളമിട്ട രേഖ അപ്പീൽപ്രതി ഹാജരാ
ക്കി. എന്നാൽ അപ്പീൽ അന്യായക്കാരൻ അതിന്റെ ഉത്തമ വിശ്വാ

സത്തെ നിഷേധിക്കയും ആദ്യം കൊടുത്ത ആ നിഷേധത്തെ സ്ഥി
രീകരിച്ചതായും കാണുന്നു. (പുറം നൂദ) ആ ആധാരത്തിന്റെ സത്യത്തെ കു
റിച്ചു സാക്ഷാൽ തെളിയുണ്ടെങ്കിലും ആ രേഖയെ കുറിച്ചു പറയുന്ന
ഭംഗിയും അബദ്ധമല്ലെന്നും ഞങ്ങൾ വിചാരിക്കുന്നില്ല.

ക്ലൂറ. പിന്നത്തെ രേഖ മാർ അത്താനാസ്യോസു റസിഡെ
ണ്ടിനെ എഴുതിയ ക്രൂരം നവമ്പ്ര ന൦-ാംനു ലേ ലേറൊരു എഴു
ത്താകുന്നു. അതിനു "എം. എം. എം." എന്ന അടയാളമിട്ടിരിക്കുന്നു.
അത താഴെ പറയുന്നു. സെർ! "താങ്കളുടെ.....എഴുത്തു കിട്ടി
.....മറുപടി ബോധിപ്പിച്ചുകൊള്ളുന്നതു എന്തെന്നാൽ അന്തിയോഖ്യാ
പാത്രിയക്കീസിൽനിന്നു നേരിട്ട എന്നെ മെത്രാപ്പോലീത്തായായി നിയ
മിച്ചിരിക്കുന്നതിൻവണ്ണം എന്റെ സ്ഥാനത്തിന്നടുത്ത ന്യായവും നടപ്പു
മായ അധികാരം മാത്രം നടത്തുവാൻ ഞാൻ വിചാരിച്ചിരിക്കുന്നു."

ക്ലൂക. തീയ്യതി മുറുക്ക പിന്നെ വരുന്നത ക്രൂരം മെയി ൫-ാംനു
ള്ള "എൻ എൻ, എൻ." എന്ന അക്കമിട്ട രേഖയാകുന്നു. ൦രം കത്തിലും
അദ്ദേഹം റസിഡെണ്ടിനോട പറയുന്നത "അന്തിയോഖ്യാ പാത്രിയക്കീ
സ്സ് തിരുമനസ്സുകൊണ്ടു എന്നെ നിയമിച്ചിരിക്കുന്ന വേലയിൽ പ്രവേ
ശിക്കുന്നതിനു താങ്കളുടെ സഹായവും ആലൊചനയും ഉണ്ടായിരിക്കു
മെന്നാകുന്നു."

ക്ലൂഖ. ൦രം അപേക്ഷകളിന്മേൽ സമാധാനം ബോധിപ്പിപ്പാ
നായി റസിഡെണ്ടു ദീവന്നാസ്യോസിനും കത്തനാരന്മാൎക്കും ഉത്തരവാ
യച്ചതായികാണുന്നു. എന്നാൽ ഇതിന്റെ സമാധാനം ബോധിപ്പി
ച്ചതായി ഫയലാക്കിയിട്ടില്ല. അങ്ങിനെ ഒന്നു ബോധിപ്പിച്ചു എന്നുള്ളതു
തെളിയുന്നു. എങ്ങിനെ എന്നാൽ ൦രം സമാധാനം കണ്ടുറിയതിന്റെ ശേ
ഷം ഇതിനു തന്റെ മറുപടി എന്താകുന്നു എന്നു റസിഡെണ്ടു മാർ അ
ത്താനാസ്യോസിനോടു എഴുതിച്ചോദിച്ചു. "ഒ. ഒ. ഒ." എന്ന അക്കമിട്ട പ്ര
മാണത്തിൽ മാർ അത്താനാസ്യോസിന്റെ മറുപടി അടങ്ങിയിരിക്കുന്നു.
അത ക്രൂരം ജനവരി ക്ല-ാനു എഴുതിയതാകുന്നു. (൦രം രേഖയിൽ ൻ
വകുപ്പുകൾ അടങ്ങിയിരിക്കുന്നു) അത ഇങ്ങിനെ തുടങ്ങുന്നു.
ബഹുമാനപ്പെട്ട സെർ! "മാർ ദീവന്നാസ്യോസും കത്തനാരന്മാരും എ
ഴുതിയിരിക്കുന്നതിനു സമാധാനം ബോധിപ്പിപ്പാൻ എന്നോടാവശ്യപ്പെ
ട്ടിരിക്കകൊണ്ടു ഞാൻ താഴെ ബൊധപ്പിച്ചു കൊള്ളുന്നു.

(ക-) ഹാജിയിൽ പറയുന്ന പള്ളിക്കാരെല്ലാം അതിൽ ഒപ്പിട്ടതായൊ
ന്നും അവരുടെ അറിവും സമ്മതവും പ്രകാരം അയക്കയൊ ഉണ്ടായിട്ട
ല്ല....."(ഹാജി പള്ളിക്കാരിൽനിന്നു വന്നതായും മാർ അത്താ
നാസ്യോസിന്റെ നിശ്ചയത്തെ വിരോധിക്കുന്നതായും കാണുന്നു.)

(ഖ.) ഹാജിയിൽ ഒപ്പിട്ടതായി പറയുന്ന പള്ളിക്കാർ മിക്കപേരും ദീ
വന്നാസ്യോസിനു വിരോധമായി ക്രൂനൻ-മാംഗ്ലീൽ പാത്രിയക്കീസ്സു

ടെ ശക്തിപ്പെടുത്തി റസിഡെന്റിനെ എഴുതി അവ "(പി. പി. പി. കെ. കെ. കെ." എന്ന അടയാളമിട്ട രേഖകൾ) താഴെ പറയുംപ്രകാരം എഴുതുന്നു.

സർ! "താങ്കളെ ഞാൻ എഴുതി അറിയിക്കുന്നത എന്തെന്നാൽ. അന്തിയോഖ്യാ പാത്രിയർക്കീസ് തിരുമനസ്സുകൊണ്ട് എന്നെ മലങ്കരസുറിയാനിക്കാരുടെ മെത്രാപ്പോലീത്തായായി നിശ്ചയിക്കയും അതിനുള്ള പട്ടപ്പട്ടം നല്കുകയും ചെയ്തിന്റെ ശേഷം ഞാൻ കുവൈത്തിൽ വന്നു ഇറങ്ങുകയും എന്റെ നിശ്ചയത്തിന അനുസരണയായി എന്റെ ദിവ്യ സ്ഥാനത്തിനടുത്ത പ്രവൃത്തികൾ നടത്തി തുടങ്ങുവാൻ എന്നെ പ്രാപ്തനാക്കേണ്ടതിലേക്ക മഹാരാജാവുങ്കൽനിന്ന ഒരു വിളംബരം കിട്ടേണമെന്നുള്ള കാരുലിനാൽ ഞാൻ താങ്കളുടെ സമയം പാർത്തു കൊണ്ടിരുന്നു.

"എന്റെ രേഖാമൂലമായ വിശ്വാസ സാക്ഷ്യങ്ങളുടെ സത്യത്തെ പറഞ്ഞും എന്നെ നിശ്ചയിച്ചതിന്റെ ന്യായത്തെപറഞ്ഞും താങ്കൾക്ക ബോദ്ധ്യം വന്നതിന്റെശേഷം താങ്കളുടെ ദയകൊണ്ട മഹാരാജാവുമായി കൂടിക്കാഴ്ച കഴിവാൻ ഇനിക്ക സംഗതി ആകയും അതിന്റെ ശേഷം ഈ നാട്ടിലുള്ള സുറിയാനിക്കാർ എന്നെ തങ്ങളുടെ ക്രമമായി വാഴിക്കപ്പെട്ട മെത്രാപ്പോലീത്തായായി അംഗീകരിക്കുന്നതിന വേണ്ടി മഹാരാജാവിന്റെ തിരുവെഴുത്തു വിളംബരം പുറപ്പെടുന്നതിനു എന്റെ അപേക്ഷയെ താങ്കൾ തക്കതായ മാർഗ്ഗത്തുടെ ശിപാർശി ചെയ്കയും ചെയ്യുക.

"മഹാരാജാവ തിരുമനസ്സുകൊണ്ട ഈ കാര്യത്തെകുറിച്ച വളരെ സൂക്ഷ്മമായി ആലൊചിച്ച താങ്കളുടെ ശിപാർശിപ്രകാരം സമ്മതിക്കുന്നതിനു തിരുമനസ്സുണ്ടാകയും പ്രസ്താവത്തിൽപെട്ട വിളംബരം രയ്യാറാക്കി തിരുവായ്കൊണ്ടും വയ്ക്കുന്നതിന അയക്കണമെന്ന കല്പനയാകയുംചെയ്താൽ. എന്നാൽ ഇത സാധിക്കുന്നതിനു മുമ്പായി മുമ്പിലത്തെ പേക്കാർ കൊച്ച ശങ്കരപ്പിള്ള വളരെ സൂത്രമായവിധത്തിൽ കയ്യുങ്കൽ ഒന്നിനൊന്നായി തിരുമനസ്സുറിയിച്ച വിളംബരം ഒപ്പിടാതിരിക്കേണ്ടതിലേക്ക വേണ്ടുന്നതു ചെയ്തു. ഇനിക്ക കിട്ടിയിരിക്കുന്ന വിശ്വാസയോഗ്യമായ അറിവിൽ ഈ വിധം പ്രവൃത്തിപ്പാൻ കൊച്ച ശങ്കരപിള്ളയെ ഉത്സാഹിപ്പിച്ചത എന്റെ സത്യമായും ന്യായമായുംഉള്ള നിശ്ചയത്തെ ഉപേക്ഷിച്ച മാർ ദിവന്ന്യാസ്യോസ അപഹരിച്ചെടുത്തിരിക്കുന്ന സ്ഥാനത്തെ നിലനിറുത്തുന്നതിലേക്ക 5000 ഉറുപ്പിക കൈക്കൂലിയായി മാർ ദിവന്നാസ്യോസിനോട മുമ്പുകൂട്ടി വാങ്ങിച്ചിട്ടുള്ളതുകൊണ്ടാകുന്നു" ഈ കാര്യത്തിൽ ക്രമമായിട്ടുള്ള നടപടികൾ ഏതുവരെയോളം നടത്തുവാൻ അനുവദിക്കുമെന്നുള്ളത അന്വേഷിക്കുന്നത എന്റെ ചുമതലയല്ല. എന്നാൽ അങ്ങിനെയുള്ള തീരെ അസാദ്ധ്യമായി പൊകയില്ല യെന്നുള്ളത പരിജ്ഞാനംകൊണ്ട ഞാൻ നല്ലവണ്ണം അറിഞ്ഞിരിക്കുന്നു. വിശേഷിച്ചും തിരുവെഴുത്തു വിളംബരം ഒപ്പിടെണ്ടതായി മാത്രം ഇരിക്കുന്ന ഈ സമയംതന്നെ ഞാൻ വെച്ച ബുദ്ധിമുട്ടിലും തെരക്കത്തിലും ഇരിക്കയും ഇപ്പോൾ ഏകദേശം 12 സംവത്സരമായി എന്നെ സംബന്ധിച്ചുള്ള കാര്യങ്ങളുടെ തീർച്ച

തിരുമനസ്സിലേക്കു എഴുതിയിട്ടുള്ളവനും അതുയാതൊ മുടക്കിച്ചിട്ടുള്ളവനും അതുകൊണ്ടും. ആ എഴുത്തിന്റെ ഒരു പകർപ്പു താങ്കൾ വായിച്ചുനോക്കുന്നതിന ഈതിൽ അടക്കം ചെയ്യുന്നും. അതിന്റെ അസ്സൽ എന്റെപക്കത ഉണ്ട. അതു വശ്യപ്പെട്ടാൽ ഉപകരിക്കുന്നതിന്നായി പാത്രിയർക്കീസ് തിരുമനസ്സുകൊണ്ടു അതും എന്റെ കൈവശം ഏൽപ്പിച്ചിരിക്കുന്നു.

(൭.) ഒരു മെത്രാപ്പൊലീത്തായെ പ്രതിഷ്ഠിക്കുന്നസമയം (അന്തിയോഖ്യാ സപദേശിയാകട്ടെ മലയാളത്തുകാരനാകട്ടെ) അയാൾ തന്റെ വിശ്വാസത്തിന്റെയും പാത്രിയർക്കീസിന്റെസി.ഹാസനത്തെ അനുസരിച്ചുകൊള്ളാമെന്നുള്ളതിന്റെയും ഒരു അനുസരണവാക്ക അടങ്ങിയതായി കുറിപ്പു പുവെച്ചകരുപത്രം പാത്രിയർക്കീസിനെ എഴുതികൊടുക്കേണ്ടതു എപ്പോഴും അവിശ്യമാകുന്നു. ആയ ഇനിക്ക വാഴ്ച കിട്ടുന്നതിനു മുമ്പായി ഞൻ എഴുതികൊടുത്തിരിക്കുന്നു."

ഈനാം. ഇതിനു മറുപടി ഒന്നും കിട്ടാഴികയാൽ മാർ അത്താനാസ്യോസു വീണ്ടും റസിഡെന്റിനെ ഫെബ്രുവരി ജൂലായി മാസം- എഴുതി ഇത "ക്യൂ. ക്യൂ. ക്യൂ." എന്ന അക്കമിട്ട പ്രമാണമാകുന്നു. ഇതു വളരെ സങ്കടമുള്ള പ്രകാരത്തിൽ എഴുതി കിടക്കുന്നു അതു താഴെ പറയുംപ്രകാരം ആകുന്നു.

സെർ! "ഞാൻ താങ്കളുടെ ദയയുള്ള അറിവിൽ കൊണ്ടുവരുന്നത എന്തെന്നാൽ അന്തിയോഖ്യാ പാത്രിയർക്കീസ തിരുമനസ്സുകൊണ്ടു എന്നെ മലങ്കരസുറിയാനി മെത്രാപ്പൊലീത്താ ആയി നിശ്ചയിച്ച ഇനിക്കു നല്കിയിരിക്കുന്ന സ്ഥാനത്തിലേക്കു ബലപ്പെടുത്തി തിരുവിതാംകൂർസർക്കാരിൽനിന്നു വിളംബരം പുറപ്പെട്ടുകാണുന്നതിലെക്ക ഇപ്പോൾ രണ്ടു കൊല്ലമായി ഞാൻ ആശയൊടെ കാത്തിരിക്കുന്നു.....

വിശേഷിച്ചും മാർ ദിവന്ന്യാസ്യോസ ഒരു ക്രമമായി വാഴിക്കപ്പെട്ട മെത്രാപ്പൊലീത്തായൊ അദ്ദേഹവും അദ്ദേഹത്തിന്റെ ആശ്രിതന്മാരും ഇനിക്കു വിരൊധമായി അയച്ചവാരങ്കികം സത്യത്തിന്മെൽ അടിസ്ഥാനപ്പെട്ടതൊ അല്ലെങ്കിൽ ഭ്രമിപ്പിക്കുവാൻ അയാളുടെ ഭാഗത്തൊ ആയിരുന്നുയെങ്കിൽ താങ്കൾ ദയയോടെ സൂചിപ്പിച്ച പ്രകാരം ഒരു കൊല്ലത്തിനമുമ്പു സക്കാറിൽ നിന്നു നിശ്ചയിച്ചിരുന്ന സുന്നഹദോസു മുമ്പാകെ അയാൾ തന്റെ അവകാശത്തെ സ്ഥാപിച്ച കിട്ടുവാൻ മുമ്പോട വരെണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ സുന്നഹദോസു എന്ത സംഗതിക്കായി കൂടുവാൻ കല്പിക്കപ്പെട്ടിരിക്കുന്നുവൊ ആ സംഗതിയെ അയാൾ തീരെ ഉദാസീനമായി വിചാരിച്ചുകൊണ്ടു താൻ അപഹരിച്ചെടുത്തതായ മെത്രാപ്പോലീത്താ അധികാരത്തിൽ ശാഠ്യക്കാരനായിരുന്നു. അതുകൊണ്ട എന്റെ ഭാഗത്തലവനും മെലെജമാനന്മാരുമായവങ്കൽനിന്നു ന്യായമായുള്ള വിശ്വാസ സാക്ഷ്യങ്ങളോടുകൂടി ഞാൻ ഇരിക്കുന്ന മുറയ്ക്കു അതിനെപ്പറ്റി നിക്കാതെ ഇരിക്കുന്നത ഇനിക്ക ഏറ്റവും വ്യസനകരമായിട്ടുള്ളതാകുന്നു"

ഈനാം. സങ്കടനിവൃത്തി ലഭിക്കുവാൻ അദ്ദേഹം പിന്നെയും മറ്റു പല കത്തുകളും മുമ്പത്തെ അവകാശങ്ങളെതന്നെ ആവർത്തിച്ച കുറി

എങ്ങിനെ എന്ന അറിയുന്നതിനായി സദാ വ്യാകുലത്തോടും നിശ്ചയമി
ല്ലായ്മയോടും കൂടി ഞാൻ ഒരു നാട്ടിൽ താമസിച്ചുവരികയും ചെയ്യുന്നു.

"ഇപ്രകാരമുള്ള സംഭവം ഞാൻ വഹിച്ചിരിക്കുന്ന സ്ഥാനത്തി
ന വളരെ കുറച്ചില്ല. മേല്പട്ടക്കാരൻ എന്ന ഗുരുക്ക വളരെ ഹാസ്യമുമായി
ട്ടുള്ളതാകയാൽ എന്റെ ദിവ്യ വേലയെ ഒരു നാട്ടിൽ എന്നെക്കൊണ്ടു നട
ത്തിപ്പാറാകേണ്ടതിലേക്ക തങ്കൾ ദയവുചെയ്യു എന്റെ കായ്യം ഒരിക്കൽ
കൂടി മഹാരാജാവിന്റെ അനുകൂലമായ ആലോചനക്കായി ശിപാശ്ശി
ചെയ്തു തിരുവെഴുത്ത വിളംബരം വാങ്ങി തരുന്നതിനും ഇങ്ങിനെ രണ്ടാ
ലം ഇനിക്ക നേരിട്ടിരിക്കുന്ന ബുദ്ധിമുട്ട, സംശയം, ഇല്ലാഭംഗം ഇ
തുകളിൽ നിന്ന വിട്ടലാക്കി തരുവാറാകേണ്ടതിനും ഞാൻ അപേക്ഷി
ക്കുന്നു."

(ഒപ്പു) അത്താനാസ്യോസു,
മലബാർ.

സർ! "ഞാൻ ഒരിക്കൽകൂടി തങ്കളുടെ ദയവുള്ള അറിവിൽ കൊണ്ടുവര
ുന്നത എന്തെന്നാൽ:—എന്റെ കായ്യത്തിന ഒരു തീരുമാനം വരുത്തിത
രുമെന്നായി തങ്കൾ ചെയ്ത വാഗ്ദത്തിന്മേൽ ശരണപ്പെട്ടുകൊണ്ടു ഞാൻ
ഇതാ ഇപ്പോഴും ഒരു സ്ഥലത്ത താമസിക്കുന്നു. സത്യമായിട്ടും സർ!
ഒരു കാലതാമസം എന്തു കാരണത്താലാണെന്ന ഞാൻ അറിയുന്നില്ല
ആയ എന്റെ വ്യാകുലത്തെയും പണം ഇടപെട്ട പ്രയാസങ്ങളെയും വ
ർദ്ധിപ്പിക്കമാത്രം ചെയ്യുന്നു. എന്നപോലെതന്നെ ക്രമമായി നിയമിക്ക
പ്പെട്ടവനും തന്റെ മേലെജമാനനിൽനിന്നു രക്ഷമറാ വിശ്വാസ സ
ക്ഷ്യങ്ങളും കയ്യശം ഉള്ളവനും ആയ ഒരു മെത്രാൻ തന്നെ നിശ്ചയിക്ക
പ്പെട്ട സ്ഥലത്തു തന്നെ ഇപ്രകാരം ബുദ്ധിമുട്ടും ഇശ്ശാഭംഗവും സഹി
ക്കേണ്ടിവരുന്നതിനെ കുറിച്ചു വിചാരിക്കുന്നതിന ഇനിക്കുള്ള മനഃക്ലേ
ശം അല്പമല്ല.

"എന്നെ തിരുവിതാംകൂറിൽ കൈക്കൊള്ളുന്നതിനായി ശിപാശ്ശിചെ
യ്ത എഴുതിയ തങ്കളുടെ ദയവുള്ള എഴുത്ത വിളംബരത്തിന്റെ ഒരു പക
പ്പ് സഹിതം മഹാരാജാവുങ്കലേക്ക ഒപ്പുവച്ചു കിട്ടേണ്ടതിനായി ബൊധി
പ്പിച്ച എന്നും കഴിഞ്ഞുപോയ കൊല്ലാരം മേയ്മാസം കൊച്ചുശങ്കരപ്പിള്ള
യുടെ കുത്രം നിമിത്തം അരുകും ഒപ്പിടാതെ കിടപ്പായിപോയി എന്നും
സൂക്ഷ്മത്തോടും ഇനിക്ക അറിവ കിട്ടിയിരിക്കുന്നു. എന്നാൽ ഒരു ഉദ്യോ
ഗസ്ഥൻ ഇപ്പോൾ മരിച്ചുപോയിരിക്കകൊണ്ടു എന്റെ സംഗതി ഒരു
പ്രാവശ്യംകൂടി തിരുമനസ്സു ഉണർത്തിക്കുന്നു എങ്കിൽ തങ്കളുടെ അപേ
ക്ഷയേ വേഗത്തിൽ കൊടുക്കുമെന്നുള്ളതിലെക്ക യാതൊരു സംശയവുമില്ല
തങ്കൾ അല്ലാതെ വേറൊരു മാർഗ്ഗവും ഞാൻ കാണുന്നില്ലായ്കയാൽ ഞാ
ൻ തങ്കളോട അപേക്ഷിച്ചുകൊള്ളുന്നത എന്തെന്നാൽ ഒരു കായ്യം മഹാ
രാജാവുങ്കൽ അറിയിക്കേണ്ടതിനും ഇനി ഏതൊരു താമസിയാതെ വിളംബ
രം പുറപ്പെടുവിക്കേണ്ടതിനും ഹേഡ ദിവാൻപേഷ്കാരെ തങ്കൾ ദയത
വോടെ ഓർപ്പിക്കുക എന്ന ഏക മാർഗ്ഗം മാത്രം ഉള്ളതിനാൽ അപ്ര
കാരം ചെയ്യുന്നതിനു അപേക്ഷിക്കയും തങ്കൾ ഒരു ചെയ്യുന്ന ഉപകാ

രത്തിനു ഞാൻ ഏറവും കൃതജ്ഞനായിരിക്കയും തങ്കളുടെ വിലയേറിയ
സമയത്തിനും സൌഭാഗ്യത്തിനും കാവുകൂടാതിരിക്കുന്നതിന പ്രാർത്ഥിപ്പാ
ൻ ഞാൻ കടക്കാരനായിരിക്കയും ചെയ്യുന്നതാകുന്നു"

ഒരു അവസ്ഥക്ക എഴുതിയ

(ഒപ്പു) അത്താനാസ്യോസു
മലബാർ.

ഇവിടെ സൂക്ഷിപ്പാനുള്ള ത എന്തെന്നാൽ മലങ്കരയെ ഭരിച്ചുവ
രുന്ന മാർ ദിവന്നാസ്യോസിനെ നിക്കംചെയ്യുകിട്ടുവാൻ മാർ
അത്താനാസ്യോസ ബൊധിപ്പിച്ച ഏക സംഗതി അയാൾക്ക പാത്രിയ
ർക്കീസിൽ നിന്നൊ തന്റെ പ്രതിനിധിയിൽ നിന്നൊ കൈവെപ്പു കി
ട്ടിയിട്ടുണ്ടെന്നും അതുകൊണ്ട അയാൾ തക്കതായി വാഴിക്കപ്പെട്ട മെത്രാൻ
ആകുന്നു എന്നും ആകുന്നു. എന്നാൽ മാർ അത്താനാസ്യോസിന്റെ മെത്രാ
പോലിത്തസ്ഥാനത്തേക്കുള്ള അവകാശങ്ങളും അടിസ്ഥാനപ്പെടുത്തി
യിരിക്കുന്ന പാത്രിയക്കീസിൽനിന്ന തനിക്ക വാഴ്ചയും നിശ്ചയവും
കിട്ടിയിരിക്കുന്നു എന്നുള്ള ഏക സംഗതിയിന്മേൽ ആകുന്നു.

ഒന്നാമത. മേല്പറഞ്ഞ പ്രകാരമുള്ള വലിയ എഴുത്തുകുത്തു ബ്രിട്ടീ
ഷ റസിഡെണ്ടും മാർ അത്താനാസ്യോസും തമ്മിൽ നടന്നുവരുന്ന മ
ാർ ദിവന്നാസ്യോസും (മാർ അത്താനാസ്യോസു വണ്ണിച്ചിരി
ക്കുന്നപ്രകാരം) തന്റെ കുത്രമക്കാരായ കത്തനാരന്മാരും വെരുതെ ഇ
രിയല്ലായിരുന്നു. അവർ കക്ഷി ഉണ്ടാക്കുകയും മാർ അത്താനാസ്യോ
സിന്റെ പേരിൽ അയാളുടെ മേല്പട്ട സ്ഥാനത്തെ സംബന്ധിച്ച സ
ംശയിട്ടൊ കുഴവായിട്ടൊ ഉള്ള സങ്കടങ്ങൾ പാത്രിയക്കീസിനെ അ
റിയിച്ചുകൊണ്ടിരിക്കയും ചെയ്തുകയായിരുന്നു. ഇതിനെ അത്താനാസ്യോ
സിനെക്കുട്ടി അറിഞ്ഞ റസിഡെണ്ടിനെ "ഒ. ഒ. ഒ. ക്യു. ക്യു. ക്യു." എന്ന
പ്രകാരം മൂലം അറിവ കൊടുത്തിട്ടുണ്ടായിരുന്നു. ഒരു സങ്കടങ്ങൾ കയ്യു
ക്കാരം (അവ എന്തായിരുന്നു എന്ന മുഴുവനായി അറിയുന്നതിന
ിട്ടും ഒന്നും കാണുന്നില്ല. എന്നാൽ അങ്ങിനെ സങ്കടങ്ങൾ മാർ അ
ത്താനാസ്യോസിന വിരോധമായി അയച്ചു എന്നുള്ളതിനു മതിയായ
തിവുണ്ട്) പാത്രിയക്കീസ സ്ഥലത്തും കൊണ്ട ഇതിന്റെ സത്യാവ
സ്ഥയെപറ്റിയൊ സങ്കടങ്ങളെപറ്റിയൊ മുഖാവിൽ നിശ്ചയം അറി
യുന്നതിന തനിക്ക പാടില്ലാതെവരികയാൽ മലയാളത്തേക്ക വന്ന സ
ംഗതികുറിച്ച തിരക്കി അറിയുന്നതിന പരിചയക്കുത്തുകളോട കൂടി
യ മാർ കൂറിലോസിനെ അയച്ചു. അയാൾ (കൂറിലോസ) ത
ന്റെ അന്വേഷണത്തിൽ വല്ലതും പ്രവൃത്തിപ്പാൻ ഇടയായാൽ അ
തിനുള്ള കായ്യത്തിൽ ഉപയോഗിക്കേണ്ടതിലേക്ക എങ്ങിനെയെ
ങ്കിൽ മാർ അത്താനാസ്യോസ തന്റെമേൽ ബൊധിപ്പിക്കപ്പെട്ടപ്ര
കാരം എടുത്തുടനടപടികളിൽ കുറക്കാരനായി കണ്ടെത്തപ്പെട്ടാൽ അ
പ്രകാരം ചെയ്യുന്നതിനും അയാളുടെ സ്ഥാനത്തേക്ക പകരം വരുന്ന അ
ാളെ സ്ഥാപിക്കൊൻ കൊടുക്കുന്നതിനും ഇത്യാദി കായ്യങ്ങൾക്കായി

ട്ട പാത്രിയക്കീസ തന്റെ ഒപ്പും മുദ്രയുംവെച്ച വെള്ള
കുറിലോസ വശം ഏല്പിച്ചിരുന്നു എന്നു ഞങ്ങൾ കൊല്ലം കമ്മട്ടിക്കാര
ടെ "ഏച്ച" എന്ന അക്കമിട്ട രീപ്പിൽ കാണുന്നു. ഒരു എഴുത്തുകളും കട
ലാസുകളും ആയുധമാക്കിക്കൊണ്ട കുറിലോസ ഇവിടെ വന്നിറങ്ങി
മാർ ദീവന്നാസ്യോസുമായി കൂടിക്കണ്ടതിൽ മാർ അത്താനാസ്യോസി
ന്ന പകുമായി പാത്രിയക്കീസിനാൽ വാഴിക്കപ്പെട്ടതും നിയമിക്കപ്പെ
ട്ടതുമായ മെത്രാപൊലീത്താ താനാണെന്നു പ്രസിദ്ധപ്പെടുത്തുകയും
രുന്നെ ഭരമേല്പിച്ച അയച്ചിരുന്ന (ഒപ്പും മുദ്രയും ഉണ്ടായിരുന്ന) വെള്ള
ക്കടലാസുകളിൽ സ്വാത്തിക്കൊൻ മുതലായ വ്യാജമായി നിർമ്മിക്കയും
ചെയ്തു. മാർ ദീവന്നാസ്യോസ തന്റെ എതിരാളിയായ മാർ അത്താ
നാസ്യോസിന്റെ ആഗ്രത്തെ തോല്പിക്കുന്നതിനായി ഒരു ധീരതയെ
റിയും ദൈവഭോഹമായ പ്രവൃത്തി ചെയ്യുന്നതിനു കുറിലോസി
നെ സഹായിച്ചു എന്നതിനു യാതൊരു സംശയമില്ല. പുറപ്പാട് മാ
ർ കുറിലോസ ഇവിടെവന്നിറങ്ങിയ ശേഷം മാർ ദീവന്നാസ്യോസ
തന്റെ സ്ഥാനം അയാൾക്ക ഏല്പിച്ചുകൊടുക്കയും ആ വിവരത്തിനു
താഴെ പായുന്ന എഴുത്തുമൂലം ബ്രിട്ടിഷ റസിഡെണ്ടിനു അറിവുകൊ
ടുക്കയും ചെയ്തു. (പുറപ്പാട് ചിങ്ങം ൩൦-ാംനു-ത്തെ "ഏസ. ഏസ." എ
ന്ന അക്കമിട്ട രേഖ.) മഹാരാജമാന്യരാജശ്രീ റസിഡെണ്ടു അവർക
ളുടെ ബഹുമാനപ്പെ സമുക്ഷമത്തിങ്കലേക്ക മലങ്കര ഇടവകയുടെ മെ
ത്രാപൊലീത്താ മാർ ദീവന്നാസ്യോസ എഴുതി അറിയിക്കുന്നത എ
ന്തെന്നാൽ.

"അബ്രാഹം കത്തനാരും.....അയാളുടെ അനന്തിരവൻ മ
ത്തായി ശെമ്മാശും (മാർ അത്താനാസ്യോസു) മറ്റു ചിലരും കൂ
ടി സുറിയാനി മതത്തിലെ ആചാരങ്ങളെ വെടിഞ്ഞ അവരുടെ ഹി
തപ്രകാരമുള്ള മത സംബന്ധമായ ചില ആചാരങ്ങളെയും പള്ളി
ക്രമങ്ങളെയും നിർമ്മിച്ച അവയെ പിന്തുടർന്നതിനാൽ. സഭയിൽ നി
ന്നു തള്ളപ്പെടുകയും ഒരു കായ്മും സുറിയാനി മെത്രാപൊലീത്തനു
യുടെ തലവനായ അന്തിയാക്യായിലെ എത്രയും ശ്രേഷ്ഠമാകപ്പെ
മാറാൻ മാർ ഇഗ്നാത്യോസ പാത്രിയക്കീസ ബാവായ്ക്കു രേഖാ
ലും അറിവുകൊടുക്കയും ചെയ്തിരിക്കുന്നു എങ്കിലും അയാൾ (അത്താ
നാസ്യോസു) മലയാളത്തിലെ സുറിയാനി പള്ളിക്കാരെ കൊടുത്തതാ
യി പറയുന്ന ഒരു വ്യാജ എഴുത്തോടുംകൂടി പാത്രയക്കീസു ബാവാ
യുടെ മുമ്പിൽ ഹാജരായി കായ്ങ്ങൾ ഒന്നിനൊന്നായി പറഞ്ഞു ധ
രിപ്പിച്ച വ്യാജ പെരും കൊടുത്തു ഇപ്പോൾ ഇവിടെ മെത്രാനായിവ
ന്ന കലക്കം ഉണ്ടാക്കിവരുന്നു ഒരു വിവരത്തിനും. എഴുതി അയച്ചി
രിക്കുന്നു. ഇയാളുടെ കായ്മത്തെ കുറിച്ച എത്രയും വന്ദ്യനായ പാത്രി
യക്കീസ ബാവായെ എഴുതി തിയ്യപ്പെടുത്തിയതിൽ സുറിയാനിക്കാ
രുടെ മതത്തിലെ മര്യാദകൾ പ്രകാരം പള്ളികളെ ഭരിക്കുന്നതിനു
മതസംബന്ധമായ ആചാരങ്ങളെ നടത്തുന്നതിനുമായി അദ്ദേഹ
ത്തുനുള്ള ദേശത്തെ മെത്രാപോലീത്തായായിരുന്ന വന്ദ്യനായ മ

ർ കുറിലോസ യോക്കീമിനെ സ്വാത്തിക്കൊനും നല്കി അയച്ചിരിക്ക
നു. അദ്ദേഹം ഒരുമാസം ഉന-ാംനു- ഇവിടെ വന്നിറങ്ങി. സമ്മത
ത്തോടു കൂടി വന്ദ്യനായ മാർ കുറിലോസിനു ചാർജ്ജ ഏല്പിച്ചുകൊടു
ത്തിരിക്കുന്നു. ഇയാൾ മലയാളത്തിലെ സുറിയാനി പള്ളികളെ കുറി
ക്കുള്ള എന്നും മതസംബന്ധമായ കായ്മാദികളെ നടത്തുള്ള എന്നും...
.....ഗുരവും വന്ദ്യനായ പാത്രിയക്കീസ ബാവായുടെ സ്വാത്തി
ക്കാനിൽ എഴുതി യിരിക്കുന്നതുകൊണ്ട പള്ളികളും സിമ്മനാരിയും
സംബന്ധമായി അയ്പ്പാനുള്ള എല്ലാ ഉത്തരവുകളും അദ്ദേഹത്തി
ന്റെ (കുറിലോസ പേക്ക് അയപ്പാറാകണമെന്ന അപേക്ഷിക്കുന്നു"

എന്നു. ആരംഭം മുതല്ക്കേ തക്കപ്പെട്ടിരുന്ന മാർ ദീവന്നാസ്യോ
സിന്റെ പ്രതിഷ്ഠയുടെ തീച്ച ഇതാ ഇവിടെ ആയി. എല്ലാവരും സു
റിയാനി പള്ളിയുടെ തലവനായി നൊക്കി കൊണ്ടിരുന്ന പാത്രീയ
ക്കീസ നിയമിച്ച ആളുകളുടെ നേരെ തന്റെ കായ്മും ബലഹീനമുള്ള
തെന്ന അറിഞ്ഞ തന്റെ പ്രതിഷ്ഠ ക്രമക്കെടായുള്ളതും ബലമില്ലാത്ത
തും സമുദായം അംഗീകരിക്കതക്കതല്ലാത്തതും എന്ന മാർ ദീവന്നാ
സ്യോസിനു ബൊധ്യമായി. സക്കാരധികാരികളുടെ സഹായ
വും തന്നെ കൈക്കൊള്ളുന്നതിനു ഒരു തിരുവെഴുത്തുവിളംബരവും
ഇണ്ടായിരുന്നു. എങ്കിലും തന്റെ വിരൊധിക (മാർ അത്താനാസ്യോസി
ന) സ്ഥാനം ഒഴിഞ്ഞ കൊടുപ്പാൻ മനസ്സാകാതെ തന്റെ സ്വന്ത
തിരഞ്ഞെടുപ്പുപ്രകാരം ഒരു മെത്രാനെ വാഴിക്കണമെന്നും അതിലേക്കാ
യി സാക്ഷിപത്രങ്ങളും സ്വാത്തിക്കൊനും വ്യാജമായി നിർമ്മിക്കണ
മെന്നും അയാൾക്ക ഒട്ടുകം തോന്നി. (അയ്യു നമുക്ക പിന്നാലെ കാ
ണാം) കുറുകരമായും ദൈവ ഭോഹമായും ഇത്ര വളരെ പ്രവൃത്തി
കൾ ചെയ്യാൻ ശങ്കിക്കാത്തവരായ മാർ ദീവന്നാസ്യോസിനും ത
ന്റെ കൂട്ടുകും പാത്രിയക്കീസിന്റെ മേലധികാരത്തെയും രന്നാൽ
നിയോഗിക്കപ്പെട്ട മാർ അത്താനാസ്യോസിന്റെ അവകാശത്തെ
യും നിഷേധിക്കുന്നതിനു അത്ര ധീരതയും ശങ്കയില്ലായ്മയും ഉണ്ടാ
യിരുന്നില്ല. ഇതിന്റെ കാരണം തെളിവാകുന്നു. അങ്ങിനെ ചെ
യ്താൽ ജനങ്ങൾ ഏക ശബ്ദത്തൊടെ തന്നെ കുറും വിധിക്കുമെ
ന്ന മാർ ദീവന്നാസ്യോസ അറിഞ്ഞിട്ടുണ്ടായിരിക്കണം. അവർ അ
ങ്ങനെയാകും പോകുന്നതിനു ഒരുങ്ങിയില്ല. പിന്നെയൊ സുറിയാനി
വൈദത്തലവനെന്ന ലോകപ്രസിദ്ധമായ പാത്രിയക്കീസിന്റെ അ
ധികാരത്തിൻ കീഴിൽ എന്നു നടിച്ചുകൊണ്ട മാർ അത്താനാസ്യോ
സിന്റെ അവകാശത്തെ തോല്പിപ്പാൻ വേണ്ട യത്നങ്ങൾ ചെയ്തുയാ
യിരുന്നു.

എന്നു. ഒരു കൂട്ടുകെട്ടിനെ കുറിച്ച കേട്ടാറെ മാർ അത്താനാസ്യോ
സു പുറപ്പാട് ജൂൺ ൧൦-ാംനു- ബ്രിട്ടീഷ റസിഡെണ്ടിനു "എൽ.
എൽ. എൽ." എന്ന അക്കമിട്ട രെഖ വഴിയായി താഴെ പറയും പ്രകാ
രം എഴുതി അയച്ചു.

"സർ! മലങ്കര ഇടവകയുടെ ക്രമമായി വാഴിച്ചാക്കപ്പെട്ടിട്ടുള്ള മെത്രാ

മപോലീത്തായായി ഇനിക്കുള്ള അവകാശ കായ്ത്തെ സംബന്ധിച്ച
താഴെ പറയും പ്രകാരം ബൊധിപ്പിച്ചു കൊള്ളുന്നത താങ്കളുടെ
ശ്രദ്ധക്കും ആലോചനക്കും യോഗ്യമാകുമെന്നുള്ള താഴ്മയായ ആശ
യോട കൂടി വണക്കത്തോടെ വിണ്ടും അപേക്ഷിച്ചു കൊള്ളുന്നു. സുറി
യാനി പട്ടക്കാരും അയ്മ്മനികളും കൂടി അന്നത്തെ ബെരൽ മെത്രാ
നായിരുന്ന ദിവന്നാസ്യോസിന വിരോധമായി നേരായ സങ്കടങ്ങ
ൾ പാത്രിയക്കീസ്സ തിരുമനസ്സിലേക്ക അയക്കയും ഞാൻ മർദീനി
എത്തുന്നതിന കുറച്ച മാസങ്ങൾക്ക മുമ്പായി അത അവിടെ കിട്ടുക
യും ചെയ്തതിന്റെ ശേഷം എന്നെ പ്രതിഷ്ഠിച്ചാകുന്നതിന അവിട
ത്തെക്ക ഇഷ്ടമായി അതിന്റെ ന്യായത്തെയും ബലത്തെയും കുറി
ച്ച ദിവന്നാസ്യോസിന പൂർണ്ണബൊധ്യവും ഉണ്ട എന്നെ മെൽപ്ര
കാരം നിശ്ചയിച്ചതിനാൽ തനിക്ക ആപ്പോൾ ഉണ്ടായിരുന്ന അധി
കാരത്തിൽ സ്ഥിരപ്പെട്ടുത്തുമെന്നുള്ള ആശയുടെ ഭംഗം വരികയും അയാ
ളുടെ ഹൃദയത്തിൽ അപേക്ഷിച്ചിരുന്ന പ്രകാരം ഉള്ള ഫലപ്രാപ്തി കാ
ണുന്നതിന പകരം പാത്രിയക്കീസ അയാളെ കഠിനമായി കുറ്റപ്പെ
ടുത്തുകയും മേലാൽ അയാൾ ഒരു സ്ഥാനത്തിനടുത്ത അധികാരം നട
ത്തിപ്പോകരുതെന്നായിരുടക്ക കല്പന പുറപ്പെടുകയും ചെയ്തിരിക്കകൊ
ണ്ട ഞാൻ അയാളുടെ സ്ഥാനത്തേക്ക വരുന്നത വിരോധിപ്പാനുള്ള
മാഗ്രഹങ്ങളെ അയാൾ അനേഷിക്കയും ഞാൻ സ്ഥാനത്തേക്ക പ്രാ
വേശിക്കേണ്ടതിന പതിവുള്ള വിളംബരം അയപ്പാൻ തിരുവിതാംകൂ
ർ സർക്കാരിന്റെ ഭാഗത്ത ഉണ്ടായ താമസം പ്രയോജനമാക്കി സുറി
യാനിക്കാരുടെ ഇടയിൽ കലഹങ്ങളും ഛിദ്രങ്ങളും ഉണ്ടാക്കുവാൻ ശ്ര
മിച്ചപ്പെട്ട കലഹപ്രമാണികളുടെ അഭ്യൂഹം പ്രകാരം ഒരു കൂ
ട്ടരാരുമായോട കൂടി ചേർന്നുകൊണ്ട (അതിന്ന അവരെ സർക്കാരി
ൽനിന്ന ഒരിക്കൽ ശിക്ഷിക്കയും അവരോട മേലാൽ നല്ല നടപ്പിന്ന
ജാമ്മ്യം വാങ്ങുകയും ചെയ്തിട്ടുണ്ട) അവരുടെ സ്വഭാവിക മനൊഗത
പ്രകാരം അസൂയയിൽ നിന്നും ഒരംശ്യയിൽ നിന്നും മാത്രം ഉളവായ കുറ
ങ്ങളും എന്റെ മേൽ ചുമത്തി സുറിയാനിക്കാരുടെ പേരു വെച്ച വ്യാജ
എഴുത്തുകളും സഹിതം അവർ പാത്രിയക്കീസിനും സർക്കാരിലേക്കും
എഴുതി അയക്കയും ചെയ്തിരിക്കുന്നു.

"താങ്കളും സർക്കാരും അറിഞ്ഞിരിക്കുന്നപ്രകാരം ആ ചുമത്തപ്പെ
ട്ട സംഗതി കളവാണെന്ന ബൊധ്യംവരികയാൽ ആ കായ്ം വിട്ടുക
ഞ്ഞുപ്പോ. എന്നാൽ പാത്രിയക്കീസ മലയാളത്തിൽനിന്ന ഏറവും ദൂ
രമായ മർദീനിൽ ഇരിക്കുന്നതുകൊണ്ട കായ്ത്തിന്റെ സത്യാവസ്ഥ
നിശ്ചയപ്പെടുത്തുവാൻ അദ്ദേഹത്തിന്ന കഴിവില്ലാതെ വരികയാൽ ഈ
അതിനെയുള്ള കായ്ങ്ങളിൽ സാധാരണ ചെയ്യുവരുന്നപ്രകാരം വൈദി
കമായും ലൌകികമായും എന്റെ മേൽ ചുമത്തപ്പെട്ട കായ്ങ്ങൾക്ക വി
ചാരണ കഴിക്കുന്നതിനും തീർച്ച അദ്ദേഹത്തെ അറിയിക്കുന്നതിനുമായി
കാർ കൂറിലോസിനെ അയച്ചു. ഒരു വിചാരണ നടക്കുന്ന പക്ഷം ത
ങ്ങളുടെ ഉപായങ്ങൾ ഒക്കെയും വെളിപ്പെടുമെന്നും അപ്പോൾ ത

ങ്ങൾ വിചാരിച്ചിരുന്ന കായ്ത്തിന്ന ഭംഗം വരുമെന്നും അറികയാ
ൽ ദിവന്നാസ്യോസും തന്റെ കൂട്ടരും മാർ കൂറിലോസിന്റെ വര
വിങ്കൽ അയാളുടെ ഭാഗം ചേർന്നുകൊണ്ട മലയാളത്തിലെ പ
ള്ളികളും ഒക്കെയും കായ്ങ്ങളുടെ ഒരു മറിച്ചിലു സമയത്ത കൈ
വശപ്പെടുത്തുവാൻ ഇതുതക്ക ഒരു അവസരമെന്ന പറഞ്ഞു ഉ
ത്സാഹിപ്പിക്കയും അയാൾക്ക എന്നോട വിരോധമാക്കി പള്ളികളെ കൈ
വശപ്പെടുത്തുന്നത തന്റെ മായാണെന്നു ധരിപ്പിച്ച അപ്രകാരം ചെ
യ്യുന്നതിന അയാളെ സമ്മതിപ്പിക്കയും ഇത ചെയ്യാൻ താമസിച്ചാൽ
തങ്ങളുടെ ശട്ടംകെട്ടിന ദോഷം വരുമെന്നു ഭയപ്പെട്ടിട്ട തിടുക്കമായി
ഒരു ഇടവകയില്ലുള്ള പള്ളികളും മുഴുലായും മാർ കൂറിലോസിന്റെ അ
ധീനത്തിൽ ആക്കിക്കൊടുക്കയും ചെയ്തു. അതിനാൽ ഇങ്ങിനെയുള്ള
കായ്ങ്ങളിൽ അതുവരെ വന്ന നടപ്പുപ്രകാരം സർക്കാരിൽനിന്ന അ
വര അനുവാദം വാങ്ങാതിരുന്നതിന്റെ കാരണം മേല്പറഞ്ഞവയാകു
ന്നു. ഗവർമ്മെണ്ടു കല്പനയുടെ വിപരീതമായും ഇനിക്ക പാത്രിയക്കീസിൽ
നിന്ന കിട്ടിയ സ്ഥാനത്തിക്കൊണ്ട ഗണ്യമാക്കാതെയും അയാളോട കൂടി
പള്ളികളിൽ സഞ്ചരിക്കുന്നു. മേല്പറഞ്ഞപ്രകാരം അവർ പ്രവൃത്തി
ക്കുന്നതിന മുമ്പായി ഇനിക്ക സ്ഥാനത്തിക്കോൻ തന്ന അതു അധികാര
ത്തിൽ നിന്നൊ അതിന തുല്യമായ ഒരു അധികാരത്തിൽ നിന്നൊ എ
ന്റെ സ്ഥാനത്തിക്കോൻ ഉമ്പലപ്പെട്ടുത്തിക്കൊണ്ടതായിരുന്നു.

"പാത്രിയക്കീസിൽനിന്ന ഒരു സ്ഥാനത്തിക്കോൻ കയ്യുശം ഉള്ളപ്പൊ
ൾ മാർകൂറിലോസ ദിവന്നാസ്യോസിന്റെ അഭിപ്രായവും ഉപദേശവും
അനുസരിച്ചു നടക്കുന്നതിനെയൊ അല്ലെങ്കിൽ ദിവന്നാസ്യോസ മാ
ർ കൂറിലോസിനെ മേല്പറഞ്ഞപ്രകാരം സഹായിക്കുന്നതിന്റെ കാരണ
ത്തെയൊ പറ്റി ചോദിക്കുന്നുയെങ്കിൽ ഇനിക്ക പകരമായി ഇരിപ്പാൻ
പാത്രിയക്കീസ ഇയാളെ അധികാരപ്പെടുത്തീട്ടില്ലന്നുള്ളത മാർ കൂറി
ലോസിന്റെ നടപടിയാൽതന്നെ പ്രത്യക്ഷമായി തെളിയുന്നു എന്ന
ഞാൻ ഉത്തരം പറയുന്നു. എന്നാൽ അത അപ്രകാരമായിരുന്നു എങ്കിൽ
ഒരു വഴക്ക ഒന്നും പുറപ്പെട്ടിട്ടാവശ്യമില്ലായിരുന്നു. നേരെ മറിച്ച ദി
വന്നാസ്യോസ എന്നെ തള്ളുന്ന പക്ഷം തനിക്ക അതുവരെ ഉണ്ടായി
ന്ന അധികാരവലിപ്പം പൊയ്പ്പോകുമെന്നും മേലാൽ അങ്ങിനെ നട
പ്പാൻ എന്റെ ഭരണത്തിൽ കഴിവ ഉണ്ടാകയില്ലെന്നും കണ്ട, എന്നാൽ
മാർ കൂറിലോസിന്റെ കീഴിൽ അത സാധിക്കുമായിരുന്നു. എന്തെന്നാൽ
അയാൾ ഒരു പരദേശക്കാരനും താൻ ഭരിപ്പാൻ പോകുന്ന ജനങ്ങളുടെ
ഭാഷയും മര്യാദകളും വശമില്ലാത്തവനും ആയിരുന്നു. ഇങ്ങിനെ എല്ലാ
പ്രകാരവും അയാൾ ഇതിലേക്ക അയോഗ്യനായിരിക്കുന്നതിനാൽ അ
യാൾക്ക ദിവന്നാസ്യോസിന്റെ സ്വാധീനവും സഹായവും ആവശ്യ
മായിരുന്നു. തങ്ങളുടെ നടത്ത ശരിയായ്തുന്നു തോന്നിപ്പാൻ വേണ്ടിയും
തങ്ങളുടെ കൌശലത്തിന ഹാനി വരാതിരിപ്പാൻ വേണ്ടിയും പാത്രി
യക്കീസ അയച്ചതെന്ന കാണിപ്പാൻ കള്ള ഒപ്പിട്ട എഴുത്തുകളും മുദ്ര
കളും നിർമ്മിച്ചിരിക്കുന്നു. ഇതിന്റെ സംശയ ലക്ഷണങ്ങളെയും വി

ദുരാധ സ്വഭാവത്തെയും പറഞ്ഞു ഞാൻ താങ്കൾക്കു അയച്ച ഫ്രഞ്ച നവമ്പ്ര ൨-ാംനു-ത്തെ എന്റെ എഴുത്തിലും അതോടുകൂടി ഉണ്ടായിരുന്ന റിമാർക്കിലും കാണിച്ചിട്ടുണ്ടല്ലൊ. മലയാളത്തിലെ സുറിയാനി സഭയിലെ മര്യാദപ്രകാരം തങ്ങളുടെ സ്വന്ത ജാതിയിൽനിന്ന ഒരു മെത്രാൻ ഉണ്ടായിരിക്കേണമെന്നുള്ളതു ഒരു സ്ഥിരമായ പ്രമാണമാകുന്നു എന്നും ഒരു പരദേശക്കാരനെ അവരുടെ ഇടയിൽ ആ സ്ഥാനത്തക്കു കൊണ്ടുവന്നിരിക്കുന്നതു ഒരു പുതിയ ചട്ടം ആകുന്നു എന്നും അപ്രകാരം ഒന്നൊരണ്ടൊ പ്രാവശ്യം ശ്രമിച്ചതിൽ ജനങ്ങൾ സമ്മതിച്ചില്ലെന്നും ആ എഴുത്തിൽ ഞാൻ പ്രസ്താപിച്ചിട്ടുണ്ട്. എന്നാൽ എന്റെ താന്ന അഭിപ്രായത്തിൽ തോന്നുംപടി മാർ കൂറിലോസിന്റെ കായ്ത്തിൽ ഇതു അനുവദിപ്പാൻ പാടില്ലെന്നു ഞാൻതാഴ്മയോടെ അഭിപ്രായപ്പെട്ടു. പാത്രിയക്കീസ തന്നെ എന്ത സംഗതിക്കായി അയച്ചുവൊ ആ വന്ന കായ്യം നൊക്കുന്നതിനു പകരം തന്റെ സ്വന്ത അഭിപ്രായത്തെ നടത്തുന്നതിൽ ബ്രിട്ടീഷ റസിഡെണ്ടിന്റെയും സക്കാരിന്റെയും അനുവാദം വാങ്ങി കഴിയുള്ള പക്ഷം എന്നെ സ്ഥാനത്തിൽനിന്ന നീക്കുന്നതിനു ശ്രമിക്കുന്നു. അതുകൊണ്ടു പാത്രിയക്കീസിനാൽ ക്രമമായി നിയമിക്കപ്പെട്ട മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ മെത്രാപോലീത്ത മാർ അത്താനാസ്യോസു ആയ ഞാൻ—എന്നെ മലങ്കര ക്ക മെത്രാപോലീത്തായായി നിയമിച്ച തന്നിരിക്കുന്ന സ്ഥാത്തിക്കൊ നു നേരെ വിപരീതമായി മാർ കൂറിലോസ കൊച്ചി സംസ്ഥാനത്തുള്ള പള്ളികളുടെമെൽ എപ്പിസ്കൊപ്പാ സ്ഥാനത്തിനടുത്ത അധികാരം നടത്തിയിരിക്കകൊണ്ടു അയാൾക്ക വിരൊധമായും മുമ്പിലത്തെവെതൽ മെത്രാനായിരുന്ന ദിവന്നാസ്യോസ മെല്പറഞ്ഞ പള്ളികളും അതു സംബെന്ധമായ വസ്തുക്കളും മാർ കൂറിലോസിന്റെ അധീനത്തിൽ ആക്കി കൊടുത്തതിൽ ഉപയോഗിച്ച അയാളുടെ കൌശലത്തിനും കൂട്ടു കെട്ടിനും വിരോധമായിട്ടും എന്റെ നിശ്ചയം ഇല്ലായ്മ ചെയ്വാൻ ആയുധാമായി തീർന്നിട്ടുള്ളതും ഇനി തീരുന്നതും, അല്ലെങ്കിൽ അതിൽ സംബെന്ധിച്ചിട്ടുള്ളതുമായ എല്ലാ ആളുകൾക്കും എതിരായും അധികാരം നടത്തുന്നതിനൊ തിരുവിതാംകൂറിലുള്ള പള്ളികളെ സന്ദർശിക്കുന്നതിനൊ മേല്പറഞ്ഞ മാർ കൂറിലോസിനു കൊച്ചി തിരുവിതാംകൂർ സക്കാരിൽനിന്ന കൊടുക്കപ്പെട്ടുന്ന അനുവാദത്തിനു വിരോധമായും ഇതിനാൽ ഞാൻ ഭക്തിയോടെ എതുത്തു പറയുന്നു.

"പാത്രിയക്കീസിനു എല്ലാ കക്ഷികളൊടും നീതിയായിരിക്കണമെന്ന ആഗ്രഹമുള്ളതുകൊണ്ടു എന്നൊടു ചെയ്തിരിക്കുന്ന ദോഷത്തെ കുറിച്ച ആലോചിച്ച അതിലേക്കു പരിഹാരമുണ്ടാക്കുന്നതിനും ആയി എല്ലാ കായ്വും പാത്രിയക്കീസ തിരുമനസ്സിലെക്കു ബൊധിപ്പിക്കുന്നതു വരെ ഞാൻ നിശ്ചയിച്ചിരിക്കുന്നു എന്നും അദ്ദേഹത്തിന്റെ മറുപടിക്കായി കാത്തിരിക്കുമെന്നും ഞാൻ ബൊധിപ്പിച്ചു കൊള്ളുന്നു.

(ഒപ്പു) അത്താനാസ്യോസ.
മലങ്കചാർ."

൧൭൮. കായ്ങ്ങളും ഇതുത്തൊളം ഗതിക്കുമ്പോൾ ബ്രിട്ടീഷ റെസിഡെണ്ടിന്റെ അഭിപ്രായത്തോടുകൂടെ തിരുവിതാംകൂർ സക്കാർ ഒരു കക്ഷികാരായ മാർ അത്തനാസ്യോസിന്റെയും മാർ ദിവന്നാസ്യോസും കൂട്ടരും സഹായിച്ചിരുന്ന മാർ കൂറിലോസിന്റെയും വാദങ്ങളെ വിചാരണ ചെയ്യുന്നതിനു ഒരു കമ്മിഷ്യൻ നിശ്ചയിപ്പാൻ സങ്കല്പിച്ചു. അതു പ്രകാരം സക്കാർ ഉദ്യോഗസ്ഥന്മാരായി നാലുപേർ ഉണ്ടായിരുന്ന ഒരു കമ്മിഷ്യൻ ഫ്രഞ്ചരുവ ജനവരിയിൽ നിശ്ചയിക്കപ്പെട്ടു. ൟ കമ്മിഷ്യൻ കൊല്ലത്തു കൂടുകയും അതിന്റെ രീപ്പിൽ ("ഏച്ച" പ്രമാണം) കണ്ടെന്ന പ്രകാരം ൟ കായ്ത്തെ വെടിപ്പായി വിസ്തരം നടത്തുകയും ചെയ്തു.

൧൭൯. ൟ കമ്മട്ടിയുടെ രീപ്പിനെയും അതിന്റെ ശേഷം ഉണ്ടായിട്ടുള്ളതിനെയും കുറിച്ച വിചാരിക്കുന്നതിനു മുമ്പായി ൟ സംഭവം ആലോചനക്കു ഏറ്റവും യൊഗ്യമായിട്ടുള്ളതെന്ന പ്രസ്താപിക്കാം. ഇവിടെ മൂന്നു മെത്രാപോലീത്തന്മാർ ഉണ്ടായിരുന്നു. ഇവരിൽ രണ്ടു പാത്രിയക്കീസിൽ നിന്ന സ്ഥാത്തിക്കൊണ്ടും സ്ഥാനചിഹ്നങ്ങളും ധരിച്ചവരും സ്ഥാനത്തിനു മത്സരിച്ചു നിന്നവരും മൂന്നാമത്തെയാൾ ഒരു കാലത്തൊളം മെത്രാപോലീത്താസ്ഥാനത്തിൽ ഇരുന്നവനും ആയിരുന്നു. ഇവരെ എല്ലാവരും യാതൊരു സംശയവും ഇല്ലാതെ പാത്രിയക്കീസിന്റെ മേലധികാരത്തെ സമ്മതിക്കയും സ്ഥാനത്തിനു തങ്ങൾക്കുള്ള അഹ്ത ഉണ്ടൊകേണ്ടതു അദ്ദേഹത്തിൽ നിന്നാകുന്നു എന്ന അവകാശം പറകയും ചെയ്തു. ൟ മെത്രാപോലീത്തന്മാരിൽ ഒരുവനായ മാർ ദിവന്നാസ്യോസ തിരുവെഴുത്തു വിളംബരമനുസരിച്ച വളരെ കാലം വഹിച്ചിരുന്ന തന്റെ സ്ഥാനത്തെ മനസ്സാലെ ഒഴിഞ്ഞു കൊടുത്തു. ഇതിനുള്ള ഏക കാരണം എന്തെന്നാൽ തന്റെ പ്രതിഷ്ഠ ഉറപ്പുള്ളതെന്നും സാധുവല്ലാത്തതെന്നും അയാൾക്കു തൊന്നിയതിനാലായിരുന്നു. ൟ സംഗത ഒരു പാത്രിയക്കീസിന്റെ ആധിക മേലധികാരത്തെ കുറിച്ച സുറിയാനി സമുദായത്തിന്റെ മനസ്സിൽ ബലമായിട്ട ഉണ്ടായിരുന്നു എന്നുള്ളതിനും ഇപ്പൊൾ ഉണ്ടെന്നുള്ളതിനും ഒരു ആശ്ചര്യമായ ദൃഷ്ടാന്തം അല്ലയൊ?

൧൭൦. ഇപ്പോൾ കമ്മട്ടിയുടെ കായ്യം പറഞ്ഞുകൊള്ളുന്നു. "ഏച്ച" എന്ന രേഖ കമ്മട്ടി നിശ്ചയിപ്പാനുണ്ടായ സംഗതികളെ കൊണ്ടു തുടങ്ങുന്നതു ഇപ്രകാരമാകുന്നു.— "ഫ്രഞ്ചനു-ലും ഫ്രഞ്ചനുലും ൟ നാട്ടിൽ വന്ന മാർ അത്തനാസ്യോസും മാർ കൂറിലോസും മലയാളത്തിലെ സുറിയാനി സഭയുടെ മെത്രാപോലീത്തന്മാരായി തങ്ങളെ തന്നെ നിശ്ചയിച്ച അന്തിയൊഖ്യാ പാത്രിയക്കീസിൽനിന്ന കിട്ടിയ സ്ഥാനചിഹ്നങ്ങളെ ബ്രിട്ടീഷ റസിഡെണ്ടിന്റെ മുമ്പാകെ ഹാജരാക്കിയിരിക്കുന്നതുകൊണ്ടും മാർ അത്തനാസ്യോസ ഹാജരാക്കിയ രേഖകൾ ഉത്തമ വിശ്വാസമുള്ളതല്ലെന്നു വാദിച്ചുകൊണ്ടു തങ്ങളുടെ മെത്രാപോലീത്തായായി മാർ കൂറിലോസിനെ സ്വീകരിക്കേണമെന്നു സുറിയാനി സമുദായത്തിന്റെ ഒരു കൂട്ടം മാർ കൂറിലോസ ഹാജരാക്കി

ന്നു എന്നും—മാർ അത്താനാസ്യോസിനെ സ്ഥാനത്തിൽനിന്നു നീക്കി പകരം ആളാക്കുവാനുള്ള കാരണമായ കുറ്റം ചുമത്തൽ അശേഷവും അടിസ്ഥാനമില്ലാത്തതാകുന്നു എന്നും—മാർ അത്താനാസ്യോസിന്റെ സ്വാത്തിക്കോൻ തന്നെ തക്കമറ്റതായിരിക്കുന്നതു കൂടാതെ ഒരു നാട്ടുകാരൻ ആയിരിക്കുന്ന മറ്റൊരു അയാളുടെ തെരഞ്ഞെടുപ്പു കീഴനടപ്പിനു ശരിയായി അനുസരിച്ചിട്ടുള്ളതുമാകയാൽ മാർ അത്താനാസ്യോസിനെ മലയാളത്തെ സുറിയാനിസഭയുടെ മെത്രാപ്പൊലീത്തായായി സക്കാര അംഗീകരിച്ചു വിളംബരപ്പെടുത്തുന്നതു എത്രയും ന്യായമായിട്ടുള്ളതും നീതിയായിട്ടുള്ളതും ആകുന്നു എന്നും കക്ഷി അഭിപ്രായപ്പെടുന്നു

൬൨. ഇങ്ങിനെ കുറിലോസിന്റെ നടിപ്പു അവസാനിക്കയും മാർ അത്താനാസ്യോസിന്റെ പാത്രിയക്കീസിനാലുള്ള നിശ്ചയം ഒടുവിൽ സക്കാർ അംഗീകരിക്കയും മാർ ദീവന്നാസ്യോസ തന്റെ സ്വഭാഭരണം മൌനതയോടെ അയാൾക്കു ഒഴിഞ്ഞുകൊടുക്കയുംചെയ്തു.

൬൩. ഒരു തീപ്പിന്റെശേഷം "ഓ." എന്ന അക്കമിട്ട വിളംബരം പുറപ്പെടുകയും ചെയ്തു. അതു താഴെപറയുന്നു.

"കോട്ടയത്തു താമസിച്ചിരുന്ന മാർ ദീവന്നാസ്യോസ മെത്രാപൊലീത്ത പ്രായാധിക്യം കൊണ്ടു തന്റെ സ്ഥാനം ഒഴികയും അതു സ്ഥാനത്തേക്കു അന്തിയോഖ്യായിൽനിന്ന എഴുത്തു കൊണ്ടുവന്നിരിക്കുന്ന മാർ അത്താനാസ്യോസിനെ മെത്രാപൊലീത്താ ആയി നിശ്ചയിക്കയും ചെയ്തിരിക്കകൊണ്ടു ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ.—മലങ്കര എടവകയിലുള്ള പുത്തൻകൂർ സുറിയാനിക്കാരിൽ ഉൾപ്പെട്ട എല്ലാവരും മാർ അത്തനാസ്യോസിനെ മെത്രാപോലീത്താ ആയി കൈക്കൊള്ളുകയും കീഴനടപ്പു അനുസരിച്ചു നടന്നുകൊള്ളുകയും വേണം."

൬൪. ഈ കൊല്ലത്തെ കഠിനമായ അധ്വാനത്തിന്റെ ശേഷം മാർ അത്താനാസ്യോസിനെ ൧൮൬൫-ൽ മലങ്കര സുറിയാനിസഭയുടെ മെത്രാപോലീത്താ ആയി ആ സ്ഥാനത്തേക്കു അന്തിയോഖ്യാ പാത്രിയക്കീസിനാൽ നല്ലപ്പെട്ട പട്ടാഭിഷേകത്തിന്റെയും നിശ്ചയത്തിന്റെയും ബലത്തിന്മേൽ അംഗീകരിക്കയും വിളംബരപ്പെടുത്തുകയും ചെയ്തു. "എം." എന്ന രേഖ അയാളുടെ സ്വാത്തിക്കോൻ ആകുന്നു.

൬൫. പ്രതിഭാഗം വിസ്താരത്തിന്റെ സ്വഭാവം കാണിപ്പാൻ ഒരും മാർ അത്താനാസ്യോസ മെത്രാപോലീത്തായായതിനെ സംബന്ധിച്ച അപ്പീൽ വാദിയുടെ വാദത്തെ സൂക്ഷിക്കേണ്ടതു പ്രധാനമായി ഇവിടെയാകുന്നു. അപ്പീൽവാദി ആദ്യംകോടതിയിൽ ഫയലാക്കിയ കാര്യവിവരപത്രികയിൽ ൧൮-ാം വകുപ്പിൽ പറയുന്നതു. (രണ്ടുകാ. ൧. പുറം ൧൭.)
"മാർ അത്താനാസ്യോസിനു അധികാരവും വസ്തുകയ്യശവും കിട്ടിയതു പ്രതിക്ഷയുടെ ഗുണംകൊണ്ടെന്നല്ല (അന്തിയോഖ്യാ പാത്രിയ

ക്കീസിനാലുള്ള പ്രതിക്ഷ) പിന്നയൊ തന്റെ മുൻവാഴ്ത്തുകാരനായ മെത്രാപൊലീത്തായുടെ സമ്മതംകൊണ്ടും ജനങ്ങളുടെ അംഗീകാരംകൊണ്ടും ഉണ്ടായിതന്നു" മാർ ദീവന്നാസ്യോസിന്റെയും മാർ കുറിലോസിന്റെയും ഇടയിൽ മാർ അത്താനാസ്യോസിനു വളരെ നാളത്തെ പോര ഉണ്ടായിരുന്നിട്ടും മാർ അത്താനാസ്യോസ മെത്രാപൊലീത്തായായതു മാർ ദീവന്നാസ്യോസിന്റെ സമ്മതത്തോടു കൂടി ആകുന്നു എന്ന അപ്പീൽ വാദിവചനമായി തക്കീക്കുന്നു. ഒരു തക്കത്തിന്റെ സ്വഭാവം തിരെ തെറ്റായിട്ടുള്ളതും നിസ്സാരമായിട്ടുള്ളതുമെന്ന കാണിപ്പാൻ ന്യായമൊന്നും ഇതുവരെയുമില്ല.

൬൬. ൧൮൬൫ൽ മാർ അത്താനാസ്യോസും തമ്മിൽ അന്യോന്യം നടന്നിട്ടുള്ള എഴുത്തുകുത്തുകൾ മുഴുവനും സ്വീകരിക്കുന്നതിനു അവ ഉത്തമവിശ്വാസമായിട്ടുള്ളതുല്ലെന്നുള്ള കാരണത്തിന്മേൽ അപ്പീൽവാദി ആക്ഷേപം ബൊധിപ്പിച്ചു. അതിന്മേൽ ഹൈക്കോടതി അസ്സൽ എഴുത്തുകൾ ൧൮൬൫ൽ അപ്പീസിൽനിന്നും വിളിപ്പിച്ചു പകർപ്പുകൾ അവയുമായി ഒത്തുനോക്കി സത്യബോധപ്പെടുത്തുകയും ചെയ്തു. ഇതുകൂടാതെ ആ എഴുത്തുകളുടെ ഉത്തമ വിശ്വാസത്തെ പറ്റി ഹൈക്കോടതിക്കു ബോദ്ധ്യംവരുന്നതിനു അവയുടെ പുറത്തുള്ള ആ കോടതിയുടെ എണ്ണോർസമെൻറുകൊണ്ടു നാം കാണുന്നു. പക്ഷെൽ നിസ്സാരമായിരിക്കുമെന്നു കണ്ടിട്ടു ആ ആക്ഷേപത്തെ മേസ്സർ ഗോവ്വർ നമ്മുടെ മുമ്പാകെ അത്രവളരെ നിബ്ബന്ധിച്ചില്ല. ഒഫീഷ്യൽ എഴുത്തുകൾ ഉത്തമ വിശ്വാസമായിട്ടുള്ളതെന്നു ന്യായമായി ഊഹിക്കാം. അസ്സൽ എഴുത്തുകൾ ഹൈക്കോർട്ടിൽ ഹാജരാക്കിയപ്പോൾ അതുകളെയൊ ആ എഴുത്തുകളിൽ ഉണ്ടായിരുന്ന മാർ അത്താനാസ്യോസിന്റെ ഒപ്പിനെയൊ മറിച്ചു തെളിയിക്കുന്നതിനു അപ്പീൽ വാദിക്കു വളരെ ഏറും ഉണ്ടായിരുന്നു. എന്നാൽ ആ സമയം അയാൾ അതിനെകൊണ്ടു പ്രയോജനപ്പെടുത്തിയില്ല. "ഒ." എന്ന വിളംബരവും കൊല്ലം കമ്മട്ടിയുടെ തീർപ്പും ആ എഴുത്തുകൾ സാക്ഷാൽ ഉണ്ടായിട്ടുള്ളതു തന്നെ എന്ന സാക്ഷീകരിക്കുന്നു. അവയുടെ ഉത്തമ വിശ്വാസത്തെപറ്റി നാം ഒട്ടുംതന്നെ സംശയിക്കുന്നില്ല. നമ്മുടെ മുമ്പാകെ പ്രസംഗസമയത്തു അപ്പീൽ വാദിയുടെ വക്കീൽ മിസ്റ്റർ രാമനാഥരായർ ഒരും എഴുത്തുകളുടെ ഉത്തമ വിശ്വാസത്തെക്കുറിച്ചു പറവാൻ ഭാവിച്ചപ്പോൾ അവ ഞങ്ങളുടെ അഭിപ്രായത്തിൽ നിർമ്മലതയായിട്ടുള്ളതെന്നും അതിനാൽ ആ സംഗതിയെ കുറിച്ചു അധികമായി തർക്കിച്ചിട്ടുവശ്യമില്ലെന്നും അയാളെ അറിയിച്ചു. ഒരും പ്രമാണങ്ങളും ഉത്തമ വിശ്വാസമായിട്ടുള്ളതാകുന്നു എന്നതിനു നൂറുക്കു യാതൊരു സംശയവും ഇല്ലെന്നതന്നെയുമല്ല വഴിയെ കാണിക്കും പ്രകാരം അപ്പീൽവാദി ഒരും എഴുത്തുകളെ കുറിച്ചു നല്ലവണ്ണം അറിഞ്ഞിട്ടുണ്ടായിരിക്കണമെന്നും കൂടി ഞങ്ങൾ അഭിപ്രായപ്പെടുന്നു.

൬൭. ഒരും തക്കത്തോടു അല്പം സംബന്ധമുള്ള രണ്ടു സംഭവങ്ങൾ കൊല്ലം കമ്മട്ടിയുടെ വിചാരണക്കിടയിലും "ഒ." എന്ന വിളംബര

പുറപ്പെടുന്നതിനു മുമ്പായും ഉണ്ടായിരിക്കുന്നു. അവയെക്കുറിച്ചു ഇ
വിടെ പ്രസ്താപിക്കുന്നതു ഉപയോഗമുള്ളതാകുന്നു

ഏവ്വ. ഒന്നാമത്തെത അന്തിയോഖ്യാ പാത്രിയക്കീസ്സായ ഭാഗ്യ
മത്തെ യൗക്കോബെ (ഇവിടെ നടന്നു വരുന്ന കാര്യങ്ങളൊക്കുറിച്ചു
അറിയാതെ) തന്റെ മുൻവാഴ്ചക്കാരനായ ഏലിയാസ പാത്രിയ
ക്കീസിന്റെ മരണത്തെക്കുറിച്ചും അന്തിയോഖ്യാ സിംഹാസനത്തി
ൽ തന്റെ പിന്തുടച്ചയെക്കുറിച്ചും മലങ്കര സുറിയാനിസഭയ്ക്കും മാർ
വന്നാന്യോസിനും കൊടുത്തിട്ടുള്ള അറിയിപ്പു ആയിരുന്നു. ഒരും എഴുത്തു
ഫവ്വർവ്വ മീനം വ്യ-ാംനു ലെ "ബി. ബി. ബി." എന്ന അഖ്യാകുന്നു.
അതു താഴെപറയുന്നു.(ഒരുഅപ്പീലിന്റെ ആവശ്യത്തിലേക്കുവേണ്ടി മാ
ത്രം ഉള്ളതു ഇവിടെ എടുത്തു പറഞ്ഞിരിക്കുന്നു):—"എന്നാൽ പ്രിയപുത്ര
പുത്രാ! ഏലിയാസ എന്ന വിളിച്ചുവന്ന മാർ ഇഗ്നാത്യോസ പാത്രിയ
ക്കീസായ നമ്മുടെ വിശുദ്ധ പിതാവു ദൈവത്തിന്റെ തിരു ഇഷ്ടത്തി
ലും തന്റെ കൃപയാലും ഒരും ലോകം വിട്ടു തന്റെ യജമാനന്റെ പരി
ശുദ്ധ സന്നിധിയിങ്കൽ പോയിരിക്കുന്നു. അതിന്റെശേഷം വന്ദ്യന്മാരാ
യ മെത്രാന്മാരും പട്ടക്കാരും നമ്മുടെ സുറിയാനി സമുദായത്തിന്റെ
ശ്രേഷ്ഠന്മാരും സിംഹാസനത്തിന്റെ ഭദ്രയായിൽ സുന്നഹദോസു കൂടി
മേല്പറഞ്ഞ പിതാവു കാലംകഴിഞ്ഞതിന്റെ നാല്പതാം ദിവസമായ ശ്ലീ
ഹായും ഫവ്വർവ്വ എടവം വ്യ-ാംനു അന്തിയോഖ്യായുടെ ശ്ലീഹായിൽ
ടുത്ത സിംഹാസനത്തിന്റെ പാത്രിയക്കീസായി നമ്മുടെ ചെലഹീനത
യെ അഭിഷേകം ചെയ്തിരിക്കയും അതിന്റെ ശേഷം ദൈവം നമ്മുടെ
ചെലഹീനതയിൽ നല്കിയ അധികാരപ്രകാരം നമ്മുടെ സമുദായത്തി
ന്റെ സഭകളെ സംബന്ധിച്ചും മേല്പട്ടക്കാരു മുതലായവരെ സംബന്ധി
ച്ചും പൊതുവിലുള്ള ചട്ടങ്ങളും ക്രമപ്പെടുത്തി ഉറപ്പിക്കയും ചെയ്തു എ
ന്നാൽ മലയാളത്തെ മക്കളായ നിങ്ങളുടെ കാര്യത്തെ കുറിച്ചു നാം മെത്രാ
പോലീത്തായായിരുന്നപ്പോഴും നമുക്കു മനസ്സിൽ ഖേദമുണ്ടായിട്ടു നാ
നിങ്ങളെക്കുറിച്ചു എന്തു ചെയ്യേണ്ടു എന്ന ചിന്തിച്ചു ആലോചിച്ചിരി
യായിരുന്നു. അങ്ങിനെ ഇരിക്കുന്ന വേളയിൽ നമ്മുടെ പുത്രൻ മാർ കു
റിലോസിൽ നിന്നും സഭയുടെ വൈദീകന്മാർ എപ്പിസ്കോപ്പന്മാർ മു
ലായവരിൽ നിന്നും നമുക്കു എഴുത്തുകൾ കിട്ടി. അതിനാൽ അവർ നി
മ്മോടു ആവശ്യപ്പെട്ടതു തിരുവിതാംകൂർ മഹാരാജാവിന്റെ സം
രക്ഷണയിൻ കീഴിൽ ഇരിക്കുന്ന സുറിയാനി ക്രിസ്ത്യാനികളായ നമ്മു
ടെ മക്കളുടെ സഭക്കും നമ്മുടെ പുത്രൻ മാർ കുറിലോസിന്റെയും നി
ന്റെയും സഹായത്തിനുമായി എപ്പിസ്കോപ്പന്മാരെയും ഭദ്രയായക്കാരെ
യും അയച്ചു തരണമെന്നാകുന്നു. അപ്രകാരം നാം സഭ കൂടി സിം
ഹാസനത്തിന്റെ ഭദ്രയുടെ സമീപം പട്ടണങ്ങളിലുള്ള മെത്രാന്മാ
രും, പട്ടക്കാരും, എപ്പിസ്കോപ്പന്മാരും, മുതലായവരൊടു കൂടി ആലോചിച്ചു
അപ്പോസ്തോലിക്കായിക്കുള്ള പ്രതിനിധിയായും വിശ്വാസിയായ
എപ്പിസ്കോപ്പായായും മാർ അത്താനാന്യോസ സ്കൂപ്പാനൊസ എപ്പി
സ്കോപ്പായെയും അവനൊടു കൂടി നമ്മുടെ ശിഷ്യനും മകനുമായ

നിയ ലീമോൻ റമ്പാനെയും അയച്ചിരിക്കുന്നു. അവർ അവിടെ
ന്ന നിന്നെയും സുറിയാനിക്കാരെയും എല്ലാ നഗരങ്ങളിലും പട്ട
ങ്ങളിലും പാർക്കുന്ന നമ്മുടെ ജനത്തെയും കാണുന്നതിനും എല്ലാ
ടങ്ങളിലും സഞ്ചരിക്കുന്നതിനും നമ്മുടെ സുറിയാനി സഭ മുതലായ
തിന്റെ അപ്പൊസ്തോലിക്കായിക്കുള്ള കാനോൻ അനുസരിച്ചു എല്ലാ
സ്ഥലത്തും നടത്തുന്നതിനും കല്പിക്കുന്നതിനും (നാം അവർക്കു കല്പന
കൊടുത്തിരിക്കുന്നു) എന്നാൽ ന്യൂസാന്യക്കൊനിലും പൊതുവിലുള്ള
എഴുത്തുകളിലും (വിശ്വാസ സാക്ഷ്യങ്ങളും) പറയുന്നപ്രകാരം നമ്മു
ടെ ചെലഹീനതയുടെ കീഴ്സ്ഥന്മാരെ പൊലെ അവരെ നാം അയ
ച്ചിരിക്കകൊണ്ടു നിങ്ങളാരും അവരൊടു മറുത്തുനില്ക്കരുതു. വിശേഷി
ച്ചും അവരുടെ പക്കൽ പള്ളി ശുശ്രൂഷക്കുള്ള പുസ്തകങ്ങളും നാം കൊ
ടുത്തയച്ചിരിക്കുന്നു. നീ അവയെ ദിവ്യ ശുശ്രൂഷാന്തിയേറ്റ കൂടി എല്ലാ
പള്ളികൾക്കും വെണ്ടി (പകർപ്പു എഴുതി എടുത്തു) അംഗീകരിച്ചാൽ നല്ല പ്രതി
ഫലവും നിത്യപ്രതിഫലം ലഭിപ്പാറാകണം, വിശുദ്ധ മൂറൊനും കൊടുത്ത
യച്ചിരിക്കുന്നു. നമ്മുടെ ആത്മീക പുത്ര! നീ അറിയേണ്ടുന്നതു എന്തെ
ന്നാൽ മേല്പറഞ്ഞ നമ്മുടെ ആത്മീക പുത്രന്മാരെ അയച്ചിരിക്കുന്നതു
നമ്മുടെയും മറ്റു മെത്രാന്മാരുടെയും പട്ടക്കാരുടെയും എപ്പിസ്കോപ്പ
ന്മാരുടെയും അഭിപ്രായപ്രകാരവും അപ്പോസ്തോലിക്കായിക്കുള്ള സിം
ഹാസനത്തിന്റെ മെലെഴുക്കായ വരേണ്ട ഉത്തരീസാ ചൊവും ഭ
രിശവും ധർമ്മശൊഭയും വഴിപാടും മാനവും എല്ലാ പള്ളിയുടെ
യും മാമ്മോദീസായിരിക്കുന്ന ഓശാനപ്പെരുന്നാളിലെ നമ്മുടെ പള്ളിയിലുള്ള ദാന
വും വഴിപാടും വാങ്ങുവാനും പിരിക്കുവാനും കൂടെയും ആകുന്നു. എല്ലാ
കാര്യവും ദൈവകൃപ നിങ്ങൾക്കു വർദ്ധിച്ചു വരുമാറാകട്ടെ.

"വിശേഷിച്ചും നിങ്ങൾ എല്ലാവരും അനുസരണമുള്ള മനസ്സുക
ളോടെ രഹസ്യമായും പരസ്യമായും ഉള്ള കാര്യങ്ങളിൽ സന്തോഷത്തോ
ടും സന്തുഷ്ടിയോടും ആദരവോടും നല്ല മനസ്സോടും മെയാർത്തിലെ
സുറിയാനി ക്രിസ്ത്യാനികളായ നമ്മുടെ ജനത്തിന്റെ പട്ടക്കാർ എപ്പി
സ്കോപ്പന്മാർ മുതലായവരോടു കൂടി നിങ്ങൾ അവരെ അനുസരിക്കേണമെന്നതു
നെ സംബന്ധിച്ചും നിങ്ങളുടെ നാട്ടിലെ അധികാരികൾ നാടുവാഴികൾ
മുതലായവരുടെ മുമ്പാകെ നിങ്ങൾ അവർക്കു ചെയ്യേണ്ടതായിവരുന്ന
തിനു സഹായത്തെ സംബന്ധിച്ചും നാം നിനക്കു പ്രത്യേകം കല്പന ത
രേണമെന്ന ആവശ്യമില്ലല്ലൊ, നമ്മുടെ ആത്മീക പുത്രനായ മാർ കുറി
ലോസിനൊടു നാം എഴുതിയിട്ടുള്ളപ്രകാരം അവൻ അവരോടു കൂടി എല്ലാ
പള്ളികളും സഞ്ചരിക്കണമെന്നും മേല്പറഞ്ഞ എല്ലാ വഴിക്കും അവരെ നി
യമിക്കണമെന്നും പറയണം. നമ്മുടെ മേല്പറഞ്ഞ പുത്രന്മാർ മുഖേ
നതന്നെ കൊടുത്തയച്ചാലും അതു വിട്ടു കൂടാതെ ഇവിടെ എത്തുന്ന
തിനു സിംഹാസനത്തിന്റെ ഭദ്രയുടെ പണ്ടിങ്ക വിലയുള്ള പത്രങ്ങളുമാ
കുന്നു. എന്തെന്നാൽ അവർ തങ്ങളുടെ കയ്യക്ഷരമുള്ള സ്വീകരിപ്പുകളിലും
പൊതുവിലുള്ള എഴുത്തുകളിലും പറയുന്നപ്രകാരം അപ്പോസ്തോലിക്കാ

യുടെ ചട്ടപ്രകാരം കല്പിച്ചിട്ടുള്ള എല്ലാ വഴികളും അവർ നമ്മുടെ എപ്പി
സ്കോപ്പന്മാരും കാര്യസ്ഥന്മാരും ആകുന്നു. അതുകൊണ്ട് അവർ നിന്നോട്
കൂടിയും നമ്മുടെ ആത്മീക പുത്രനായ മാർ കുറിലോസിനോട് കൂടിയും ഭ
രിക്കട്ടെ. ഏവൻഗെലിയിൽ പറയുന്നപ്രകാരം നാം നിന്നോടകല്പിക്ക
ുന്നു. "നിങ്ങൾ തമ്മിൽ സ്നേഹിക്കേണം എന്നൊരു പുതിയ കല്പന ഞാ
ൻ നിങ്ങൾക്ക് തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ
തമ്മിൽ സ്നേഹിക്കണം. നിങ്ങൾ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങ
ൾ എന്റെ ശിഷ്യർ ആകുന്നു എന്ന അതിനാൽ എല്ലാവരും അറിയ
ട്ടെ. അപ്പോസ്തലനായ യൊഹന്നാന്റെ കുറിയിൽ പറയും പ്രകാ
രം "തന്റെ സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ നടക്ക
ുന്നു. തന്റെ സഹോദരനെ സ്നേഹിക്കാത്തവനോ ഇരുട്ടിൽ നടക്ക
ുന്നു"— ശുദ്ധമാന സഭയുടെ വൈദികനായ മാർ പൌലോസിന്റെ
കുറിയിൽ പറയും പ്രകാരം "(മനുഷ്യൻ) അനേകം നല്ല കാര്യങ്ങൾ ചെ
യ്താലും ദൈവദൂതന്മാരുടെ ഭാഷകളിൽ സംസാരിച്ചാലും സ്നേഹമില്ലെങ്കി
ൽ അവനു ഒരു പ്രയോജനവുമില്ല." അതുകൊണ്ട് സ്നേഹവും അനുസ
രണവും ഇല്ലെങ്കിൽ സഭയുടെ മേജസ്റ്റോ രാജികശ്രേഷ്ഠതയോ നില
നില്ക്കുന്നതല്ലെന്നും എല്ലാ ശ്രേഷ്ഠതയും വഴക്കുകളും ഇവ കൂടാതെ വ്യർത്ഥ
മായതും മാഞ്ഞു പോകുന്നതും ആകുന്നു എന്നും നിങ്ങൾ ഗ്രഹിച്ചുകൊള്ള
ണം. അതുകൊണ്ട് നാം നിന്നോട് കല്പിക്കുന്ന അവർ നിങ്ങളോട് കൂടി
ഇരിക്കുമ്പോൾ ഒക്കയും അവിടെ എപ്പിസ്കോപ്പന്മാർ മുതലായവരെ നി
ശ്ചയിച്ച പള്ളി ചട്ടവട്ടങ്ങളും നടത്തിക്കുന്നതിലും അവരുടെ ഭരണത്തി
ലും ഉപദേശത്തിലും നിങ്ങളുടെ സുറിയാനിസമുദായത്തിന്റെ ക്ഷേമ
ത്തിനുവേണ്ടി നിന്റെയും നമ്മുടെ പുത്രൻ മാർ കുറിലോസിന്റെയും
ആലോചനയൊടുകൂടി കമ്പനിയിൽ നിന്ന പലിശ വാങ്ങി പള്ളി
ക്കുടത്തിൽ വിദ്യാഭ്യാസം മുതലായ നടത്തിക്കുന്നതിലും നിങ്ങൾ അ
ന്യോന്യം ദിവ്യസ്നേഹമുള്ളവരായിരിക്കേണമെന്നാകുന്നു. അതുകൊണ്ട്
അവരെ ബഹുമാനിക്കയും അനുസരിക്കയും ചെയ്യുന്നുവൊ അവർ
നമ്മെ ബഹുമാനിക്കയും അനുസരിക്കയും ചെയ്യുന്നു. അങ്ങനെങ്കിലും
അവരോട തർക്കിക്കയും എതിർത്ത നില്ക്കയും അവരുടെ അധികാര
ത്തെ നിഷ്ഫലമാക്കയും ചെയ്താൽ അവർ നമ്മോട തർക്കിക്കയും
നമ്മുടെയും അപ്പോസ്തോലിക്കായുള്ളതായ സിംഹാസനത്തിന്റെയും
വിരോധിയും ശത്രുവുമായി നില്ക്കയുമാകുന്നു. നിങ്ങൾ അനുസര
ണമുള്ള മക്കളാകകൊണ്ടും പുരാതിനമായി സിംഹാസനത്തിന്റെ ഭയ
റായുടെ കാര്യങ്ങളിൽ നിങ്ങൾ സ്നേഹവും ശുഷ്കാന്തിയുമുള്ളവരെന്ന
നാം വെടിപ്പായി അറിയുന്നതുകൊണ്ടും നിങ്ങൾക്ക് അത ചൊല്ലുയായിട്ടു
ള്ളതല്ല. നമ്മുടെകർത്താവായ മശിഹായുടെ കൃപ നിങ്ങളോട കൂടി
യും നിങ്ങളുടെ ഇടയിലും ഉണ്ടായിരിക്കുമാറാകട്ടെ. സിംഹാസന
ത്തിന്റെ ഭയറായുടെ പണിക്ക വേണ്ടി ദൈവഇഷ്ടത്താൽ നിന്ന
കൊണ്ട് പിരിപ്പിപ്പാൻ സാധിക്കുന്നെടത്തോളം രസ്തീനാപ്പുണ്യം നി
മുഖാന്തിരം പിരിച്ച അയക്കേണ്ടതിലേക്ക നിന്നോട മുഖദാവിൽ അ

നുഗ്രഹിപ്പാൻ നമ്മുടെ ആത്മീക പുത്രന്മാരായ മാർ അന്നാനിയാസ്യാസ
നെയ്പ്പാൻ എപ്പിസ്കോപ്പായെയും റമ്പാൻ ശിമയോനോടും നാം കല്പി
ച്ചിരിക്കുന്നു. അതു നശിച്ച പോകാത്തതും കൊള്ളയിടപ്പെടാത്തതുമാ
യ ഒരു നിക്ഷേപമായിരിക്കുന്നതും അതിനാൽ നിനക്ക സ്വർഗ്ഗീയ
പ്രതിഫലവും അനശ്വരനാമവും ലഭിക്കുന്നതുമാകുന്നു. നീ അവരുടെ
പക്കൽ കൊടുത്തയക്കുന്നതു ഇവിടെ എത്തുകയും ചെയ്യും. നീ വളരെ
വയസ്സായി എന്ന നാം കേൾക്കുകൊണ്ട് ഭയറായുടെ (കാര്യത്തിന്റെ) പു
സ്തകത്തിൽ നിന്റെ പേര ചെർത്തിരിക്കുന്നു. എന്നാൽ നിന്റെ വാ
ർദ്ധക്യത്തിൽ നീ നല്ല ചെരിവനെയും സ്വർഗ്ഗീയ നിക്ഷേപത്തെയും നീ
സമ്പാദിച്ചുകൊള്ളുന്നത യോഗ്യമായിട്ടുള്ളതാകുന്നു. അത നിനക്കും വി
ശ്വാസികളായ നിങ്ങളുടെ മരിച്ചവർക്കും ഇഹത്തിലും സ്വർഗ്ഗ രാജ്യമാ
കുന്ന പരത്തിലും ഒരു ഓർമ്മയായിരിക്കുന്നതാകുന്നു. നിന്നോട ഏറെ
വിസ്താരമായി പറഞ്ഞിട്ട ആവശ്യമില്ലല്ലൊ. നിനക്ക അനുഗ്രഹവും ക്ഷ
മയും വാഴ്വും സമാധാനവും രണ്ടാമതും ഉണ്മാനുമായി നാം തന്നു. വന്ദ്യന്മാരായ എല്ലാ എപ്പിസ്കോപ്പന്മാരും ഭയറായക്കാരും പട്ടക്കാ
രും മേലാവികളും ശെമ്മാശന്മാര മുതലായവരും സിംഹാസനത്തിന്റെ
ഭയറായിൽ നമ്മോട കൂടി വസിക്കുന്ന മാവള്ളിവരും നിനക്ക എന്റെ
നിമിത്തം വാഴ്വും സമാധാനവും പറഞ്ഞിരിക്കുന്നു. ഉടങ്ങാതെ നമ
സ്കാരത്തുകൾ അയക്കുന്നതിനും താമസമെന്നിയെ നിങ്ങളുടെ വിവരം
അറിയിക്കുന്നതിനും ഒരിക്കലും ഉപേക്ഷ വിചാർക്കരുത. നീ നല്ല
വയസ്സു ചെന്നവനായി സമാധാനമായും ക്രമമായും നിന്റെ ആയു
സ്സു കഴിച്ചു കൂട്ടുമാറാകട്ടെ ആമ്മീൻ.

കൂടുകൊണ്ട ഭയറായിൽനിന്നും ക്രിസ്മാബ്യും ഹവർവ്വമീനും വ്യാഴാഴ്ച
യും." (ബുക്ക് ഓഫ് ഹോളി-ഫാദേഴ്സ്)

ഈ കത്തിന്റെ എഴുത്ത കയ്യൊപ്പിയുടെ ശേഷം ഹവർവ്വ ദിനം വ്യാഴാഴ്ച- "ആർ. ആർ" എന്ന അക്കമിട്ട കല്പന മാർ ദീവന്നാസ്യാ
സ മലങ്കര പള്ളികൾക്ക അയച്ചു. അതു താഴെ പറയുന്നു "സത്യ ഇ
യേനും ബാവാന്മാരിൽ തലവനും ആയ അന്തിയോഖ്യയിലെ ശുദ്ധ
ഗ്രന്ഥ ഏലിയാസ പാത്രിയർക്കീസ പ്രായാധിക്യം നിമിത്തം രോഗം
മൂലമായി കണ്ടപ്പോൾ അദ്ദേഹം അന്തിയോഖ്യായിലെയും ബൈസ
നന്തരിയിലെയും കിഴക്കുള്ള എല്ലാ ഇടങ്ങളിലെയും മെത്രാപോലീത്തന്മാ
രെയും കുസ്താദീനൊപ്പലീസിൽ (?) ഒരു വലിയ പള്ളിപണിയിച്ച
അവിടെ താമസിച്ചുകൊണ്ട ഭരണവും പുതിയും നിയമങ്ങളും പള്ളിക്രമ പു
സ്തകവും അച്ചടിച്ച പ്രസിദ്ധപ്പെടുത്തി വന്ന ഓരോരുത്തരേ മെത്രാപോലീ
ത്തായായ മാർ ഗ്രിഗോറിയോസിനെയും ബിഷപ്പന്മാരെയും കോറി
എപ്പിസ്കോപ്പാ മുതലായവരെയും ഭയറായിൽ താമസിച്ചിരുന്ന പ്രമാ
നപ്പെട്ട റമ്പാന്മാരെയും തെരഞ്ഞെടുക്കപ്പെട്ട മല്പാന്മാരെയും പിടി
പ്പിച്ച അവരോട നമുക്ക (തന്നിൽ) ദിനം അധീകരിച്ചിരിക്കുന്നു എന്നും
മശിഹായുടെ വലത്തു ഭാഗത്തു ചെന്നു ചെരുന്നതിനു സ
മയം അടുത്തിരിക്കുന്നു എന്നും പറകയും സഭകളെയും ഭയറായെയും

സമപ്പിച്ച എഴുത്തിന്റെ മലയാളയിലുള്ള പകർപ്പ് ഞാൻ ഇംഗ്ലീഷിൽ തർജ്ജമയാക്കി ചുവടെ ചേർത്തിട്ടുണ്ട്.

"പാത്രിയക്കീസിന്റെ എഴുത്തു ഞാൻ വായിച്ചു. അതിലെ സംഗതികളെ ഇനിക്ക മനസ്സിലായടത്തോളം അധിക കാലമായി സുറിയാനി സമുദായത്തിലുള്ള വഴക്കുകളെ തീർപ്പാൻ ഇത മതിയായിട്ടുള്ളതല്ലെന്ന ഞാൻ ശങ്കിക്കുന്നു.

പാത്രിയക്കീസിന്റെ എഴുത്തിൽനിന്ന നടന്നിരിക്കുന്ന തർക്കങ്ങളുടെ സാക്ഷാൽ സ്ഥിതിയെപ്പറ്റി ശരിയായ വിവരങ്ങൾ അദ്ദേഹത്തെ അറിയിച്ചിട്ടില്ലെന്ന ഞാൻ ഊഹിക്കുന്നു. കൊട്ടയത്തെ സിറിയൻ സിമനാരിക്ക നിയമിച്ചിട്ടുള്ള പണമൊ സുറിയാനി സമുദായത്തിൽനിന്ന എടുപ്പുള്ള വേറെ വല്ല മുതലൊ പാത്രിയക്കീസിന്റെ അധീനത്തിലുള്ളതല്ല. സിമനാരി മുതലുകളിന്മെലുള്ള പൂർണ്ണ അധികാരം തിരുവിതാംകൂറിലെ സ്വദേശ അധികാരികൾക്കാകുന്നു. യാതൊരു പരദേശ മേലുദ്യോഗസ്ഥനും അവയെ സംബന്ധിച്ച ഒന്നുംതന്നെ പറവാൻ പാടുള്ളതല്ല.

ഇതും എല്ലാ അവസ്ഥകളും നൊക്കുമ്പോൾ പാത്രിയക്കീസിന ഏറ്റവും തെറ്റായ അറിവ കിട്ടിയിരിക്കുന്നു എന്ന തെളിയുന്നു. അദ്ദേഹം പറഞ്ഞിരിക്കുന്ന ഉപദേശങ്ങൾ മദ്രാസ ഗവർമ്മെണ്ടിന്റെ കല്പനകൾക്ക നേരെ വിപരീതമായിരിക്കുമെന്നുള്ളത നിങ്ങൾക്ക അറിയാം. അയ്യിന്റെ പകർപ്പു ഞാൻ നിങ്ങൾക്ക ഇപ്പോൾ അയക്കുന്നു. സുറിയാനി സമുദായത്തിന്റെ ആഗ്രഹപ്രകാരം അല്ലാതെയൊ സ്വദേശ അധികാരികളുടെ പതിവും ആവശ്യവുമായ അനുവാദം കൂടാതെയൊ ഉള്ള എല്ലാ പ്രവേശനവും തെളിവായി വിരോധിക്കപ്പെട്ടിരിക്കുന്നു എന്ന നിങ്ങൾക്ക കാണാം. മേല്പറഞ്ഞ അവസ്ഥകൾ ഇതുകയ്യത്തിൽ എന്തെങ്കിലും പ്രവൃത്തിക്കുന്നതിന മുമ്പായി മദ്രാസ ഗവർമ്മെണ്ടിനെ അറിയിക്കുന്നത കൊള്ളാമെന്ന ഞാൻ വിചാരിക്കുന്നു. എങ്കിലും പാത്രിയക്കീസിന്റെ എഴുത്ത ഇതു സമയത്തന്നെ ഞാൻ കൊച്ചി തിരുവിതാംകൂർ രാജാക്കന്മാർക്ക അയക്കുകയും ചെയ്യും. (ഇവിടെ പ്രസ്താവിച്ച) മദ്രാസ ഗവർമ്മെണ്ടിന്റെ കല്പന എന്തെന്ന അറിയുന്നതിന മാത്രം ഒന്നും ഇല്ല. എങ്കിലും പള്ളിവകയായി പണം സെപ്പ്വാനൊസിനെ കൊണ്ടുപൊകുവാൻ പാടില്ല എന്ന റസിഡണ്ടു പറഞ്ഞത മുഴുവനും ശരിയാകുന്നു.

മേല്പറഞ്ഞ കത്തു കയ്യുറിയതിന്റെ ശേഷം സെപ്പ്വാനൊസ സുറിയാനി പള്ളികളിൽ കയറി പ്രസംഗിച്ചു തുടങ്ങി. അതിനാൽ ഒരു കലഹമുണ്ടാകയും ഒരു കലഹം ശമിപ്പിപ്പാൻ ദിവാൻ പ്രവേശിക്കേണ്ടിവരികയും ചെയ്തു. അതിന്മൽ സെപ്പ്വാനൊസ താഴെ പറയും പ്രകാരം റസിഡെണ്ടിനെ എഴുതി അയച്ചു. ("എൻ"-ാം പ്രമാണം)

"സർ--തങ്കളുടെ ബഹുമാനപ്പെട്ട സമക്ഷം മുമ്പാകെയും അറിയിക്കുന്നതെ എന്തെന്നാൽ—നമ്മുടെ ജനങ്ങളായ സുറിയാനിക്കാരിൽ പലരും അവരുടെ പള്ളികളിൽ ചെന്ന പ്രസംഗിക്കണമെന്ന നമ്മോട ആവശ്യപ്പെട്ടപ്പോൾ തങ്കളുടെ അറിവ കൂടാതെ

യും തങ്കളിൻവണ്ണം ഭരിക്കുന്നതിന ഒരു പാത്രിയക്കീസിനെ നിയമിക്കുന്നതിന കായ്യത്തെയും മറ്റും ആവശ്യമായ സംഗതികളെയും പറഞ്ഞു സംസാരിക്കയും ചെയ്തു. പിറ്റെ ദിവസം ഫെബ്രുവരി മേടം ഫ്രാംസുവാ ചൊപ്പ്വാസ നമ്മുടെ പാത്രിയക്കീസ ഇഹലൊകം വിട്ട പിരിഞ്ഞ തന്റെ കർത്താവും രംശൊ മശിഹായുടെ വലത്തു ഭാഗമായ ആ രാജ്യത്തെക്ക പോകയാൽ മേല്പറഞ്ഞ ആളുകൾ അത്തികമായ എല്ലാ കുമ്മങ്ങളും കഴിച്ച കണ്ണുനീരൊടും വിലാപത്തൊടുംകൂടി തന്നെ കബറടക്കം ചെയ്കയും ചെയ്തു. ഇതു കഴിഞ്ഞ ഉടനെ മേല്പറയപ്പെട്ടവർ ഒരു സുന്നഹദോസുകൂടി നാലാറു യോഗ്യന്മാരായ ആളുകളെ തെരഞ്ഞെടുത്ത അവരിൽ ചിട്ട (കോൾക്കുറ) ഇട്ടപ്പോൾ യെരുശലേമിന്റെ മെത്രാപ്പോലീത്തായായ മാർ സിക്കൊറിയൊസിന്റെ (?) പേക്ക ചിട്ട വീണു. അദ്ദേഹത്തിന മാർ ബർസൊമായുടെ പെരുനാൾദിവസമായ ഇടവം ൨൩-ാംനു പ്രതിഷ്ഠ ലഭിക്കയും ചെയ്തു.....എന്നാൽ ഇപ്പോൾ അന്തിയൊഖ്യായിലെ പത്രൊസ്സിന്റെ സിംഹാസനത്തിൽനിന്ന എല്ലാ പള്ളികളിലെ മെത്രാന്മാക്കും മലയാളത്തു വന്നിട്ടുള്ള മാർ കൂറിലോസ യോക്കീസ മെത്രാപൊലീത്തായും൨൦ ബലഹീനനായ നമുക്കും പള്ളികൾക്കും൨൦ വിവരത്തെ പറഞ്ഞും൨൦ മറ്റും കല്പന അയച്ചിരിക്കകൊണ്ട൨൦ സാധനം നങ്ങൾക്ക എത്തുന്നതുടനെ പട്ടക്കാരും മറ്റെല്ലാവരും കൂടി നമ്മുടെ കാലം കഴിഞ്ഞ ശ്രുതപ്രമാന പാത്രിയക്കീസിന്റെ ഓർമ്മക്കായിട്ട ൩ ദിവസത്തെ ഉപവാസവും പ്രാർത്ഥനയും കുർബാനയും കഴിക്കേണ്ടതാകുന്നു. പിന്നെ ഇപ്പോൾ ഭരിപ്പാൻ തുടങ്ങിയിരിക്കുന്ന സന്യാസ ഇടയനായ ശുദ്ധതുള്ള ഗാബ്രീയാസ പാത്രിയക്കീസിനെ രഹസ്യമായും പരസ്യമായും ഉള്ള തന്റെ ശത്രുക്കളിൽനിന്ന (——?) കാലങ്ങളിലെയും (——?) വിഷ്ടങ്ങളിലെയും (——?) നന്മയാലെയും അനുഗ്രഹിക്കണമെന്നു നിങ്ങടെ നമസ്കാരങ്ങളിലും കുർബാനകളിലും നിങ്ങൾ അപേക്ഷിക്കണം. കിട്ടിയിട്ടുള്ള എട്ടു കല്പനകളുടെ പകർപ്പുകൾ താമസിയാതെ എല്ലാ പള്ളികൾക്കും അയയ്ക്കുന്നതാകുന്നു" (ബുക്ക നം. ൧൫; ഫൊ.)

൧൮൭൯. മലയാളത്തുള്ള സുറിയാനി പള്ളികളുടെ മേൽ പാത്രിയക്കീസിനുള്ള അധികാരത്തെ൨൦ എഴുത്ത ഏറ്റവും ബലമായി സ്ഥാപിക്കുന്നു. ൨൦ രേഖയുടെ ഉത്തമവിശ്വാസത്തെ പറ്റി ആദ്യം നിഷേധിച്ചു എങ്കിലും പിന്നീട അച്ചൻ വാദിയുടെ വക്കീൽ സമ്മതിച്ചിരിക്കുന്നു.

൧൮൮൨. രണ്ടാമത്തെ സംഭവം "ബി. ബി. ബി." എന്ന രേഖയിൽ പറയുന്ന അന്ത്യോനാസ്യോസ സെപ്പ്വാനൊസിന്റെ വരവാകുന്നു.

൧൮൮൨. ൨൦ നാട്ടിൽ അയാൾ വന്നിറങ്ങിയപ്പോൾ ആ വിവരത്തെ പറ്റി ബ്രിട്ടിഷ റസിഡണ്ടിനെ അയാൾ തിയ്യപ്പെടുത്തി. അറിഞ്ഞ റസിഡെണ്ടും അയച്ച മറുപടി "എ" അക്ക പ്രമാണവും അതു താഴെ പറയുംപ്രകാരവും ആകുന്നു.

"സർ—പാത്രിയക്കീസ അയച്ചതായി നിങ്ങൾ എന്റെ മുമ്പാകെ

ഇതുപ്രകാരം ചെയ്യുന്നതിന നമുക്ക മനസ്സില്ലായിരുന്നു. അതു കൂടാതെ നമുക്ക നല്ല സുഖവുമില്ല. വിശേഷിച്ചും ഞങ്ങളുടെ ജാതിയിലുള്ളവരല്ലാത്ത (അല്ലെങ്കിൽ സമുദായം) ഒരുവൻ മട്ടാഞ്ചേരി പള്ളിയിൽ ഉണ്ട്. അവൻ ചെയ്യുവരുന്നപ്രകാരം ദിവസംതോറും കലഹമുണ്ടാക്കുകയും ഞങ്ങളെ പരിഹസിക്കയും ചെയ്യുന്നതിന പുറമെ നമ്മുടെ ഇഷ്ടത്തിനു വിരോധമായും നമ്മുടെ അനുവാദം കൂടാതെയും അവനു പാർക്കുന്നതിനായിട്ട ആ സ്ഥലം നന്നാക്കിവരുന്നു. നിന്ദ നീക്കം ചെയ്യുതരുവാൻ താങ്കൾ ദയവു ചെയ്തു ദിവാനെ അറിയിപ്പാറാകണമെന്ന നാം അപേക്ഷിക്കുന്നു. ദൈവത്തിന്റെ കൃപ എല്ലായ്പ്പോഴും. നിങ്ങളോടു കൂടി ഉണ്ടായിരിക്കുമാറാകട്ടെ. ഇപ്പടിക്ക ഫവുരു൦ മാച്ച൯ ൨൫-ാംനു- എഴുതിയതു."

ഫവുന. താഴെപറയുന്ന പ്രകാരത്തിലുള്ള മറുപടി അയാംസിന്റെ അയച്ചു.

"സെർ—നിങ്ങളുടെ ഇന്നത്തെ എഴുത്തിനു മറുപടിയായിട്ടു ഞാൻ തിരുവിതാംകൂർ സ്കൂളിനു കീഴിലുള്ള യാതൊരു പള്ളിയിലും പ്രവേശിപ്പാനാകട്ടെ പ്രസംഗിപ്പാനാകട്ടെ നിങ്ങൾക്ക അധികാരം കൊടുത്തിട്ടില്ലെന്ന ഞാൻ പറയേണ്ടതിയിരിക്കുന്നു."

ഫവുര. ഇതിനുമേൽ അത്താനാസ്യോസ സൈപ്രാനൊസ. സുറിയാനിപള്ളികളിൽ പ്രസംഗിപ്പാൻ വിരോധിക്കുന്നതായ റസിഡെണ്ടിന്റെ തീപ്പിനുമേൽ ഇംഗ്ലണ്ടിൽ ഫൊറിൻ ഗവർമ്മെണ്ടിൽ അപ്പീൽചെയ്തു. ബഹുമാനപ്പെട്ട കെർട്ട ഓഫ് ഡയറക്ടേസ് റസിഡെണ്ടിനാറാം കല്പനോട സമാധാനം ചൊദിക്കയും. സൈപ്രാനൊസിന്റെ അന്യായവും റസിഡെണ്ടിന്റെ സമാധാനവും ആലോചിച്ചതിനുമേൽ താഴെ പറയുന്ന ഫവുരുടെ മെയി മാസം-൨൯തെ ("ഒരു" എന്ന അടയാളമിട്ട) കല്പന അയക്കയും ചെയ്തു. "ലെറ്റ്പ്രനൻറ. നാറാം കല്പൻ മാർ അത്താനാസ്യോസ സൈപ്രാനൊസിനെ ഫവുരുന്-ൽ തിരുവിതാംകൂറിൽ പ്രവേശിക്കുന്നതിന അനുവദിക്കാത്തതു തുല്യമായ സംഗതികളിൽ മുമ്പിലുണ്ടായിരുന്ന റസിഡെണ്ടന്മാർ ചെയ്തിട്ടുള്ള നടപ്പിനെ അനുസരിച്ചാകുന്നു. തീരെ പ്രവെശിക്കരുതെന്നു ഞങ്ങൾ മുമ്പു പറഞ്ഞിരുന്നതിനെ ശ്രദ്ധിക്കാഞ്ഞതുകൊണ്ടു അത്താനാസ്യോസു സൈപ്രനൊസ ഇങ്ങിനെ വാദിപ്പാൻ വാഴിയായിപ്പോയി എന്നു ഞങ്ങൾ വ്യസനിക്കുന്നു. മെത്രാപ്പൊലീത്താ സ്ഥാനത്തേക്ക യോഗ്യരായുള്ളവരിൽ ഒന്നാമതായി നിശ്ചയിക്കപ്പെട്ട മാർ അത്താനാസ്യോസ മെത്രാപൊലീത്തായുടെ വാക്കുയിൽ പൊരുത്തമുള്ളതായി പറഞ്ഞു കാണുന്നു. ഒരു കാര്യം നിശ്ചയിക്കേണ്ടതു സുറിയാനി സഭയിലെ അംഗങ്ങൾ മാത്രം ആകുന്നു. മേലാൽ അന്ത്യാഖ്യാ പാത്രിയക്കീസിനാൽ നാട്ടിലെക്ക അയക്കപ്പെടുന്നതായ വല്ല വൈദികന്മാരുടെ നടിപ്പിനെ അംഗീകരിക്കുന്നതും അംഗീകരിക്കാതിരിക്കുന്നതും അവരാകുന്നു. ഇത സംബന്ധിച്ചു ഞങ്ങളുടെ ഉപദേശത്തെ ചെന്നിരുതമായി ശ്രദ്ധവയ്ക്കുമെന്ന ഞങ്ങൾ ആശിക്കുന്നു."

ഇങ്ങിനെ സൈപ്രാനോസിന്റെ ചരിത്രം അവസാനിച്ചു.

ഫവുര. തന്റെ വൈദിക തലവനും മേലെജമാനനുമായ അന്ത്യാഖ്യാ പാത്രിയക്കീസിൽ നിന്നുള്ള പട്ടത്തിന്റെയും നിശ്ചയത്തിന്റെയും. വിശ്വാസ സാക്ഷ്യങ്ങളുടെയും സ്ഥാനത്തിനുമേൽ മാത്രം മെത്രാപൊലീത്താസ്ഥാനത്തെ പിന്തുടർന്നു പോയ മാർ അത്താനാസ്യോസിന്റെ ഭരിപ്പു വരെയുള്ള ചരിത്രം പറഞ്ഞു കൊണ്ടുവന്നിട്ട പാത്രിയക്കീസ്സിന്റെ മേലധികാരത്തെ സംബന്ധിച്ച മാർ അത്താനാസ്യോസ പറഞ്ഞിട്ടുള്ളതും പ്രവൃത്തിച്ചിട്ടുള്ളതുമായ എല്ലാകാര്യങ്ങളെകുറിച്ച അപ്പീൽ വാദി (താൻ ചെയ്പാൻ നടിക്കുന്ന പ്രകാരം) എതൃത്തൊന്നും തീരെ അറിവില്ലാത്തവനും (അങ്ങിനെ പറയുന്നതിനു) കുറവില്ലാത്തവനും ആണെന്നു നമുക്ക നോക്കാം. മാർ അത്താനാസ്യോസിനെ മെത്രാപൊലീത്താസ്ഥാനത്തെക്ക പാത്രീയക്കീസ നിശ്ചയിച്ചതിനെകുറിച്ച അയാളും (മാർ അത്താനാസ്യോസ) സക്കാര അധികാരികളും തമ്മിൽ നടന്നിട്ടുള്ള സകലത്തെയും പറഞ്ഞു ഇയാൾക്ക തീരെ അറിവില്ലെന്നു ഭാവിക്കുന്നു അതു തന്നെയുമല്ല മാർ അത്താനാസ്യോസ ബ്രിട്ടീഷ റസിഡെണ്ടിന് എഴുതിയ കത്തുകളും നിശ്ചയിപ്പാൻ കൂടെ പുറപ്പെട്ടിരിക്കുന്നു.

ഫവുന. അപ്പീൽ വാദി തന്റെ മൊഴിയിൽ (൨൦-ാം പുറം.) പറയുന്നു "ഞാൻ അദ്ദേഹത്തിന്റെ (കഴിഞ്ഞുപോയ മാർ അത്താനാസ്യോസിന്റെ) നേരെ അനുജൻ ആകുന്നു. ഇത നിമിത്തം ഞാൻ എല്ലായ്പ്പോഴും അദ്ദേഹം ഒരുമിച്ച ആയിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ വകസാമാനങ്ങളും പെട്ടികളും താക്കോലുകളും എന്റെ സൂക്ഷത്തിൽ ആയിരുന്നു ഞാൻ മാർ അത്താനാസ്യോസിന്റെ സിക്രട്ടേരി ആയിരുന്നു. മാർ അത്താനാസ്യോസിന്റെ സാമാനങ്ങൾ എല്ലാം തന്റെ മരണസമയത്തിങ്കൽ എന്റെ കയ്യുശം കിട്ടി" എന്നിട്ടും മാർ അത്താനാസ്യോസിന്റെ സ്നാത്തിക്കോനും മറ്റു കടലാസുകളും ഹാജരാക്കുവാനായിട്ടുള്ളതുടെ ആവശ്യപ്പെട്ടാറെയും അയാൾ ഹാജരാക്കിയിട്ടില്ല. ൧൯ം സ്ഥിതിക്ക ൨൦ കൊല്ലത്തെ എഴുത്തുകുത്തുകളെപറ്റിയും തന്റെ മ്ലേച്ഛനായ മാപ്പോലീത്താസ്ഥാനം കിട്ടുന്നതിന ഹേതുവായ കൊല്ലം കമ്മട്ടിയുടെ പ്രൊസീഡിംഗ്സിനെ പറ്റിയും അപ്പീൽ വാദിക്ക അറിവില്ലെന്നു പറയുന്നത വിശ്വസിക്കുവാൻപാടുണ്ടോ? അങ്ങിനെ ആയിരുന്നാലും വിശ്വസിക്കുന്നത വളരെ പ്രയാസംതന്നെ. അയാൾക്ക അറിയില്ലെന്ന നടിച്ചതിനെ നമുക്ക ഇനിയും പരിശോധിക്കാം. "കഴിഞ്ഞുപോയ മാർ അത്താനാസ്യോസ മെസ്സൊപ്പൊത്താമ്യായിലെ പാത്രയർക്കീസിനാൽ മെത്രാനായിപ്രതിഷ്ഠിക്കപ്പെട്ട. അന്തിയോഖ്യാപാത്രിയക്കീസും മെസ്സൊപ്പൊത്താമ്യായിലെ പാത്രിയക്കീസും ഒരാൾ തന്നെയോ എന്നു ഇനിക്ക നിശ്ചയമില്ല. കഴിഞ്ഞുപോയ മാർ അത്താനാസ്യോസ മെസ്സൊപ്പൊത്താമ്യായിലെ പാത്രിയക്കീസിന്റെ മുതലായിരിക്കുകാം കാണെണമെന്നുള്ള ഉദ്ദേശത്തോടുകൂടി സ

ആത്മീക ക്ഷേമത്തെയും രക്ഷയെയും പറ്റി വിചാരമുള്ള ഒരുവനെ
യും അല്ലെങ്കിൽ (ഡാക്കൻ ബുക്കാനന്റെ വാക്കുകളിൻപ്രകാരം)
"അംഗ്ലിയാ സഭക്കു ഉള്ളതിനെക്കാൾ തങ്ങളുടെ സഭയിൽ അധികാ
രിക്കായുള്ള പട്ടംകൊടെ ഉയരപ്പെട്ടതും വളരെ ശുദ്ധമാകപ്പെട്ടതും
ആകുന്നു എന്ന വിചാരിക്കുന്നതും" (ആ പട്ടക്കാരൻ തന്നെ) "അപ്പൊ
സ്തലന്മാർ നിന്നു പിന്തുടച്ചയായുള്ള കൈവെപ്പിനാൽ പട്ടം കൊ
ടുക്ക എന്നൊരു സംഗതി ഒരു ലോകത്തിൽ ഉണ്ടെങ്കിൽ അത മല
യാളത്തുള്ള സുറിയാനിക്കാക്കുണ്ടായിരുന്നു എന്നും അവരുടെ അവ
കാശത്തെ ദുർബലപ്പെടുത്തുന്നതിന യാതൊരു റിക്കാർട്ടൊ പാരമ്പ
ര്യമൊ ഇല്ലായെന്നും" പറയുന്ന ഒരു കുനക്രുട്ടത്തിന്റെ ആത്മീക
തലവനെന്നു വിചാരിക്കപ്പെട്ടിരിക്കുന്ന ഒരുവന്റെയൊ വാക്കല്ല.
എന്നാൽ ഒരു വാക്ക ഒരു ചുമതലയില്ലാത്തവനും അവിശ്വാസിയും
ആയ ഒരു അന്യനിയുടെ വാക്കു പോലെ ഇരിക്കുന്നു എന്നു ഞങ്ങൾ
ക്ക തോന്നുന്നു. സുറിയാനി സഭയും അംഗ്ലിയാ സഭയും തമ്മിൽ വ്യ
വഹാരങ്ങൾ ഉണ്ടെന്നു അപ്പീൽ വാദിതന്നെ സമ്മതിക്കുന്നു. എങ്കിലും
ഒരു സുറിയാനി മെത്രാപോലീത്തായെ പ്രതിഷ്ഠിക്കുന്നതിന അംഗ്ല
യാ സഭയുടെ പ്രധാനതലവൻ മതിയാകുമെന്നു അയാൾ പറയുന്നു.
പട്ടം കൊടുക്കുന്നതിനെ കുറിച്ചു പറയുന്നതിൽ അപ്പീൽ വാദി പറ
ഞ്ഞു. (തന്റെ മൊഴിയുടെ ൭൭-ാം പുറം) "ഒരു മെത്രാനെ നിയമിക്കുന്നതി
ന ആവശ്യപ്പെട്ട കൈവെപ്പു അപ്പൊസ്തലന്മാരിൽ നിന്ന ലംഘി
ക്കപ്പെടാത്ത പിൻ വാങ്ങയിൽ കൈവെപ്പുള്ള മെത്രാന്മാരിൽനിന്ന ഉ
ണ്ടായതായിരിക്കണം" സുറിയാനി ക്രിസ്ത്യാനികളുടെ (പ്രത്യേകം യാ
ക്കോബായക്കാരുടെ) പ്രതാപം അവരുടെ ഇടയിൽ അപ്പൊസ്തല
ന്മാരിൽ നിന്നുള്ള പിൻവാങ്ങ ലംഘിക്കപ്പെടാത്ത സ്ഥിതിയിൽ നി
ലനിന്നിരുന്നു എന്നാകുന്നു. എന്നാൽ ഒരു മുഖ്യമായ വിശ്വാസത്തെ
കുറിച്ചു അപ്പീൽ വാദി തീരെ നിസാരമായി വിചാരിച്ചു എന്ന ഞങ്ങ
ൾക്ക തോന്നുന്നു.

൧൭൭. എന്നാൽ അപ്പീൽവാദി തന്റെ വായ്മൊഴിയിൽ പറ
ഞ്ഞതിനെ കുറിച്ചു കുറെക്കൂടെ നോക്കാം. ൫൮-ാം പുറത്തിൽ അ
യാൾ പറയുന്നു. "ഞങ്ങൾ യാക്കോബായ ക്രിസ്ത്യാനികൾ എന്ന
പറയപ്പെടുന്നത യാക്കോബിനാൽ നിശ്ചയിക്കപ്പെട്ട കുർബാന ക്ര
മം ആചരിക്കുന്നതു കൊണ്ടാകുന്നു" പിന്നെയും (൬൯-ാം പുറത്തിൽ) അ
യാൾ സത്യത്തിന്മേൽ പറയുന്നു. "മലങ്കരയുള്ള സുറിയാനിക്കാർ
യാക്കോബായ സുറിയാനിക്കാർ എന്ന വിളിക്കപ്പെട്ടിരുന്നു. അന്തി
യൊക്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള സുറിയാനിക്കാരെയും യാ
ക്കോബായ സുറിയാനിക്കാർ എന്നു വിളിച്ചവരുന്നു എന്നും ഞാൻ
കേട്ടിട്ടുണ്ടു." ഒരു സംഗതിയിൽ നിന്ന തനിക്കു വിരോധമായി വല്ല
തും ഉയർന്നേക്കും എന്ന ഭയപ്പെട്ടിട്ടു ഉടനെ തന്നെ അയാൾ പറയു
ന്നു. "ഒരു രണ്ടു കൂട്ടരും ഇപ്രകാരം പറയപ്പെട്ടിരിക്കുന്നതു രണ്ടു കാര

ണത്തിനു. താൻ പോകുംവഴി പൈസനഗിരിയിൽ ചെന്നു പാത്രിയർക്കീ
സിനെ കണ്ടു പാത്രിയർക്കീസിനു തന്റെമേൽ വളരെ സന്തോഷമായി
അവിടെ താമസിപ്പിച്ച മെത്രാനായി വാഴ്ച നടത്തുവാൻ പറഞ്ഞു അ
പ്പോൾ മലയാളത്തെ അന്നത്തെ മെത്രാനായിരുന്ന മാർദിവന്നാസ്യോസി
ന കൈവെപ്പിന്റെ ന്യൂനത ഉള്ളതായി ഇവിടങ്ങളിൽ സംസാരം ഉണ്ടാ
യിരുന്നു." കഴിഞ്ഞുപോയ മാർ അത്താനാസ്യോസിനെ അന്തിയോ
ക്യാപാത്രിയർക്കീസ വാഴിച്ചു എന്നുള്ളത അറിയുന്നില്ലെന്ന ഇ
പ്പോൾ അപ്പീൽ വാദി നടിക്കുന്നു. താൻ (അത്താനാസ്യോസു)
അന്തിയോക്യ അല്ലെങ്കിൽ മട്ടിനിൽപോയ്യും വാഴ്ച ഏറ്റതും എങ്ങി
നെ എന്ന (കൂടുതൽ എന്ന രേഖ പുസ്തകം ൩: ഭാഗം ൧൭: വാ
പ്പ ൩: നോക്കുക) മാർ അത്താനാസ്യോസ തന്നെ പറഞ്ഞിട്ടുള്ള
തിൽ നിന്ന നേരെ വിപരീതമായ ഒരു കഥ ഇയാൾ പറകയും മാർ അ
ത്താനാസ്യോസിന്റെ പ്രതിഷ്ഠക്ക ന്യൂനത ഉള്ളതായി സമ്മതിക്കയും
ചെയ്യുന്നു. ന്യൂനത എങ്ങിനെ? സമാധാനം കൊടുക്കുന്നതിന അപ്പീൽ
വാദി ശ്രമിക്കുന്നു. (൧൦൦-ാം പു.) അത്താനാസ്യോസിന്റെ പ്രതിഷ്ഠയെ
കുറിച്ച അറികയില്ലെന്നു പറഞ്ഞുപോലെ അത്ര പൊള്ളയാകുന്നു
അപ്പീൽ വാദിക്ക പൂർണ്ണ അറിവ ഉണ്ടായിരിക്കേണ്ടിയ കാര്യങ്ങളിൽ അറി
വില്ലെന്നു നടിച്ചുകൊള്ളുന്നതിന ദൃഷ്ടാന്തങ്ങൾ പെരുകുന്നതിന അ
വശ്യമില്ല. (അയാളുടെ തെളിവിൽ ഇപ്രകാരമുള്ള അനവധി ഉണ്ടു.)

൧൭൮. മലങ്കര സുറിയാനി സഭയുടെ മെത്രാപോലീത്തായു
ടെ പ്രതിഷ്ഠയെ സംബന്ധിച്ച അപ്പീൽവാദി പറയുന്നു "കാനോ
ൻപ്രകാരം ഒരു മെത്രാന മറ്റൊരു മെത്രാനെ വാഴിക്കാം." (പുറം ൧൦൦
രണ്ടു വരിക്ക താഴെ "ഒരു മെത്രാന മറ്റൊരു മെത്രാനെ വാഴിപ്പാൻ
പാടില്ല. ഒരു മെത്രാപോലീത്തായ്ക്ക അധികാരം ഉണ്ട.....ഒരു മെ
ത്രാൻ മെത്രാപോലീത്തായ്ക്ക കീഴാകുന്നു. സ്ഥാനഭ്രഷ്ടം ഒരു മെത്രാനും
മെത്രാപോലീത്തായും തമ്മിൽ സമന്മാരാകുന്നു. ഒരു മെത്രാപോലീ
ത്തായുടെ മരണത്തിങ്കൽ ഒരു മെത്രാൻ മെത്രാപോലീത്തായായി പി
ന്തുടരുന്നു" ഒരു മെത്രാന ഒരു മെത്രാനെ വാഴിപ്പാൻ പാടില്ലെങ്കിൽ
ഒരു മെത്രാപോലീത്തായ്ക്കും പാടില്ലാ. പ്രതിഷ്ഠ പിന്നെ അവിടെ നി
ന്ന ഉണ്ടാകണം? അതിന അയാൾ മറുപടി പറവാൻ തപ്പുന്നു. എ
ങ്കിലും മുട്ടിച്ചു ചൊദിച്ചപ്പോൾ അപ്പീൽ വാദി സത്യത്തിന്മേൽ പറ
യുന്നു—"റൊമാ പാപ്പാ ഒഴികെ (അസൂയയിൻ പേരിൽ പാപ്പായെ ഇ
ങ്ങിനെ ഒഴിച്ചിരിക്കുന്നത എന്തിനായിട്ട? അല്ലെങ്കിൽ എന്തിനായി
കൊണ്ടു?) കാൻറർ ബെറിയിലെ ആച്ച ബിഷപ്പാപ്പൊ ഗ്രീക്കു പാത്രി
യർക്കീസൊ മെത്രാനായി വാഴിച്ചിട്ടുള്ള യാതൊരാളെയും ആവശ്യ
പ്പെട്ടാൽ ഞങ്ങൾക്ക സ്വീകരിക്കാം." ഇത ഒരു ഭക്തിയുള്ള സത്യ യാ
ക്കോബായ സുറിയാനി ക്രിസ്ത്യാനിയുടെ വാക്കുപോലെ തോന്നുന്നി
ല്ല. അത ഒരു വലുതും വർദ്ധിച്ചുവരുന്നതുമായ യാക്കോബായ സുറി
യാനി കൂട്ടത്തിന്റെ വൈദീക തലവനായി തന്നിൽ ഭരമേല്പിച്ചിരി
ക്കുന്ന ചുമതലയെയും ഭാരത്തെയും അതായു വളരെ ആഴത്തിൽ

തെത്തിനേലാകുന്നു. മലങ്കരെ സുറിയാനിക്കാർ യാക്കോബായക്കാർ എന്ന പറയപ്പെടുന്നത ശുദ്ധമുള്ള യാക്കോബ ശ്ലീഹായുടെ കുർബാനക്രമം അവർ ആചരിക്കുന്നതുകൊണ്ടാകുന്നു. അന്തിയോഖ്യ പാത്രിയക്കീസിനെ അനുസരിക്കുന്ന സുറിയാനിക്കാർ യാക്കോബായ സുറിയാനിക്കാർ എന്ന പറയപ്പെടുന്നത നെസ്തോറിന്റെ ഇടത്തുടിനത്തുനിന്ന യാക്കോബ ബുർദാനായുടെ പിൻ തുടച്ചുക്കാരാകൊണ്ടെ ആകുന്നു." എന്നാൽ അടിടെ നിത്തുന്നതിന അയാളെ സമ്മതിക്കാതെ വീണ്ടും ഞെരുക്കിയപ്പോൾ പിന്നെയും പറയുന്നു. "അന്തിയോഖ്യായുടെ കീഴിലുള്ള സുറിയാനിക്കാർ ആചരിക്കുന്നെത്ത ശുദ്ധ: യാക്കോബ അപ്പോസ്തോലന്റെ കുർബാന ക്രമം ആകുന്നു..... .....എന്നാൽ ഇവിടെ ഉപകരിക്കുന്ന കുർബാനക്രമത്തിലും അന്തിയോഖ്യായുടെ കീഴിൽ ഉള്ളവർ ഉപകരിക്കുന്ന കുർബാനക്രത്തിലും ഉള്ള സംഗതികൾ ഒന്നു തന്നെയൊ വേറെയൊ എന്ന ഞാൻ അറിയുന്നില്ല." എന്നാൽ ഇതു രണ്ടും കണ്ടിട്ടുള്ള ഡാക്കർ ബുക്കാനാൻ അവ രണ്ടും ഒന്നും തന്നെ എന്നു പറയുന്നു. (പുറം ൨൯൭)

൧൮൯. മേൽ വിവരിച്ചതിൽ അപ്പീൽവാദി ഒന്നാമതു ഒന്നിനോന്ന വിരോധമായി പറയുകയും രണ്ടാമതു ഒരു വ്യത്യാസവും ഉണ്ടാക്കുകയും ചെയ്തിരിക്കുമ്പോൾ വ്യത്യാസം ഉണ്ടാക്കുകയും മൂന്നാമത നല്ലവണ്ണം അറിഞ്ഞിട്ടുള്ളതും വെളിവായിട്ടുള്ളതുമായ ഒരു സത്യത്തെ സമ്മതിക്കാതെ ഇരിക്കയും ചെയ്യുന്നു. മൊഴിയിൽ നിന്ന എടുത്ത മേല്പറഞ്ഞ ഭാഗങ്ങൾ തന്നെ അവയ്ക്കു തെളിവാകുന്നു.

൧൯൦. കഴിഞ്ഞുപോയ മാർ അത്താനാസ്യോസിന്റെയും ഇപ്പോഴത്തെ അപ്പീൽവാദിയുടെയും കല്പനപ്രകാരം പ്രസിദ്ധപ്പെടുത്തിട്ടുള്ളതും അപ്പീൽവാദി തന്നെ അതു ശരിയെന്ന സമ്മതിച്ചിട്ടുള്ളതും ആയ "എഫ. ജി." എന്ന പ്രമാണങ്ങളിൽ "ആബൂനാമാർ ഇഗ്നാത്യോസ പാത്രിയക്കീസിന്റെ" പേർക്കുള്ള അപേക്ഷകൾ അടങ്ങിയിരിക്കുന്നു. ൧രം പുസ്തകങ്ങൾ രജിസ്തർ ചെയ്തു റിക്കാർഡിന്റെ കൂടെ അച്ചടിച്ചിട്ടില്ല എങ്കിലും അപ്പീൽവാദിയുടെ മൊഴിയിൽ സമ്മതിച്ചിരിക്കുന്നതുകൊണ്ടു അതു അംഗീകരിക്കേണ്ടതു ആകുന്നു. അയാളുടെ മൊഴിയുടെ ൪൫-ാം വകുപ്പ് പുറങ്ങളിൽ "ആ അപേക്ഷ ഞങ്ങളുടെ ബാവ മാർ ഇഗ്നാത്തിയോസ പാത്രിയക്കീസ്സ എന്നും ആബൂനാ മാർ ഇഗ്നാത്തിയോസ പാത്രിയക്കീസിന്റെ പ്രാർത്ഥന എന്നും തുടങ്ങുന്നതായും കഴിഞ്ഞുപോയ മാർ അത്താനാസ്യോസിനെ പാത്രിയക്കീസിൽ നിന്ന സ്ഥാനം കിട്ടിയുകൊണ്ടു അദ്ദേഹം ആ പേരു വെച്ചിരിക്കുന്നതായും" അയാൾ സമ്മതിക്കുന്നു. അപ്പീൽവാദി ൧രം പേരു എന്തിനു വെച്ചിരിക്കുന്നു എന്ന അയാൾ വിസ്തരിച്ചു പറയുന്നില്ല.

൧൯൧. അപ്പീൽവാദിയുടെ കായ്യം തല്ക്കാലത്തേക്കു ഇവിടെ നിത്തിയും വെച്ച ചരിത്രത്തിന്റെ ശേഷം പറയുന്നതിനു തുടങ്ങാം.

൧൯൨. മാർ അത്താനാസ്യോസു ൧൮൯൨ വരെ യാതൊരു അസൌകര്യവും കൂടാതെ ഭരിച്ചുവന്നു. തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുമ്പോൾ താൻ ആദ്യം പറഞ്ഞിരുന്നപ്രകാരം തന്റെ വൈദികത്വത്തിന്റെയും മേലധികാരിയുടെയും ആജ്ഞയിൻ കീഴിൽ തന്റെ വൈദീക അധികാരങ്ങളും മുറകളും നടത്തികൊണ്ടിരുന്നു എന്നു പ്രത്യക്ഷമാകുന്നു.

൧൯൩. ൧രം കാലത്തു മലയാളത്തുകാരും പകലോമറ്റം തറവാട്ടുകാരുമായി സംബന്ധമുള്ളവരുമായിരുന്ന ഇപ്പോഴത്തെ അപ്പീൽപ്രതി അന്തിയോഖ്യായിക്കു പോയി മലയാളത്തെ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ട സ്ഥാനമേല്ക്കുകയും ചെയ്തു.

പാത്രിയക്കീസ് ഇദ്ദേഹത്തെ മെത്രാപ്പോലീത്തായായി നിശ്ചയിക്കുന്നതിനുള്ള കാരണം എടുത്തുകഴിഞ്ഞാൽ മറ്റു ക്രമക്കേടായിട്ടുള്ള സംഗതികളും നടത്തുന്നതായി മാർ അത്താനാസ്യോസിനു വിരോധമായി സ്ഥാനങ്ങൾ എത്തിയതിനാൽ ആയിരുന്നു. അപ്പീൽപ്രതിക്കു കൊടുത്തിരിക്കുന്ന സ്ഥാനത്തിക്കാൻ "ഇന്ന" എന്ന രേഖ ആകുന്നു. ൧രം പുതുതായുള്ള നിശ്ചയത്തിന്റെ കാരണം ആ രേഖയിൽനിന്ന തന്നെ വെളിവാകുന്നു. ആ സംഗതിയെ പറ്റി ഇപ്പോൾ പറഞ്ഞിട്ടു ആവശ്യമില്ല.

൧൯൪. താൻ മലയാളത്തുവന്ന അല്ല ദിവസങ്ങൾ കഴിഞ്ഞതിന്റെ ശേഷം ൧൮൯൫ ജൂൺ ൨൭-ാംനു-, മെത്രാപ്പോലീത്ത സ്ഥാനത്തിൽ നിന്ന മാർ അത്താനാസ്യോസിനെ മുടക്കി തന്നെ അതിലേക്കു നിശ്ചയിച്ച കായ്യത്തെ പറ്റി തിരുവിതാംകൂർ ദിവാനു ഹരജി അയക്കുകയും തന്നെ സാക്ഷിയിൽ നിന്ന അംഗീകരിക്കുന്നതിനു അപേക്ഷിക്കയും ചെയ്തു.

൧൯൫. ദിവാൻ ആ ആണ്ടു ജൂലായി ൨൭-ാംനു- അയച്ച ഉത്തരവിൽ (൯൫-ാം അക്ക പ്രമാണം) ൧രം കായ്യത്തിൽ പ്രവേശിപ്പാൻ പാടില്ല എന്നു മറുപടികൊടുത്തു. ആ എഴുത്തിൽ ഇങ്ങിനെ പറയുന്നു.

സേർ—"നങ്ങളുടെ കഴിഞ്ഞ മാസം ൨൭-ാംനു-ത്തെ ഹരജിയിൽ എന്നാൽ അതിൽ പറയുന്ന നിർഭാഗ്യമായിരിക്കുന്ന രക്ഷകളെ സമാധാനപ്പെടുത്തുന്നതിനുള്ള മാർഗ്ഗം കണ്ടുപിടിക്കുന്നതിനു വളരെ അഗ്രഹത്തോടു കൂടെ ഇതിനു മറുപടിയായി സക്കാർ ൧രം കായ്യത്തിൽ ഇതിനു മുമ്പെ തന്നെ ചെയ്തിട്ടുള്ളതിനു പുറമെ എന്തു ചെയ്യുമെന്നു ഞാൻ യാതൊന്നും കാണുന്നില്ലാത്ത വിവരം സമ്മതിച്ചു പറയേണ്ടിയിരിക്കുന്നു. ഇപ്പോൾ തീച്ചയാക്കിയിരിക്കുന്ന സംഗതികളെ രണ്ടാമതും വിചാരണ കഴിക്കത്തക്കവണ്ണം നിങ്ങളുടെ ഹരജിയിൽ യാതൊരു പുതിയ സംഗതിയൊ കാരണമൊ കാണിച്ചിട്ടില്ല. ആ തീച്ച സമാധാന പ്രാപനത്തിനായി സക്കാർ മത വിഷയത്തിൽ അശേഷം ഏർപ്പെടാതെയിരിക്കുന്ന നിശ്ചയത്തിന്മേൽ കേവലം ഉറപ്പിച്ചിരിക്കുന്നു. അത്രയുമല്ല സക്കാർ ൧രം കായ്യത്തിൽ നടത്തിയിരിക്കുന്നതും ബ്രിട്ടീഷ ഗവർമ്മെണ്ടു മാർഗ്ഗം കായ്യത്തിൽ ഒരു പക്ഷത്തിലും ചേർപ്പെടാതെ നില്ക്കുന്ന രീതിയൊട്ടു അധികം അനുസരിച്ചായിരുന്നതും നാഗരീകമുള്ള എല്ലാ രാജ്യങ്ങളിലും അനുവർത്തിക്കപ്പെട്ടിരിക്ക

ന്നപ്രകാരം ജനങ്ങളിൽ മനോസാക്ഷിയുടെ സ്വാതന്ത്ര്യം ഉണ്ടാകണമെന്നുള്ള ആന്തരുത്തോടുകൂടെ ആയിരുന്നു എന്നും ഞാൻ വിശ്വസിക്കുന്നു.

"നിങ്ങളുടെ ഹരജിയിൽ പ്രസ്താവിച്ചിരിക്കുന്ന ആവശ്യങ്ങൾക്കും അവയുടെ ഫലങ്ങൾക്കും സർക്കാരിനെ കുറ്റം ചുമത്തുവാൻ പാടുള്ളതല്ല. എന്നാൽ അപ്രകാരമല്ലാതെ ആ ആവശ്യങ്ങളെപ്പറ്റിയുള്ള മാത്രമെ സർക്കാർ ഏതെങ്കിലും ഒരു കാര്യത്തിൽ പ്രവൃത്തിച്ചിട്ടുള്ളൂ. സർക്കാർ ഒരു കാര്യത്തിനു ചെയ്തിരിക്കുന്ന മാർഗ്ഗങ്ങളെ തന്നെ സ്വീകരിപ്പാൻ ഉത്സാഹിപ്പിച്ച കാരണങ്ങളെക്കുറിച്ചു ഞാൻ വീണ്ടും പറയുന്നതു അധികപ്രസംഗമാകുന്നു. എന്നാൽ ഒരു കാര്യങ്ങളെക്കുറിച്ചു പുതിയതായി അലോചിക്കേണ്ടതാകുന്നു എന്നു നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ നിങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കുന്ന ഭിന്നതകളെക്കുറിച്ചു സുറിയാനി സമുദായത്തിന്റെ ഒരു സ്നേഹിതനെപോലെ ഞാനും ദുഃഖിക്കുന്നു എന്നു നിങ്ങളെ ബോധ്യപ്പെടുത്തുന്നതിനു ഒരു അവസരം ഉണ്ടാകത്തക്കവണ്ണം നിങ്ങളെ തിരുവനന്തപുരത്തുവച്ചു കാണുന്നതിനു ഞാൻ വളരെ ആഗ്രഹിക്കുന്നു.

"കലഹിച്ചിരിക്കുന്ന രണ്ടു കക്ഷികളും ഇനി ചെയ്യണ്ടുന്ന തുല്യരീതിയായ ഒരുവഴി തമ്മിൽ രാജിയാകയാണു. അതു നടക്കാത്ത പക്ഷം വ്യവഹാരത്തിനു പോകണം. ഒരു പള്ളിയുടെ കായ്തെപ്പറ്റി കോടതിയിൽ വ്യവഹാരം കൊടുത്തു തീച്ചയുണ്ടാക്കിയാൽ അതിൽ ഉൾപ്പെട്ടിരിക്കുന്ന പ്രധാന സംഗതികളെപറ്റി ഒരു തീരുമാനം ഉണ്ടാകയും അതു ഇപ്രകാരമുള്ള എല്ലാ വ്യവഹാരങ്ങൾക്കും പറ്റുന്നതും ആകുന്നു."

ഈ ന്യായം ഇതു മുമ്പു പറഞ്ഞിട്ടുള്ള ("ഒ. ഒ." പ്രമാണം) കോർട്ട് ഓഫ് ഡയരക്ടന്മാരുടെ എഴുത്തിൽ ഉള്ള ഗുണദോഷത്തിന്റെ ഫലമായിരുന്നു.

൯. ഇതിന്റെ ശേഷം അപ്പീൽപ്രതി ഒരു കായ്തിന്റെ സകല വിവരങ്ങളും കാണിച്ചു മദ്രാസ ഗവർമ്മേണ്ടിലേക്കു ഒരു സംഗതിയെക്കുറിച്ചു ഒരു ഹരജി അയച്ചു. ഇതോടുകൂടെ അതു വായിക്കേണ്ടതു ആവശ്യമാകയാൽ അതു താഴെ പറയുംപ്രകാരം ആകുന്നു.

"മഹാരാജമാന്യരാജശ്രീ ബഹുമാനപ്പെട്ട ഗവർണർ ഇൻകൌൻസിൽ പ്രാൻസിസ ലോഡ് നപ്പീയർ കെ. ജി. സായ്പു അവർകൾക്കു

തിരുവിതാംകൂർ, കൊച്ചി, മലയാളം എന്നീ സംസ്ഥാനങ്ങളിലും തക്കെ ഇന്ത്യയുടെ വേറെ ഭാഗങ്ങളിലും ഉള്ള സുറിയാനി ക്രിസ്ത്യാനികളുടെ ബിഷോപ്പും മെത്രാപോലീത്തായും ആയിരിക്കുന്ന റൈട്ടറെണ്ടു മാർ ദിവന്നാസ്യോസ താഴ്മയായി ബോധിപ്പിക്കുന്ന ഹരജി എന്നാൽ- ഫവ്നതു-ൽ അന്തിയോഖ്യാ പാത്രിയക്കീസു എന്നെ തിരുവിതാംകൂർ, കൊച്ചി, മലയാളം മുതലായ സ്ഥലങ്ങളിലെ സുറിയാനി ക്രിസ്ത്യാനികളുടെ ബിഷോപ്പും മെത്രാപോലീത്തായായും നിശ്ചയിച്ചു പ്രതിഷ്ഠിക്കുകയും ഞാൻ അന്തിയോഖ്യയിൽനിന്നു വന്നപ്പോൾ സകല

സുറിയാനിക്കാരും എന്നെ മെത്രാപോലീത്തായായി കൈക്കൊണ്ടിരിക്കയും ഇപ്പോഴും അപ്രകാരം കൈക്കൊണ്ടും വരികയും ചെയ്യുന്നു. എന്നാൽ ഫവ്നതു കുംഭം ൩-ാം- (ഫെബ്രുവരി) തിരുവിതാംകൂർ ദിവാൻ തിരുവിതാംകൂർ സംസ്ഥാനത്തുള്ള സകല അഹശിതദാനങ്ങൾക്കും അയച്ച ഉത്തരവിൽ ൧൨-ാം നമ്പ്ര സർക്കുലർ കല്പനയാൽ ഇനിക്കു എന്റെ അധികാരം നടത്തുന്നതിനും എന്നോടു പരമാർത്ഥമായി ചേർന്നു നില്ക്കുന്ന സമുദായത്തിനു എന്നെ അവരുടെ മേത്രാപോലീത്തായായി കൈക്കൊള്ളുന്നതിനും കുറെ പ്രയാസങ്ങൾ ഉണ്ടായി. ഒരു കായ്തെപ്പറ്റി ഞാൻ തിരുവിതാംകൂർ ദിവാനു രണ്ടു ഹരജികൾ കൊടുത്തു. എന്നാൽ അദ്ദേഹം യാതൊരു സഹായവും ചെയ്യാതെ റസിഡണ്ടു തീച്ചയാക്കുന്നതിനായി അയക്കുമാത്രം ചെയ്തു. അതിന്റെശേഷം റസിഡണ്ടിന്റെ മുമ്പാകെയും ഹരജി കൊടുത്തു. എന്നാൽ അദ്ദേഹവും എന്റെ ഹരജിയിൽ പറയുന്ന കായ്തെക്കുറിച്ചു ഏതെങ്കിലും ഒരു വിചാരണ നടത്തുകയോ എന്റെ സങ്കടത്തിനു പരിഹാരം ഉണ്ടാക്കുകയോ ചെയ്യാഞ്ഞതുകൊണ്ടു ഞാൻ ഇപ്പോൾ മദ്രാസിൽ വന്ന തിരുമനസ്സിന്റെ ആലോചന സഭയുടെ മുമ്പാകെ ഒരു സംഗതികൾ ബോധിപ്പിപ്പാൻ ഇടയായിരിക്കുന്നു.

(൨.) മാർ അത്താനാസ്യോസ എന്നതു താഴെ അന്തിയോഖ്യാ പാത്രിയക്കീസു തിരുവിതാംകൂറിലുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ബിഷോപ്പായി നിശ്ചയിച്ചു എന്നതും അയാൾ മലയാളത്തു പ്രവൃത്തനായി എന്നതും സത്യമാകുന്നു. എന്നാൽ ആ മേത്രാന്റെ ചില അനാചാരങ്ങൾകൊണ്ടും ഉപദേശ സംബന്ധമായ ക്രമക്കേടുകൾകൊണ്ടും തിരുവിതാംകൂറിലും മലയാളത്തിന്റെ വേറെ ഭാഗങ്ങളിലും, ഉള്ള സുറിയാനി സമുദായം ഒരു സംഗതികളെ കുറിച്ചു പാത്രിയക്കീസിനെ ബോധിപ്പിക്കയും അദ്ദേഹം ഒരു കായ്തെപ്പറ്റി നല്ലപോലെ ആലോചന ചെയ്തതിന്റെ ശേഷം മാർ അത്താനാസ്യോസിന്റെ മേൽ ചുമത്തിട്ടുള്ള കാരണങ്ങൾ അകാരണമായിട്ടുള്ളതെല്ലെന്നു നിശ്ചയിച്ചതും തുകിവന്നതിന്റെ ദിവസം അയാളെ രാജ്യത്തിന്റെ എപ്പിസ്കോപ്പൽ സ്ഥാനത്തിരുന്നിനു തുടക്കി മാർ കൂറിലോസിനെ പ്രതിഷ്ഠിച്ച അയക്കുകയും അദ്ദേഹം ഫവ്രുന്നു-ൽ മലയാളത്തു വന്നിറങ്ങുകയും ചെയ്തു. സ്ഥാനഭ്രംശനായിരിക്കുന്ന മാർ അത്താനാസ്യോസിന്റെ ശത്രുതയിങ്കൽ അദ്ദേഹത്തിനു പുതിയതായി കിട്ടിയിരിക്കുന്ന സ്ഥാനത്തിന്റെ ചുമതലയിലും പ്രയാസങ്ങൾക്കും താൻ മറിയമിവരികയില്ലെന്നു കണ്ടിട്ടു മേല്പറഞ്ഞ അന്തിയോഖ്യാ പാത്രിയർക്കീസു മാർ ഔഗുസ്തീനോസു എന്നൊരാളെ നിശ്ചയിച്ച ഫവ്രുന്നു-ൽ മാർ കൂറിലോസിന്റെ സഹായിയായി തിരുവിതാംകൂറിലെക്കു അയച്ചു.

(൩) ഒരു സമയം മാർ അത്താനാസ്യോസിന്റെ ന്യായീകൃതമായസ്വാധീനത കൊണ്ടോ ഒരു രാജ്യത്തിലെ ചട്ടങ്ങൾപ്രകാരം പ്രവർത്തിക്കുന്നുഎന്നു നടിച്ചുകൊണ്ടോ കഴിഞ്ഞുപോയ തിരുവിതാംകൂർ റസിഡന്റായ ജനറൽ കല്ലൻ സായ്പു മേല്പറഞ്ഞ മാർ ഔഗുസ്തീനോസും കൂടിലോസും പരദേശത്തു കാരികയാൽ തിരുവിതാംകൂറിലും കൊച്ചിയിലും താമസിപ്പാൻ പാടില്ലെന്നു കല്പന അയക്കയും അതുകൊണ്ടു മാർ ഔഗുസ്തീനോസ

സിനും കുറിയോസിനും കൊച്ചി തിരുവിതാംകൂറിലുള്ള സുറിയാനി സ
ഭയിന്മേൽ യാതൊരു അധികാരവും നടത്താൻ പാടില്ലാതെയിരിക്ക
ചെയ്യും. കായ്മത്തിന്റെ സ്ഥിതി ഇങ്ങിനെയിരിക്കുമ്പോൾ അന്ന
തിരുവിതാംകൂർ മഹാരാജാവ അന്തിയോഖ്യ പാത്രിയക്കീസിന്റെ
സുറിയാനി സമുദായത്തിന്റെയോ ആഗ്രഹം എങ്ങിനെ എന്ന
ലോചിക്കാതെ മാർ അത്താനാസ്യോസിന്റെ വാക്കുകളെ മാത്രം
ശ്വസിച്ചുകൊണ്ടു (ഫ്രഞ്ച്ക്കാർ) ഫാദർ കക്കിടകം ഫ്രഞ്ചുകാരെ
വിളംബരം പ്രസിദ്ധപ്പെടുത്തി. അതിൽ മാർ അത്താനാസ്യോസിനെ
അന്തിയോഖ്യ പാത്രിയക്കീസ മേത്രാപോലീത്തായായി നിശ്ചയിച്ചി
രിക്കുന്നു എന്നും അതിനാൽ സകല സുറിയാനിക്കാരും അദ്ദേഹത്തി
നെ മെത്രാപോലീത്തായായി കീഴ്പ്പെടണമെന്നും അതിൽ വിചരിച്ചി
രിക്കുന്നു.

(൪.) അന്തിയോഖ്യാ പാത്രിയക്കീസിനാൽ മുടക്കിയ ഒരുവന്റെ
മെത്രാപോലീത്താ സ്ഥാനത്തെ സകല സുറിയാനിക്കാരും അംഗീകരി
ണമെന്നു നിഷ്കർഷിക്കുന്നതായ ഇങ്ങിനത്തെ ഒരു വിളംബരം ഉണ്ടായാൽ
സുറിയാനി ക്രിസ്ത്യാനികൾക്കു സങ്കടമുണ്ടാകയും ഒരു കായ്മത്തെപ്പറ്റി
അവർ വളരെ ഹർജികൾ ബോധിപ്പിക്കയും ചെയ്യും എന്നാൽ അതി
യെ കുറിച്ചു ശ്രദ്ധിക്കയോ അവരുടെ സങ്കടത്തിനു നിവൃത്തി ഉണ്ടാക്കി
കൊടുക്കുകയോ ചെയ്തിട്ടില്ല. നേരെ മറിച്ചു അങ്ങിനെയുള്ള ഹരജികൾ
കൊടുത്ത ആളുകളെ അന്നേരം തടവിൽ ഇടുകയാണുചെയ്തതു.

(൫.) മേല്പറഞ്ഞ വിളംബരംകൊണ്ടും അതിനാൽ കൊച്ചി, തിരുവി
താംകൂറിലുള്ള പള്ളികളിൽ മാർ ഔഗുസ്തീനോസിനു തന്റെ അധികാരം
നടത്തുന്നതിനുള്ള ഭടന്മാരുംകൊണ്ടും താൻ പല അധികരികൾക്കും ഹ
രജികൾ അയക്കുകയും ഒടുവിത്തു രണ്ടു കായ്മത്തെ പറ്റി ലണ്ടനിലേക്കു
പോയി ബഹുമാനപ്പെട്ട ഗുമ്പിലത്തെ കോർട്ടു ഓഫ് ഡയറക്ടന്മാരുടെ
മുമ്പാകെ ഹാജരായി ബോധിപ്പിക്കയും അതിനു ഫ്രഞ്ചുകാരുടെ മെയി ഫന
നു കല്പന കൊടുക്കുകയും ചെയ്തു. അന്നു തുടങ്ങി തിരുവിതാംകൂർ ഗവ
മെണ്ടു സമുദായത്തിന്റെ ആഗ്രഹത്തിനു വിരോധമായി ഒരിക്കലും
പ്രവേശിക്കാതെ രണ്ടു കാലം വരെ സമുദായത്തെ ഭരിക്കുന്നതിനു അവ
രുതന്നെ തിരഞ്ഞെടുത്ത മെത്രാപോലീത്തായുടെ അധികാരവും സമ്മ
തവും നടത്തുന്നതിനു സമ്മതിക്കയും ചെയ്തു. മുമ്പുണ്ടായിരുന്ന കോ
ർട്ടു ഓഫ് ഡയറക്ടന്മാരുടെ കല്പന ഇതിൽ അടക്കം ചെയ്തിരിക്കുന്നു.

(൬) എന്നാൽ എല്ലാ കായ്മങ്ങളും ഇങ്ങിനെ ഇരിക്കുമ്പോഴും സു
റിയാനി സമുദായത്തിന്റെ ഒരു പ്രത്യേക ഭാഗക്കാർ തനിക്കു അനുകൂലമായി നിൽ
ക്കുന്നതിനു ഇല്ലാതെയിരിക്കുമ്പോഴും മെല്പറഞ്ഞ അത്താനാസ്യോസു വെറും
കൌശലംകൊണ്ടു ചില സങ്കടങ്ങളും മറവും തിരുവിതാംകൂർ ദിവാനെ
ബോധിപ്പിക്കയും അദ്ദേഹം അതിനെക്കുറിച്ചു ഒരു വിചാരണയെ
അന്വേഷണമോ നടത്താതെ ഉടനെതന്നെ ഇപ്പോൾ അവലംബിച്ചു
വരുന്ന സക്കുലർ ഉത്തരവു അയക്കുന്നതിനു കല്പനയായി ("൪.൪"
എന്ന പ്രമാണം ഇതിൽ അടക്കം ചെയ്തിരിക്കുന്നു.)

(൭.) ഒരു സക്കുലറിൽ മാർ കുറിലോസ മാർ അത്താനാസ്യോ
സിനു എതിരായി ഒരു അധികാരത്തിനു വേണ്ടി അവകാശപ്പെടുന്നു
ണ്ടെങ്കിലും സർക്കാർ മതവിഷയങ്ങളിൽ ഉൾപ്പെടാതെ സമാധാന ലംഘനം
ഉണ്ടാകാതെയിരിപ്പാൻ മാത്രം ആഗ്രഹിക്കുന്നു എന്നും പ്രസ്താവി
ച്ചിരിക്കുന്നു. ആയ്കൊണ്ടു മാർ അത്താനാസ്യോസിനെ കൈക്കൊള്ളു
വാൻ മനസ്സില്ലാത്തവർ തങ്ങൾക്കു സ്വന്തമായി പള്ളികൾ കെട്ടിക്കൊ
ള്ളുകയോ മാർ അത്താനാസ്യോസിന്റെ അധികാരത്തിലിരിക്കുന്ന പ
ള്ളികളിന്മേൽ അവക്കു ന്യായമായ വല്ല അവകാശവുമുണ്ടെങ്കിൽ സി
വിൽ വ്യവഹാരത്താൽ തീർച്ചപ്പെടുത്തുകയോ ചെയ്തുകൊള്ളണമെന്നും
തിരുവുള്ളം. ആ സക്കുലറിൽ കല്പിച്ചിരിക്കുന്ന ഒരു കല്പനയെ കൂടാക്കാതെ
നടപ്പാൻ അനുസരണക്കേടായി പള്ളികളിൽ കയറി മുൻകൈവശത്തി
നു വിരോധമായി പ്രവൃത്തിച്ചു എന്ന മെത്രാപോലീത്തായുടെ സമുദാ
യത്തിൽ യാതൊരു അംഗമെ പ്രബോധിപ്പിച്ചാൽ അങ്ങിനെയുള്ള ആളു
കളെ ഉടനെ വരുത്തി പൊലീസ്സുദ്യോഗസ്ഥന്മാരെകൊണ്ടു വിസ്തരി
പ്പിച്ചു കുറ്റക്കാരനെന്നു തെളിഞ്ഞാൽ ക്രമപ്രകാരം ശിക്ഷിക്കേണ്ടതാ
ണെന്നും പ്രസ്താവിച്ച അതു അവസാനിപ്പിച്ചിരിക്കുന്നു.

(൮.) മാർ അത്താനാസ്യോസിനു പകരമായി മെത്രാപോലീ
ത്തായായും ബിഷോപ്പായും അന്തിയോഖ്യാ പാത്രിയക്കീസ എന്നെ
നിശ്ചയിച്ചിരിക്കകൊണ്ടു തിരുവിതാംകൂർഗവർമ്മെണ്ടിന്റെ മുമ്പാകെ പാ
ത്രിയക്കീസിനാലുള്ള നിശ്ചയത്തിന്റെ മുദ്ര ഹാജരാക്കിയ ഉടനെതന്നെ
ന്യായപ്രകാരം സർക്കാരിൽനിന്നുള്ള സഹായത്തിനും രക്ഷയ്ക്കും
വേണ്ട അവകാശപ്പെട്ടതായിരുന്നു. എന്നാൽ അങ്ങിനെയു
ള്ള സഹായവും രക്ഷയും തിരുവിതാംകൂർഗവർമ്മെണ്ടിൽനിന്നു ഇനിക്ക
ണ്ടാകയാതെ മാർ അത്താനാസ്യോസിനു കൊടുത്തിട്ടുള്ള മേല്പറഞ്ഞ ക
ല്പന അചലമായിരിക്കുന്ന കാലത്തു പാത്രിയക്കീസിൽ നിന്നു ഇനിക്ക
ണ്ടായിട്ടുള്ള അധികാരംകൊണ്ടു സാക്ഷാൽ ഇനിക്കു കീഴടങ്ങിയിരിപ്പാൻ മന
സ്സായതുള്ളവർ കൂടെയും അങ്ങിനെ ചെയ്താൽ തിരുവിതാംകൂർ ഗവ
മെണ്ടിന്റെ കല്പനയെ ലംഘിക്കയും ക്രിമിനൽ ശിക്ഷയ്ക്കു തങ്ങളും
പാത്രവാന്മാരായി തീരുകയും ചെയ്യുന്നതുകൊണ്ടു എന്റെ ന്യായമായ
ആത്മീക അധികാരത്തെ നടത്തുന്നതിനു പാടില്ലാതെ കണ്ടിരിക്കുന്നു എ
ന്നുള്ള അഭിപ്രായം കാണുകയും ചെയ്യുന്നു.

(൯.) മേല്പറഞ്ഞ പ്രയാസങ്ങളെയും അനീതിയെയും കുറിച്ചു ഞാ
ൻ വളരെ ഹർജികൾ തിരുവിതാംകൂർ ദിവാനും റസിഡേണ്ടിനും അ
യക്കയും ഒരു കായ്മത്തിൽ ഒരു പരിഹാരത്തിനായി രണ്ടു സംവത്സരം
വൃഥാ കാത്തിരിക്കയുംചെയ്തു. ആയ്കൊണ്ടു ഞാൻ ഇപ്പോൾ മദ്രാസി
ലെ ഫ്രഞ്ചു കൌൻസിലോടു കൂടിയ ശ്രേഷ്ഠനായ അങ്ങു ബോധിപ്പിപ്പാ
ൻ ഇടയായിരിക്കുന്നു.

(൧൦.) ഞാൻ ദിവാന്റെയും റസിഡേണ്ടിന്റെയും പ്രൊസീ
ഡിംഗ്സിനു വിരോധമായി അപ്പീൽ ചെയ്യുന്നതിനു സഹായമായി
ഫ്രഞ്ചു ഗവർമ്മെണ്ടിന്റെ അധികാരം ഉപയോഗിക്കണമെന്നു ഗ്രേ

(൨൬) എന്നാൽ ഒരു സക്കുലർ ഉത്തരവു സമാധാന ലംഘനം ഉണ്ടാകാതെയിരിപ്പാനുള്ള ആന്തരത്തോട് കൂടെ പ്രസിദ്ധപ്പെടുത്തിയായിരിക്കാമെങ്കിലും അതു നിശ്ചയമായിട്ടു വളരെ ആളുകൾക്കു ഭയപ്പെടുത്തുകയും അന്തിയോച്ച്യാ പാത്രിയക്കീസിന്റെ വിസ്തരിച്ചു പറയാത്തതും പറവാൻ പാടില്ലാത്തതും ആയ എന്റെ നിശ്ചയത്തിന്റെ ബുദ്ധിയാൽ നീക്കിക്കളയപ്പെട്ട ഒരു ബിഷപ്പാപ്പിന്റെ അധികാരത്തിനു കീഴ്പ്പെടുവാൻ അവരെ നിർബന്ധിക്കുന്നതിനും ഇടയാക്കിയിരിക്കുന്നു. നിശ്ചയമായിട്ടു മത വിഷയത്തിൽ നിഷ്പക്ഷമായിരിക്കുന്നതിനുള്ള നിയമത്തിന്റെ ഒരു കൊട്ടായ ലംഘനമാണെന്നു തന്നെയല്ല തിരുവിതാംകൂർ ഗവർമ്മെണ്ടു അതിനെ കവിഞ്ഞു തിരുവിതാംകൂറിൽ ആത്മിക അധികാരം നടത്തുന്നതു ഇന്നയാൾ വെണമെന്നും ഇന്നയാൾ വേണ്ടായെന്നും കല്പിക്കുന്നതായ മറ്റു വിഷയത്തിൽ പ്രസ്താന അധികാരത്തെ സ്വായത്തമായി എടുക്കയും ചെയ്തു.

(൨൭) മാർ അത്താനാസ്യോസിന്റെ ഭരണത്തിന്റെ നിബന്ധമായിരിക്കുന്ന ശക്തിയെ കുറിച്ചു എന്നോടു പൂർണ്ണ വിശ്വാസത്തോടെ പരസ്യമായി ചോദിച്ചു നിപ്പാൻ ശ്രമിച്ചിട്ടുള്ള സമുദായത്തിലെ അനേകം മാന്യന്മാരായിട്ടുള്ള ആളുകൾ മേല്പറഞ്ഞ കൂടിക്കിനെ സഹിച്ചിരിക്കയും സഭയുടെ കാര്യങ്ങളിലും നടപ്പാക്കുന്നതിനുള്ള അവകാശത്തിൽ നിന്നും ഒഴിക്കപ്പെട്ടിരിക്കയും ചെയ്തിരിക്കുന്നു എന്നും ബോധിപ്പിച്ചുകൊള്ളുന്നു. ഇതു കൂടാതെ തിരുവിതാംകൂർ സർക്കാരിലെക്കു മാർ അത്താനാസ്യോസ് കൊടുത്തിട്ടുള്ള റിപ്പോർട്ടിന്മേൽ അപ്രകാരമുള്ള ജനങ്ങളിൽ പലരുടെയും സമുദായത്തിന്റെ പ്രധാന അംഗങ്ങളും അയ അനേകരോടു ആവലാധിപ്പെട്ടിരിക്കുന്ന സക്കുലർ ഉത്തരവിലെ അക്ഷരപ്രയോഗമുള്ള അർത്ഥപ്രകാരം തിരുവിതാംകൂർ സർക്കാരിന്റെ ഉപദ്രവക്കാരായും ഇപ്പോൾ ഒരു നിരാശ്രയസ്ഥിതിയിലാകുകയും ചെയ്തിരിക്കുന്നു. ഒരു ദിവസം തങ്ങളുടെ പരമാത്മാവുള്ള കൂട്ടത്തിലേക്കു പോകുവാൻ ശ്രമിക്കുന്ന എല്ലാവർക്കും പറയണം.

(൨൮) എല്ലാ സുറിയാനിക്കാരും തങ്ങളുടെ ഇപ്പോഴത്തെ സ്വായമായി നിശ്ചയിക്കപ്പെട്ട മേലധികാരിയും മെത്രാപ്പോലീത്തായും ആയിരിക്കുന്ന എന്റെ ഭാഗത്തേക്കു മനസ്സാലെ ചാഞ്ഞിരിക്കുന്നു എന്ന ഇനിക്കു നല്ല വിശ്വാസമുണ്ടെന്നും, അവർ വെളിവായി ഇനിക്കു കീഴ്പ്പെട്ടാൽ മേല്പറഞ്ഞ സക്കുലർ കല്പനയിലെ രാജപ്രകാരം തിരുവിതാംകൂർ ഗവർമ്മെണ്ടു അവരെ പിടിച്ചു ശിക്ഷിക്കുമെന്ന അവർ ഭയപ്പെടുന്നു എന്നും, സുറിയാനി ക്രിസ്ത്യാനികളിൽ അധികം പേരുടെയും ഒരു കായ്യത്തെ കുറിച്ചുള്ള ആഗ്രഹം തിരുവിതാംകൂർ ഗവർമ്മെണ്ടു ഗ്രഹിച്ചിട്ടില്ലെന്നും, വീണ്ടും ഞാൻ കൌൻസിലൊട്ട കൂടിയിരിക്കുന്നതിനു ശ്രേഷ്ഠനായ അങ്ങേ മുമ്പാകെ വണക്കത്തോടെ ബോധിപ്പിച്ചു കൊള്ളുന്നു

ശ്രേഷ്ഠനായ അങ്ങേ മുമ്പാകെ അപേക്ഷിക്കുന്നതിൽ മതവിഷയമായ കാര്യങ്ങളിൽ നിഷ്പക്ഷമായിരിക്കുന്നതിനുള്ള തിരുമനസ്സായതൊരു ഉദ്ദേശഗതിയും എന്റെ പേക്കായി വരുത്തുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ലാ എന്നും പ്രത്യേകം ഗ്രഹിക്കേണ്ടതാകുന്നു. ഈ കക്ഷികളോടും മറ്റും കായ്യത്തിൽ നിഷ്പക്ഷമായിരിക്കണമെന്നും മാർ അത്താനാസ്യോസിന്റെ ഭാഗത്തേക്കു ഇപ്പോൾ തലയിൽ ഇട്ടിരിക്കുന്ന തിരുവിതാംകൂർ ഗവർമ്മെണ്ടിന്റെ ഭാരത്തെ തിരികെ എടുക്കണമെന്നും മാത്രം ഇപ്പോൾ ഞാൻ അവശ്യപ്പെടുന്നൊള്ളു.

(൨൨) ഫനുവൽ-ൽ ദിവാൻ അയച്ച സക്കുലർ നിഷ്പക്ഷമായിരുക്കുന്നതിലേക്കാകുന്നു എന്നതിനു സംശയമില്ലെങ്കിലും എന്നെ ഒരു വലിയ അനർത്ഥസ്ഥിതിയിലാക്കുകയും എന്റെ ആധീനരായിരിപ്പാൻ മനസ്സുള്ള സമുദായത്തെ അതിലും കഷ്ടമായ ഒരു സ്ഥിതിയിലാക്കുകയും ചെയ്യുന്നു. എല്ലാ പള്ളികളും മാർ അത്താനാസ്യോസിന്റെ കൈവശത്തിൽ ആകുന്നു എന്ന അതിൽ അതുപ്പോടെ കാണിക്കുന്നു. എന്നാൽ ഒരു ബിഷപ്പിനെ ഒരു പള്ളിയും കൈവശം ഇല്ലായെന്ന വെളിവാകുന്നു. ഓരോ പള്ളികളിൽ കാണിക്കുന്ന പട്ടക്കാരുടമേൽ മെത്രാനുള്ള അധികാരം കൊണ്ടു മാത്രമെ പള്ളികളുടെ മേൽ അധികാരം നടത്തുന്നൊള്ള പട്ടക്കാരുടെയും യോഗക്കാരുടെയും സ്വന്ത മനസ്സാലെയുള്ള കീഴ്പ്പെടുത്തിന്മേൽ മാത്രം ഒരു അധികാരം ഉറച്ചിരിക്കുന്നു എങ്കിൽ ഇനിക്കു ഒരു സങ്കടവും ബോധിപ്പിപ്പാൻ ഉണ്ടാകയില്ലായിരുന്നു. എന്നാൽ ഫനുവലെ വിളംബരത്താൽ മാർ അത്താനാസ്യോസിനെ എല്ലാ സുറിയാനിക്കാരും അനുസരിക്കണമെന്ന കല്പിച്ചിരിക്കയും ഫനുവലെ സക്കുലറിനാൽ മുൻ കൈവശത്തിനു വിരോധമായി പ്രവൃത്തിക്കുന്നവർ എന്നു വെച്ചാൽ അയാളെ അനുസരിക്കാത്തവർ ക്രിമിനാൽ ശിക്ഷയ്ക്കും പാത്രീഭവിക്കുമെന്ന മുൻകൂട്ടി അറയിച്ചിരിക്കുന്നു. അനുസരണക്കേടിലേക്കു കൂടുതൽ കഠോരമായി വിചാരിക്കുന്നതിലേക്കു മനസ്സാലെയുള്ള കീഴ്പ്പെടുത്തിനെ അധികാരത്തെ എടുക്കുന്നതിനു മാർ അത്താനാസ്യോസിന്റെ അധികാരത്തെ എടുക്കുന്നതിനു ഒരു സക്കുലറിനാൽ രണ്ടു വിധത്തിൽ പ്രവൃത്തിക്കുന്നതിനു അനുവദിച്ചിരുന്നു എന്നുള്ളതു സത്യം തന്നെ. അവർ തങ്ങളുടെ പള്ളിയെ വിട്ടു വെറെ പള്ളി പണിയിക്കയോ അല്ലെങ്കിൽ സിവിൽ കോടതിയിൽ വ്യവഹാരംകൊണ്ടു വരികയോ ചെയ്യും. ഇതിൽ ഫ-മത്തെതു നിർബന്ധിപ്പാൻ പാടില്ലാത്തതാകുന്നു. ഒരു പള്ളികാൽ ഇപ്പോഴത്തെ സുറിയാനിക്കാരാലൊ അവരുടെ പൂർവ്വികന്മാരാലൊ ശേഖരിച്ചിട്ടുള്ള മുതലുകൊണ്ടുണ്ടാക്കപ്പെട്ടതായി കാണുന്നു. അവർ തങ്ങളുടെ പള്ളിവിട്ടു വെറെ പള്ളിവച്ചു പോകുവാൻ പറയുന്നതു കയ്യേറ്റം നടത്തിയതിനു അന്യായം കൊടുത്ത ഒരാളിനൊട്ട അതു സ്ഥലം വിട്ടു വെറെ സ്ഥലത്തേക്കു പോകുവാൻ പറയുന്നതുപോലെ ആകുന്നു. ഫ-മത്തെതും ഇതുപോലെതന്നെ തീർച്ചപ്പെടുത്തുന്നു.

(൨൫) ൦രം സംഗതിയെ കുറിച്ചു ഞാൻ ഒരു വക്കീൽ മുഖാന്തിരം തിവാനു ഹരജി കൊടുക്കുകയും അതിനു മറുപടിയിൽ എന്റെ അപേക്ഷയുടെ ന്യായത്തേയും കാരണത്തേയും സമ്മതിച്ചു എങ്കിലും ഇതിൽ ഏർപ്പെട്ട ൦രം സംഗതിയിൽ സമുദായത്തിന്റെ ആഗ്രഹത്തെ കുറിച്ചു തിയ്യിപ്പെടുത്തുന്നതിനു പ്രയാസമാകുന്നു എന്നു തിവാൻ പ്രസ്താപിച്ചിരിക്കുന്നു. എന്നാൽ അത ഒരു പ്രകാരത്തിലും അങ്ങനെയല്ലാ എന്നു ഞാൻ ബോധിപ്പിക്കുന്നു ഓരൊ ഡിസ്ട്രിക്ടിലുള്ള സുറിയാനിക്കാരുത മുഴുവനൊ അവരിൽ അധികംപേരൊ എന്നെ അവരുടെ ന്യായമായ മെത്രാപോലീത്തായും ബിഷപ്പുമായി അംഗീകരിക്കുന്നതിനു മനസ്സാകുന്നുവൊ എന്നു അറിയുന്നതിനു വോട്ട എടുക്കാതെ ൦രം സംഗതിയെ കുറിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു കമ്മീഷ്യനരന്മാരെ നിശ്ചയിക്കേണ്ടതാകുന്നു.

(൨൬) ഇപ്പൊടക്കു മദ്രാസ ഹൈക്കൊടതി മുമ്പാകെ ഉണ്ടായ റായപുരം പള്ളി വ്യവഹാരത്തിൽ പള്ളിക്കാരിൽ ഒരു ഭാഗം വിഗാരി അപ്പസ്തോലിക്കായുടെ പക്ഷവും മറവർ ഗോവ അധികാരത്തിന്റെ പക്ഷവും ഇങ്ങിനെ രണ്ടു കക്ഷികളായി തിരിഞ്ഞിരിക്കുന്ന ഒരു സ്ഥിതിക്കു സമുദായത്തിന്റെ ആഗ്രഹത്തെ വോട്ട ഇട്ടു തിച്ചയാക്കുന്നതു എന്ന ഹൈക്കോടതി കല്പിക്കയും സെർ ആഡ്വ ബല്ലെന്റൻ വോട്ട എടുക്കയും അധികമാളുകളുടെ അഭിപ്രായ പ്രകാരം പള്ളിയും പള്ളിയുടെ സ്വത്തുക്കളും വിഗാരി അപ്പസ്തോലിക്കായുടെ കക്ഷിക്കാക്കി വിധിച്ചു കൊടുക്കയും ചെയ്തു.

(൨൭) കൊച്ചി സക്കാരിലുള്ള രണ്ടു പള്ളികളിൽ മുമ്പറഞ്ഞ പ്രകാരമുള്ള ഒരു അഭിപ്രായ ഭേദം ഉണ്ടായിട്ടു അന്നത്തെ റസിഡെണ്ടായിരുന്ന മെസ്സർ എച്ച. എൻ. മോൺറൊബിയും തിവാൻ ശങ്കുണ്ണിമേനൊനും ആ തക്കത്തിന്റെ തീരുമാനത്തിനും ഇതിൽ അടക്കം ചെയ്തിരിക്കുന്നതിനൊടു ചേർത്തിരിക്കുന്ന ഒടുവിലത്തെ എഴുത്തിൽ കാണുന്ന പ്രകാരം ഇതിനു മുമ്പിലത്തെ മുന്നാം ഭാഗത്തു വിവരിച്ചതായ ആ മാർഗ്ഗം തന്നെ ഉപയോഗിക്കയും അത ആവശ്യപ്പെട്ട എടുപ്പു സംഗതികൾക്കും തീരുമാനം ഉണ്ടാക്കയും ചെയ്യു എന്ന ഇവിടെ പറയെണ്ടിയിക്കുന്നു.

(൨൮) ഇങ്ങിനെയുള്ള ഒരു സക്കലർ ഉത്തരവ നടപ്പാക്കിട്ടുള്ളതാത്ത ഇടങ്ങളായ കൊച്ചി സക്കാരിലും ബ്രിട്ടീഷ കൊച്ചിയിലും സുറിയാനി ക്രിസ്ത്യാനികൾ ഇതുവരെ വളരെ കാലത്തേക്ക അല്ലെങ്കിൽ കഴിഞ്ഞ നൂറ്റാണ്ടു കാലങ്ങളിലേക്കു തങ്ങൾ തിരഞ്ഞെടുക്കുന്ന മെത്രാനാൽ കിട്ടുന്നിട്ടിരിക്കയും ആത്മീക കാര്യങ്ങളിൽ അവർ ഒരു ക്രമമായിട്ടു നടന്നു കൊണ്ടു പോരുകയും ചെയ്തും ൦രം സക്കലർ ഉത്തരവ ഉണ്ടാക്കുന്നതിനു വളരെ കാലം മുമ്പെ തന്നെ തിരുവിതാംകൂറിലുള്ള സുറിയാനിക്കാർ യോജിച്ച സമാധാന വിരോധവും ഉണ്ടാകുന്നതിനു കാരണം കൊടുക്കാതെ ആത്മീക കാര്യങ്ങളിൽ മേല്പറഞ്ഞ പ്രകാരം തന്നെ

നടത്തിയിരുന്നതും അതൊടു കൂടി മതവിഷയമായ കാര്യത്തിൽഇപ്പൊഴും ആവലാധിപ്പെട്ട ഇപ്രകാരമുള്ള ഒരു സക്കുലർ ഒരു രാജ്യത്തിലും ഒരു ജാതിയിലും ഒരിക്കലും ഉണ്ടായിയായി കേട്ടിട്ടില്ലാത്തതും വിചാരിക്കുമ്പൊൾ തിരുവിതാംകൂർ തിവാന്റെ ൦രം കല്പന ഏറ്റവും അസാധാരണയായിട്ടുള്ളതും എന്നെയും സുറിയാനി ക്രിസ്ത്യാനികളെയും വളരെ വ്യസനത്തിലും ഞെരുക്കത്തിലും ആക്കിതീർക്കുന്നതും ആകുന്നു.

(൨൯) മത വിഷയ കാര്യാദികളിൽ വളരെ നിഷ്കൃഷ്ടം പാലിക്കുന്നതിൽ ബ്രിട്ടീഷ ഗവർമെണ്ടിന്റെ മുമ്പിനാലെയുള്ള ബുദ്ധിയും വിവേകവും ഇപ്പോൾ ബ്രിട്ടീഷ റസിഡേണ്ടു മുഖാന്തിരം ൦രം ആവലാധിപ്പെട്ട സക്കുലർ കല്പന അതിന്റെ നിഷ്പന്ധിക്കുന്നതും കുറെ ചുമത്തുന്നതുമായ ഭാഗങ്ങളൊടു കൂടി ദുർബ്ബലപ്പെടുത്തുന്നതിനു ബഹുമാനപ്പെട്ട കൊർട്ട ഓഫ ഡയറക്ടറന്മാരുടെ എക്കിസ്പ്രാസ്റ്റിക്കം ഡിസ്പാട്ടു മെണ്ടിൽ കുറുന്നതെ-മെയി മാസം-൨൯ാം തെതി കല്പന അനുസരിച്ചു (കുറുന്നതെ-ജൂലൈ മാസം-൨൯-൩൦ാം തെതി കുറവു-൩൦ നമ്പ്രായി തിരുവിതാംകൂറിലെ ബ്രിട്ടീഷ റസിഡെണ്ടിനു അയച്ചതു) ഇതിനു പകരം സുറിയാനിക്കാർ എല്ലാവരും തങ്ങൾ സന്മാർഗ്ഗ സംബന്ധമായി ചെയ്യെണ്ടുന്ന കാര്യാദികളിൽ ഒരു തടസ്സവും കൂടാതെ തങ്ങളുടെ സ്വന്ത ഇഷ്ടപ്രകാരമുള്ള മെത്രാന്റെ അധികാരത്തിനു കീഴ്പ്പെട്ടിരിക്കുന്നതിനും അദ്ദേഹത്തിനോടു ചേരുന്നതിനും തങ്ങൾ സ്വാതന്ത്ര്യന്മാരാകുന്നു എന്നും മേൽപ്രകാരമുള്ള തിരഞ്ഞെടുപ്പിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസം ഉണ്ടായാൽ കാരാപള്ളികളിൽ ഉള്ള സുറിയാനിക്കാരിൽ അധികം ആളുകളുടെ അഭിപ്രായം അറിയുന്നതിനു കമ്മിഷ്യനറന്മാരെ നിയമിക്കേണ്ടതാണെന്നും അപ്രകാരം അധികം ആളുകൾ തന്റെ പക്ഷത്തലുള്ള ബിഷപ്പിന്റെ കൈവശം പള്ളിയും പള്ളിവക മുതലും ഏൽപ്പിച്ചു കൊടുക്കേണ്ടതാണെന്നും കാണിക്കുന്നതായ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുന്നതിനു കാരണമായി തീരണമെന്ന വിനയമായി അപേക്ഷിക്കുന്നു."

൨൰വ. ൦രം ഹരജിക്കു മദ്രാസ ഗവർമെണ്ടിന്റെ മറുപടി നൂറ-൩ാം പ്രമാണമാകുന്നു. അതു താഴെ പറയുന്നു.

"മേല്പറഞ്ഞ ഹരജിയോടു കൂടി അയച്ചിട്ടുള്ള കടലാസുകളിൽ നിന്നു തിരുവിതാംകൂറിലുള്ള സുറിയാനി സമുദായത്തിന്റെ പള്ളികൾ മാർ അത്താനാസ്യൂസിന്റെ കൈവശത്തിൽ ആകുന്നു എന്നും ഹരജിക്കാരനാകുന്ന മാർ ദിവന്നാസ്യൂസിന്റെ അതന്തരം മേല്പറഞ്ഞ കൈവശം ഒഴിപ്പിക്കുന്നതിനു ആകുന്നു എന്നും തെളിവാകുന്നു. അതുകൊണ്ടു വ്യവഹാരം ജൂലായി ൨-൩ാം നു-ത്തെ തിവാന്റെ മറുപടിയുടെ ൨-ാം ഭാഗത്തിൽ കാണിച്ചിരിക്കുന്ന ഗുണദോഷങ്ങൾ ആക്ഷേപിക്കാൻ പോരാത്തതാകുന്നു എന്നു ഗവർണ്മെണ്ടു ഇൻ കൌൻസിൽ അഭിപ്രായപ്പെടുന്നു.

ഗവർമ്മെണ്ടിന്റെ ൦രം കാര്യത്തിൽ ഒന്നും പറയുന്നില്ല."

കലഹിച്ചിരിക്കുന്ന രണ്ടു കക്ഷികളും ഇനിചെയ്യുന്ന തൃപ്തികരമായ ഒരു ഏർപ്പാടു തമ്മിൽ ഉണ്ടാക്കുകയാണു. അതു നടക്കുന്തപക്ഷം വ്യവഹാരം പിൻവാങ്ങിപ്പോകണം ഒരു പള്ളിയുടെ കാര്യത്തെ പറ്റി കോടതിയിൽ വ്യവഹാരംകൊടുത്തു തീർപ്പുണ്ടാക്കിയാൽ അതിൽ ഉൾപ്പെട്ടിരിക്കുന്നപ്രധാനസംഗതികളെ പറ്റി ഒരു തീരുമാനം ഉണ്ടാകയും അതു ഇപ്രകാരമുള്ള എല്ലാ വ്യവഹാരങ്ങൾക്കും പറ്റുന്നതും ആകുന്നു."

ളംബരം ഉമ്പിലത്തെപ്പട്ടത്തണ്ടതാണെന്നും അദ്ദേഹം ആത്മീക കാര്യങ്ങളിൽ ഏർപ്പെട്ടുകയല്ലെന്നും അതിനായി തിരുവിതാംകൂർ മഹാരാജാവിൻെറ അടുക്കൽ നാം ചെല്ലുന്നേമെന്നും ഇവയെ സംബന്ധിച്ച എല്ലാ റിക്കാർട്ടുകളും മാഹാരാജാവിനെ അയച്ചു കൊടുത്തിട്ടുണ്ടെന്നും അദ്ദേഹം പരമാത്മാനുസരണം ഈ കാര്യം തീർപ്പാക്കുമെന്നും നമ്മോടു പറകയും ചെയ്തു. നാം തിരുവനന്തപുരത്തു എത്തി നമ്മുടെ വ്യസനത്തെ പറഞ്ഞു ബഹുമാനപ്പെട്ട മഹാ രാജാവിനെ അറിവിച്ചാറെ അദ്ദേഹം ആ കാര്യം തീർച്ചയാക്കി വിവരത്തിനു മഠാസു ഗവർമ്മേണ്ടിനു എഴുതി അയക്കുകയും ചെയ്തു. ഈ നിമിത്തം നാം ചിങ്ങം മുതൽ കുംഭംവരെ താമസിക്കേണ്ടിവന്നു. ആ സമയം മഠാസു ഗവർമ്മേണ്ടിൽ നിന്നു തിരുവിതാംകൂർ സർക്കാരിനു അവസാന മറുപടി കിട്ടി. മഹാരാജാവവർകൾ മുമ്പിലത്തെ വിളംബരം ദുർബ്ബലമാക്കി വെറെ ഒന്നു പ്രസിദ്ധപ്പെടുത്തി." (ഒ. പി. പ്രമാണങ്ങൾ) പാത്രിയർക്കീസിൻെറ ഒരു വചനവും പി. എന്ന വിളംബരത്തിൻെറ മുഖമുരയും നേരെ ഇരിക്കെ അപ്പീൽ വാദി പറയുന്നു "പി. എന്ന രേഖയുണ്ടാകുവാനുള്ള കാരണം കഴിഞ്ഞുപോയ മാർ അത്താനാസ്യോസും വാദിയും തമ്മിലുണ്ടായ തർക്കത്തിനുമേൽ അല്ലായിരുന്നു എന്നു ഞാൻ സത്യംചെയ്തു പറയാം." ഒരു സത്യം ചെയ്തു പറയുന്നതിനു എന്തു വിലയുണ്ടു? പ്രധാനമായിരിക്കുന്ന ഒരു സമുദായത്തിൻെറ തലവനായി നടിക്കുന്ന ഒരാൾ ഇപ്രകാരം സത്യം ചെയ്തു പറയുന്നതു ഏറ്റവും വിസ്മയിക്കത്തക്കതാകുന്നു. പാത്രിയക്കീസിൻെറ മേല്പറഞ്ഞ പ്രസംഗം ൧൮൯൫ മിഥുനം ൧൪-ാംനു-യും പി. എന്ന രേഖയായ വിളംബരം ഉണ്ടായ്തിനു മുമ്പിലത്തെ കുംഭം ൨൫-ാംനു-യും ആയിരുന്നു.

൨൦൬. പാത്രിയക്കീസു ൧൮൯൫-ൽ ഇന്ത്യായിൽവന്നു എന്നു എല്ലാവരും സമ്മതിക്കുന്നു. അപ്പീൽവാദി വളരെ ശ്രമത്തിന്റെ ശേഷം തൻെറ വായ്പ്പോഴിയിൽ (൧൯൦൦ പുറം) ഇതിനെ സമ്മതിച്ചു. ൧൮൯൫-ൽ മലയാളത്തു വന്നയാൾ പാത്രിയക്കീസായിരുന്നുവോ എന്ന ആദ്യവും അദ്ദേഹം അന്തിയോഖ്യയിലെ പാത്രിയക്കീസായിരുന്നുവോ എന്ന രണ്ടാമതും സംശയിക്കയും ഒടുവിൽ പാത്രിയക്കീസു ഇന്ത്യായിൽ വന്നു എന്നു സമ്മതിക്കയും ചെയ്തു. എന്നാൽ തങ്ങളുടെ ഇപ്പോഴത്തെ ആന്തരം പാത്രിയക്കീസു മലയാളത്തിരിക്കുമ്പോൾ നടത്തിയ സംഗതികളുടെ വിവരം അറിയിക്കുന്നതിനല്ല അതുവരെ ഒരു സംഗതിയുടെ കൂടെ പ്രസ്താപിച്ചു കൊള്ളുന്നതാകുന്നു.

൨൦൭. പാത്രിയക്കീസു ഇവിടെ വന്നപ്പോൾ കഴിഞ്ഞുപോയ മാർ അത്താനാസ്യോസു ജീവിച്ചിരുന്നു. പാത്രിയക്കീസു മലയാളത്തുള്ള സകല സുറിയാനി പള്ളികളുടെ നാഥനും തൻെറ വൈദിക തലവനും മേലധികാരിയുമായി അദ്ദേഹത്തിൽ നിന്നു കിട്ടിയിരിക്കുന്ന സ്വാത്തിക്കോൻെറയും തൻെറ നിശ്ചയത്തിങ്കൽനിന്നും ചെലുത്തിനമേൽ തൻെറ സ്ഥാനത്തിനു താൻ ആത്മം അവകാശപ്പെട്ട ഒരു

ൻൻ. ൧൦ കല്പന കിട്ടിയതിൻെറ ശേഷം ഇദ്ദേഹം തൻെറ അവകാശത്തെ കാണിച്ചും ആ സമയം ചെലപ്പെട്ടിരുന്ന വിളംബരത്താൽ കഴിഞ്ഞുപോയ മാർത്തോമാനാസ്യോസിനെ സക്കാര അംഗീകരിച്ചിരിക്കുന്നതു കൊണ്ടു താൻ സഹിച്ച ബുദ്ധിമുട്ടിനെകാണിച്ചും മുന്ന എഴുത്തുകൾ ഹാജരാക്കിനതിനു അയച്ചു. അവ ൧൮൯൫ തുടങ്ങി ൧൯൦൫ വരെയുള്ള പ്രമാണങ്ങൾ ആയിരുന്നു. അതുകൾ കൊണ്ടു തനിക്കു യാതൊരു ഗുണവും ഉണ്ടായില്ല. ആ സമയത്തു സുറിയാനി സഭയ്ക്കു കൊടുക്കേണ്ടിയതായി റസിഡൻസി ബങ്കാനയിൽ കിടന്നിരുന്ന മുതൽ ൧൦൦ തിരുവെഴുത്തു വിളംബരത്തിൻെറ ബലത്തിന്മേൽ മഠാസു ഗവർമ്മേണ്ടിൽ നിന്നും മാർ അത്താനാസ്യോസിൻെറ പക്കൽ കൊടുക്കുന്നതിനു കല്പിച്ചു. (൧൯൫-ാം പ്രമാണം)

൨൦൦. ആ സമയം അപ്പീൽപ്രതിയുടെ സ്ഥിതി വളരെ പ്രയാസത്തിൽ ആയിരുന്നു. വിളംബരം തനിക്കു എതിരായും ആ പ്രയാസത്തിൽ നിന്നു തന്നെ സഹായിക്കുന്നതിനു സക്കാര ഒന്നും പ്രവൃത്തിക്കാതെയും ഇരുന്നു.

൨൦൧. ഒടുവിലത്തെ മാശ്ശുമായി ഇങ്ങിനെയുള്ള സ്ഥിതിയിൽ മാർ അത്താനാസ്യോസു ചെയ്തപ്രകാരം (അന്തിയോഖ്യ പാത്രിയക്കീസിനു സമുദായത്തിൻെറ അപേക്ഷകൾ അയച്ചു) അന്തിയോഖ്യയിലേക്കു അപേക്ഷിച്ചു ഇതിങ്കൽ പാത്രിയക്കീസു എന്തു ചെയ്തു എന്ന തൻെറ വാചകത്തിൽ തന്നെ പറയാം. അതു അദ്ദേഹം ചെയ്തതിൻെറ ഒരു സത്യവൃത്താന്തം ആകുന്നു എന്നതിനു ഒട്ടുംകുറയാതൊരു സംശയവും ഇല്ല. അദ്ദേഹം തൻെറ പ്രസംഗത്തിൽ ഇങ്ങനെ പറയുന്നു. (ജി. ജി പ്രമാണത്തിൽ അടങ്ങിയിരിക്കുന്നു) "നിങ്ങൾ അയച്ച പൊതുവിലുള്ള എഴുത്തും മറ്റു അനേകം എഴുത്തുകളും നമുക്കു കിട്ടി അവയെ വായിച്ച ചെലിയാർ (അനുസരണമില്ലാത്തഅത്താനാസ്യോസിനെ കുറിച്ചാകുന്നു) നിമിത്തം നിങ്ങളും സഭയുഴുവനും സഹിക്കുന്നതായ സങ്കടങ്ങളെ കുറിച്ചു മനസ്സിലായ ഉടനെ നാം കൊൻസ്താന്തനൊപ്പിളിലെക്കും അവിടെനിന്നു ലണ്ടനിലെക്കും യാത്രതിരിച്ചു. ഇപ്രകാരമുള്ള അന്യ രാജ്യത്തിൽ നാം ഒരേത്തോടുകൂടി ൭ മാസക്കാലം പാർത്തു. ദൈവകൃപയാൽ ശ്രേഷ്ഠതപ്പെട്ടിരിക്കുന്ന മഹാ രാജ്ഞിയെയും ബഹുമാനപ്പെട്ട ഉദ്യോഗസ്ഥന്മാരോടും നിങ്ങളുടെ വ്യസനത്തെ പറഞ്ഞു അറിയിക്കുകയും അവർ തന്നെ നിങ്ങളുടെയും നാം കൊടുത്ത സങ്കടത്തെയും വായിച്ചതിൻെറ ശേഷം അത്റക്കാർട്ടുകൾ എല്ലാം മഠാസു ഗവർമ്മേണ്ടിലേക്കു അയക്കുകയും ഇന്ത്യായിലെ പ്രധാന ഗവർമ്മേണ്ടു ഉദ്യോഗസ്ഥന്മാക്കു ചരിത്രകത്തുകൾ തരികയും ചെയ്തു. നാം ഇന്ത്യായിൽ എത്തി ബഹുമാനപ്പെട്ട ഗവർണ്ണരവർകളെ കാണേണ്ടുന്നതിനായി നീലഗിരിക്കു പോയിരുന്നു. നമ്മുടെ ഈ വാർദ്ധക്യനാളിൽ ഇന്ത്യായിലേക്കു വന്നതിൻെറ കാരണത്തെ കുറിച്ചു അദ്ദേഹത്തിനൊടു നാം പറഞ്ഞപ്പോൾ അദ്ദേഹം നമ്മെ വേണ്ടവിധത്തിൽ ബഹുമാനിക്കയും ഈ വി

നിക്കുന്നെടത്തു അതു നിന്നതു തിക്കുന്നതിനു ഏതുപ്രകാരമെങ്കിലും അന്ത്യോഖ്യായിനിന്നു മേല്പട്ടക്കാരെ വരുത്തുന്നതിനു അവർ കഴിയുന്നതൊക്കെയും ചെയ്തു എന്നു ഞങ്ങൾ ചരിത്രത്തിൽനിന്നു കാണുന്നു. പിന്നെ നിന്നതു തീക്കുന്നതുവരെ മെത്രാപ്പോലീത്തായ്ക്കാകട്ടെ ജനങ്ങൾക്കാകട്ടെ ആശ്വാസവും മനസ്സിനു സമാധാനവും ഉണ്ടായില്ല. മേല്പട്ടക്കാരെ വരുത്തുന്നതിനു വളരെപണം കപ്പൽകൂലിയായി കൊടുക്കേണ്ടിവന്നിട്ടും "ക്രിസ്തുവിന്റെ ശിഷ്യന്മാർ ആദ്യം ക്രസ്ത്യാനികൾ" എന്നവിളിക്കപ്പെട്ട "സ്ഥലത്തോടു ജനങ്ങൾക്കുള്ള സംബന്ധത്തെ തങ്ങൾ ഉപേക്ഷിച്ചുകളഞ്ഞില്ല. പാത്രിയക്കീസിനാൽ ഉണ്ടായ തന്റെ പ്രതിഷ്ഠയുടെയും നിശ്ചയത്തിന്റെയും ചെലവിനുമേൽ മെത്രാപ്പോലീത്താസ്ഥാനത്തിൽ പ്രവേശിച്ചിരുന്ന കഴിഞ്ഞുപോയ മാർ അത്താനാസ്യോസിനു തന്റെ ആത്മീകഗുരുവും മേലധികാരിയുമായിരിക്കുന്നവനെ തന്റെ സ്വന്തകാര്യം സാധിക്കുന്നതിനായി ഉപേക്ഷിക്കുന്നതിനു ധൈര്യംഉണ്ടായ പ്രവൃത്തിമാണ്ടവരെ ഒരു സംബന്ധം ഉപെക്ഷിച്ചിട്ടില്ലായിരുന്നു.

൨൦൮. രണ്ടുനൂറ്റാണ്ടിലധികം കാലത്തേക്കു അതായതുകാലത്തെ മെത്രാപ്പോലീത്താന്മാർക്കാകട്ടെ സുറിയാനിസമുദായത്തിനാകട്ടെ ഒരംശത്തിലെ സഭയുടെമേൽ ആത്മീക കാര്യത്തിൽ പാത്രിയക്കീസിനുള്ള അധികാരത്തെ നിഷേധിക്കുന്നതിനു ധൈര്യം ഇല്ലായിരുന്നു. ആകാലത്തെ മെത്രാന്മാർ എല്ലാവരും മേൽകാണിച്ചപ്രകാരം സംശയംകൂടാതെ പാത്രിയക്കീസിന്റെ മേലധികാരത്തെ സമ്മതിക്കയും അതിനു കീഴ്പ്പെട്ടിരിക്കയും ചെയ്തു. മേൽ വിവരിച്ച ചരിത്രചുരുക്കത്തിൽനിന്നു മദ്ധ്യാസഗവമ്മേണ്ടിന്റെ ചോദ്യങ്ങൾക്കു പാത്രിയക്കീസിന്റെ അധികാരത്തെ നിഷേധിക്കുന്നതിൽ തന്റെ ഗുണവും രക്ഷയും ഇരിക്കുന്ന ഒരു മെത്രാനാൽ തുലോം ആദ്യകലമായ പ്രവൃത്തനത്തിൽ അന്നത്തെ പ്രത്യേകസ്ഥിതിയിൽ അയച്ച മറുപടിയും മേൽ പ്രസ്താവിച്ച കഴിഞ്ഞുപോയ മാർ അത്താനാസ്യോസിന്റെ സ്ഥിരതയായിട്ടുള്ളതും ദിവ്യമായിട്ടുള്ളതും ആയ എഴുത്തുകുത്തുകളും കൊണ്ടു ആലോചിക്കുമ്പോൾ പാത്രിയക്കീസിന്റെ മേലധികാരത്തെ നല്ലവണ്ണം സ്ഥാപിച്ചിട്ടില്ലാ എന്നു പറയുന്നതിനു മെത്രാപ്പോലീത്താന്മാർ ഉദ്ദേശമില്ലാത്ത കൂടക്കാരും സ്വന്ത കാര്യത്തെ ആലോചിക്കാത്തവരും ആകുന്നു എന്നും (എന്തുകൊണ്ടെന്നാൽ അവക്കു ലഭിക്കുവാൻ ഒന്നും ഇല്ലാതെ ചിലക്കു അധികം നഷ്ടപ്പെടുവാൻ മാത്രം ഉണ്ടായിരുന്നൊള്ളൂ.) കഴിഞ്ഞുപോയ മാർ അത്താനാസ്യോസു ഒരു പൂർണ്ണമായ ദ്രോഹിയും കൂടെ ഭക്തിക്കാരനും ആകുന്നു എന്നും പറയേണ്ടിയിരിക്കുന്നു. (അപ്പീൽവാദി മാർ അത്താനാസ്യോസിന്റെ സഹോദരനും തന്റെ പ്രധാനസഹായിയും സിക്രട്ടേറിയും ആയിരിക്കുന്ന സ്ഥിതിക്കു മാർ അത്താനാസ്യോസിന്റെ എഴുത്തുകുത്തുകളിൽ താൻ കൂടെ ഉൾപ്പെടുന്നതിനു ഇടയുള്ളതുകൊണ്ടു ഇതു അയാൾക്കു കൂടെ പറയുന്നു) അതു അപ്പീൽവാദിയുടെ സൂചകവാക്കാകുന്നു എങ്കിലും ഞങ്ങൾ അങ്ങനെ പറയുന്നതിനു വിചാരിക്കുന്നില്ല.

നിലും സ്ഥാനത്തിൽ പ്രവേശിച്ചതിന്റെ ശേഷം സക്കാർ വിളംബരം തനിക്കു രക്ഷയായിരുന്നതുകൊണ്ടു തന്റെ യജമാനനും ആത്മീകഗുരുവും ആയിരിക്കുന്നവനെ ഉപേക്ഷിച്ചിരിക്കുന്നു.

൨൦൯. മാർ അത്താനാസ്യോസ തന്റെ അനുജൻ അപ്പീൽവാദിയെ തന്റെ പിൻ വാഴ്ചക്കാരനായി പ്രതിഷ്ഠിക്കയും അയാളുടെ പാക്കൽ ഒരു മരണപത്രിക എഴുതി വെക്കുകയും ചെയ്തു. അയാളുടെ നിശ്ചയത്തിന്റെ സ്ഥാത്തിക്കാനും മരണപത്രികയും ബി. ബി-൦ ൫-൦ പ്രമാണങ്ങൾ ആകുന്നു.

൨൧൦. മാർ അത്താനാസ്യോസ ൧൭൪൨ ആടി മാസത്തിൽ മരിക്കയും കുറെ കാലങ്ങൾ മുമ്പായി തുടങ്ങിയിരുന്ന തക്കം ഈ പ്പോഴത്തെ ൦രം വ്യവഹാരത്തിൽ വെച്ച അവസാനിക്കയും ചെയ്തു.

൨൧൧. ൦രം സംഗതി മലയാളത്തെ സുറിയാനി സഭാചരിത്രത്തിന്റെ രണ്ടാമത്തെ വലിയ ഭാഗത്തിന്റെ അവസാനത്തെക്കു നമ്മേകൊണ്ടുവരുന്നു. (൧൮൭൭മ-൧൮൭൯)

൨൧൨. ആസഭയുടെ മേല്പറഞ്ഞ ചരിത്രത്തിൽനിന്ന അതിന്റെ കലാശം ഏറ്റവും തടുക്കുവാൻ പാടില്ലാത്തവിധത്തിൽ ആകുന്നു എന്നു തോന്നുന്നു. അതായതു തിരുവിതാംകൂറിലുള്ള സുറിയാനി സമുദായക്കാർക്കും തങ്ങളുടെ പല മെത്രാന്മാർക്കും അന്തിയോഖ്യാ പാത്രിയക്കീസിനാലൊ തന്റെ ക്രമമായ അധികാരം സിദ്ധിച്ച പ്രതിനിധികളാലൊ മെത്രാന്മാരുടെ മേൽ കൈവെപ്പുണ്ടാകുന്നതിനാൽ തങ്ങളുടെ സഭയിൽ അപ്പോസ്തലന്മാരിൽ നിന്നുള്ള പിൻവാഴ്ച ലംഘിക്കപ്പെടാതെ നടത്തി കൊണ്ടു പോകുന്നതിനു വളരെ ആളുകളൊടും പ്രയാസങ്ങളൊടും പോരാടുന്നതും ചിലപ്പോൾ ജയിക്കുവാൻ പാടില്ലാത്തതും ആയ ഒരു കാലമായിരിക്കയും അങ്ങിനെ ചെയ്യുന്നതിൽ മിക്കവാറും അവർ ജയംപ്രാപിക്കയും ചെയ്തു. പാത്രിയക്കീസിന്റെ ആത്മീക മേലധികാരത്തെ പാലിച്ചുകൊണ്ടു പോകുന്നതിലേക്കു ജനങ്ങൾക്കുണ്ടായിരുന്നആഗ്രഹം രാജാവിനെയും തങ്ങളുടെ മെത്രാന്മാരെയും ക്ഷീണിക്കാതെ അവക്കു വിരോധമായി വളരെ പ്രാവശ്യം പരസ്യമായി എഴുതുകുന്നതിനു കൂടെ അവരെ ഇടയാക്കി. സംശയംകൂടാതെ ചില സംഗതികളിൽ അപ്പോസ്തല സംബന്ധമായ പിൻവാഴ്ചയെ കാത്തുരക്ഷിക്കുന്നതിനുള്ള ജനങ്ങളുടെ ശ്രമം കഠിനമായ പ്രയാസങ്ങൾ ഉണ്ടായിരുന്നതിനാൽ നിഷ്ഫലമായ പോയി. അങ്ങിനെയുള്ള സംഗതികൾ സാധാരണനടപ്പിനു ഒഴിവായിട്ടു വിചാരിക്കാം. മേൽ വിവരിച്ച അനേക സംഗതികളിൽനിന്നു ൦രം കാലം മുഴുവനും രണ്ടു നൂറ്റാണ്ടോളം മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനി സഭയുടെ മേൽ അന്ത്യോഖ്യാ പാത്രിയക്കീസിന്റെ ആത്മീക അധികാരത്തെകുറിച്ചു പൊതുവേ സമ്മതിച്ചിരുന്നുയെന്നു പ്രത്യക്ഷമാകുന്നു. മെത്രാന്മാരെ പാത്രിയക്കീസൊ തന്റെ പ്രതിനിധിയൊ പ്രതിഷ്ഠിക്കുന്നതിനുമാത്രം ജനങ്ങൾക്കും മെത്രാപ്പോലീത്തന്മാർക്കും മനസ്സിനു സമാധാനം കൊടുക്കയും അവരെ ഉപചരിക്കുകയും ചെയ്തുയെന്നുള്ളു. അതു ഇല്ലാതെയിരി

തെളിവുകൊണ്ട അന്തിയോഖ്യായുടെ മേലധികാരം സംശയത്തി
ന്റെ ഒരു നിഴൽ കൂടെ ഇല്ലാതെ സ്ഥിരപ്പെട്ടിരിക്കുന്നു എന്നല്ലാതെ മ
റൊരു പ്രകാരം തീച്ചപ്പെടുത്തുവാൻ പാടില്ലെന്നു ഞങ്ങൾക്കു തോന്നു
ന്നു. മേലഴുതിയ പുരുക്കമായ വിവരത്തിൽ ഞങ്ങൾക്കു കാണിച്ചിട്ടു
ള്ള തെളിവു കൃത്രമായി ശാസ്ത്രസംബന്ധമായിട്ടുള്ളതും കക്ഷികളാൽ ര
ടസ്സപ്പെടാത്തതും രണ്ടു ഭാഗക്കാരും അംഗീകരിച്ചിട്ടുള്ളതും ആകുന്നു. ക
ക്ഷികളാൽ മുഴുവനുമില്ലെങ്കിലും തെളിവിലേക്ക സ്വീകരിച്ചിട്ടുള്ളതും
വിശ്വസിക്കാവുന്നതും ആയ സാക്ഷിയായിട്ടുപയോഗിക്കുന്ന പുസ്ത
കങ്ങൾ (സി; ഡബ്ലിയു. ഡബ്ലിയു ഫ-മുതൽ ന-വരെ; ഏച്ച. ജെ. ഫ്രേ. പ്രമാണങ്ങൾ)
ശാസ്ത്രസംബന്ധമായ തെളിവുകൾ അല്ലാത്തതായി തള്ളിക്കളയണ
മെന്നു പറയുന്നതു ഒട്ടും ശരിയല്ലെന്നു ഞങ്ങൾക്കു തോന്നുന്നു. അതു
പോലെതന്നെ കഴിഞ്ഞുപോയ മാർ അത്താനാസ്യോസിന്റെ എഴു
ത്തുകൾ മുഴുവനും വിലയില്ലാത്തതെന്നു പറയുന്നതും ശരിയല്ല. അതി
നും വ്യവഹാരത്തോടു ഒരു മുഖ്യമായ മേച്ച ഉണ്ടു. അതു എഴുത്തുകളു
ടെ ഉദ്ദേശം തൻകാര്യവും സ്വയലാഭവും ആയിരുന്നു എന്നു ഊഹിക്ക
യൊ നിശ്ചയിക്കയൊ ചെയ്യുന്നതു അശേഷം കാരണമില്ലാത്തതാ
കുന്നു. എന്നാൽ ഈ ദേശത്തുള്ള സുറിയാനി സഭയുടെമേൽ അന്തി
യോഖ്യാ പാത്രിയക്കീസിനു മേലധികാരം ഉണ്ടെന്നു ആദ്യമായി സ
മ്മതിച്ചു പറഞ്ഞതു അത്താനാസ്യോസു അല്ലായിരുന്നു. പിന്നെയൊ
അതു രണ്ടു ശതാബ്ദത്തിനു മുമ്പായി സ്ഥിരതയോടും തക്കം കൂടാതെയും
അയാൾക്ക മുമ്പുണ്ടായിരുന്ന ഓരൊ മെത്രാപോലീത്തന്മാരും ജനങ്ങളും
പാലിക്കയും സ്ഥാപിക്കയും ചെയ്തിട്ടുണ്ടു. ഈ പ്രധാനമായ സംഗതി
ക്ക ഞങ്ങൾ കണ്ണോടിച്ച കക്ഷികൾകൊണ്ടുവന്നിട്ടുള്ളതും അവർ വിശ്വ
സിച്ചിട്ടുള്ളതുമായ രേഖമൂലമുള്ള തെളിവുകൾ മുഴുവനും കേസിൽ സം
ബന്ധമില്ലാത്തതും സ്വീകരിപ്പാൻ പാടില്ലാത്തതുമായി തള്ളുന്നതു നി
രിക്ക അശേഷം വിരൊധമായിട്ടുള്ളതായിരിക്കും. ഞങ്ങളുടെ അഭിപ്രാ
യത്തിൽ കേസിന്റെ പ്രത്യെക സ്ഥിതിയിൽ അന്തിയോഖ്യാ സഭയും
മലങ്കര സഭയും തമ്മിലുള്ള സംബന്ധത്തെ ഇനിയും അധികം ശ
ക്തിയായി സ്ഥാപിക്കുവാൻ പാടില്ല. ആ സംബന്ധത്തെ നിശ്ചയമാ
യി തെളിയിക്കേണ്ടുന്ന എല്ലാസാധനങ്ങളും ആധാരങ്ങളും രിക്കാട്ടുകളും
കയ്യുശമുള്ള കക്ഷി അവയെ മറച്ചു വയ്ക്കുന്നതിൽ താല്പര്യപ്പെട്ടുകയും
മറ്റെ കക്ഷി അതിനാൽ തന്റെ വ്യവഹാരത്തെ തെളിയിക്കുന്നതിനു
തെളിവുണ്ടാക്കുവാൻ പ്രയാസപ്പെടുകയും ആകുന്നു.

൨൦൯. ഇനി സുറിയാനി സഭാചരിത്രത്തിന്റെ കഴിഞ്ഞ കാര്യ
ങ്ങളെ ശോധനചെയ്യുന്നതിലുള്ള ഫലം എന്തായിരുന്നു എന്നു നമുക്ക ആലോ
ചിക്കാം.

൨൧൦. ഫന്തുസ-മുതൽ ഫവ്ത്തെ-വരെ മലയാളത്തുള്ള സുറിയാ
നി സഭയെ ഭരിച്ച ൨൨ മെത്രാപോലീത്താന്മാരിൽ മാർ അത്താനാ
സ്യോസ (൩൭൨-൩൭൯.) അന്തിയോഖ്യായിൽവച്ച പാത്രിയക്കീസിനാ

ൽതന്നെ പ്രതിഷ്ഠിക്കപ്പെട്ടു. ഫ-മത്തെ മുതൽ ര-മത്തെവരെയും ന്യ-മ
ത്തെയും മാർതോമ്മാർ $\left\{\frac{\text{ഫന്തുസ}}{\text{വുഖ്വ}} - \frac{\text{ഫ്ലൂംവ}}{\text{ഏവുന}}\right\}$ അന്തിയോഖ്യായിൽനി
ന്നുംക്രമമായി അധികാരം സിദ്ധിച്ച പ്രതിനിധികളാൽ പ്രതിഷ്ഠിക്കപ്പെട്ടു.
ര-മത്തെ മാർതോമ്മാ അന്തിയോഖ്യായിൽനിന്നും പ്രതിനിധികളെ വ
രുത്തി കപ്പൽ കൂലിയുടെ പ്രയാസംകൊണ്ടു വീണ്ടുംപ്രതിഷ്ഠിക്കപ്പെടുവാ
ൻപാടില്ലായിരുന്നു. എന്നാൽ ആ പ്രതിനിധികൾക്കു കീഴ്വഴങ്ങിതന്നെ
മെത്രാപോലീത്തായായി സമ്മതിച്ച ഒരു ഉടമ്പടി അവരുടെ പക്കൽനി
ന്നു വാങ്ങുകയും ആത്മിക കാര്യങ്ങൾ അവരെ എല്പിക്കയും അപ്രകാ
രംതന്നെ ന്യൂനതയായ പ്രതിഷ്ഠകൊണ്ടു ആ കാര്യങ്ങളെ അനുഭവിപ്പാ
ക്കുന്നതിനു താൻ യോഗ്യനല്ലെന്നുള്ള മനോബോധത്തെ വെളിപ്പെടു
ത്തുകയും ചെയ്തു. ശേഷം അഞ്ചുപേരും പാത്രിയക്കീസിനാലോ അ
ദ്ദേഹത്തിന്റെ പ്രതിനിധികളാലൊ വാഴിക്കപ്പെട്ടില്ലെങ്കിലും അവിടെ
നിന്നു വാഴ്ചകിട്ടുന്നതിനു കഴിയുംപ്രകാരം ശ്രമിച്ചു. അവരുടെ യത്നം
ഫലിക്കായ്കയാൽ മലങ്കര സുറിയാനി സഭയുടെമേൽ പാത്രിയക്കീസി
ന്റെ അധികാരത്തിനു കീഴ്പ്പെടുകയും സമ്മതിക്കയും ചെയ്തു. ഈ അവ
സാനത്തെ അഞ്ചു മെത്രാപോലീത്തന്മാരുടെ ചരിത്രം അവരുടെയും
ജനങ്ങളുടെയും മനസ്സിൽ നല്ലവണ്ണം ചെലമായി ഉണ്ടായിരുന്നതിനെ
വളരെ അതിശയമായി ദൃഷ്ടാന്തപ്പെടുത്തുന്നു. ന-മത്തെ ദീവന്നാസ്യോ
സ (ചേച്ചപ്പാട്ട) അന്തിയോഖ്യായിൽനിന്നും ഒരു ക്രമമായി വാഴിക്കപ്പെ
ട്ട മെത്രാപോലീത്താ വന്നു സഭയുടെ വൈദിക തലവനാകുന്നതിനു
അയാൾക്ക (ദീവന്നാസ്യോസിനു) ഉള്ള യോഗ്യതയെകുറിച്ചു തക്കിച്ചു
പ്പോൾ തന്റെ കൃത്രമക്കാരായ കത്തനാരന്മാർ പുതുതായിവന്ന ആളൊടു
കൊക്കാലത്തേക്കു വിരോധമായിനിന്നു എങ്കിലും അയാൾ തന്റെ സ്ഥാ
നത്തെ സാക്ഷാൽ ഒഴിഞ്ഞുകൊടുത്തു.

൨൧൧. കിഴക്കോടതികളിൽ തെളിവിന്മേൽ യോജിച്ച പാത്രിയക്കീ
സിന്റെ മേലധികാരം തുടർന്നു വരുന്നതു സ്ഥിരപ്പെട്ടതായി തീരുമാന
പ്പെടുത്തി. ആ കോടതികളുടെ തീച്ചയെ എതിർക്കുന്നതിനു മതിയായ കാര
ണം ഞങ്ങൾ കണ്ടിട്ടില്ല. ആത്മികവും ലൌകീകവുമായ അധികാരത്തെ
പറ്റി ഒരു വ്യത്യാസം അവർ ഉണ്ടാക്കീട്ടില്ലാത്തതു സത്യംതന്നെ. ഈ വ്യ
ത്യാസത്തെകുറിച്ചു ഞങ്ങളുടെ മുമ്പാകെ നിബന്ധിച്ചതുപോലെ അവ
രുടെ മുമ്പാകെവച്ചു ചെയ്തിട്ടില്ലായിരിക്കാം. ആ സ്ഥിതിക്ക അവരുടെ ജ
ഡ്ജിമെന്റിനു ഭേദം വരുത്തേണമെന്നു ഞങ്ങൾക്കു തോന്നുന്നു.

൨൧൨. ചരിത്രം കാണിക്കുന്നേടത്തോളം മലങ്കര സഭയുടെ മേ
ൽ പാത്രിയക്കീസിനുള്ള മേലധികാരം ആത്മിക വിഷയത്തിൽ മാത്രം
ഉണ്ടായുള്ളായി ഞങ്ങൾക്കു തോന്നുന്നു. പാത്രിയക്കീസൊ തന്റെ പ്രതി
നിധികളൊ ഈ ദേശത്തു വന്നു താമസിച്ചപ്പോൾ സഭയുടെ ഏതൽ
സംബന്ധമായ ഭരണം സ്വദേശ മെത്രാപോലീത്തായെയും ട്രസ്റ്റികളെ
യും ഏല്പിച്ച ആത്മിക വിഷയങ്ങളിൽ മാത്രമെ പ്രവേശിച്ചിട്ടുള്ളു. ഈ
തിൽ മുൻപറഞ്ഞ ൨൦൯ാം മുതൽ സംബന്ധമായ വിഷയത്തിൽ ഒരിക്ക

ന്നു എന്നും ശുദ്ധികരിക്കപ്പെട്ട എണ്ണ ഇല്ലാത്തതിനാൽ ശുദ്ധീകരിക്കപ്പെടാത്ത എണ്ണ ശുദ്ധികരിക്കപ്പെട്ട എണ്ണ ഉണ്ടായിരുന്ന കുപ്പിയിൽ ഒഴിച്ചു വയ്ക്കയും അങ്ങിനെ വലുതായ പാപം.....ചെയ്യുന്നു" എന്നും ഞങ്ങൾ പറയുന്നു. (ബൂക്കു നു; പു: ൫൭)

൨൫൫ അപ്പീൽവാദിതന്നെ ഒരു സംഗതിയെക്കുറിച്ചു പറയുന്നത എന്താണെന്നു നമുക്ക ആലോചിക്കാം. അയാൾ സത്യംചെയ്തു പറയുന്നു "മലങ്കരയിൽ മെത്രാന്മാർ മൂറോൻ ഉണ്ടാക്കിയിട്ടുള്ളതായി ഞാൻ പറഞ്ഞു കേട്ടിട്ടുണ്ട. മലങ്കരയിലെ കഴിഞ്ഞുപോയ മെത്രാന്മാർ അവക്ക ആവശ്യപ്പെട്ടപ്പോൾ ഒക്കയും മൂറോൻ ഉണ്ടാക്കിയെന്ന ഞാൻ കേട്ടിട്ടുണ്ട. ഇതിനപ്പുറമായിട്ട ആരാൽ, ഏത കെട്ടിത്തിൽ എവിടെ വച്ച ഇതുണ്ടാക്കപ്പെട്ട എന്ന ഞാൻ ഓർക്കുന്നില്ല. ഞാൻ ഇത പലതും പറഞ്ഞു കെട്ടിട്ടുള്ളതാകുന്നു. ഞങ്ങളുടെ സഭയിൽ ഇപ്പോൾ ഉപയോഗിക്കുന്ന മൂറോൻ കഴിഞ്ഞുപോയ അത്താനാസ്യോസിന്റെ കയ്യശ്ശ ഉണ്ടായിരുന്നതാകുന്നു." ൨൫-ാം പുറത്ത അയാൾ പറയുന്നു. "കഴിഞ്ഞുപോയ അത്താനാസ്യോസ മെത്രാനായി വാഴ്ച ഏറെ വരുമ്പോൾ മൂറോൻകൊണ്ടുവന്നതായി ഞാൻ ഓർക്കുന്നില്ല" വാസ്തവത്തിൽ അയാൾ കൊണ്ടുവന്നിട്ടുണ്ട. "എം." എന്ന ഖേയായ സ്ഥാത്തിക്കോനിൽ നിന്ന ഞങ്ങൾ അറിയുന്നു. ആ സംഗതിയും കൂടെ അപ്പീൽ വാദി അറിയുന്നില്ല. മെത്രാപോലീത്തന്മാർ ഒരു പ്രദേശത്തു മൂറോൻ കുദാശ ചെയ്യുന്നതിനെപ്പറ്റി അപ്പീൽ വാദിയുടെ അറിവ പൂജ്യം ആകുന്നു മതസംബന്ധമായ വിഷയങ്ങളിൽ അധികം നോട്ടം ഉള്ള ഒരു അയ്യനി പറയുന്നതുപോലെ താല്പര്യമില്ലാത്ത ഭാവത്തിൽ അയാൾ സത്യം ചെയ്തു പറയുന്നു "ഇവിടെവച്ച മൂറോൻ ഉണ്ടാക്കിയെന്ന പലതും പറഞ്ഞു ഞാൻകേട്ടിട്ടുണ്ട." അയാളുടെ അറിവിനെക്കുറിച്ചു ഞങ്ങൾ ഇത്രയും മാത്രമെ പറയുന്നൊള്ളു. എന്നാൽ അയാൾതന്നെ മൂറോൻ ഉണ്ടാക്കെണ്ടിയിരുന്നാൽ എന്തുചെയ്യുമായിരുന്നു എന്ന നമുക്ക ആലോചിക്കാം. "ഇവിടെ ഹാജരാക്കിയിട്ടുള്ള പുസ്തകങ്ങളിൽ മൂറോൻ കുദാശ ചെയ്യുന്നതിനെ കുറിച്ചുള്ള പുസ്തകം ഇല്ല. പള്ളിക്കരെ പള്ളിയിൽവച്ച മോഷ്ടിച്ചു പോയ കൂട്ടത്തിൽ അതും പോയിരിക്കുന്നു" ഒരു മോഷ്ടനം കേസ്സിന്റെ ഏറ്റവും പ്രധാനമായ കാര്യസംഗതിയെ സംബന്ധിച്ചുള്ള ആധാരങ്ങൾക്കായി അപ്പീൽ വാദിയെ നിബ്ബന്ധിച്ചപ്പോൾ ഒക്കയും അയാൾക്ക തന്നെ താങ്ങുന്നതിന ഒരു തക്കതായ കാരണമായിരുന്നു. ചരിത്രവും കഴിഞ്ഞുപോയ മാർ അത്താനാസ്യോസിന്റെ സ്ഥാത്തിക്കോനും മൂറോൻ കുദാശയെപ്പറ്റിയുള്ള പുസ്തകവും പിന്നെ അനേക ആധാരങ്ങളും എന്നുണ്ടായെന്ന പറയുന്ന മോഷ്ടനത്തിൽ പോയിരിക്കുന്നു. അതെക്കുറിച്ച മതിയാകുംവണ്ണം എന്തെങ്കിലും ഞങ്ങൾ പറഞ്ഞിട്ടുണ്ട.

൨൫൬. ഇപ്രകാരം, മൂറോൻ പാത്രിയക്കീസിനു മാത്രം കുദാശ ചെയ്വാൻ പാടൊള്ളു എന്നും അതു തിരുവിതാംകൂറിലുള്ള സുറിയാനിസഭയ്ക്കു അതാതു സമയം അദ്ദേഹത്തിനാൽ തന്നെ അയയ്ക്കപ്പെടണമെ

ും പ്രവേശിച്ചിട്ടില്ല രണ്ടോ മൂന്നോ സംഗതികളിൽ അവർ (പ്രതിനിധികൾ) മൂറോൻ സംബന്ധിച്ച കാര്യങ്ങളിൽ പ്രവേശിപ്പാനൊ വല്ല അധികാരവും കിട്ടുവാനൊ ശ്രമിച്ചപ്പോൾ മെത്രാപോലീത്തായും സഭയും അവരൊട്ട ക്ഷയത്തെ തന്നെ എതുത്തു നിന്നു.

൨൫൫ ചരിത്രവും രേഖയും മുഴുവൻ പരിശോധിക്കുന്നതിൽ അന്തിയോഖ്യാ പാത്രിയക്കീസിനെ സുറിയാനി ക്രിസ്ത്യാനി സമുദായം മുഴുവനും മലയാളത്തുള്ള അവരുടെ സഭയുടെ വൈദീക തലവനായി സമ്മതിച്ചിട്ടുണ്ടെന്നും ഒരുവനു ആത്മീക വിഷയങ്ങളിൽ ഒരു ദേശത്തുള്ള സഭയുടെ മെത്രാപോലീത്താ ആകുന്നതിന അദ്ദേഹത്തിനാലൊ അതിനായി അദ്ദേഹത്തിൽനിന്നു ക്രമമായി അധികാരം സിദ്ധിച്ചിട്ടുള്ള പ്രതിനിധികളാലൊ പ്രതിഷ്ഠിക്കപ്പെടേണ്ടതെ അത്യാവശ്യമായി വിചാരിച്ചിരുന്നു എന്നും അപ്രകാരം പ്രതിഷ്ഠിക്കപ്പെട്ട ആദ്യം സമുദായം സ്വീകരിക്കുന്ന മലയാളത്തിലെ ഒരു നാട്ടു സുറിയാനി ക്രിസ്ത്യാനി ആയിരിക്കണമെന്നും സഭയുടെ ആത്മീക വിഷയങ്ങളിൽ പാത്രിയക്കീസിനുള്ള അധികാരം ഏറ്റവും പ്രധാനമായിരുന്നു എന്നും മതൽ സംബന്ധമായ കാര്യങ്ങളിൽ ഒരു സ്വാതന്ത്ര്യ സഭയായിരുന്ന തിരുവിതാംകൂറിലുള്ള സഭയുടെ ലൌകീക വിഷയങ്ങളിൽ പാത്രിയക്കീസാകട്ടെ അദ്ദേഹത്തിന്റെ പരദേശത്തുകാരായ പ്രതിനിധികളാകട്ടെ പ്രവേശിച്ചിട്ടില്ലായിരുന്നു എന്നും ഞങ്ങൾക്ക തീർച്ചയാകുന്നു.

൨൫൭. മൂറോൻ സംബന്ധിച്ച അത്ര കുദാശ ചെയ്യുന്നതിനു പാത്രിയക്കീസിനു മാത്രം അധികാരമുള്ള എന്ന "ഇ. ഇ. ഇ." പ്രമാണം (ബൂക്കു നു. പു. ൫൭൩) പറയുന്നു. തീരെ മുട്ടിയപക്ഷം പാത്രിയക്കീസിനു ആ അധികാരത്തെ മെത്രാപോലീത്തന്മാരെ ഭരമേല്പിക്കാം. എന്നാൽ അങ്ങിനെ കുദാശ ചെയ്യ എണ്ണ ചില കാര്യങ്ങൾക്കല്ലാതെ എല്ലാറ്റിനും ഉപയോഗിച്ചു കൂടാ. കഴിഞ്ഞുപോയ മാർ അത്താനാസ്യോസിന്റെ പക്കൽ കുറെ മൂറോൻ കൊടുത്തയച്ചിട്ടുണ്ടായിരുന്നു എന്നും പിന്നീട മൂറോൻ അയക്കുമെന്നും "എം" പ്രമാണത്തിൽ (കഴിഞ്ഞുപോയ അത്താനാസ്യോസിന്റെ സ്ഥാത്തിക്കോൻ) പറയുന്നു. മെത്രാപോലീത്താന്മാക്ക മൂറോൻ ഉണ്ടാക്കുവാനൊ കുദാശ ചെയ്യുവാനൊ പാടുണ്ടായിരുന്നു (എങ്കിൽ അത്താനാസ്യോസ ഒരു ക്രമമായി നിയമിക്കപ്പെട്ട ബിഷോപ്പും മേത്രാപോലീത്തായും ആണെന്നുള്ളതിനു ആരും തർക്കിച്ചിട്ടില്ല) സ്ഥാത്തിക്കോനിൽ അതു ചേർത്തിട്ട ആവശ്യമില്ലായിരുന്നു "ടി. ടി. ബി. ബി. ബി" എന്നക്കമിട്ട അന്തിയോഖ്യാ പാത്രിയക്കീസിന്റെ രണ്ടു എഴുത്തുകളാൽ അന്തിയോഖ്യായിൽ നിന്നും മൂറോൻ പതിവായി അയക്കപ്പെട്ടിരുന്നു എന്ന തെളിവാകുന്നു (ഇതിനുമുമ്പ ദീർഘമായി പ്രസ്താവിച്ചു) കഴിഞ്ഞുപോയ മാർ അത്താനാസ്യോസിനെ നിശ്ചയിക്കുന്നതിന ഹേതുവായ സമുദായത്തിനാൽ പാത്രിയക്കീസിനു അയക്കപ്പെട്ടുന്നകട അപേക്ഷയിൽ "സുറിയാനി സമുദായത്തിനു മൂറോൻ (ശുദ്ധികരിക്കപ്പെട്ട എണ്ണ) കൂടെ ഇല്ലെന്നും ഒരു പട്ടക്കാരൻ ഒരു പട്ടക്കാരനെ നിയമിക്കയും ഒരു പട്ടക്കാരൻ ഒരു മെത്രാനെ പ്രതിഷ്ഠിക്കയും ചെയ്യു

നും ഈ ഒരു സഭയുടെമേൽ അദ്ദേഹത്തിൻറെ ആത്മീക മേലധികാരം നടത്തുന്നതിനുള്ള മാർഗ്ഗങ്ങളിൽ ഒന്നായിരുന്നു എന്നും അപ്പീൽപ്രതിവാദിച്ചതിനു സാക്ഷാൽ അപ്പീൽവാദിക്കു ഒരു മറുപടിയും പറവാനില്ലായിരുന്നു.

൨൨൭. ആകയാൽ തിരുവിതാംകൂറിലുള്ള സുറിയാനിസഭയ്ക്കു ചെിഷോപ്പിനെ അല്ലെങ്കിൽ മെത്രാനെ നിയമിക്കുന്നതു കൂടാതെ കാലാകാലം ഒരു സമയത്തു മുറോൻ അയക്കുന്നതുകൊണ്ടും പാത്രിയക്കീസു അതിനുമേൽ തൻറെ വൈദിക അധികാരം നടത്തിയിരിക്കുന്നു എന്നു നമുക്കു തീച്ചയായിരിക്കുന്നു.

൨൨൮. ഇവിടുത്തെ സമുദായം പാത്രിയക്കീസിനു രസ്സീസാ കൊടുക്കേണ്ടതിനെ കുറിച്ചു തെളിയിപ്പാനായി അപ്പീൽ പ്രതികൊണ്ടുവന്നിട്ടുള്ള തെളിവുകൊണ്ടു ഞങ്ങൾ തൃപ്തിപ്പെടുന്നില്ല. തെളിവു സാരമില്ലാത്തതും പൂർത്തിയായിട്ടില്ലാത്തതും ആകുന്നു. ഒരു രസ്സീസായെ കുറിച്ചു ഒരു വലിയ സംശയമുള്ളതു എന്തെന്നാൽ അതു ഒരു ദേശത്തു അതാതു കാലത്തുള്ള മെത്രാപോലീത്തായ്ക്കോ പാത്രിയക്കീസിനോ കൊടുക്കേണ്ടതു എന്നാകുന്നു. ഒരു സംശയത്തെ തീർക്കുന്നതിനു ശ്രമിച്ചിട്ടില്ല. സഭാനാഥൻറെ ഉന്നത സ്ഥാനത്തെ നിലനിർത്തുവാനായി രസ്സീസാ എന്നൊരു ധർമ്മശേഖരം ജനങ്ങളാൽ എടുത്തിട്ടുണ്ടെന്നു കാണിപ്പാൻ റിക്കാർട്ടിൽ വളരെ ഉള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ അതു കൊടുക്കേണ്ടതു സ്വദേശത്തുള്ള തലവനോ ഒരു പരദേശത്തുള്ള പ്രധാന തലവനോ എന്ന വെളിവാകുന്നില്ല. ആയ്തുകൊണ്ടു ഒരു സംഗതിയെ കുറിച്ചു ഏതെങ്കിലും ഒരു തീച്ചപറവാൻ ഞങ്ങൾക്കു പ്രയാസമായിരിക്കുന്നു. കെസ്സിൻറെ ഒരു ഭാഗം തീച്ചപ്പെടുത്തുന്നതിനു അങ്ങിനെ ചെയ്യേണ്ട ആവശ്യവുമില്ല. അതു മെസൂർ ഗൊവർ മിക്കവാറും സമ്മതമായി പ്രസ്ഥാപിച്ചപ്രകാരം പാത്രിയക്കീസും തൻറെ പ്രതിനിധികളും രസ്സീസാ പിരിക്കുന്ന സംഗതിയിൽ മുമ്പുള്ള കാലത്തെക്കാൾ അധികമായി ഒരു കാലത്തു ശുദ്ധവഴക്കും ഖണ്ഡിതമായുള്ള കല്പന കൊടുക്കയും ചെയ്തിരിക്കാം. എങ്ങിനെയെങ്കിലും ഇപ്പോൾ തെളിവിടുന്നതിൽ ഒരു സംഗതി ഒരു പ്രകാരത്തിലും ഞങ്ങൾക്കു തീച്ചയാക്കുവാൻ പാടില്ല.

൨൨൯. ഇതിൻ ഞങ്ങളുടെ അഭിപ്രായത്തിൽ അന്തിയോഖ്യാ പാത്രിയക്കീസിൻറെ ആത്മീക മേലധികാരം അശേഷം സംശയിമില്ലാതെ സ്ഥിരപ്പെട്ടിട്ടുണ്ടു.

൨൩൦. അപ്പീൽപ്രതി മദീനിൽ (അന്തിയോഖ്യായിൽ) വച്ചു ഒന്നാമതു ജൂൺ ൨൭-ാംനു (സുറിയാനി സഭയുടെ അവസാനത്തെ അംഗീകരിക്കപ്പെട്ട മെത്രാപോലീത്തായായ കഴിഞ്ഞുപോയ മാർ അത്താനാസ്യോസിനെ പ്രതിക്ഷിച്ച പാത്രിയക്കീസിൻറെ പിൻ വാഴുകാരനായ) പാത്രിയക്കീസിനാൽ ക്രമമായി പ്രതിക്ഷിക്കപ്പെട്ടതിനെ കുറിച്ചു തക്കീത്തിട്ടില്ല. അങ്ങിനെ നിയമിച്ചതിൻറെ സ്ഥാത്തിക്കോൻ "ഇ" എന്ന രേഖയാകുന്നു. കെസിൻറെ ആദ്യത്തിങ്കൽ അപ്പീൽവാദി

അപ്പീൽ പ്രതിയുടെ പ്രതിക്ഷയെ കുറിച്ചു തക്കീച്ചു എങ്കിലും പിന്നീടു ആ തക്കത്തെ തീരെ ഉപേക്ഷിച്ചു. അയാളുടെ വക്കീൽ മെസൂർ ഗൊവൻ അപ്പീൽപ്രതി പറയുംപ്രകാരം അയാൾ പാത്രിയക്കീസിനാൽ തന്നെ പ്രതിക്ഷിക്കപ്പെട്ട എന്നു ഞങ്ങളുടെ മുമ്പാകെ സമ്മതിച്ചു. "ഇ" എന്ന രേഖയുടെ വാസ്തവത്തെ കുറിച്ചും തക്കീച്ചിട്ടില്ല. ഇതുകൊണ്ടു പാത്രിയക്കീസിനു ഒരു ദേശത്തെ സഭയുടെ മേലുള്ള അധികാര തക്കത്തെ പറ്റിയുള്ള ഞങ്ങളുടെ തീച്ചപ്രകാരം മെത്രാനായിട്ടോ ചെിഷോപ്പായിട്ടോ അപ്പീൽപ്രതിയുടെ പ്രതിക്ഷ തക്കമാറാതാകുന്നു.

൨൫൵. മീറിങ്ങിനു (കൂട്ടത്തിന) ഹാജരായ പ്രതിനിധികൾക്കു ജനങ്ങൾ സമ്മതപത്രം കൊടുക്കുന്നതു കണ്ടുതായി. അപ്പീൽപ്രതിവക ൨-ം ൫-ം ൩-ം ൭-ം ൯-ം ൧൪-ം ൧൫-ം ൧൬-ം ൧൭-ം ൧൮-ം ൨൦-ം ൨൧-ം ൨൨-ം ൨൩-ം ൨൪-ം ൨൫-ം ൨൬-ം ൨൭-ം ൨൮-ം ൨൯-ം ൩൦-ം ൩൧-ം ൩൨-ം ൩൩-ം ൩൪-ം ൩൫-ം ൩൬-ം സാക്ഷികൾ സത്യം ചെയ്തു പറയുന്നു. സഭയിലെ നിശ്ചയങ്ങളെ ജനങ്ങൾ കൈവെപ്പു സമ്മതിക്കുന്നതിന പ്രതിനിധികൾക്കു അധികാരം ആ സമ്മതപത്രങ്ങളിൽ അടങ്ങിയിരുന്നു എന്നു പറയപ്പെട്ടിരിക്കുന്നു. ജീ. ജീ. എന്നപ്രമാണത്തിൽ ഉള്ള തങ്ങളുടെ ഒപ്പുകളെകുറിച്ചു രണ്ടും സാക്ഷികൾ സത്യം ചെയ്തു പറയുന്നു. സമ്മതപത്രങ്ങൾ ഹാജരാക്കിട്ടില്ലാത്ത സംഗതിയുമ്മെൽ രണ്ടും തെളിവിനെ കുറിച്ചു അപ്പീൽവാദിയുടെ ഭാഗത്തുനിന്നും ആക്ഷേപം പുറപ്പെടുവിച്ചു. രണ്ടും വീട്ടുകളുള്ളതുകൊണ്ടു അപ്പീൽ പ്രതിയുടെ സഹായം എന്തെന്നുവെച്ചാൽ അതുകൊണ്ടും പാത്രിയക്കീസ സുറിയായിലെക്കു പോയപ്പോൾ കൂടെ കൊണ്ടുപൊയി എന്നും ഇതുകളും വെറെ അദ്ദേഹത്തിന്റെ കയ്യുശമുള്ള ചില പ്രമാണങ്ങ

ളും ഹാജരാക്കേണ്ടതിനും പാത്രിയക്കീസിനെ കമ്മിഷ്യൻമൂലം വിസ്തരിക്കേണ്ടതിനുമുള്ള തന്റെ (അപ്പീൽപ്രതിയുടെ) അപേക്ഷക്ക അപ്പീൽവാദി വിരോധം പറഞ്ഞു എന്നും ആദ്യം കോടതി ഉപേക്ഷിച്ചു എന്നും ഓർമ്മിക്കുന്നു. ൧൰ സമാധാനം റിക്കാട്ടുകളിൽ തെളിയുന്നുണ്ട്. മേൽപറഞ്ഞ സംഗതികളാൽ സമ്മതപത്രം കാര്യസ്ഥന്മാർ ഹാജരാക്കിയതിനെ കുറിച്ചു മൊഴികൊടുപ്പാനായി കൊണ്ടുവരപ്പെട്ട സാക്ഷികളുടെ തെളിവ എടുപ്പാൻ വിരോധിക്കുന്നത ന്യായകെടായിരിക്കും. സമ്മതത്തോട കൂടിയല്ലെങ്കിലും അവകപത്രങ്ങൾ കൊടുത്തു എന്ന സംഗതിക്ക അത ന്യായമായ തെളിവാകുന്നു. ഞങ്ങൾക്ക ഇവിടെ ആവശ്യമുള്ളത പൊയാഗത്തിന ഉണ്ടായിരുന്ന ആളുകൾ പ്രതിനിധികൾ തന്നെയൊ എന്നാണ. സമ്മതപത്രം കൂടാതെ തന്നെ തന്നെയും ആ സമുദായത്തിലെ തങ്ങളുടെ നിലകൊണ്ട സമുദായത്തെ പ്രതിനിധീകരിപ്പാൻ ആ ആളുകൾ യോഗ്യന്മാരായിരുന്നു എങ്കിൽ കാര്യത്തിലെക്ക അത വെണ്ടുവോളം മതിയാകും.

൨൩൭. ൧൰ സാക്ഷികളെ എല്ലാം താഴെ കൊടതികൾ വിശ്വസിച്ചിരിക്കുന്നു. ഇങ്ങിനെ ന്യായമായി അധികാരപ്പെട്ടതായ പ൦൨ പള്ളികളിലെ കാര്യസ്ഥന്മാർ ഫ്രഞ്ച് മിഷനും ഫ്രഞ്ച്-ഗവൎമെണ്ടും മുഖാന്തരത്തിൽ കൂടിയുള്ളായി തങ്ങൾ കാണുന്നു. തങ്ങൾ മുമ്പെ പറഞ്ഞപ്രകാരം പാത്രിയക്കീസ ആ ദിവസം സംഘത്തോട പ്രസംഗം കഴിക്കയും ആ ദിവസത്തെ നടപടി അറുകൊണ്ട അവസാനിക്കയും ചെയ്തു

൨൩൮. പിറ്റെ ദിവസം അതായത മിഷനും ഫ്രഞ്ച്-ഗവൎമെണ്ടും പള്ളികാര്യസ്ഥന്മാർ വീണ്ടും ആ സ്ഥലത്ത കൂടി ഇങ്ങിനെ അപേക്ഷിച്ചു. "അന്തിയോഖ്യായിലെ അപ്പൊസ്തൊലിക്ക സിംഹാസനത്തിന്മേൽ ഏ വ്യ അധികാരിയും മലങ്കര യാക്കോബായ സുറിയാനിക്കാരായ ഞങ്ങളുടെ വിശുദ്ധ പിതാവുമായ പാത്രിയക്കീസ ആ സുനഹദോസിലെ സംഘത്തലവൻ ആയിരിക്കണമെന്നായിരുന്നു" വിശുദ്ധ പിതാവ ആ അപേക്ഷയെ നല്കുകയും യൊഗത്തോട താഴെ പറയുംപ്രകാരം സംസാരിക്കയും ചെയ്തു.

പുറം പുസ്തകപ്പേ ൭. "നമ്മുടെ മലങ്കര സഭയെ സത്യവന്ദനയുടെ വിശ്വാസത്തിൻ കീഴിലും അന്തിയോഖ്യായിലെ അപ്പൊസ്തൊലിക്ക സിംഹാസനത്തിന്റെ എന്നെന്നെക്കുമായ വിളിയിൻ കീഴിലും കൊണ്ടുവരുന്നതിനും ഉറപ്പിക്കുന്നതിനും പല വിധമായ വഴിക്ക നമ്മുടെ സമുദായത്തിൽ സംഭവിച്ച വഴക്കുകളെ നീക്കം ചെയ്യുന്നതിനും അങ്ങിനെ ഐക്യതയും സമാധനവും നമ്മുടെ ഇടയിൽ ഉണ്ടായി വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിക്കായും അതിന്റെ നല്ലഫലങ്ങളും അധികമധികമായി വൎദ്ധിച്ചു വരുമാറാകേണ്ടതിനും തുടരെ തുടരെയുള്ള നമ്മുടെ വിശുദ്ധ പിതാക്കന്മാർ മുവരാൽ മുടക്കപ്പെട്ടിട്ടും തന്റെ ഉത്തമനാഭാവങ്ങളിൽ നിലനിന്നു വരുന്നവനും, തന്നിഷ്ടനും, അധികാരത്തെ ധിക്കരിക്കുന്നവനും, പല വഴികളിൽ നമ്മുടെ സഭയോട വിരോധം ചെയ്യുവരുന്നവനും സത്യത്തെ ലംഘിച്ചതിനാൽ

ബെലിയാർ എന്ന സ്ഥനപ്പെർ തനിക്കും തന്റെ കൂട്ടുക്കും ലഭിച്ചിട്ടുള്ള വനുമായ അവന്റെ ദൊഷമായ ശ്രമങ്ങളുടെ വൎദ്ധനയെ കീഴമത്തുന്നതിനും ഒരു സഭകൂടി ഒരു നിശ്ചയം ഉടനടി ഉണ്ടാക്കുന്നത ആവശ്യമെന്ന വിചാരിക്കുന്നത കൊണ്ട അതിലെക്ക എന്തുമാർഗ്ഗങ്ങൾ എടുക്കണമെന്നാണ ആലോചിക്കേണ്ടത."

൨൩൯. ൧൰ പ്രസംഗത്തിന്മേൽ കാര്യസ്ഥന്മാര തങ്ങളിൽ തന്നെ ആലോചിച്ചു ഒരു മറുപടിയോടുകൂടി പിറ്റെദിവസം വരുന്നതിന കല്പനയായി അവരെ പറഞ്ഞയച്ചു.

൨൪൦. അതുപ്രകാരം അവർ വീണ്ടും മിഷനും ഫ്രഞ്ച്-ഗവൎമെണ്ടും ഒന്നിച്ചു കൂടി പാത്രിയക്കീസിനെ തങ്ങളുടെ മറുപടി വായിച്ചു കേൾപ്പിക്കയും പിന്നെ യൊഗം കൂടിയ കാര്യം ആരംഭിക്കയും ചെയ്തു. മറുപടിയുടെ സാരം ആ ദിവസം ആലോചിച്ചു ഉറപ്പിച്ച നിശ്ചയങ്ങളിൽ നിന്ന തെളിവാകുന്നു.

൨൪൧. ആ നിശ്ചയം "ജി. ജി." പ്രമാണത്തിൽ മുഴുവനായി വിവരിച്ചിരിക്കുന്നു.

൨൪൨. ൧൰ ആധാരത്തെപറ്റി അപ്പീൽ വാദിയും അയാളുടെ വക്കീലും അനേക ആക്ഷെപങ്ങൾ പുറപ്പെടുവിച്ചു. എല്ലാ കൊടതികളിലും ഒരുപൊലെ അല്ലായിരുന്നു. ഹൈക്കൊടതിയിൽ പുറപ്പെടുവിച്ചവയെ അവരുടെ ജഡ്ജിമെന്റിൽനിന്ന (ജഡ്ജിമെന്റ പുറം ൟ) മുകളിൽ പറഞ്ഞ എടുത്തുകാട്ടിയവിവരിച്ചിരിക്കുന്നു. ആ ആക്ഷെപങ്ങൾ നിലനില്ക്കുത്തക്കതെല്ലാത്തതും സാരമില്ലാത്തതും ആകുന്നുഎന്ന വിചാരിക്കുന്നതിൽ ഹൈക്കൊടതിയൊട കൂടി ഞങ്ങളും യോജിക്കുന്നു. പള്ളിക്കാരുടെ ഒപ്പുള്ള കടലാസുകൾ പിന്നീട കളവായി ഉണ്ടാക്കപ്പെടാമായിരുന്നു എന്നും അവയിൽ പാത്രിയക്കീസിന്റെ ഒപ്പൊ അടയാളമൊ ഉണ്ടായിരുന്നില്ലെന്നും ൧൰ വ്യവഹാര ആവശ്യത്തിലെക്കായി പുറകെ ചമക്കപ്പെട്ടതാണെന്നും മൈസൂർ ഗൊവർ ഞങ്ങളുടെ മുമ്പാകെ തൎക്കിച്ചു. ൧൰ ആക്ഷെപങ്ങൾ അശെഷവും നിലനില്ക്കുത്തതാകുന്നു. മേല്പറഞ്ഞ അപ്പീൽ പ്രതിഭാഗം സാക്ഷികൾ "ജി. ജി." പ്രമാണം ഉന്നതയില്ലാത്തതാണെന്ന അതിന്റെ സത്യത്തെ പറ്റി ബൊധിപ്പിക്കുന്നു. അപ്പീൽവാദിക്ക തന്റെ ആക്ഷെപങ്ങൾക്ക വാസ്തവത്തിൽ വല്ല അടിസ്ഥാനമുണ്ടൊ എന്ന തെളിയിപ്പാൻ യാതൊരു വക തെളിവില്ല. ഈ ഹങ്ങൾ അയാളുടെ തൎക്കത്തിന്ന എതിരാകുന്നു.

൨൪൩. അതുകൊണ്ട "ജി. ജി" പ്രമാണം ഉത്തമ വിശ്വാസമായിട്ടുള്ളതെന്നു കീഴ കൊടതികളൊടുകൂടി ഞങ്ങളും യാതൊരു സംശയം കൂടാതെ അഭിപ്രായപ്പെടുന്നു.

൨൪൪. ആ ആധാരത്തിൽ ഒപ്പിട്ടവരാൽ പേര ചൊല്ലപ്പെട്ട ൧൨൫ പള്ളിക്കാർ യൊഗത്തിൽ തൎക്കം മതിയാവുന്നതുമായ കാര്യസ്ഥന്മാരെ അയച്ചിട്ടില്ലായിരുന്നു എന്ന അപ്പീൽ വാദിയുടെ പാവമുള്ള വക്കീൽ തൎക്കിച്ചു. ആ വാദം അനെകം പള്ളികളുടെ പേര

അയാൾ പറകയും ആ വക ആൾപ്പെടുകളെ സംബന്ധിച്ചുള്ള തെളിവിനെ പറ്റി ദിഷ്ടമായി പ്രസ്താവിക്കയും ചെയ്തു. ഇതിനെ പറ്റിയുള്ള സംഗ്രഹമായ വാചാസാക്ഷ്യം വിശ്വസിക്കത്തക്കതല്ല. അപ്പീൽ വാദിയുടെ സാക്ഷികളുടെ മൊഴികൾ താഴെ പറയുംപ്രകാരം വരുന്നു. അതായതു "പ്രദേശത്തു നിന്നു ഒരു ബോവ വന്നിറങ്ങിയായി ഞങ്ങൾ കേട്ടു. അദ്ദേഹം റൊമാ പള്ളിയോ അന്തിയോഖ്യാ അല്ലെങ്കിൽ മറ്റു വല്ല ദേശത്തെ പാത്രിയക്കീസോ ആണെന്നുള്ളതു ഞങ്ങൾക്കു അറിവില്ല. ഞങ്ങൾ അയാളെ കണ്ടിട്ടില്ല അയാൾ മുളന്തുരുത്തിൽ ഒരു സുനഹദോസു വിളിച്ചു കൂട്ടിയതിനെക്കുറിച്ചു ഞങ്ങൾ കേട്ടിട്ടില്ല." പിന്നെ ഒരു മൊഴികൂടെ തുടച്ചയായി "ഞങ്ങളുടെ ഇടവകയിൽനിന്നോ പള്ളിയിൽനിന്നോ ആരും ആ സുനഹദോസിൽ കൂടിയില്ല. കൂടുന്നതിനുവേണ്ടി ഒരു നൊട്ടീസോ കല്പനയോ ഞങ്ങളുടെ പള്ളിക്കോ ഇടവകക്കോ അയച്ചില്ല." ഒരു തെളിവ ഒന്നിച്ചെടുക്കുമ്പോൾ ഒരു നൊടിനേരമെങ്കിലും ഒരു സാക്ഷികളെ വിശ്വസിപ്പാൻ നമുക്കു പാടുണ്ടോ? അവരുടെ തെളിവ എത്ര നിസ്സാരമുള്ളതാകുന്നു. തന്റെ ഇടവകയിൽ ഒരുത്തനും നോട്ടീസ്സു കിട്ടിയില്ലെന്നും ആ സുനഹദോസിനു കൂടിയില്ലെന്നും ഓരോ സാക്ഷിയും മേവിധിപ്പിക്കുന്നു. ഒരു തരം നിഷേധ തെളിവ അദൃശ്യം നിസ്സാരമായിട്ടുള്ളതാകുന്നു. അത കണിശമായി പറയുമ്പോൾ മറ്റുള്ളതിനെ സംബന്ധിക്കത്തക്ക ന്യായമായ തെളിവല്ല. കൂട്ടം ഉണ്ടായില്ലെന്നും അതിൽ ആരും കൂടിയില്ലെന്നും അത തീച്ചയായി കാണിക്കുന്നില്ല. തങ്ങളുടെ ഇടയിൽ വളരെ മാസങ്ങൾ താമസിച്ചിരുന്നവനും നാട്ടിലുള്ളവരെല്ലാം നല്ലവണ്ണം കൈക്കൊണ്ടിരുന്നവനുമായ ആ പരദേശകാരന്റെ സ്ഥാനത്തെയും അദ്ദേഹത്തെ തിരിച്ചറിയുന്നതിനെയും പറ്റി ഒരു സാക്ഷികൾ ലജ്ജയില്ലാതെ നിഷ്പക്ഷിച്ചിരിക്കുന്നത ഏറ്റവും ആശ്ചര്യമാകുന്നു. സകലരും ഇപ്പോൾ സമ്മതിക്കുന്നതും കെസ്സിലെ തെളിവകൊണ്ടു പൂർത്തിയായി സ്ഥാപിക്കപ്പെട്ടതുമായ എന്തെന്നു വെച്ചാൽ പാത്രിയക്കീസ സംഘത്തലവൻ ആയിരുന്ന മുളന്തുരുത്തി കൂട്ടത്തെ നിഷ്പക്ഷിപ്പാൻ അവർ ശ്രമിച്ചപ്പെട്ടതു തന്നെ. അപ്പീൽവാദിയും അയാളുടെ വക്കീലും സമ്മതിക്കുന്നതു തന്നെയും അവർ നിഷ്പക്ഷിക്കുന്നു. ശരിയായിട്ടും ഇങ്ങിനെയുള്ള സാക്ഷികളെ വിശ്വസിപ്പാൻ പാടുള്ളതല്ല.

ഒരു. നേരെമറിച്ചു അപ്പീൽ പ്രതിഭാഗം വായ്മലംഉള്ള തെളിവുകൊണ്ടു പൂർണ്ണമായിട്ടുള്ളതും അധികം വിശ്വാസയോഗ്യമായിട്ടുള്ളതും ആകുന്നു. ആ തെളിവിനുള്ള ഏകവിരോധം അനുകൂലമുള്ള സാക്ഷികൾ അല്ലെങ്കിൽ അപ്പീൽ പ്രതിഭാഗം കക്ഷികൾ പറഞ്ഞിട്ടുള്ളതാകുന്നു. ഒരു വിരോധം അധികം ബലമായി അപ്പീൽ വാദിയുടെ സാക്ഷികൾക്കും സംബന്ധിക്കുന്നു. കെസ്സിൽ ഫയൽചെയ്തതും അവയുടെ ഉത്തമവിശ്വാസത്തെപറ്റി സംശയിക്കാത്തതുമായ ആധാരങ്ങൾ അപ്പീൽപ്രതിഭാഗം സാക്ഷിതെളിവിനെ ബലമായി ഉറപ്പി

ക്കുന്നു. അവരുടെ നടപടിയെ സൂക്ഷിച്ചിരുന്ന പാത്രിയക്കീസ അവർ ഒരു മുഴുവനും വിശ്വസിച്ചിരിക്കുന്നു.

ഒന്നു. പൊതുവെയുള്ള മേല്പറഞ്ഞ അഭിപ്രായത്തോടുകൂടി "ജി ജി" അക്കപ്രമാണത്തിൽ മുളന്തുരുത്തിയിൽ കായ്സ്ഥന്മാരുടെ മൂലം പ്രതിബിംബിച്ചിരുന്നതായി കാണിക്കുന്ന പള്ളികളിൽ ചില പള്ളികൾ കായ്സ്ഥന്മാരെ ഉണ്ടായിരുന്നില്ലെന്ന പ്രസംഗ സമയത്തെ വിശേഷഗതിയായി പറഞ്ഞിരിക്കയാൽ ആ ചില പള്ളികളുടെ കായ്മയെ കുറിച്ചു ഞങ്ങൾ ആലോചിപ്പാൻ പോകുന്നു. ഉദ്ദേശം ആവക നാല്പതു പള്ളികളുടെ ഒരു ലിസ്റ്റും അപ്പീൽ വിചാരണസമയം മേസ്സർ ഗോവർ ബോധിപ്പിച്ചു.

രണ്ടു, നിരൂപണം— ഇവിടത്തെ പള്ളിയെ സംബന്ധിച്ച ഇടവകയിൽ അധികംപേരും അപ്പീൽ പ്രതിഭാഗമാണെന്നും അപ്പീൽ വാദിക്കു കാണത്തക്ക എണ്ണവും മാത്രമെ തന്റെ പക്ഷത്തിൽ ഉള്ളു എന്നും തെളിവകൊണ്ടു തീച്ചയായി കാണപ്പെടുന്നു. മൂന്നാമത്തെ പാത്രിയക്കീസ മലങ്കര ഇടവകയെ ഏഴു മെത്രാന്മാരുടെ ഇടവകകളായിട്ടു വിഭാഗിച്ചതിൽ നിരണം ഒന്നിന്റെ തലസ്ഥാനം ആകുന്നു. ഇവിടത്തെ മെത്രാനെ അപ്പീൽപ്രതിവക നമ്പർ നാലാം സാക്ഷിയായി വിസ്തരിച്ചു. തന്റെ ഇടവകയിലെ ഒരു പള്ളിയും വേറെ പള്ളികളും മിക്കതും അപ്പീൽ പ്രതിയെ അനുസരിച്ചു വരുന്നു എന്ന അയാൾ സത്യംചെയ്തു പറയുന്നു. മുളന്തുരുത്തിയിലും പരിമലയും ഉണ്ടായ കൂട്ടങ്ങളിൽ അയാൾകൂടി ഉണ്ടായിരുന്നു. ആ യോഗത്തിന്റെ പ്രൊസിഡിംഗ്സിൽ അയാൾ ഒരു കക്ഷിയായിരുന്ന "ഏച്ച ഏച്ച" അക്കപ്രമാണത്തിൽ അയാൾ ഒപ്പിട്ടിരിക്കുന്നു. പിന്നെ അപ്പീൽപ്രതിവക നമ്പർ ഒൻപതും പതിനൊന്നും സാക്ഷികളായ കത്തനാരന്മാരുടെയും ട്രസ്റ്റികളുടെയും ആ പള്ളിയിലെ ഇടവകക്കാരുടെയും തെളിവിനെ കുറിച്ചാകുന്നു. ജനത്തിന്റെ അംഗീകാരത്തെപറ്റിയും ഇടവകയിൽനിന്ന യോഗത്തിൽ കായ്സ്ഥന്മാരെ വരുകൂടിയതിനെപറ്റിയും പറയുന്നതിനു ഇവർ യോഗ്യന്മാരായ സാക്ഷികൾ ആകുന്നു. അവർ എല്ലാവരും ആസംഗതികളെക്കുറിച്ചു തിട്ടമായി ബോധിപ്പിക്കുന്നു. വിശേഷിച്ചും അപ്പീൽവാദിയുടെ കാര്യത്തിൽ എതിർവാദിയ സഹായി ആയ അപ്പീൽ രണ്ടാം വാദി (അപ്പീൽ പ്രതിവക നമ്പർ നാലാം സാക്ഷി) തന്റെ മൊഴിയിൽ അപ്പീൽ പ്രതിക്കു നിരണത്തും അതോടു ചേർന്ന മറ്റും പള്ളികളിലും കക്ഷി ഉണ്ടെന്നു സമ്മതിക്കേണ്ടിവന്നു. കൂട്ടത്തിൽ കായ്സ്ഥന്മാരുണ്ടായിരുന്നതിനെയും ഇവർ നിരണത്തുള്ള അധികം പേരും അംഗീകരിക്കപ്പെട്ട വരാണെന്നും തെളിയിക്കുന്നതിനു ഏതിർഭാഗം ഇപ്പോൾ അധിക തെളിവ എന്താണെ ഹാജരാക്കുവാനുള്ളതു. ഒരു സഭയിൽനിന്നു കുറയാതെ ഒമ്പതുപേര "ജി. ജി." അക്കപ്രമാണത്തിൽ ഒപ്പിട്ടിരിക്കുന്നു. ഒരു ആധാരത്തിന്റെ നിർമ്മലതയെ പറ്റി ഞങ്ങൾ മുമ്പെ തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ടല്ലൊ.

രണ്ടു. ഒരു കവിഞ്ഞ തെളിവിനു എതിരായി ഏതുഭാഗത്തു

ള്ളത എന്താകുന്നു. പ്രതിവക ൪൪-ം ൪൫-ം ൫൦൫-ം സാക്ഷിക
ളുടെ നിഷ്ഠെ തെളിവാകുന്നു ഉള്ളത. പ്രതിഭാഗം വായ്മൊഴി
തെളിവിനെ സംബന്ധിച്ച ഞങ്ങൾ പൊതുവിൽ അഭിപ്രായപ്പെ
ട്ടിരിക്കുന്നത ംരം സാക്ഷികളെ സംബന്ധിക്കുന്നു. ഇതിൽ ൪൪-ം
സാക്ഷി സൂക്ഷ്മമായിട്ടും നിരുത്തെ ഒരു കുടിപ്പള്ളിക്കുടത്തിലെ വാ
ദ്ധ്യാരത്തകുന്നു. കണക്കപിള്ളമാരും കുടിപ്പള്ളിക്കുടം വാദ്ധ്യാന്മാരും
വളരെ കളവ പറയുമെന്നു സാധാരണെ പറച്ചിലുണ്ട്. അതു ംരം സാ
ക്ഷിയെ അധിക ബലമായി സംബന്ധിക്കുന്നു. ഇവൻ ഒരു നി
സ്സാരനും ഇവന്റെ തെളിവ ഒരു ചക്രത്തിനു കിട്ടുത്തക്കതും അല്ല
ന്നു. പിന്നത്തെ ൪൫-ാം സാക്ഷിക്കുംഇവനെക്കാൾ വിശേഷതയില്ല.
അവൻ പള്ളി കപ്പിയാരാകുന്നു അവന്റെ മൊഴി വായിക്കുന്നുഎങ്കി
ൽ ക്രിസ്ത്യാബ്ദം ൭൫-ം മകരം-ം കൊല്ലങ്ങളിലെ സംഭവങ്ങളെ കുറി
രണ്ടും തന്റെ സ്വന്ത കണ്ണാലെ കണ്ടവിധം ഇന്നലത്തെ സംഭവ
ങ്ങൾ എന്നപൊലെ സംസാരിക്കുന്നതായി കാണുന്നു. അവന്റെ തെ
ളിവ നിസ്സാരമായിട്ടുള്ളതാകുന്നു. ൫൫-ാം സാക്ഷി ഒരു കുത്തനാരാക
ന്നു. അയാൾ സത്യംചെയ്യ ബൊധിപ്പിക്കുന്നത (പുറം ൫൫൦) "ഞങ്ങ
ളുടെ പള്ളിയിൽ പാത്രിയക്കീസിന്റെ കക്ഷികൾ ഉണ്ട. പാത്രിയക്കീ
സിന്റെകക്ഷിയുടെ കൂട്ടത്തിൽ ൫ കുത്തനാരന്മാരും ഞങ്ങളുടെ കൂ
ത്തിൽ എന്നെയും അപ്പനെയും കൂടി നാലുപെരും ഉണ്ട. പാത്രിയക്കീ
സിന്റെകക്ഷി ഉദ്ദേശം ൩൦൦ വീടൊളം ഉണ്ട. ആ പള്ളിയിലെ പാ
വാകക്ഷിയിൽനിന്ന വല്ലവരും ഞങ്ങളുടെ കൂത്തിക്ക പൊയ്കയായി ഒരാൾ
ഒക്കുന്നില്ല" ഒടുവിലത്തെ വാചകം സാരമായിട്ടുള്ളതും മുഴുനുരുത്തി
കൂട്ടത്തിൽ നിരുത്തെ നിന്ന കായ്സ്ഥന്മാര ആരും ഉണ്ടായിരുന്നി
ല്ലെന്ന കാണിപ്പാൻ വളരെ ആശ്രയിച്ചു കാണുന്നതും ആകുന്നു.
ംരം എങ്കുട്ടാകു തന്നെ വിവരിച്ച പറയുന്നതാകുന്നു.

൫൭൮. ഇങ്ങിനെ അപ്പീൽപ്രതി ഭാഗം ഒരു മെത്രാന്റെയും ര
ണ്ട കുത്തനാരന്മാരുടെയും ഒരു ടസ്റ്റിയുടെയും രണ്ട ഇടവകക്കാരുടെയും
തെളിവിനു എതിരായി നമുക്ക ഇവിടെയുള്ള രണ്ട നിസ്സാരന്മാരുടെ
യും ഒരു പുതിയ കുത്തനാരുടെയും വാമൊഴിയാകുന്നു. പാത്രിയക്കീ സി
ന്റെ ൫ കുത്തനാരന്മാരും മുന്നൂറ വീട്ടുകാരും ഉണ്ടെന്നും അവർ അട്ട
ഹത്താൽ നിയമിച്ച ആളിനെ വഴങ്ങിവരുന്നു എന്നും മെപ്പടി കുത്ത
നാര സമ്മതിക്കുന്നു. അതിനാൽ തീച്ച എന്തെന്നു തക്കമെന്നിയെ ഇനി
ക്കുന്നു ഇനി കാരിച്ചാൽ സംബന്ധിച്ചു. ംരം പള്ളിയിൽ കൂടിനടക്ക
ന്ന സഭക്കാരിൽ അധികംപേരും ബൊവാകക്ഷികളാണെന്നും കാ
ച്ചാൽ പള്ളി യോഗത്തിൽ തക്കതായി പ്രതിബിംബിച്ചിരുന്നു എ
ന്നും അപ്പീൽപ്രതിവക ൪൯-ം ൫൭-ം ൫൦-ം ൫൮-ം സാക്ഷികൾ തീച്ച
യായി ബൊധിപ്പിക്കുന്നു. ഇതിനു എതിരായി അപ്പീൽവാദിവക
൫൮-ാം സാക്ഷിയുടെ തെളിവ നമുക്കുണ്ട. ൯൦ വീട്ടുകാരിൽ ൫൦-ൽ ചി
ല്വാനം വീട്ടുകാര ബൊവായെ (പാത്രിയക്കീസിനെ) പിൻതുടരുന്നവരാ

ണെന്നു ംരം സാക്ഷി ബൊധിപ്പിക്കുന്നു. എങ്കിലും മെപ്പടി കൂട്ടത്തെപ
റ്റി അയാൾ ഒന്നും പറയുന്നില്ല. മെൽപറഞ്ഞ തെളിവുകൊണ്ടു ഗുണാത്മ
കത്തിയിൽ തക്കതായി പ്രതിബിംബിച്ചിട്ടില്ലാത്തതായും അല്ലെങ്കിൽ അ
പ്പീൽവാദിയുടെ കൂട്ടക്കാര അധികം ഉള്ളതായും കാണിക്കുന്ന പള്ളികളി
ൽ ഇത ഒന്നാകുന്നു എന്ന പറയുന്നത നിസ്സാരമായിട്ടുള്ളതല്ലയൊ.

൫൭൯. കോട്ടയം ചെറിയപള്ളി- അപ്പീൽപ്രതിവക ൪൭-ം ൫൦-
൫൨-ം ൫൫-ം ൫൭-ം സാക്ഷികൾ ംരം പള്ളിയെക്കുറിച്ച പറയുന്നു ൫൦-ാം
സാക്ഷി അപ്പീൽ ൨-ാംവാദി അല്ലാതെ മാറാരും അല്ല. നിശ്ചയമായി
ട്ടും അപ്പീൽപ്രതിക്ക അനുകൂലമായി ഇയാൾ തീരെ സംസാരിക്കുന്നി
ല്ല. പാത്രിയക്കീസ ംരം നാട്ടിൽ താമസിച്ചിരുന്നപ്പൊൾ ംരം പള്ളി മു
ഴുവനും അട്ടഹത്തിന്റെ അധികാരത്തിൽ ആയിരുന്നു. ംരം പള്ളി അ
തുമുതൽ അപ്പീൽപ്രതിയുടെ അധികാരത്തിൽ മിക്കവാറും മുഴുവനാ
യിട്ട ഇരിക്കുന്നു എന്നുള്ളത തെളിവുകൊണ്ടു യാതൊരു സംശയവും ഇ
ല്ല. അപ്പീൽ വാദിക്കവേണ്ടി ൨ പേര സാക്ഷിപറഞ്ഞിരിക്കുന്നതായി
ഞങ്ങൾ അറിയുന്നു. മുമ്പ പറഞ്ഞ സാക്ഷികളുടെ മൊഴികൾക്കുള്ള
ആക്ഷേപം ഇവരുടെതിനും ഉണ്ട

൫൭൰. അയിരൂർപള്ളി- ഇതുമുഴുവനും അപ്പീൽപ്രതിയുടെ ഭരി
പ്പിൻകീഴിലാണെന്ന അപ്പീൽവാദിയുടെ വാമൊഴിയുടെ ൪൫-ാം പുറ
ത്തെ പട്ടികയിൽ പറയപ്പെട്ട പള്ളികളിൽ ഒന്നാകുന്നു ംരം പള്ളിയെ
സംബന്ധിച്ച വിസ്തരിക്കപ്പെട്ട അപ്പീൽവാദിവക ൫൩-ം സാക്ഷി
അയിരൂരും പാത്രിയക്കീസിന്റെ കക്ഷിക്ക പള്ളിയുണ്ടെന്ന ബൊധി
പ്പിക്കുന്നു. അതുകൊണ്ട ംരം സാക്ഷിക്കാരൻ സമ്മതിക്കുന്നതായ അ
പ്പീൽപ്രതിയുടെ കീഴിലുള്ള പള്ളിയെ കൂടാതെ വേറെ പള്ളി അപ്പീൽ
വാദിക്ക ഉണ്ടൊ എന്ന അറിയുന്നില്ല.

൫൭൱. മേല്പറഞ്ഞ അഭിപ്രായംതന്നെ കുണ്ടറപള്ളിക്കും സം
ബന്ധിക്കുന്നു. അപ്പീൽപ്രതിവക ൩൭-ാം സാക്ഷി അതിനെക്കുറിച്ച
ബൊധിപ്പിക്കുന്നു. മുഴുനുരുത്തി കൂട്ടത്തെക്കുറിച്ചും അതിൽ കുണ്ടറപള്ളി
യുടെപ്രതിനിധികൾ ഉണ്ടായിരുന്നതിനെക്കുറിച്ചും അപ്പീൽപ്രതി ആ പ
ള്ളിയുടെ മെത്രാപ്പോലീത്ത ആണെന്നുള്ളതിനെക്കുറിച്ചും അയാൾ സത്യം
ചെയ്യ പറയുന്നു. ഇതിനു എതിരായി അപ്പീൽവാദിവക ൫൫-ം ൫൭-ം
സാക്ഷിതെളിവ നമുക്കുണ്ട. കൂട്ടത്തെപ്പറ്റി തങ്ങൾക്ക അറിവില്ലെന്നും
അപ്പീൽവാദിയുടെ കക്ഷിക്ക കുണ്ടറെ ഒരു പള്ളി ഉണ്ടെന്നും അവർ
ബൊധിപ്പിക്കുന്നു. ംരം പള്ളികൾ രണ്ടും ഒന്നുതന്നെയൊ അല്ലയൊ
എന്നു അറിവാൻ മാർഗ്ഗം ഒന്നും തെളിച്ചിട്ടില്ല.

൫൭൲. ചെപ്പാട— ചെപ്പാട നിന്നും കായ്സ്ഥന്മാര മുഖം കൂട്ട
ത്തിൽ തക്കവണ്ണം പ്രതിബിംബിച്ചതായും തന്റെ (അപ്പീൽപ്രതി
യുടെ) ഭാഗം എറെ അധികം ശക്തം അവിടെ ഉള്ളതായും
അപ്പീൽപ്രതിവക ൫൭-ം ൫൯-ം ൬൦-ം സാക്ഷികൾ തെളിയുന്നു.
പ്രതിവക ൫൫-ം വരുന്ന സാക്ഷികൾ പതിവായ നിഷ്ഠെ തെളിവ
കൊടുത്തിരിക്കുന്നത കൂടാതെ തങ്ങളുടെ കൈവശം, അപ്പീൽവാദിയാ

ഞനനെ ബോധിപ്പിക്കുന്നു ഇതു ശരിയായിരിക്കാം. അപ്പീൽവാദിയെ തങ്ങളുടെ മെത്രാനായി അവർ കൈക്കൊള്ളുമായിരിക്കാം. എന്നാൽ ഇതു യാതൊന്നിനെയും തെളിയിക്കുന്നില്ല. ആ പള്ളിയിൽ ൩൦൦ കുടുംബക്കാരുള്ളതിൽ ൨൦൦ വീട്ടുകാർ അപ്പീൽവാദിയെയും ശേഷം എല്ലാം അപ്പീൽപ്രതിയെയും പിന്തുടരുന്നു എന്ന മേല്പറഞ്ഞ ഒടുവിലത്തെ സാക്ഷി ബോധിപ്പിക്കുന്നു. ഇതു തന്നെയും മുമ്പത്തെ സാക്ഷി സമ്മതിക്കുന്നില്ല. ൦രം തെളിവ വിശ്വാസയോഗ്യമായിട്ടുള്ളതല്ല.

൨൬൯. പ്രത്യേകമായി പെരുമ്പള്ളിപറഞ്ഞിരിക്കുന്നതും മുഖ്യത്തി കൂട്ടത്തിൽ പ്രതിബന്ധപ്പെടുത്തിയിരുന്നതായി പ്രസ്താവിച്ചതും ആയ മറെ പള്ളികാര്യങ്ങളും മെല്പറഞ്ഞ പ്രകാരമുള്ള ൨-ം ൩-ം സാക്ഷികാര്യവിചാരം ഉണ്ടെന്ന ഞങ്ങൾ കാണുന്നു. അവരുടെ തെളിവും സൂക്ഷ്മമായി പരിശോധിച്ചതിൽ എല്ലാ മറെ പള്ളികാര്യങ്ങളും തക്കതായും മതിയാവുന്നതുമായ പ്രതിനിധികാര്യം ഉണ്ടായിരുന്നു എന്നുള്ളതിനെ ഞങ്ങൾക്കു അശേഷവും സംശയമില്ല.

൨൬൭. ആകപ്പാടെ "ജി. ജി." അക്കപ്രമാണം യാതൊരു വക ആക്ഷേപവും ഇല്ലാത്തതായി ഞങ്ങൾക്കു കാണപ്പെട്ടുന്നു.

൨൬൪. താഴെ പറയുന്ന നിശ്ചയങ്ങൾ യോഗത്തിൽ ആലോചിച്ച ഉറച്ചതായി ആ പ്രമാണം കൊണ്ടു കാണപ്പെട്ടുന്നു.

(൧) ഓരോ ഇടവകയിലെ ജനവും അന്ത്യോഖ്യായുടെ കല്പനകളും ലംഘിക്കാതെ എപ്പോഴും അനുസരിച്ചിരുന്നു കൊള്ളാമെന്നു തങ്ങളെ നിബന്ധനപ്പെടുത്തുന്നതായ ഒരു സമ്മതപത്രം ഏഴരി രജിസ്ട്രാക്കി കൊടുക്കണമെന്നും; എല്ലാ ആത്മീക കാര്യങ്ങളിലും അന്തിയോഖ്യായുടെ അപ്പോസ്തോലിക്കായുള്ളതായ സിംഹാസനത്താൽ അവർ നടത്തപ്പെടുമെന്നും ഭരിക്കപ്പെടണമെന്നും; പാത്രിയക്കീസ് നിശ്ചയിക്കുന്ന കാനോനാകട്ടെ ശട്ടങ്ങളും അവർ സ്വീകരിച്ച നടന്നുവരണം.

(൨) തങ്ങളും തങ്ങളുടെ എതുകക്ഷികളും തമ്മിലുള്ള തർക്കത്തെ തീർക്കുന്നതിനുള്ള വ്യവഹാര ചിലവിലേക്കും സമുദായത്തിന്റെ അഭിവൃദ്ധിക്കുവെണ്ടി പൊതുമുതൽ വർദ്ധിപ്പിക്കുന്നതിനും തങ്ങളുടെ സമുദായത്തിൽനിന്നു വരിയിട്ട ഒരു മുതൽ ഉണ്ടാക്കണമെന്നും ൦രം മുതലിന്റെ നടത്തിപ്പിന്നായും പള്ളികാര്യാദികളും ക്രമമായി നടത്തുന്നതിനും പാത്രിയക്കീസ് സഭാനായകനും മെത്രാപോലീത്താ സംഘത്തലവനും ആയി സൂറിയാനി ക്രിസ്ത്യാനി അസ്സോസ്യേഷൻ എന്ന പേരോടുകൂടി ഒരു കമ്മട്ടി സ്ഥാപിക്കണം.

(൩) ൦രം മുതൽ കൈകാര്യം ചെയ്യുന്നതിനും പള്ളികാര്യാദികളും നടത്തുന്നതിനും ഇപ്പോഴുള്ള ചട്ടവട്ടങ്ങളും ഭേദപ്പെടുത്തി പുതിയ നടപടികളും ഉണ്ടാക്കുന്നതിനും അന്തിയോഖ്യ സിംഹാസനത്തിന്റെ മേൽ വിചാരണയിൻ കീഴിൽ കമ്മട്ടിക്കു പൂർണ്ണ അധികാരം ഉണ്ടായിരിക്കണം.

(൪) രസ്സീസുപറഞ്ഞ കമ്മട്ടിക്കാർ ചിരിച്ച പാത്രിയക്കീസിനെ എഴുതിച്ചു കൊടുക്കണം.

(൫) സഭയുടെ മതസംബന്ധമായും ലോകീകമായും ഉള്ള കാര്യങ്ങളെ സംബന്ധിച്ചുള്ള എല്ലാ വ്യവഹാരവും അസോസ്യേഷ്യന്റെ പ്രസിഡെണ്ടായിട്ട മർ ദീവന്നാസ്യോസു മെത്രാപോലീത്താ നടത്തണം.

൨൬൬. നിശ്ചയത്തിന്റെ സംഗതികളും ഇവയും മറെ പലവക കാര്യങ്ങളും ആകുന്നു. പാത്രിയക്കീസും മെത്രാപോലീത്തായും പള്ളികാര്യസ്ഥന്മാരും ജനവും യോഗം കൂടി ആ നിശ്ചയങ്ങളെ സമ്മതിച്ച ഉറപ്പിച്ചു. കമ്മട്ടി മെത്രാന്മാരെ തെരഞ്ഞെടുത്ത നിശ്ചയിച്ചു. ൦രം അസ്സോസ്യേഷന്റെ പ്രസിഡെണ്ടായിട്ട മർ ദീവന്നാസ്യോസ മെത്രാപോലീത്തായെ (അപ്പീൽപ്രതിയെ നിശ്ചയിച്ച മുഴുവൻ നടപടികാര്യങ്ങളും പറഞ്ഞിട്ടുള്ളതിൽ റിക്കാർട്ട) പാത്രിയക്കീസും മെത്രാപോലീത്തായും ഉള്ളപ്പോടെ ഹാജരുണ്ടായ എല്ലാവരും ഒപ്പു വെച്ചു.

൨൬൭. കൂട്ടം മിഥുനം ൨൬-ാം തീയ്യതി എന്നു കാണപ്പെട്ടുന്നു.

൨൬൮. "ജി ജി" പ്രമാണത്തിന്നു വിരോധമായി ഞങ്ങൾ മുമ്പെ ആലോചിച്ച തിച്ചയാക്കിയുറപ്പായ അതിന്റെ ഉത്തമ വിശ്വാസത്തെ സംബന്ധിച്ചവയ്ക്കും പുറമെ മലനമായി പുറപ്പെടുവിച്ചിരിക്കുന്ന ആക്ഷേപം അപ്പീൽപ്രതിയെ ജനങ്ങളും തങ്ങളുടെ മെത്രാപോലീത്തായായി അഭിപ്രായപ്പെട്ടതും അങ്ങിനെ അവർ അയാളെ സ്വീകരിച്ചുമിരിക്കുന്നു എന്ന അതു കാണിക്കുന്നില്ല എന്നും അതിനാൽ ആ സ്ഥാനത്തെക്ക സമുദായത്തിലുള്ള അയാളുടെ തെരഞ്ഞെടുപ്പിന്റെ യാതൊരു തെളിവും ൦രം പ്രമാണംകൊണ്ടു ഉണ്ടാകുന്നില്ലെന്നും ആയിരുന്നു. ൦രം ആക്ഷേപം കക്ഷികളിൽ മുഖ്യമായിട്ട അപ്പീൽപ്രതിയാൽ പുറപ്പെടുവിച്ച കെസ്സിനെ തെറ്റായി ധരിച്ചതിൽ അതുണ്ടായതാണെന്നു ഞങ്ങൾക്കു തോന്നുന്നു. സംശയം കൂടാതെ അയാളുടെ വക്കീലും തക്കസമയത്ത അതിനെ വെളിവായി പറഞ്ഞില്ല അപ്പീൽപ്രതിയുടെ വ്യവഹാര. ആ കൂട്ടത്തിൽ വെച്ചോ അതിലെ നിശ്ചയങ്ങളിലൊ ജനങ്ങളും അയാളെ മെത്രാപോലീത്തായായി അഭിപ്രായപ്പെട്ടതും. കൈക്കൊണ്ടതും ഒന്നാമത്തെ പ്രാവശ്യം ആയിരുന്നു എന്നല്ല. പിന്നെയൊ അയാളെ പണ്ടുതന്നെ ജനങ്ങളിൽ അധികംപേരും (തങ്ങളുടെ സഭയുടെ തലവനാൽ ന്യായമായി പ്രതിക്ഷിച്ചും നിശ്ചയിച്ചുമിരിക്കുന്ന) തങ്ങളുടെ മെത്രാപോലീത്തായായി (സ്വീകാര്യത്തെ വിചാരിക്കുന്നതിനെ പറ്റി ഞങ്ങൾ പറഞ്ഞിട്ടുള്ള അർത്ഥത്തിൽ) അംഗീകരിച്ചിരിക്കുന്നു എന്നും ആ അംഗീകാര്യം യോഗത്തിൽ റിക്കാർട്ടാക്കിയ നിശ്ചയങ്ങളാൽ ഉറപ്പിക്കമാത്രംചെയ്തു എന്നും ആണെന്നു ഞങ്ങൾക്കു കാണപ്പെട്ടുന്നു. അപ്പീൽപ്രതിയെ മെത്രാപോലീത്തായായി ആദ്യംതന്നെ തെരഞ്ഞെടുക്കുന്നതു ആവശ്യത്തിലെക്കും യോഗത്തെ വിളിപ്പിച്ചിരുന്നു എങ്കിൽ തീച്ചയായിട്ടും തെളിവായിട്ടും അഭിപ്രായവും ജനങ്ങളുടെ സ്വീകാര്യവും ഉണ്ടായിരുന്നെനെ. എന്നാൽ ഇവിടെ അപ്പീൽപ്രതിയെ പണ്ടുതന്നെ ജനങ്ങളും കൈക്കൊണ്ടിരുന്നു. ആ സമ്മതം പരസ്യമായി പൊതുയോഗത്തിൽവെച്ചും എന്നതിനെയുമല്ല തങ്ങളുടെ പാത്രിയക്കീസിന്റെയും മെത്രാന്മാരുടെയും ക

ന്തിനാരന്തോങ്ങടെയും ശെമ്മശന്മാരുടെയും ട്രസ്റ്റികൾ മുതലായവരുടെയും മുമ്പാകെയും വെളിപ്പെടുത്തി. കക്ഷികൾ വാദത്തിൽ പറഞ്ഞിരിക്കുന്നതായ സമുദായത്തിന്റെ സ്വീകാരത്തിന തെരഞ്ഞെടുപ്പു എന്ന പറയുന്നത തെറ്റാണെന്ന ദിഷ്ടമായി ഞങ്ങൾ മുമ്പെ പറഞ്ഞിട്ടുണ്ടല്ലൊ. വ്യവഹാര ആരംഭം മുതല്ക്കേ അപ്പീൽപ്രതിയുടെ കെസ്സു ഇതായിരുന്നു എന്ന "യു. യു. യു," "ഫ്ര" "ഫര" ം൪ം രേഖകളിൽ അധികമായി തെളിയുന്നു.

൨൫൯. ഇവയിൽ ഒന്നാമത്തെ ആധാരത്തിൽ മാർസേഗവർഗ്ഗീസ്സൊടു ബോധിപ്പിക്കുന്നതിൽ അപ്പീൽപ്രതി പറയുന്നത—"ഫ്വുന്നുദ്ധാ" ആണ്ടിൽ ഫരങ്ങിക്കാരനെ കൊച്ചിതിരുവിതാംകൂർ മലയാളം മുതലായ സ്ഥലങ്ങളിലെ സുറിയാനി ക്രിസ്ത്യാനികളുടെ ബിഷോപ്പും മെത്രാപൊലീത്തായും ആയി അന്ത്യോഖ്യാപാത്രയർക്കീസ പ്രതിഷ്ഠിച്ച നിശ്ചയിച്ചിരിക്കുന്നു എന്നും താൻ അന്ത്യോഖ്യായിൽനിന്ന വന്നാറെ സുറിയാനിക്രിസ്ത്യാനികളെല്ലാവരും തന്നെ കൈക്കൊണ്ടിരിക്കുന്നു എന്നും ഇപ്പഴും അങ്ങിനെ തന്നെചെയ്യുന്നു എന്നും മറും അതുകൊണ്ടു ഫരങ്ങിക്കാരനെ തങ്ങളുടെ ബിഷോപ്പായി സ്വീകരിക്കുന്നതിനും കൊട്ടയത്തു സ്ഥാപിച്ചിരിക്കുന്ന സുറിയാനി സിമ്മനാരി സംബന്ധിച്ചുള്ള കാര്യങ്ങളും നടത്തിപ്പും തന്റെ അധികാരത്തിലെക്ക മാത്രം ഏല്പിച്ചു കൊടുക്കുന്നതിനും എല്ലാ സുറിയാനി ക്രിസ്ത്യാനികൾക്കും പൂർണ്ണമനസ്സായിരിക്കുന്നു."

൨൬൦. ൧൦ം ഫരങ്ങികൾ മുഖാന്തരത്തിൽ കൂട്ടത്തിന ഏകദേശം ൯൦ കൊല്ലം മുമ്പായി ഫ്വുന്നൻ-ൽ ബോധിപ്പിച്ചു. തന്റെ എതിരാളിയുടെ പക്ഷത്തിൽ അധികം ആളുകൾ യൊഗത്തിൻമുമ്പാകെ ഉണ്ടായിരുന്നതിനെ അപ്പീൽ വാദി തന്നെയും നിഷെധിക്കുന്നില്ല.

൨൬൧. അതുകൊണ്ടു അപ്പീൽപ്രതിയുടെ കെസ്സു മുഖാന്തരത്തിൽ കൂട്ടത്തിന മുമ്പാകെവെച്ച ജനങ്ങളിൽ അധികംപെരും തന്നെ അംഗീകരിച്ചു എന്നും തങ്ങളുടെ പ്രധാന തലവന്റെ മുമ്പാകെ വെച്ച റിക്കാട്ടാക്കിയ പല നിശ്ചയങ്ങളും ആ യൊഗത്തിന്റെ തെളിവായിവരുന്നു എന്നും ആകൂട്ടത്തിന്റെ പ്രധാനമായ ഏക ആന്തരം അപ്പീൽവാദി വാദിക്കുംപ്രകാരം മെത്രാപൊലീത്താസ്ഥാനത്തെക്ക ആദ്യമെ അപ്പീൽപ്രതിയെ തെരഞ്ഞെടുപ്പാൻ അല്ലായിരുന്നു എന്നും പിന്നയൊ സ്വദേശസഭയിന്മേലുള്ള പാത്രിയക്കീസന്റെ ശ്രെഷ്ഠാധികാരത്തെ അറിയിപ്പാനും സഭയുടെ മെലാൽ കാര്യാദികളെ ക്രമപ്പെടുത്തുവാനും ആയിരുന്നു എന്ന

ഞങ്ങൾക്കു ദൃഷ്ടാന്തപ്പെടുന്നു. അപ്പീൽപ്രതിയെ മെത്രാപോലീത്തായായി അംഗീകരിച്ചത കീഴടപ്പു അനുസരിച്ച മാത്രം ആയിരുന്നു എന്ന ഇവിടെ അഭിപ്രായപ്പെടാം. ഒരു മെത്രാപോലീത്തായെ തെരഞ്ഞെടുപ്പാൻ അയാളെ പാത്രിയക്കീസ പ്രതിഷ്ഠിച്ചാക്കിയതിന്റെ ശെഷം ജനങ്ങളൊ തങ്ങളുടെ പ്രതിനിധികളൊ വല്ലപ്പോഴും ഒരു കൂട്ടം കൂടിയതായി ചരിത്രം കാണിക്കുന്നില്ല. മറിച്ച അപ്പീൽവാദി വാദിക്കുന്നുപോലുമില്ല. എന്നാൽ ൧൦ം കായ്യത്തിൽ തന്റെ (പാത്രിയക്കീസിന്റെ) മുൻ വാഴ്ചക്കാരനാൽ നിശ്ചയിക്കപ്പെട്ട മെത്രാപോലിത്താ ൧൦ം നാട്ടിലെ സഭയുടെ മെലുള്ള തന്റെ (പാത്രിയക്കീസിന്റെ) അധികാരത്തിന എതിരായി പുറപ്പെടുവിച്ച പരസ്യമായ വിരൊധംനിമിത്തം പാത്രിയക്കീസ തന്നെ ഇന്ത്യായിൽ വരുവാൻ ഇടയായി. സാധിക്കാത്തെന്ന ഏവരും വിശ്വസിച്ചിരുന്നതായ പ്രയാസം നീങ്ങികിട്ടിയതിന്റെ ശെഷം അതായു മുമ്പെയുള്ള "ഒ" അടയാളമിട്ട വിളംബരത്തെ വ്യാഖ്യാനിക്കുന്നതായ അല്ലെങ്കിൽ ചിലര പറയുംപ്രകാരം ദുർബലപ്പെടുത്തുന്നതായ "പീ" അടയാളമിട്ട തിരുവെഴുത്തു വിളംബരം അയപ്പിച്ചതിന്റെശെഷം തന്റെ പ്രധാന മേലധികാരത്തെ വീണ്ടും സ്ഥിരമായി സ്ഥാപിക്കുന്നതിനും അതിനാൽ വിരൊധത്തെ ജയിക്കുന്നതിനുമായി സുറിയാനി സമുദായത്തിന്റെ ഒരു ദ്യൊഗം വിളിച്ചു കൂട്ടുകയും ആയൊഗത്തിങ്കൽ സഭാസംബന്ധമായ മറും കാര്യങ്ങളുടെകൂട്ടത്തിൽ അപ്പീൽപ്രതിയായ മെത്രാപോലീത്താ സംഘത്തലവനായി ഒരു സുറിയാനി അസ്സാസ്സെഷ്യൻ നിശ്ചയിക്കയുംചെയ്തു. പാത്രിയക്കീസ വന്നിട്ടില്ലായിരുന്നു എങ്കിൽ ൧൦ം യൊഗം ഒരിക്കലും വിളിച്ചു കൂട്ടുകയില്ലായിരുന്നു. അതുതന്നെയുമല്ല ഒരു ന്യായമായി നിശ്ചയിക്കപ്പെട്ട ബിഷോപ്പിനെ മെത്രാപോലിത്താ ആയി വണങ്ങുന്നതിനും അംഗീകരിക്കുന്നതിനും വേണ്ടി ഒരു കൂട്ടം ആവശ്യമില്ല. എന്നാൽ ഇതിൽ സമുദായത്തിൽ അധികംപേരും വിരൊധം പുറപ്പെടുവിക്കാതിരിക്കുന്നു എങ്കിൽ എന്നുള്ള അർത്ഥം സൂചിപ്പിച്ചിരിക്കുന്നു. അപ്പീൽപ്രതിയുടെ കായ്യത്തെപറ്റി ഞങ്ങൾക്കുള്ള അഭിപ്രായം മേൽപ്രകാരം ആകയാൽ അപ്പീൽ വാദിയുടെ ആക്ഷെപം സംഗതികളെ തെറ്റായി ധരിച്ചുപായുകൊണ്ടാണെന്നു ഞങ്ങൾ വിചാരിക്കുന്നു.

൨൬൨. "ജി. ജി." അക്കപ്രമാണം അപ്പീൽപ്രതിയെ മെത്രാപോലീത്തായായി ജനങ്ങൾ മുമ്പെ അംഗീകരിച്ചിരിക്കുന്നതിനെ ഉറപ്പിക്കുന്നു. അപ്പീൽപ്രതി സഭയുടെ തദ്ദേശ തലവനെന്നാണെന്നു നിശ്ചയങ്ങൾ മിക്കതിൽനിന്നും കാണപ്പെടുന്നത. എല്ലാറ്റിനും മീതെ അയാൾ മേല്പറഞ്ഞ അസ്സൊസ്സ്യെഷ്യന്റെ പ്രസിഡെണ്ടായിട്ട അവകളാൽ അറിയപ്പെടുന്നു. ആകൂട്ടത്തിൽവെച്ച സമ്മതിച്ച ഉറപ്പിച്ച വേറൊരു നിശ്ചയപ്രകാരം അയാൾ തിരുവിതാംകൂറിലുള്ള സുറിയാനി സഭയുടെ മെത്രാപോലീത്തായായി ഇരിക്കുന്നെന്നാകുന്നു.

൨൯. ൦രം കൂട്ടത്തിന്റെ ശേഷം പരമലെവെച്ച ഹ്വാശ്യ ഫാതന കുംഭം ന്യ-ാംനു വേറൊരു യോഗംകൂടി. ഇത പാത്രിയക്കീസ ൦രം നാട്ടിൽനിന്ന പൊയ്പോയതിന്റെ ശേഷം ആയിരുന്നു. അതിൽ ആകെ അധികം കൂടിട്ടുണ്ടായിരുന്നു. "ഏച്ച. ഏച്ച" അക്കപ്രമാണം അതിലെ നടപടികളുടെ റിക്കാർട്ട ആകുന്നു. ആ കൂട്ടത്തിൽ അപ്പീൽപ്പുറി മെത്രാപോലീത്തായായി അഗ്രാസനം പ്രാപിച്ചിരുന്നു. ന്യ മെത്രാന്മാർ അല്ലെങ്കിൽ ബിഷപ്പന്മാർ വാസ്തവത്തിൽ നാട്ടിലുള്ള എല്ലാ മെത്രാന്മാരും ആ യോഗത്തിൽ ഹാജരായി അതിന്റെ നടപടികളിൽ സംബന്ധിച്ചു.

൨൰. മുഴുവനുത്തി കൂട്ടത്തെ കുറിച്ച പറയുന്ന അപ്പീൽപ്രതിഭാഗം സാക്ഷികളിൽ ചുരുക്കം പേര ഒഴികെയുള്ളവർ ൦രം കൂട്ടത്തെ കുറിച്ചും പറയുന്നു. "ഏച്ച ഏച്ച" എന്ന രേഖയുടെ നിമ്നലയനെ പറ്റി അപ്പീൽവാദി എതിർക്കുന്നില്ല. ൦രം പ്രമാണം കഴിഞ്ഞ കൂട്ടത്തിലെ കായ്വാദികൾ എല്ലാം സമ്മതിക്കയും ൦രം വ്യവഹാരത്തിനുവെണ്ടിയ വഴികളെ പറകയും ചെയ്യുന്നു.

൨൱. ൦രം നാട്ടിലുള്ള ഹ്വെദ്ര അല്ലെങ്കിൽ ഹ്വം പള്ളികളിൽ ഹ൦ഹ പള്ളികളുടെ പ്രതിനിധികൾ മുഴുവനുത്തി കൂട്ടത്തിൽ ഉണ്ടായിരുന്നു എന്നും അതിലെ നടപടികളിൽ സംബന്ധിച്ചിരുന്നു എന്നും "ജി. ജീ." അക്കപ്രമാണംകൊണ്ട കാണുന്നു. ൦രം ആധാരത്തിലും അപ്പീൽപ്രതിയുടെ സ്വീകാരത്തിന്റെ തെളിവെന്ന ഞങ്ങൾ വിചാരിക്കുന്ന "ഏച്ച. ഏച്ച." എന്ന പ്രമാണത്തിലും ഒപ്പിട്ടിട്ടുള്ളവരിൽ ന്യ മെത്രാന്മാരുടെയും (സാക്ഷാൽ ഒരു മെത്രാൻ ഒഴികെ ൦രം നാട്ടിലെ മെത്രാന്മാർ എല്ലാം) ഫ്രാ-ൽ അധികം കത്തനാരന്മാരുടെയും വളരെ ശെമ്മാശന്മാരുടെയും ട്രസ്റ്റികളുടെയും മാന്യന്മാരായ അയ്മെനികളുടെയും ഇടവകക്കാരുടെയും പേരുകൾ ഞങ്ങൾ കാണുന്നു. ൦രം ഹ൦ഹ പള്ളികൾ കൂടാതെ അപ്പീൽവാദിയുടെ തെളിവിൽ ഒമ്പത മറെറ പള്ളികൾ അപ്പീൽപ്രതിയുടെ കീഴിൽ തനിച്ചുണ്ടെന്ന അപ്പീൽവാദി സമ്മതിച്ചിരിക്കുന്നതായി ഞങ്ങൾ കാണുന്നു. അപ്പീൽവാദിയുടെ ഭാഷയുടെ രവ്-ാം ഭാഗത്ത അയ്യാൾക്കും അപ്പീൽപ്രതിക്കും കൂടി കക്ഷികൾ ഉള്ളതും അപ്പീൽപ്രതിക്ക തനിച്ചു കക്ഷിയുള്ളതുമായ പള്ളികളുടെ ഒരു ലിസ്റ്റ അപ്പീൽവാദി കൊടുത്തിരിക്കുന്നു. അപ്പീൽപ്രതിയുടെ പക്ഷം തനിച്ചുള്ള പള്ളികളുടെ പേരുകൾ അടങ്ങിയിരിക്കുന്നതായ ആ ലിസ്റ്റിന്റെ ഫ-ാമത്തെ കള്ളിയിൽ ൦രം ഒമ്പത പള്ളികളുടെ പേരുകൾ ഞങ്ങൾ കാണുന്നു. അതായതു ഇഞ്ചക്കൽ പള്ളി, വാകത്താനത്ത പുത്തൻപള്ളി, കൊലഞ്ചേരി പുത്തൻപള്ളി, പഴുതി പുറപള്ളി, കടപ്രപുത്തൻപള്ളി, മട്ടാഞ്ചേരിപള്ളി, വെട്ടിക്കൽപള്ളി, കാഞ്ഞിര മറവന്തുപള്ളി, വടയാർ പറമ്പുപള്ളി ഇവ ഒമ്പതും "ജി. ജി" അക്കപ്രമാണത്തിൽ പറയുന്ന പള്ളികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അപ്രകാരം ൦രം ഒമ്പതും "ജി. ജി" അക്കപ്രമാണത്തിലുള്ള

൫൦ പള്ളികളോട കൂട്ടിയാൽ ഹ൫ പള്ളികൾ മുഴുവനും അപ്പീൽപ്രതിയെ അവരുടെ മെത്രാപോലീത്താ ആയി കൈക്കൊണ്ടിരിക്കുന്നു എന്നുള്ളത സ്പഷ്ടമാകുന്നു. ശേഷിപ്പുള്ള ന്യ൫ അല്ലെങ്കിൽ ന്യൻ പള്ളികളിൽ ചിലതിൽ അപ്പീൽപ്രതിയുടെ പക്ഷക്കാര ഉണ്ടെന്നു അപ്പീൽവാദിതന്നെയും പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു. വീണ്ടും അയാളുടെ മൊഴിയുടെ രവ്-ാം ഭാഗത്തുള്ള ലീസ്റ്റ നോക്കുമ്പോൾ കുഴിക്കാട്ടുകുന്നെൽ പള്ളിയും വടക്കൻ പറവൂർ പള്ളിയും ഫ-ാമത്തെ കള്ളിയിലും, ചെലാട്ട പള്ളിയും കാരക്കാമറത്ത പള്ളിയും മണക്കുന്നത്ത പള്ളിയും മാന്തുരുത്തി പള്ളിയും ര-ാമത്തെ കള്ളിയിലും അപ്പീൽവാദി പറഞ്ഞിരിക്കുന്നതായി കാണുന്നു. ഇവ "ജി ജി" അക്കപ്രമാണത്തിൽ ഉൾപ്പെട്ടിട്ടില്ല. ഇവയിൽ അപ്പീൽപ്രതിയുടെ കക്ഷികൾ ഉണ്ടെന്ന അപ്പീൽവാദി സമ്മതിക്കുന്നു.

൨൯. ഇങ്ങിനെ "ജി ജി" അക്കപ്രമാണത്തെയും അപ്പീൽവാദിയുടെ സ്വന്തമൊഴിയെയും കുറിച്ച ആലോചിക്കുമ്പോൾ വ്യവഹാരരീത്യനുസരിച്ചു അതിനു മുമ്പോ ജനത്തിൽ വലിയപക്ഷം അപ്പീൽപ്രതിയുടെ പക്ഷത്തിൽ ആണെന്നു അഭിപ്രായപ്പെട്ടവാൻ ഞങ്ങൾ ഒട്ടും സംശയിക്കുന്നില്ല. ഇങ്ങിനെ അപ്പീൽവാദിക്കു കുറച്ച, ആളുകൾ മാത്രം തന്റെ പക്ഷത്തിൽ ശേഷിക്കുന്നുള്ളു.

൩൦. അപ്പീൽപ്രതിക്കു സമുദായത്തിൽ അധികപക്ഷം ജനങ്ങളാൽ ഉള്ള സ്വീകാരംകൊണ്ടുതന്നെ അപ്പീൽവാദിയെ ഒഴിപ്പിപ്പാൻ മതിയായി വരുമൊ? അപ്രകാരം വരികയില്ലെന്നും സമുദായം ഒട്ടുകുള്ള സ്വീകാരം ആവശ്യമായിരുന്നു എന്നും അപ്പീൽവാദിയുടെ പാറവയ്ക്കൽ വക്കീൽ രക്ഷിച്ചു. ൦രം വാദവും (ഞങ്ങൾ മുമ്പെ രീത്യപറഞ്ഞതായി) ക്രമപ്രകാരമുള്ള തെരിഞ്ഞെടുപ്പ വേണമെന്നുള്ള വാദവും കൂടി ആലോചിക്കുമ്പോൾ അപ്പീൽവാദിയുടെ വിചാരത്തെ നിസ്സാരമാക്കിതീർക്കുന്നു. അത എന്തൊന്നുവച്ചാൽ മെത്രാപോലീത്താ സ്ഥാനത്തെക്ക നിയമിച്ചിട്ടുള്ള ആളെ ആ സ്ഥാനത്തെക്കു തെരിഞ്ഞെടുക്കേണ്ടത പുരുഷന്മാരും സ്ത്രീകളും പൈതങ്ങളും മാമോദീസാ കഴിഞ്ഞ ശിശുക്കളും ആയ എല്ലാ സുറിയാനി ക്രിസ്ത്യാനികളുടെയും അഭിപ്രായംകൊണ്ടവേണമെന്നാകുന്നു.

൩൧. "പി. പി. പി" എന്ന രേഖയിൽ തന്റെ മുമ്പാകെവന്ന അപ്പീൽവാദി പറയുന്ന കഴിഞ്ഞുപോയ മാർ അത്താനാസ്യോസ നാളുകളിൽ അധികംപേരും സ്വീകരിച്ചെങ്കിൽ മാത്രമെ ഉറപ്പാകയുള്ള എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ അധികംപേരും ചുരുങ്ങിയ എണ്ണത്തിനേൽ പ്രബലപ്പെട്ടവാൻ പാടില്ലെന്ന മെസ്സർ ഗൊവർ നിസ്സാരമായി പറയുന്നതല്ലാതെ ജനങ്ങൾ അപ്പീൽപ്രതിയെ സ്വീകരിച്ചതിന്റെ ന്യായത്തിനു എതിരായി ഞങ്ങൾ ഒന്നും കാണുന്നില്ല. ൦രം പറയുന്നതു ബലമായി സ്വീകരിക്കുന്നു എങ്കിൽ അതിന്റെ തീർപ്പ ചുരുങ്ങിയ എണ്ണം അധികംപേരുടെമേലും പ്രബലപ്പെട്ടുമെന്നാകുന്നു.

കായ്ത്തിൽ അപ്പീൽവാദിയുടെ വിശ്വാസം എന്തായിരുന്നു എന്നു അറിയുന്നത ആവശ്യമെന്നു ഞങ്ങൾ വിചാരിക്കുന്നു. തനിക്ക (അപ്പീൽവാദിക്ക) കുറച്ചു പേരു മാത്രം ഉണ്ടായിരുന്നൊള്ളു എന്നും അപ്പീൽപ്രതിയുടെ ഭാഗം ജനങ്ങൾ വളരെ അധികമാണെന്നും അപ്പീൽവാദിക്ക അറിവുണ്ടായിരുന്നു എന്നതെളിവായി പ്രസ്താപിച്ചല്ലാതെ ഒരു സംഗതിയെ കുറിച്ചുള്ള അഭിപ്രായം നല്ലവണ്ണം അവസാനിപ്പിക്കുവാൻ ഞങ്ങൾക്കു പാടില്ല. ഇത വളരെ ആവശ്യമായി ഞങ്ങൾ വിചാരിക്കുന്നു. എന്തെന്നാൽ--അപ്പീൽവാദി ഭാഗം സാക്ഷികളും വക്കിലന്മാരും അയാൾക്കുവേണ്ടി പറയുന്നതിൽ അയാളെക്കാൾ കുറെ തക്കതയും ഇളക്കവും കാണിച്ചിരിക്കുന്നതായി ഞങ്ങൾ കാണുന്നു. അപ്പീൽവാദിയോട തങ്ങൾ വിസ്താരത്തിൽ ഇങ്ങിനെ ചൊദിച്ചു. "ജനങ്ങൾ അധികം പെരും നിങ്ങളുടെ ഭാഗമാണെന്ന പറഞ്ഞുവെല്ലൊ. അധികം പേരുടെ ഭാഗത്തെക്കു അനുകൂലമായ ഒരു വിധി ഉണ്ടാകുന്നത നിങ്ങൾക്ക സമ്മതം തന്നെയൊ?" ഇവിടെ താഴെ പറയുംപ്രകാരം കോടതി നോട്ടകുറിച്ചു "ഒരു ചോദ്യം ചൊദിപ്പാൻ പാടില്ലെന്ന പ്രതിവക്കീൽ തർക്കിക്കുന്നു. അധികം പേരുടെ ഭാഗത്തെക്കു അനുകൂലമായ ഒരു വിധി കല്പിക്കുന്നത തനിക്ക സമ്മതമാണെന്ന അന്യായക്കാരൻ പറഞ്ഞിരിക്കുന്നതായി അന്യായ വക്കീൽ ബൊധിപ്പിക്കുന്നു" ആ ചോദ്യത്തിനു അപ്പീൽ വാദിയുടെ ഉത്തരം "മെൽപ്രകാരം ഒരു വിധിക്ക ഇനിക്ക സമ്മതംതന്നെ എങ്കിലും റിക്കാർട്ട പരിശൊധിച്ചും കെസ്സു വിസ്തരിച്ചും തിർപ്പ ചെയ്യണമെന്നാണ എന്റെ ആഗ്രഹം."

൯൦൫. ചൊദ്യവും ഉത്തരവും അതിനും പുറമെ അപ്പീൽപ്രതിയുടെ വക്കീൽ അയാളുടെ കക്ഷിക്കുവേണ്ടി പറഞ്ഞതും വളരെ വ്യക്തമായിരിക്കുന്നതു കൂടാതെ ഒരു സംഗതിയിന്മേൽ അപ്പീൽവാദിയുടെ കെസിന്റെ ബലക്ഷയത്തെ പറ്റി അയാളുടെ മനൊബൊധത്തെ ദൃഷ്ടാന്തമായി വെളിപ്പെടുത്തുന്നു

൯൦൬. കായ്മ ഇവിടെ തീർന്നില്ല. അപ്പീൽ വാദിയൊട മേൽപറഞ്ഞവിധം വീണ്ടും കർശനമായി ചോദ്യം ചെയ്തു. അയാളുടെ വാമൊഴിയുടെ വ്യാഖ്യാനപുറത്ത ഇങ്ങിനെചോദിച്ചു—"ജനങ്ങൾ അധികംപേരും അതുടെ പക്ഷമൊ അതു കക്ഷിക്ക അനുകൂലമായ ഒരു വിധി ഉണ്ടാകുന്നതിനു നിങ്ങൾ സമ്മതിക്കുന്നു എന്നായി ബൊധപ്പെടുത്തുവാൻ നിങ്ങൾക്ക മനസ്സില്ലെന്ന ബൊധപ്പിച്ചുവല്ലൊ. അപ്രകാരം നിങ്ങൾ പറഞ്ഞതെന്തുകൊണ്ടാണ?" അപ്പീൽവാദിയുടെ ഉത്തരം—"ഞാൻ അങ്ങനെ പറഞ്ഞതു സുപ്രീയാനി സഭ അന്യൊഖ്യാസഭയൊട സഖ്യപ്പെട്ടിട്ടുള്ളതും അതിനെപോലെ സ്വാതന്ത്ര്യം ഉള്ളതും അതു ഒരിക്കലും ഒരു അന്യസഭയുടെ കീഴ്പ്പെട്ടിട്ടില്ലാത്തതും കൊണ്ടാകുന്നു. ദിശേഷിച്ചും സിന്മനാരി നില്ക്കുന്ന സ്ഥലവും പണവും സിന്മനാരി പണിയിക്കുന്നതിലെക്ക തടിയും മറ്റും ദാനമായി തിരുവിതാംകൂർ സർക്കാരിൽനിന്ന കിട്ടിയിരിക്കുകൊണ്ടു അതു സർക്കാരിനിന്ന എടുത്ത മറ്റൊരുസഭക്കു നിന്നു കീഴിലു

ടൻറൻ അല്ലകൊണ്ടു അധികംപേരും അപ്പീൽപ്രതിയെ സപ്പൊർട്ടുചെയ്തിരിക്കുന്നത ശാസ്ത്രത്താൽ ബലമുള്ളതാണെന്നും അതകൊണ്ടാണ അതിനെ ബൊധിക്കുന്നതാണെന്നും ഞങ്ങൾ അഭിപ്രായപ്പെടുന്നതെ.

൯൦൭. ൧൦൦ൽപരം അധികംപേരുടെ സഹായം ഉള്ളതകൊണ്ടു കഴിഞ്ഞുപൊയ മാർ അത്താനാസ്യൊസ തന്റെ മുമ്പനായ (പെപ്പാട്ട) മാർ ദീവന്നാസ്യൊസിനെ കുറിച്ചു പറഞ്ഞതുപൊലെ അപ്പീൽവാദിയെക്കുറിച്ചും വളരെ ചെപ്പുയായിട്ടും നീതിയായിട്ടും പറയാം. എന്തെന്നുവച്ചാൽ "മാർ ദിവന്നാസ്യൊസ സന്യായമായി പ്രതിക്കുകൊള്ളട്ടെ ഒരു മെത്രാപൊലീത്ത ആയിരിക്കയൊ (അയാളും അയാളെക്കാളും ഇനിക്ക വിരൊധമായി അയച്ച ഹരജി സത്യത്തിന്മെൽ അടിസ്ഥാനപ്പെട്ടതല്ല.) അല്ലെങ്കിൽ ജനത്തിൽ അധികംപേരും നിശ്ചയമായിട്ടും അയാളുടെ പക്ഷത്തിൽ ഉണ്ടായിരിക്കയൊ ചെയ്തിരുന്നു എങ്കിൽ മെത്രാപൊലീത്താ ആയി അതുകൊണ്ടു അധികാരത്തിൽ അയ്യാൾ വിടാതെ നില്ക്കുന്നതിന പകരം മുമ്പൊട്ട വരെണ്ടതായിരുന്നു."

൯൦൮. കെസ്സു രണ്ടും സമമായിട്ടുള്ളതാകുന്നു. എന്നാൽ ഇപ്പൊഴത്തെത മറ്റെതിനെക്കാൾ വളരെ ബലമുള്ളതാണെന്നു വിചാരിക്കാം. എങ്കിലും മാർ അത്താനാസ്യൊസ സഭയുടെ ഭരിപ്പു ദിവന്നാസ്യൊസിൽനിന്ന ഒഴിപ്പിച്ചുവാങ്ങി.

൯൦൯. കെസ്സിന്റെ ൦രം ഭാഗത്തെക്കുറിച്ചുള്ള ഞങ്ങളുടെ അഭിപ്രായം അവസാനിപ്പിക്കുന്നതിന മുമ്പായി "ജി ജി" അകപ്രമാണത്തെ കുറിച്ചു മെസ്സർ ഗൊവർ എടുത്ത വെറൊരു ആക്ഷെപത്തെപ്പറ്റി ആലൊചിക്കെണ്ടത ആവശ്യമാകുന്നു. എന്തെന്നുവച്ചാൽ അതിനു പറയുന്ന നിശ്ചയങ്ങളെ നടത്തിയതായി കാണിക്കുന്നില്ലെന്നാകുന്നു. ഒന്നൊരണ്ടൊ നിശ്ചയങ്ങൾ ഇതുവരെ നടത്തീട്ടില്ല എന്നുള്ളതു സത്യം ആകുന്നു. ദൃഷ്ടാന്തമായിട്ട ഇതിൽ ഒന്ന പാത്രയക്കീസിന്റെ മെൽ അധികാരത്തെ സ്വീകരിക്കുന്നതായി ആധാരങ്ങൾ എഴുതി രജിസ്ത്രാക്കി കൊടുക്കെണമെന്നുള്ളവയെ സംബന്ധിച്ചാകുന്നു. (മാമ്മൊദിസാ കല്പിക്കുന്നതും മുയലായതിന്റെ രജിസ്ത്രുകൾ കാണിക്കാമെന്നു മെസ്സർ ഗൊമസ്ഥരായര പറഞ്ഞു.) മറ്റു ചിലതും നടത്തിതുടങ്ങിയിരിക്കുന്നതായിതെളിയുന്നു. അസൊസെഷ്യൻ നിശ്ചയിക്കുക, അപ്പീൽപ്രതിയുടെ അവകാശത്തെ കുറിച്ച വ്യവഹാരം കൊണ്ടുവരുന്നതിലേക്കു പണം പിരിക്കുക, തർക്കങ്ങൾ മുതലായത തീർച്ചയാക്കുവാൻ വേണ്ടി നമ്പൂ പരിക്കുക, ഇങ്ങിനെ ഒക്കെയും തക്കതിനുള്ളതും നടത്തി കഴിഞ്ഞിരിക്കുന്നു. ഇങ്ങിനെ നിശ്ചയങ്ങൾ മിക്കവാറും നടത്തിയിരിക്കുന്നതായി കാണുന്നു. ഇങ്ങനെതന്നെയിരുന്നാൽ തന്നെയും അതിനാൽ വെളിപ്പെടുന്ന സംഗതി എന്തെന്നാൽ അപ്പീൽപ്രതിയെ പിമ്പിനാലെ സമുദായത്തിൽ അധികാരം തങ്ങളുടെ മെത്രാപൊലീത്താ ആയി കൈക്കൊണ്ടിരിക്കുന്നു എന്നതിനെ യാതൊരു പ്രകാരത്തിലും ബൊധിക്കുന്നതല്ല.

൯൧൦. ഇങ്ങിനെ തെളിവിന്മെൽ ജനങ്ങളിൽ അധികം പെരും അപ്പീൽപ്രതിയുടെ ഭാഗത്താണെന്ന കണ്ടതിന്റെ ശെഷം

൩൦൭. ഇങ്ങിനെ ഓരൊ ഭാഗവും ഒരു സാദ്ധ്യത്തെ മാത്രം ഉന്നി പറയുന്നു

൩൦൮. വെളിവായി പറയുമ്പോൾ അപ്പീൽവാദിയുടെ ഉത്തരം എന്തെന്നുവെച്ചാൽ—"അധിക പക്ഷം ജനം ഉള്ള കക്ഷിക്ക അനുകൂലമായി ഒരു വിധി ഉണ്ടാകുന്നത ഞാൻ സമ്മതിക്കുന്നില്ല. എന്തെന്നാൽ ഞാൻ അങ്ങിനെ ചെയ്താൽ എന്റെ കായ്യം ദ്രോഷപ്പെട്ടു പോകുന്നതും അന്യായക്കാരനു ഭ്രമമായി ഒരു വിധി കിട്ടുന്നതും ആകുന്നു."

൩൦൯. അപ്പീൽവാദിയുടെ സമ്മതം ഇങ്ങിനെയിരിക്കെ അയാളുടെ ഭാഗത്തു ജനങ്ങൾ വളരെ അധികമുണ്ടെന്നും അപ്പീൽപ്രതിയെ കുറഞ്ഞൊരു ജനം മാത്രമെ അംഗീകരിച്ചിട്ടൊള്ളു എന്നും അയാളുടെ (അപ്പീൽവാദിയുടെ) കായ്യംകൊണ്ടു പറയുന്നവരുടെ വാക്കു എന്തായിരുന്നു? ൟ അപ്പീൽവാദിയുടെ മനൊവിചാരം അറിവില്ലായ്മയൊടുകൂടി പറഞ്ഞതെന്നു വിചാരിപ്പാൻ പാടില്ല.

൩൧൦. തെളിവുകൊണ്ടും അപ്പീൽവാദിയുടെ നെയ്യല്ലാത്ത സമ്മതംകൊണ്ടും അപ്പീൽപ്രതിയെ തിരുവിതാംകൂറിലെ സുറിയാനി സഭയുടെ മെത്രാപ്പോലീത്തായായി ജനങ്ങളിൽ അധികംപേരും അംഗീകരിച്ചു എന്നും അങ്ങിനെയുള്ള അംഗീകാരംകൊണ്ടു സഭയുടെ ഉരുൽ സംബന്ധമായ ഭരണത്തിനു അയാളെ പള്ളിവക വസ്തുക്കളെ നടത്തുന്നതിനും അതിന്റെ ഉഭലിനെ കൈകായ്യം ചെയ്യുന്നതിനും ഉള്ള അധികാരത്തെ അദ്ദേഹത്തിനു കൊടുക്കപ്പെട്ടിരിക്കുന്നു എന്നും അഭിപ്രായപ്പെടുന്നതിനു ഞങ്ങൾക്കു യാതൊരു സംശയവും ഇല്ല.

൩൧൧. അപ്രകാരം ൟ കായ്യത്തെ കുറിച്ചുള്ള ഞങ്ങളുടെ തീർച്ച അപ്പീൽപ്രതി ഒരു ക്രമമായി വാഴിക്കപ്പെട്ട അതായതു തിരുവിതാംകൂറിലുള്ള സുറിയാനി സഭയുടെ മെത്രാന്മാരെ വാഴിക്കുന്നതിനു യൊഗ്യനായിരുന്ന ഏക അധികാരിയാൽ വാഴിക്കപ്പെട്ട ഒരു മെത്രാനാകുന്നു എന്നും ക്രമമായി നിയമിക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതും ആയ മെത്രാപ്പോലീത്ത എന്നും അദ്ദേഹത്തെ സമുദായത്തിൽ ഏറിയ പക്ഷം ആളുകളും അംഗീകരിച്ചു എന്നും തൃകുന്നു. നെരെമറിച്ച അപ്പീൽവാദി ക്രമമായി പ്രതിഷ്ഠിക്കപ്പെടുകയൊ ജനങ്ങളിൽ അധികപക്ഷം ആളുകൾ അംഗീകരിക്കപ്പെടുകയൊ ചെയ്തിട്ടില്ല. അയ്യാൾകൊണ്ടു അപ്പീൽപ്രതിക്കു മാർ അത്താനാസ്യൂസിന്റെ മരണത്തിനാൽ ൟ ദേശത്തിലുള്ള സുറിയാനി സഭയുടെ മെത്രാപ്പോലീത്ത സ്ഥാനത്തെ പിടിച്ചടക്കുന്നതിനു അവകാശം ഉണ്ടായിരുന്നു. എന്നാൽ അപ്പീൽവാദിക്കു ഉണ്ടായിരുന്നില്ല.

൩൧൨. സുറിയാനി ക്രിസ്ത്യാനികൾക്കും പുരാതനമായി അവരുടെ പക്കൽ ഉണ്ടായിരുന്ന വസ്തുക്കളുടെ ആദായവും മുതലുകളും കൈവശമാക്കിയതിനെ കുറിച്ചു അവർ തങ്ങളിൽ ഉണ്ടായ തർക്കത്തെ തീരുമാനപ്പെടുത്തുവാൻ നിശ്ചയിക്കപ്പെട്ട കമ്മട്ടി

ള്ള ആളുകളിൽനിന്നു അധികാരത്തിലാക്കി കൊടുക്കുന്നത അനീതിയാണെന്നും സുറിയാനി സമുദായത്തിന്റെ ആവശ്യത്തിലേക്കു വേണ്ടി മെത്രാന്റെ പക്കൽ ഉണ്ടായിരുന്ന സുറിയാനിക്കാരുടെ മുതൽ സുറിയാനിക്കാരുടെ എല്ലാവരുടെയും സമ്മതത്തോടുകൂടി ഇപ്പോൾ ഉള്ള കക്ഷികളുടെ അധികാരത്തിൽ ഇരിക്കുന്നും അധികം പേരും സമ്മതിക്കുന്നതിനാലും തന്നെയും അതു ഒരാളിന്റെ പക്കൽ ഏല്പിച്ചുപാടില്ല. അതു തന്നെയുമല്ല അന്യായത്തിൽ പറയുന്ന അന്യായക്കാരന്റെ അവകാശം മുമ്പെതന്നെ കാലഹരണപ്പെട്ടുപോയിരിക്കുന്നു. അതിനാൽ അന്ത്യ ജനങ്ങളിൽ അധികംപേരുള്ള കക്ഷിക്കു അനുകൂലമായി ഒരു വിധികൊടുക്കുന്നത രേഖാമൂലം സമ്മതിപ്പാൻ ഇനിക്കു മനസ്സില്ലെന്നു ഞാൻ പറഞ്ഞു."

൩൦൭. ഇപ്പോൾ നമുക്കു ആ ഉത്തരം പരിശോധിക്കാം. അതിനാലു കാരണങ്ങൾ കാണിക്കുന്ന ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. ൧-നാമത്തെത —സുറിയാനിസഭ അന്ത്യൊഖ്യാ സഭയോടു സമരസമായിട്ടുള്ളതും അതിനെ പോലെ സ്വാതന്ത്ര്യമുള്ളതും അന്യ സഭകളെ ഒക്കെയും കീഴ്പ്പെടുത്തിയിട്ടില്ലെന്നും പായുന്നതിന്റെ അർത്ഥം ഇതകുന്നു— അധികംപേരുടെ ആഗ്രഹപ്രകാരം ഒരു വിധി ഉണ്ടാകുന്നതിനു അപ്പീൽവാദി സമ്മതിക്കുന്നപക്ഷം സുറിയാനി സഭയുടെ സ്വാതന്ത്ര്യം പോയ്പോകയും അന്യസഭകൾ അതിനെ അന്ത്യൊഖ്യയുടെ കീഴ്പ്പെടുകയും ചെയ്യുമെന്നാകുന്നു. ൨-മത്തെഭാഗം സിമ്മനാരി നില്ക്കുന്ന സ്ഥലവും അതു പണിയിക്കുന്നതിനു വേണ്ടിയുള്ള പണവും തടിമുതലായതും ദാനമായി തിരുവിതാംകൂർ സർക്കാരിങ്കൽനിന്നു കിട്ടിയിരിക്കകൊണ്ടു അതും സർക്കാർ നിന്ന എട്ടത്ത മറ്റൊരു സർക്കാരിനു കീഴിലുള്ള ഒരാളിന്റെ അധികാരത്തിലാക്കി കൊടുക്കുന്നത അനീതിയായിരിക്കുമെന്നും പറഞ്ഞതിന്റെ അർത്ഥം എന്തെന്നു വെച്ചാൽ സിമ്മനാരിസ്ഥലവും സിമ്മനാരിയും പണവും മുതലായതും അന്യസർക്കാരിന്റെ കീഴിലുള്ള ഒരാളിന്റെ അധികാരത്തിലായി പോകുമെന്നാകുന്നു. ൩-മത്തെഭാഗം സുറിയാനി സമുദായത്തിന്റെ ആവശ്യത്തിലേക്കു വേണ്ടി ഒരു മെത്രാന്റെ പക്കൽ ഉണ്ടായിരുന്ന സുറിയാനിക്കാരുടെ മുതൽ സുറിയാനിക്കാരുടെ എല്ലാവരുടെയും സമ്മതത്തോടുകൂടി ഇപ്പോൾ മുന്നകക്ഷിയുടെ അധികാരത്തിൽ ഇരിക്കുന്നു എന്നും അധികം പേരും ഇപ്പോൾ സമ്മതിക്കുന്നു എന്നു വന്നാൽതന്നെയും അതു ഒരാളിന്റെ പക്കൽ ഏല്പിച്ചുപാടില്ലാ എന്നും പറയുന്നതിന്റെ അർത്ഥം സിമ്മനാരിവക മുതൽ ഒരാൾക്കു അതായതു അപ്പീൽപ്രതിക്കു പാത്രിയർക്കീസിനൊ ആയി പോകുമെന്നാകുന്നു. ൪-മത്തെത (നാലാമത്തെ ഭാഗം) അന്യായത്തിൽ പറയുന്ന വാദിയുടെ അവകാശം മുമ്പിലെ കാലഹരണപ്പെട്ടുപോയി എന്നതിന്റെ അർത്ഥം, അവകാശത്തിനു ശാസ്ത്രപ്രകാരം കാലഹരണദോഷമുള്ള അപ്പീൽപ്രതിക്കു ഒരു വിധികിട്ടുവാൻ അർഹതയുണ്ടാകുമെന്നും വേറെ പ്രകാരം പറയുകയാകുന്നു. ഇപ്പോൾ കാലഹരണപ്പെട്ട അവകാശം വിധിച്ചുകൊടുക്കുമെന്നുതന്നെ.

ക്കൊണ്ടു രീച്ചുപ്രകാരം (സുറിയാനി സഭയുടെ ചരിത്രത്തിന്റെ ഒരു പുതുക്കം ഉണ്ടാക്കിയതിൽ ൧൯ം സംഗതി കാണിച്ചിട്ടുണ്ട്) സുറിയാനി സഭയുടെ വകയെന്ന ബൊധിപ്പിച്ച പണവും വസ്തുക്കളും ട്രസ്റ്റു ചെയ്തായ അന്നത്തെ സമയത്തെ മെത്രാപ്പോലീത്തായുടെയും സമുദായത്താൽ തെരിഞ്ഞെടുക്കപ്പെട്ട ഒരു പട്ടക്കാരന്റെയും സുറിയാനി വിശ്വാസത്തിലുള്ള ഒരു മാന്യനായ അയ്മെനിയുടെയും കൈവശത്തിൽ ഇരിപ്പാനും ആ സഭയുടെ ആവശ്യത്തിലെക്ക ഉപയോഗിപ്പാനും നമായി നിശ്ചയിച്ചു (൩ അക്കല്പ്രമാണം ബുക്ക ൩. പു ൨൨൮. നോക്കുക) അതാതു സമയത്തെ മെത്രാപോലീത്താ എന്നു പറയുന്നതു ക്രമമായി പ്രതിക്ഷിക്കപ്പെട്ട അംഗീകരിക്കപ്പെട്ട മെത്രാപോലിത്താ ആണെന്നു ധരിക്കണം. അപ്പീൽപ്രതി അപ്രകാരം ആയിരുന്നു എന്നും അപ്പീൽ വാദി അല്ലായിരുന്നു എന്നും തെങ്ങൾ കണ്ടിരിക്കുന്നു

൩൫൩. ആയ്യുകൊണ്ടു കഴിഞ്ഞുപോയ അന്ത്യനസ്യാസിന്റെ ശേഷം സഭയുടെ പണവും വസ്തുക്കളും അപ്പീൽപ്രതിക്ക (ട്രസ്റ്റിൽ) കിട്ടേണ്ടതായിവരുന്നു.

൩൫൪. ഇതു പറഞ്ഞതിന്റെ ശേഷം അപ്പീൽവാദിയുടെ പേക്കായി വളരെ ശക്തിയോടു കൂടി തെങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ഒരു തർക്കത്തെ ചുരുക്കമായി പ്രസ്ഥാപിക്കുന്നത ആവശ്യമാണെന്നു തെങ്ങൾക്ക തൊന്നുന്നു. അത ഇതാകുന്നു:—അന്യായ രീതിയിൽ അപ്പീൽവാദിക്ക കൈവശം ഉണ്ടായിരുന്നതുകൊണ്ടു ആ കൈവശത്തെ ഒഴിപ്പിക്കുന്നതിന മറൊരാൾ തക്കതായിട്ടുള്ള അവകാശം തെളിയിക്കുന്നതുവരെ ആ കൈവശം ഉറച്ചിരിക്കേണ്ടതാകുന്നു. നിശ്ചമായിട്ടും ഇത സാധാരണയായി ശാസ്ത്രത്താൽ നല്ല വണ്ണം സ്ഥാപിച്ചിരിക്കുന്ന ഒരു നിശ്ചയം ആകുന്നു. എന്നാൽ വസ്തുകൈയ്യശക്കാരനു വിരോധമായി സ്ഥാപിച്ചു കിട്ടുവാൻ പുറപ്പെടുവിച്ച അവകാശം ആലോചിക്കുന്നതിന ആ കൈവശത്തിന്റെ സ്വഭാവത്തെപറ്റിയും അതു കൂട്ടുന്നതിന ഹേതുവായ സംഗതികളെ കുറിച്ചും തെങ്ങൾ തീരെ നൊക്കീട്ടില്ലെന്നു പറയുവാൻ പാടില്ല. ൧൯ ഒടുവിലത്തെ സംഗതികൾ കൈവശക്കാരനു വിരെധമായി കൊണ്ടുവരുന്നിരിക്കുന്ന അവകാശത്തിന്റെ സാക്ഷ്യങ്ങളെകുറിച്ചു ആലോചിക്കുന്നതിൽ പ്രധാനമായിട്ടുള്ളതാകുന്നു. ആയ്യുനാൽ ഇപ്പോഴത്തെ ൧൯ വ്യവഹാരത്തിൽ അപ്പീലവദിക്കു സഭയുടെ വസ്തുക്കൾ എങ്ങിനെ കൈവശം കിട്ടി എന്നും ആ സംഗതിക്കുള്ള വിശേഷതയെ കുറിച്ചു ശരിയായി അഭിപ്രായപ്പെടുന്നതിനു മേല്പറഞ്ഞ കൈവശത്തിന്റെ സഭാവം അങ്ങിനെ ആയിരുന്നു എന്നും വിചാരിക്കുന്നതിനു ആവശ്യമാകുന്നു.

൩൫൫. ഇതിനുമുമ്പെ വിവരിച്ചിരിക്കുന്നപ്രകാരം അപ്പീൽപ്രതി കൊവുന്നൂർ-ൽ പാത്രിയക്കീസിനാൽ മെത്രാനായി വാഴിക്കപ്പെട്ടു. അതുമുതൽ കൊവുന്നൂർ-ൽ മലയാളത്തെക്ക മടങ്ങി വന്നപ്പോൾ പാത്രിയക്കീസിനാൽ അദ്ദേഹത്തെ നിശ്ചയിക്കപ്പെട്ടിരുന്ന ആ സ്ഥാനത്തെ

ഏറെ നടത്തുന്നതിനു സക്കാരിന്റെ സഹായത്തിനു വേണ്ടി അദ്ദേഹം അപേക്ഷിക്കയും അതിന ദിവാൻ സിവിൽ കോടതിയിൽ വ്യവഹാരം കൊടുത്ത തീച്ചയ കേണ്ടതാകുന്നു എന്ന കല്പിക്കയും ചെയ്തു, എന്നാൽ അപ്രകാരം ചെയ്യുന്നതിനു വിരുദ്ധകല്പ എന്നപോലെയിരുന്നതു കഴിഞ്ഞുപോയ മാർ അത്താനാസ്യോസിനെ സകല ജനങ്ങളും മെത്രാപോലീത്തയായി അനുസരിക്കണമെന്നു ആവശ്യപ്പെട്ട "ഒ" എന്ന രേഖയായ വിളംബരം ആയിരുന്നു. ൧൯ കായ്യത്തിൽ അപ്പീൽപ്രതി ശാസ്ത്രസംബന്ധമായ ഗ്രനെദോഷത്തെ ആലോചിച്ച ആവിളംബരം ഒബ്ലഷപ്പെടുത്തുന്നതിനും അതിനു പകരമായി ജനങ്ങളുടെ ഇഷ്ടപ്രകാരമുള്ള മെത്രാപ്പോലീത്തായെ അംഗീകരിക്കുന്നതിനൊ അനുസരിക്കുന്നതിനൊ അവക്കു സ്വാതന്ത്ര്യം കൊടുക്കുന്ന ഒരു പുതിയ വിളംബരം അയക്കുന്നതിനും റസിഡെണ്ടു മുഖാന്തിരം മദ്രാസ ഗവൺമെണ്ടിനോടും തിരുവിതാംകൂർ ഗവൺമെണ്ടിനോടും അപേക്ഷിച്ചു (യു.യു.യു-൧൭൭-൧൭൯ പ്രമാണങ്ങൾ നോക്കുക) എന്നാൽ ൧൯ ശ്രമത്തിൽ ഗുണം ഒന്നും വരാഞ്ഞിട്ടു അദ്ദേഹം ഒടുവിലത്തെ മാർഗ്ഗമായി അന്ത്യോഖ്യാ പാത്രിയക്കീസിനോടു അപേക്ഷിക്കയും അതു മുഖാന്തിരം ഇംഗ്ലാണ്ടിൽനിന്നും ഇന്ത്യയിൽനിന്നും പ്രധാനപ്പെട്ട ആളുകളുടെ പരിചയ കത്തുകളോടുംകൂടെ പാത്രിയക്കീസു ൧൯ രാജ്യത്തെക്ക വരുന്നതിനു ഇടയായി. പാത്രിയക്കീസു ൧൯ രാജത്തിലെ രാജാവും മദ്രാസ്സു ഗവണരും ബ്രിട്ടീഷ റസിഡെണ്ടും ആയി കൂടികാഴ്ചകൾ ഉണ്ടാകയും തിരുവിതാംകൂറിലുള്ള തന്റെ ആടുകളുടെ സങ്കടങ്ങളെപ്പറ്റി അവരോടു അറിയിക്കുകയും ചെയ്തു. ഇതിൽ നിന്നുണ്ടായ ഫലം മലങ്കര മെത്രാപോലീത്തായുടെ സ്ഥാനത്തിനു അവകാശപ്പെടുന്ന ഏതൊരുത്തനും തന്റെ അവകാശത്തെ ഒരു നീതിന്യായകോടതി മുഖാന്തിരം സ്ഥാപിക്കുന്നതിനു "ഒ" എന്ന രേഖ ഒരു ബാധകമായി വരികയില്ലാ എന്ന പ്രസ്ഥാപിക്കുന്ന ൧൭൭൨ കുംഭം ൨൯-൦൩- ഉണ്ടായ "പി." എന്ന രേഖയായ ഒരു പുതിയ വിളംബരം ആയിരുന്നു. "ഒ." എന്ന വിളംബരത്തിന്റെ അർത്ഥത്തെക്കുറിച്ചു ഇതുവരെ സകല ജനങ്ങളും വേറെ പ്രകാരത്തിൽ വിചാരിച്ചിരുന്ന എന്ന റിക്കാട്ടിൽ നിന്ന നല്ലവണ്ണം തെളിവാകുന്നു. അതു ൧൯ രാജ്യത്തുള്ള ഏറ്റവും ഉയർന്ന ന്യായകോടതിയാലും (ഇ സട്ട. ഇസട്ട -൦ ടി. ടി. ടി.-൦ നോക്കുക) അതിന്റെ കീഴിലുള്ള ഒരു സിവിൽ കിഴ്കോടതിയാലും ("എൽ" എന്നപ്രമാണം നോക്കുക) ഒരു നീതിന്യായ കോടതിയിൽ അപ്പീൽപ്രതി എന്തെങ്കിലും പ്രവൃത്തിക്കുന്നതിനു ഒരു ബാധകമായിരുന്നു എന്ന വ്യാഖ്യാനിക്കപ്പെട്ടകയും ൧൯ കക്ഷികളുടെ അഭിപ്രായത്തിലും ഇങ്ങിനെ തന്നെയായിരിക്കയും ചെയ്തു: (യു. യു. യു. എന്ന രേഖയും ൧൭൭-൦൩ പ്രമാണവും: അപ്പീൽവാദിയുടെ മൊഴി ബുക്ക -൧- പു൦: വ്യ-൧ ആദ്യത്തെ രണ്ടുവരി) ൧൯ അഭിപ്രായത്തെ "പി." എന്ന രേഖയും ഒരു വിധത്തിൽ താങ്ങുന്നു.

൩൫൬. മാർ അത്താനാസ്യോസിന്റെ വലിയ താങ്ങലും പ്രധാന ആശ്രയവും ആയിരുന്ന "ഒ" എന്ന പ്രമാണത്തെ സക്കാരിൽ

ഇപ്പോൾ സാക്ഷാൽ വ്യവഹാരനിലയിൽ ആയിരുന്നു. അതുകൊണ്ടു മേൽ കാണിച്ച പ്രത്യേക സംഗതികൾ മൂലം കിട്ടിയ കയ്യുശത്തെ സ്ഥാപിച്ചിട്ടുള്ള ന്യായങ്ങൾക്കു കടുവിലത്തെ ഉടമസ്ഥനാലും കയ്യുശക്കാരനാലും ക്രമക്കേടായി കയ്യുശംകിട്ടിയ ആളിന്റെ തക്കപ്പെട്ട പിൻതുടച്ചയെ പറഞ്ഞിയ വ്യവഹാരത്തിൽ യാതൊരു ശക്തിയുമില്ലെന്ന സ്പഷ്ടമാകുന്നു.

൩൫൯. അപ്പീൽപ്രതിയുടെ നിശ്ചയത്തെ ആക്ഷേപിക്കുന്ന മറ്റൊരു ന്യായത്തെ കൂടെ ആലോചിപ്പാനുണ്ടു. ഇതുകൊണ്ടു ഞങ്ങളുടെ വിധിന്യായത്തെ അവസാനിപ്പിക്കയും ചെയ്യും. അപ്പീൽപ്രതിയും, ൦രം അപ്പീൽവാദിയും തമ്മിലുള്ള വ്യവഹാരത്തിന്റെ യോഗ്യതകളെ കുറിച്ചു അപ്പീൽപ്രതിയുടെ നിശ്ചയം മാർ കൂറിലോസും മാർ അത്താനാസ്യോസും അയച്ചതുണ്ടു മെത്രാന്മാർ ഇന്ത്യയിൽ ഉണ്ടായിരുന്ന സ്ഥിതിക്കു ഒഴിവുള്ളാത്ത സമയത്തു അയിരുന്നതുകൊണ്ടു അതു ബലമില്ലാത്തതാകുന്നു എന്ന മെസ്സർ ഗോവർ വാദിച്ചു. എന്നാൽ ൦രം ആക്ഷേപത്തിനു എളിപ്പത്തിൽ മറുപടി പറഞ്ഞു. കൊല്ലത്തെ പഞ്ചായക്കാരുടെ തിച്ചപ്രകാരം ("എച്ച" പ്രമാണം) മാർ കൂറിലോസിനെ പാത്രിയക്കീസു ഒരിക്കലും മെത്രാനായി നിശ്ചയിക്കാതെ പാത്രിയക്കീസു ഒപ്പിട്ടതന്നെ എല്ലിച്ചിരുന്ന വെരം കടലാസിൽ കൂടുവായി എഴുതിയുണ്ടാക്കിയ ചില നിശ്ചയപത്രങ്ങളുടെ ബലത്തിന്മേൽ താൻ അങ്ങിനെ നിശ്ചയിക്കപ്പെട്ടിരുന്നു എന്നു നടിക്കയത്രെ ചെയ്തതു. പാത്രിയക്കീസു തന്റെ പ്രസംഗത്തിൽ (ജി. ജി. പ്രമാണം) പറയുന്ന പ്രകാരം മാർ അത്താനാസ്യോസിനു വിരോധമായി എടത്തട്ടിനെ കുറിച്ചുണ്ടായ ആലോചനാധികാരമുഖാന്തിരം അയാളെ പാത്രിയക്കീസു മുടക്കുകയും വേറെ ആളെ പകരം നിശ്ചയിക്കുകയും അപ്രകാരം അപ്പീൽപ്രതിയുടെ നിശ്ചയം—നിശ്ചയം എന്ന ഇവിടെ പറയുന്നതു സുറിയാനി സഭയുടെ മെത്രാപോലിത്തായും ട്രസ്റ്റിയുമായിട്ടുള്ള നിശ്ചയം അല്ലാ. പിന്നെയോ ചിലപ്പോഴായിട്ടുള്ള പ്രതിഷ്ഠ തന്നെ—ഒരു പ്രകാരത്തിലും ബലമില്ലാത്തതും അസാധുവായിട്ടുള്ളതും അല്ലായിരുന്നു. ഒരു സമയത്തു തന്നെ രണ്ടോ മൂന്നോ ചിലപ്പോഴുന്നാരെ പാത്രിയക്കീസു മലയാളത്തേക്കു അയക്കുന്നതു അസാധാരണമായുള്ളതായിരുന്നു എന്നും അതാതു സമയത്തെ മെത്രാപോലീത്ത അവരിൽ ആരായിരിക്കണമെന്ന സമുദായം നിശ്ചയിക്കുന്ന പ്രകാരം ആയിരുന്നു എന്നും കൂടെ ഇവിടെ പറയേണ്ടിയിരിക്കുന്നു.

൩൬൦. നമുക്കു ഇനി കലഹനേരത്തെ കുറിച്ചു ആലോചിക്കാം.

൩൬൧. അപ്പീൽവാദിയുടെ പാവപ്പെട്ട വക്കീൽ തന്റെ കക്ഷി അന്യായപ്പെട്ട വസ്തുക്കൾ കൈവശം വെച്ചിരുന്നതു തെറ്റായിവന്നതു, ൧൦൫൫ ആടി മാസത്തിൽ സംഭവിച്ചതായ മാർ അത്താനാസ്യോസിന്റെ മരണത്തിങ്കൽ അല്ല. പിന്നെയോ ആ കാര്യത്തെ മുടക്കി എന്നോ സ്ഥാനത്തിൽനിന്നു നീക്കി എന്നോ പറയുന്നതു സി

നിന്ന "പി" എന്ന വിളംബരത്താൽ ഇങ്ങിനെ വ്യാഖ്യാനിച്ചിരുന്നതുകൊണ്ടു പ്രത്യേകിച്ചു അയാളും കഴിഞ്ഞുപോയ മാർ ദിവന്നാസ്യോസും തമ്മിൽ ഉണ്ടായിരുന്ന വ്യവഹാരത്തെക്കുറിച്ചു ആലോചിക്കുമ്പോൾ അയാളുടെ കൈവശം വളരെ വിക്ഷമതയായി വിചാരിച്ചിരിക്കണം. സക്കറിന്റെ സംരക്ഷണം പിൻവലിക്കപ്പെട്ടതിന്റെ ശേഷം അത്താനാസ്യോസിന്റെ സ്ഥിതി, തനിക്കു പാത്രിയക്കീസിന്റെ സഹായം ഉണ്ടായിരുന്നതുകൊണ്ടു സഭാഭരണം ഒഴിഞ്ഞുകൊടുക്കേണ്ടിവന്നവനായ മാർ ദിവന്നാസ്യോസിന്റെതിനെക്കാൾ വിശേഷമല്ലായിരുന്നു.

൩൫൯. സക്കറിന്റെ ൦രം പ്രവൃത്തിയുടെ ശേഷം പാത്രിയക്കീസു വിളിച്ചുകൂട്ടിയ സുറിയാനിക്രിസ്ത്യാനികളിൽ വളരെ ആളുകൾ കൂടിയിരുന്ന ഒരു കൂട്ടം ഉണ്ടായി. അവിടെവെച്ചു വിശ്രുതചിതാവിനാൽ മാർ അത്താനാസ്യോസു സുറിയാനിസഭയുടെ ശത്രുവും ബെലിയാരും ആയി ശപിക്കപ്പെട്ടു. ൦രം യോഗത്തിൽവെച്ചു ൦രം ദേശത്തിലെ സുറിയാനി സഭയുടെമേൽ പാത്രിയക്കീസിന്റെ മേലധികാരത്തിനു യാതൊരു തടസ്സവുംകൂടാതെ കാത്തുകൊണ്ടു പോരുന്നതിനും പാത്രിയക്കീസിന്റെ ആഭിമുഖ്യരായ അപ്പീൽപ്രതിയെ മെത്രാപോലീത്തായായി അംഗീകരിക്കുന്നതിനും അനുസരിക്കുന്നതിനും സുറിയാനിസമുദായത്തിന്റെ അധികപക്ഷം ആളുകളും സമ്മതിച്ചു. മാർ അത്താനാസ്യോസിന്റെ സ്ഥിതിയെ ബലഹീനപ്പെടുത്തിയ ൦രം തീട്ടുയായ പ്രവൃത്തി ൧൦൫൫ മിഥുനമാസത്തിൽ ആയിരുന്നു.

൩൬൨. ൦രം സംഗതികളുടെ ശേഷം മാർ അത്താനാസ്യോസിനു അപ്പീൽപ്രതിക്കു വിരോധമായി വളരെ നാളത്തേക്കു എതുത്തു നില്ക്കുന്നതിനു പാടില്ലാഞ്ഞതുകൊണ്ടും അദ്ദേഹത്തിന്റെ അവസാനം അടുത്തിരിക്കുന്നു എന്നു കണ്ടതുകൊണ്ടും അപ്പീൽ അന്യായക്കാരനായിരിക്കുന്ന തന്റെ സഹോദരനെ തനിക്കുപകരം സ്ഥാനത്തിൽ നിയമിക്കയും തന്റെ സ്വത്തുക്കൾ എല്ലാം അയാൾക്കു ഏല്പിച്ചുകൊടുക്കയും ചെയ്തു. അങ്ങിനെ ഏറ്റവും സമീപമായിരിക്കുന്ന ഒരു വ്യവഹാരത്തിൽ അയാളെ തന്റെ പിൻതുടച്ചക്കാരനാക്കിതീർത്തു. ഇയാൾക്കു കൊടുത്ത നിശ്ചയപത്രം പാത്രിയക്കീസു ൦രം രാജ്യത്തിൽ നിന്നു പോയതിന്റെശേഷം ൧൦൫൬ എടവം ൧-ാംനു- ആയിരുന്നു. ൦രം നിശ്ചയം കഴിഞ്ഞു ഏറെനാൾ കഴിയുന്നതിനു മുമ്പെ അപ്പീൽവാദിയെ വളരെ ചിലവുള്ള ഒരു വ്യവഹാരത്തിനു തന്റെ അവകാശിയാക്കിതീർത്ത അദ്ദേഹം ൧൦൫൬ കർക്കിടകം ൩-ാംനു- മരിച്ചു. അപ്പീൽപ്രതിയും സുറിയാനി ക്രിസ്ത്യാനികളിൽ അധികംപേരുംകൂടി മാർ അത്താനാസ്യോസിന്റെ മരണത്തിനുമുമ്പുതന്നെ പള്ളിയുടെയും പള്ളിവക സ്വത്തുക്കളുടെയും മേൽ തങ്ങളുടെ അവകാശത്തെ സ്ഥാപിക്കുവാൻ വ്യവഹാരംകൊണ്ടുവരുന്നതിനു നിശ്ചയിച്ചു എന്നു ഇവിടെ പറയേണ്ടിയിരിക്കുന്നു. എന്നാൽ അപ്പീൽവാദിക്കു കൈവശംകിട്ടി ഒന്നരകൊല്ലം കഴിഞ്ഞശേഷം ൧൦൫൮ കുംഭം ൨൫-ാംനു- ക്ക പ്രവൃത്തിമാത്രമേ ൩-ാംനു- മാത്രം വ്യവഹാരം നടയലാക്കിയൊള്ളു. അതു അക്ഷരപ്രകാരം പറയു

"ട്രസ്റ്റിന്റെ പ്രത്യേക മുതൽ കൈവശം കിട്ടുന്നതിനായി ഒരു ട്രസ്റ്റിയുടെ പേരിൽ അയാളുടെ ജീവകാലത്തിലും അയാളുടെ പ്രതിനിധിയുടെ പേരിലും കൊണ്ടുവരുന്ന യാതൊരു വ്യവഹാരവും കാലഹരണത്താൽ തടസ്സപ്പെടുന്നതല്ല." ആയ്യകൊണ്ട് ട്രസ്റ്റു മുതൽ തിരിയെ കിട്ടുവാനായി കഴിഞ്ഞുപോയ മാർ അത്താനാസ്യോസിന്റെ മേലുള്ള ഒരു വ്യവഹാരത്തിന കാലഹരണ നിയമത്തിന്റെ നിബന്ധന ഒന്നും പറകയില്ലായിരുന്നു. അപ്പീൽവാദി തർക്കിക്കുന്നപ്രകാരം താൻ കഴിഞ്ഞുപോയ അത്താനാസ്യോസിന്റെ ക്രമപ്രകാരം നിയമിക്കപ്പെട്ട പിൻവാങ്ങുക്കാരനായി അയാൾ ഏതൊന്നിടം ആ ട്രസ്റ്റു മുതൽ കൈവശം വന്നിരിക്കുന്നു എങ്കിൽ കാലഹരണ ദോഷം സംബന്ധിച്ചേടത്തോളം താൻ തന്റെ മുൻവാങ്ങുക്കാരനെക്കാൾ വിശേഷ സ്ഥിതിയിൽ ആകുന്നില്ല. എന്തുകൊണ്ടെന്നാൽ ഒരു ട്രസ്റ്റിയുടെ പ്രതിനിധിയുടെ പേരിലുള്ള വ്യവഹാരത്തിനു കാലഹരണ ദോഷം ഇല്ല. (൩-ാം വകുപ്പ്)

